2013 ജൂലൈ / വോള്യം 6 / ലക്കം 1 / വില 15 ₹

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം

## വാക്കിൽ എന്റെ ഇടം

ഷാഹിന.ഇ.കെ



## ആകയാൽ എനിക്ക് ഭയങ്ങളേയില്ല

എസ്.ശാരദക്കുട്ടി




# സംഘടിത

ജൂലൈ 2013-വാല്യം 6-ലക്കം 1

# ഉള്ളടക്കം

## സ്ത്രീയുടെ എഴുത്തുജീവിതം

8 എഴുത്തും ഞാനും - **ഡോ.ഖദീജ മുംതാസ്**
10 ആകയാൽ എനിക്ക് ഭയങ്ങളേയില്ല - **എസ്.ശാരദക്കുട്ടി**
17 നാൽപ്പതുകളിൽ പൂത്ത പൂമരം-**ഗിരിജ പാതേക്കര**
27 പെണ്ണുങ്ങളെ ഇതിലെ, ഇതിലെ...-**മൈനഉമൈബാൻ**
51 വാക്കിൽ എന്റെ ഇടം - **ഷാഹിന.ഇ.കെ**
53 ഞാനും ശാസ്ത്രമെഴുത്തും... - **സീമ ശ്രീലയം**

20 ആശാസ്യമല്ലാത്ത ചില കാര്യങ്ങൾ-**ഡോ.മിനിപ്രസാദ്**
ഇത് ആശാസ്യമാണോ? -കഥ -**ലളിതാംബിക അന്തർജ്ജനം**
36 സ്വാതന്ത്ര്യത്തിന്റെ പുത്രി :
ഏഷ്യയിലെ സ്ത്രീപഠനപ്രസ്ഥാനത്തിന്റെ
മുത്തശ്ശി വീണാമസുംദാർ - **മിനിസുകുമാർ**
40 വീട്ടമ്മയെന്ന കോംപ്ലക്സ് - **മെയ്ബി സ്റ്റാൻലി.സി**
43 ആണും പെണ്ണുമല്ലാത്തത് ആണും പെണ്ണുമാണ് - **ഗീത**
46 പ്രഥമപ്രതിശ്രുതി ഒരു പ്രഥമ വാഗ്ദാനം-**അനിത എ.കെ**
59 അന്വേഷിവാർത്തകൾ

## കവിതകൾ

38 തേഞ്ഞ്, തേഞ്ഞുപോകുന്ന ഭൂമി -**റീബ പോൾ**
39 കനലാട്ടം - **ഉഷ.എസ്.കുമാർ**




**ഏകാന്തതയും സ്വകാര്യതയും
തന്ന കഥകൾ-സി.എസ്.ചന്ദ്രിക**




**പെണ്മയുടെ നിറഭേദങ്ങൾ
-ഡോ.ശ്രീരഞ്ജിനി**




**ന്യൂടൗണിന്റെ സ്വച്ഛത
തകർത്ത് -റീനി മമ്പലം**

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റർ : **സുനീത.ടി.വി**
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com

# എഡിറ്റോറിയൽ



സാറാജോസഫ്

**ശൈശവ** വിവാഹനിരോധനനിയമം 2006 പ്രകാരം പെൺകുട്ടികളുടെ വിവാഹപ്രായം പതിനെട്ടും അതിനുമീതേയും ആയിരിക്കണം. പതിനെട്ടുവയസ്സിനു താഴെയുള്ള എല്ലാവിവാഹങ്ങളും കുറ്റകൃത്യമാണ്. വിവാഹത്തിനു നിർബന്ധിക്കപ്പെടുന്ന മൈനറായ കുട്ടി അല്ല കുട്ടിയുടെ രക്ഷിതാക്കളും വരനും വരന്റെ രക്ഷിതാക്കളുമാണ് ഈ കുറ്റകൃത്യം ചെയ്യുന്നവർ. എന്നാൽ 2013 ജൂൺ വരെ നടന്നിട്ടുള്ള ബാല്യവിവാഹങ്ങൾക്ക് നിയമസാധുത നൽകിക്കൊണ്ട് സർക്കാർ ഒരു സർക്കുലർ ഇറക്കിയപ്പോൾ 2006 മുതൽ 2013 വരെ നടന്ന നിയമലംഘനങ്ങൾക്ക് നിയമസാധുത ഉണ്ടാക്കുക എന്ന തെറ്റായ നടപടി ആണ് ഉണ്ടായിട്ടുള്ളത്.

ന്യൂനപക്ഷ മതവിഭാഗം എന്നനിലയിൽ ഇന്ത്യൻഭരണഘടന മുസ്ലിം സമുദായത്തിന് വ്യക്തിനിയമങ്ങളുടെ ആനുകൂല്യം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ബാല്യവിവാഹം ഇന്ത്യയൊട്ടുക്ക് ഒരു മതവിഭാഗങ്ങളിലും നടന്നുകൂടാ എന്നത് നിയമപരമായിത്തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. പെൺകുട്ടിയുടെ അവകാശങ്ങളെ കവർന്നെടുത്തുകൊണ്ട് വിവാഹപ്രായം പതിനാറ് എന്ന് ഭേദഗതി വരുത്തിയത് ഇന്ത്യയിൽ നിലവിലുള്ള നിയമപ്രകാരമല്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ന്യൂനപക്ഷസമുദായം എന്നനിലയിൽ ആരോഗ്യകരമായ വളർച്ചയും വികാസവും നേടാൻ മുസ്ലിം സമുദായത്തിന് എല്ലാവിധത്തിലുള്ള അർഹതയും ഉണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലും മറ്റുള്ളവർക്കൊപ്പമെത്താൻ മുസ്ലിംസമുദായത്തെ സംവരണം തുടങ്ങിയ നിരവധി ആനുകൂല്യങ്ങളാൽ ഇന്ത്യൻ ഭരണഘടന പ്രത്യേകം പരിഗണിക്കുന്നുമുണ്ട്. ബാല്യവിവാഹത്തിനെതിരായ ശക്തമായ പ്രതിരോധങ്ങൾ ഉണ്ടാകേണ്ടത് മുസ്ലിം സമുദായത്തിനകത്തുനിന്നുതന്നെയാണ്. പെൺകുട്ടിയുടെ വളരാനും പഠിക്കാനും തൊഴിൽ നേടാനും സ്വന്തമായി വരുമാനമുണ്ടാക്കാനും സ്വാശ്രയത്വത്തോടെ ജീവിക്കാനും ലൈംഗികസ്വയംനിർണ്ണയത്തിനുമുള്ള അവകാശത്തെയുമാണ് ഇപ്പോഴത്തെ ഈ സർക്കുലർ ഇല്ലാതെയാക്കിയിരിക്കുന്നത്. ഒരു സമുദായം എന്നനിലയിൽ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വളരുകയും വികസിക്കുകയും ചെയ്യുമ്പോൾ മാത്രമേ ആരോഗ്യകരമായ പുരോഗതി ഉണ്ടാവുന്നുള്ളൂ. മറിച്ച് പതിനാറുവയസ്സു മുതൽ പെൺകുട്ടികളെ പേറ്റുയന്ത്രങ്ങളാക്കുന്ന നടപടി കുറ്റകരവും മനുഷ്യാവകാശലംഘനവുമാണ്. ഇന്ത്യയിലെ ഇതരസമുദായങ്ങൾക്ക് ഈ മനുഷ്യാവകാശലംഘനത്തെ ചൂണ്ടിക്കാണിക്കാനും വിമർശിക്കാനും കഴിയുമെങ്കിലും ഫലപ്രദമായി ബാല്യവിവാഹം തടയാൻ ആ സമുദായത്തിനകത്തു തന്നെയാണ് നടപടികൾ ഉണ്ടാകേണ്ടത്. വിദ്യാഭ്യാസപരമായി ഒരുപാട് മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ള മുസ്ലിം സമുദായം-ഉന്നതവിദ്യാഭ്യാസം നേടിയവർ, ഉന്നതമായ ഔദ്യോഗികപദവികളിൽ ഇരിക്കുന്നവർ, ചിന്തകന്മാർ, പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ത്രീവിദ്യാഭ്യാസത്തിൽ ഉണ്ടായിട്ടുള്ള വളർച്ച- ഇക്കാര്യത്തിൽ മാതൃകാപരമായ നടപടിക്ക് വേണ്ടി നിലകൊള്ളേണ്ടതുണ്ട്.






# എഴുത്തിന്റെ അധികാരം

**സംഘടിത** 2013 ജൂൺ ലക്കം സ്ത്രീകൾ നോവൽ വായിക്കുന്നതിന്റെ അനുഭവങ്ങളാൽ ഹൃദ്യമായിരുന്നു.

എഴുതുന്ന സ്ത്രീ പൊതുസമൂഹത്തിൽ ഇന്നും മാധവിക്കുട്ടിയെപ്പോലെ കോമാളിയായി മാറ്റപ്പെടുകയാണ് എന്ന ഉത്കണ്ഠക്ക് 'സംഘടിത' അൽപമൊരു അയവു വരുത്തുന്നുണ്ട്! 'ഉപ്പും മുളകും' എന്ന പംക്തിയിൽ ഗീത എഴുതിയത് എല്ലാ എഴുത്തുകാരികളുടേയും അനുഭവം തന്നെയാണ്. എഴുതുന്നതിനെ പൈങ്കിളി എന്നു തരംതാഴ്ത്തുക, ഗൗരവമുള്ളതാണെങ്കിൽ ഭർത്താവോ മറ്റേതെങ്കിലും പുരുഷനോ പറഞ്ഞുതന്നതാവും എന്നു 'തമാശ' പറയുക, സ്ത്രീയുടെ കടമകൾ നല്ല ഭാര്യയും അമ്മയുമാവുക മാത്രമാണ് എന്നു നിരന്തരം ഓർമ്മിപ്പിക്കുക, എഴുത്തുകാരിയുടെ കുടുംബജീവിതം എങ്ങിനെയെന്ന് ഭൂതക്കണ്ണാടിയിലൂടെ നോക്കി പഠിക്കുക എന്നിങ്ങനെയുള്ള പുരുഷവിനോദങ്ങൾക്ക് അവസാനമില്ല. പക്ഷേ, നമ്മെ സങ്കടപ്പെടുത്തുകയും നിരാശരാക്കുകയും ചെയ്യുന്നത് ഇവരോടൊപ്പം കൂട്ടുചേർന്നു നിന്നു പെണ്ണെഴുത്തിനെ കുറ്റവാളിയാക്കുന്ന സ്ത്രീകൾ തന്നെയാണ്. അൽപം സ്ത്രീപക്ഷം പറഞ്ഞുപോയാലുടൻ ഇക്കൂട്ടർ ഉപദേശിക്കാനെത്തും, ഫെമിനിസം കാലഹരണപ്പെട്ടുപോയ ആശയമാണ്, അതിങ്ങനെ ഉരുക്കഴിക്കുന്നത് ആവർത്തനവിരസതയുളവാക്കും, പുരുഷന്മാരെ ഈറ പിടിപ്പിക്കും, നിങ്ങൾ ഒരു നല്ല ഭാര്യയോ കുടുംബിനിയോ അല്ല എന്ന പ്രതീതിയുളവാക്കും, നിങ്ങളുടെ 'പ്രതിച്ഛായ' നഷ്ടമാവും! ഇങ്ങിനെയൊക്കെ പേടിച്ചും ചിന്തിച്ചും സ്വയംതിരുത്തിയും ഒരു പ്രതിച്ഛായ നിർമ്മിച്ചെടുക്കലാണോ എഴുതുന്ന സ്ത്രീകളുടെ അന്തിമലക്ഷ്യം? ഒട്ടും പേടിയില്ലാതെ ഒരു ആശയം പൊതുസമൂഹത്തിലെത്തിക്കുക എന്നതല്ലേ? നിലവിലുള്ള സ്ത്രീവിരുദ്ധത ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തിലേക്കെത്താൻ 'സ്ത്രീസഹജ'മായ അനുനയനവും അനുരഞ്ജനവും പൊരുത്തപ്പെടലുമൊക്കെയാണ് ഉചിതമായ മാർഗ്ഗങ്ങൾ എന്നു സ്ത്രീ തന്നെ ചിന്തിക്കുമ്പോൾ ആശയലോകവും ആവിഷ്കാരസ്വാതന്ത്ര്യവും പിന്നെയും പിന്നെയും പരിമിതപ്പെട്ടു പോകുകയാണ് ചെയ്യുന്നത്. ഇത്തരമൊരു തിരിച്ചറിവിലേക്കു പോലും നമുക്കു സഞ്ചരിക്കാനാവുന്നില്ലല്ലോ!

വിമെൻസ് കോളേജിൽ സ്ത്രീവിരുദ്ധപ്രസംഗം നടത്തിയ ഡോ. രജിത്കുമാർ പിതൃതുല്യനും ഋഷിസമനുമാണെന്നു കണ്ടെത്തിയിരിക്കുന്നത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറായ പി.കെ.ഗിരിജാദേവിയാണ്. പൊതുവേദിയിൽ കടുത്ത സ്ത്രീവിരുദ്ധതക്കെതിരെ പ്രതിഷേധിച്ചു കൂവാൻ തന്റേടം കാട്ടിയ ആര്യ 'വകതിരിവില്ലാ'ത്ത, പക്വതയെത്താത്ത 'പെണ്ണു'മായി! സ്ത്രീയുടെ പ്രതികരണങ്ങൾ എപ്പോഴും വൈകാരികമായതും എടുത്തുചാടിയുള്ളതും താത്കാലികമായ പ്രസക്തി മാത്രമുള്ളതുമായി വായിക്കപ്പെടുന്നു എന്നു സാക്ഷ്യപ്പെടുത്തുന്നു ഈ 'അന്വേഷണ' റിപ്പോർട്ടും. കലാകൗമുദി വാരികയിൽ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു വന്ന 'മദമിളകിയ പെണ്ണുങ്ങൾ' എന്ന സ്ത്രീവിരുദ്ധ ലേഖനം എഴുതിയിരിക്കുന്നതും ഒരു സ്ത്രീയാണ്- അദ്ധ്യാപികയായ ലക്ഷ്മീബായി തമ്പുരാട്ടി. കൗമാരക്കാരും യൗവ്വനയുക്തകളുമായ പെൺകുട്ടികളെ 'അടക്കിയൊതുക്കിയിരുത്താൻ' സ്ത്രീകളും പുരുഷന്റേതായ അധീശതാ ആയുധങ്ങൾ തന്നെയാണ് ഉപയോഗിച്ചു വരുന്നത്. ലെഗ്ഗിൻസ് എന്ന വേഷം ധരിക്കുന്ന സ്ത്രീകളെയാണ് 'മദമിളകിയ പെണ്ണുങ്ങൾ' എന്ന തീർത്തും സ്ത്രീവിരുദ്ധമായ പ്രയോഗത്താൽ ലക്ഷ്മീബായി തമ്പുരാട്ടി വിശേഷിപ്പിക്കുന്നത്. അത്തരം വേഷം ധരിച്ച പെൺകുട്ടികളെ കാണുമ്പോൾ മദമിളകി കൈവാക്കത്തു കിട്ടുന്ന മൂന്നു വയസ്സുകാരിയെയും എഴുപതു കഴിഞ്ഞവരെയും ലൈംഗികമായി ഉപയോഗിക്കുന്ന പുരുഷന്മാരെ അവർ സമർത്ഥമായി ന്യായീകരിക്കുകയും ചെയ്യുന്നു. മുഖ്യധാരാ പ്രസിദ്ധീകരണങ്ങൾ പ്രതിലോമകരമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ എഴുത്തുകാരികൾ സംഘടിതമായിത്തന്നെ ശബ്ദമുയർത്തേണ്ടതില്ലേ? പുരുഷാധിപത്യചിന്തകൾ വെച്ചുപുലർത്തുന്ന സ്ത്രീകൾക്കെതിരെ പ്രതികരിച്ചാലുടൻ കുറേ ബുദ്ധിജീവികൾ സടകുടഞ്ഞെഴുന്നേൽക്കുകയായി- പെണ്ണും പെണ്ണും തമ്മിലുള്ള പോരു കണ്ട് ആർത്തുവിളിച്ചു പ്രോത്സാഹിപ്പിക്കുവാൻ!

എന്താണ് ഈ വിഷമവൃത്തത്തിൽ നിന്നും പുറത്തുകടക്കുവാനുള്ള മാർഗ്ഗം? മാധവിക്കുട്ടിയെപ്പോലെ പ്രണയവും വിഷാദവും അൽപം പരദൂഷണവുമൊക്കെ കണ്ടെടുത്ത് സ്വയം ആശ്വസിക്കുകയാണോ എഴുത്തുകാരികൾക്കും അഭികാമ്യം?

**സുലോചന റാംമോഹൻ**
തിരുവനന്തപുരം



# ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



സുനീത ടി.വി

**1993- ൽ** ഒരു വാരികക്ക് നൽകിയ അഭിമുഖത്തിൽ മലയാളത്തിലെ പ്രസിദ്ധനിരൂപക ഡോ.എം. ലീലാവതി വരും ദശകം വനിതാ എഴുത്തുകാരുടേതായിരിക്കുമെന്ന് പ്രവചിച്ചു. 2008-ൽ മലയാളസാഹിത്യത്തിലെ സ്ത്രീരചനകളെക്കുറിച്ച് വിപുലമായൊരു പഠനം നടത്തി അവർ ഈ പ്രവചനത്തെ സാധൂകരിച്ചു. 'സ്ത്രീ സ്വത്വാവിഷ്ക്കാരം ആധുനികമലയാളസാഹിത്യത്തിൽ' എന്ന ആ ഗ്രന്ഥത്തിന്റെ ആമുഖത്തിൽ അവർ ഇങ്ങനെ കുറിച്ചു: "സ്വാതന്ത്ര്യലബ്ധി ഭാരതീയജനതയുടെ ചരിത്രത്തിൽ വഴിത്തിരിവായൊരു സംഭവമായിത്തീരുന്നത് ധൈഷണികവും മാനസികവും സാംസ്കാരികവുമായ കർമ്മരംഗങ്ങളിൽ നവചൈതന്യം പ്രസരിപ്പിക്കാൻ ഹേതുവായി ചാലകശക്തിയായി പ്രവർത്തിക്കാൻ അതിനു കഴിയുമ്പോഴാണ്. സ്ത്രീശക്തിയുടെ പ്രകൃതത്തിൽ ഈ ഉണർച്ച ഒട്ടൊക്കെ സംഭവിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ പ്രായേണ ഉറങ്ങിക്കിടക്കുന്ന സ്ത്രീസർഗ്ഗചേതന ഉത്തരാർദ്ധത്തിൽ ഉണർന്നു വളർന്നു വികസിക്കുകയുണ്ടായി. മനസ്സിന്റെ ബന്ധമോചനം എന്ന പ്രതിഭാസം സ്ത്രീചേതനയിൽ തികഞ്ഞ സ്വാഭാവികതയോടെ സംഭവിച്ചു... സ്ത്രീ രചനകളെക്കുറിച്ച് ശ്രദ്ധേയമായ തോതിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല... പുരുഷന്മാരുടെ പല രചനകൾക്കും സമർശീർഷമായ കൃതികൾ രചിച്ചിട്ടുള്ള പല സ്ത്രീകൾക്കും കേരളത്തിൽ സാഹിത്യചിന്തകരിൽ നിന്ന് അർഹിക്കുന്ന പരിഗണന കിട്ടിയില്ല. എന്നാൽ വായനക്കാർ അവരെ ഒട്ടും അവഗണിച്ചില്ല. അംഗീകാരത്തെപ്പറ്റിയോ പരിഗണനകളെപ്പറ്റിയോ തെല്ലും വേവലാതിപ്പെടാതെ നിരന്തരമായി എഴുതിക്കൊണ്ടേയിരിക്കുന്ന സ്ത്രീകൾ ഇക്കൂട്ടത്തിലുണ്ട്..." തുടർന്ന് വഴിതെളിയിച്ചവരിൽ ത്തുടങ്ങി കഥ, കവിത, വിചിന്തനം, സഞ്ചാരസാഹിത്യം, സംസ്കാരം എന്നിങ്ങനെ വിവിധഭാഗങ്ങളായി ത്തിരിച്ച് നടത്തിയ ആ പഠനത്തിൽ താൻ കണ്ടെത്തിയ 'ഒടുങ്ങാത്ത വൈചിത്ര്യവൈവിധ്യങ്ങളെ' ആർജ്ജവത്തോടെ അവർ അവതരിപ്പിക്കുന്നു. അഭിമാനാർഹമായ ഒരു സാഹിത്യപാരമ്പര്യം നമുക്കുണ്ട് എന്ന് ഇത് നിസ്സംശയം തെളിയിക്കുന്നു.

19-ാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ സ്ത്രീവിമോചനവുമായി ബന്ധപ്പെട്ട നിലപാടുകൾ കേരളത്തിൽ ചർച്ചാവിഷയമാവുന്നു. 1993-ൽ സാറാജോസഫിന്റെ 'പാപത്തറ' എന്ന കഥാസമാഹാരത്തിന് എഴുതിയ അവതാരിക (മുടിത്തെയ്യങ്ങൾ)യിൽ കെ.സച്ചിദാനന്ദൻ സ്ത്രീകളുടെ എഴുത്തിനെ വിശേഷിപ്പിക്കാനായി 'പെണ്ണെഴുത്ത്' എന്ന പദം ഉപയോഗിച്ചു. തുടർന്ന് വന്ന രണ്ട് ദശകങ്ങൾ സ്ത്രീസാഹിത്യം, സ്ത്രീപക്ഷസാഹിത്യം തുടങ്ങിയ വിഷയങ്ങളിൽ നടന്ന ധാരാളമായ ചർച്ചകളാൽ സജീവമായി.

ഇന്ന് സ്ത്രീകൾ മലയാളസാഹിത്യത്തിന്റെ മുഖ്യധാരയിൽ അനിഷേധ്യമാംവണ്ണം നിലയുറപ്പിച്ചിരിക്കുന്നു. മുതിർന്ന എഴുത്തുകാരികൾക്കൊപ്പം പുതിയ എഴുത്തുകാരികളും ശക്തമായ സാന്നിദ്ധ്യമായി ഇവിടെയുണ്ട്. അച്ചടിത്താളുകളിലും സൈബർസ്പേസിലുമൊക്കെ അവർ ദൃശ്യരുമാണ്. സ്ത്രീവാദവും സ്ത്രീപക്ഷസാഹിത്യവുമൊക്കെ സിലബസുകളിൽ സ്ഥാനം പിടിച്ചിരിക്കുന്നു. പുസ്തകങ്ങളും ഗവേഷണപ്രബന്ധങ്ങളും കൂട്ടായ്മകളും ഒക്കെ ഈ മേഖലയിൽ ഉണ്ടായിവരുന്നു.

എന്നാൽ ഇതിനൊക്കെ അപ്പുറത്ത് ഇന്ന് കേരളത്തിൽ എഴുത്തുകാരിയായി എങ്ങനെയാണ് സ്ത്രീ ജീവിക്കുന്നത്? ഉദ്യോഗം, കുടുംബം, എഴുത്ത്, വ്യക്തിജീവിതം, പൊതുജീവിതം ഇവയൊക്കെ എങ്ങനെയാണ് ഇവർ കൂട്ടിയിണക്കി കൊണ്ടുപോകുന്നത്? സമൂഹം എങ്ങനെയാണ് ഇവരെ നോക്കിക്കാണുന്നത്? എഴുത്തുകാരായ പുരുഷന്മാരുടെ എഴുത്തുശീലങ്ങളെക്കുറിച്ചും രീതികളെക്കുറിച്ചും ഒക്കെ ധാരാളം നാം വായിച്ചിട്ടുണ്ട്. എന്നാൽ എന്താണ് സ്ത്രീകളുടെ എഴുത്തുശീലങ്ങൾ? ഇന്നും നമ്മുടെ എഴുത്തുകാരികൾക്ക് 'സ്വന്തമായൊരു മുറി'യോ സ്വന്തമായ എഴുത്തുസമയങ്ങളോ ലഭ്യമാണോ? അർഹിക്കുന്ന അംഗീകാരം സ്ത്രീയായതുകൊണ്ട് അവർക്ക് ലഭിക്കാതിരിക്കുന്നുണ്ടോ? സ്ത്രീയുടെ എഴുത്തുജീവിതം അനന്തമായ പോരാട്ടങ്ങളുടെ കഥ തന്നെയായി തുടരുന്നുവോ ഇന്നും?

ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടലുകളാണ് ഈ ലക്കം. ലബ്ധപ്രതിഷ്ഠരും തുടക്കക്കാരും അടങ്ങുന്ന ഒരുകൂട്ടം എഴുത്തുകാരികൾ അവരുടെ എഴുത്തുജീവിതത്തെപ്പറ്റി എഴുതുന്നു- തന്നിലേക്ക് എഴുത്തുവന്ന വഴിയെപ്പറ്റി, അതിന്റെ ഹർഷോന്മാദങ്ങളെപ്പറ്റി, അതിന്റെ കലാപോന്മുഖതയെപ്പറ്റി....

# എഴുത്തും ഞാനും





ഡോ.ഖദിജ മുംതാസ്

'ആത്മതീർത്ഥങ്ങളിൽ മുങ്ങിനിവർന്ന്' ആയിരുന്നോ എന്റെ ആദ്യ സർഗ്ഗകൃതി; അതിനുമുമ്പോ? മനസ്സിനെ വേട്ടയാടുന്ന ഏറെ അനുഭവങ്ങളുണ്ടായിട്ടും തുറന്നെഴുത്തിനു ധൈര്യമില്ലാതെ ദേവസ്തുതി കവിതാവിഷയമാക്കുന്ന വീട്ടമ്മമാരുടെ വഴുതിക്കളിപോലൊന്നു തന്നെയായിരുന്നില്ലേ എന്റെ ആരോഗ്യമാസികകളിലെ ശാസ്ത്രഫിക്ഷനെഴുത്തും? അതിനുമുമ്പുള്ള ഒളിപ്രവർത്തനങ്ങൾ ഡയറിക്കുറിപ്പുകളിലൊതുങ്ങി.

**എഴുത്തുജീവിതത്തിന്റെ** ആദ്യകാലത്തുതന്നെ 'ബർസ' പോലൊരു നോവലുമായി വന്നതുകൊണ്ടാകാം സ്ത്രീ എഴുത്തിന്റെ സംഘർഷങ്ങളെപ്പറ്റി ഏറെ പറഞ്ഞു കഴിഞ്ഞിരിക്കുന്നു ഞാൻ. ഇന്നിപ്പോൾ അതൊരു മടുപ്പിക്കുന്ന വിഷയമായി തീർന്നിട്ടുമുണ്ട്. നാല്പതുവയസ്സിനുശേഷം മാത്രം സാഹിത്യജീവിതം തുടങ്ങിയ ഒരുവൾക്ക് യുവ എഴുത്തുകാരികളെപ്പോലെ വലിയ വലിയ വൈതരണികൾ താണ്ടേണ്ടി വന്നിരിക്കില്ല എന്ന് ന്യായമായും കരുതാമല്ലോ. എന്നിട്ടും ആദ്യകൃതി ഒരു ഒളിപ്രവർത്തനം തന്നെയായിരുന്നു എനിക്കും!

'ആത്മതീർത്ഥങ്ങളിൽ' മുങ്ങിനിവർന്ന് ആയിരുന്നോ എന്റെ ആദ്യസർഗ്ഗകൃതി; അതിനുമുമ്പോ? മനസ്സിനെ വേട്ടയാടുന്ന ഏറെ അനുഭവങ്ങളുണ്ടായിട്ടും തുറന്നെഴുത്തിനു ധൈര്യമില്ലാതെ ദേവസ്തുതി കവിതാവിഷയമാക്കുന്ന വീട്ടമ്മമാരുടെ വഴുതിക്കളിപോലൊന്നു തന്നെയായിരുന്നില്ലേ എന്റെ ആരോഗ്യമാസികകളിലെ ശാസ്ത്രഫിക്ഷനെഴുത്തും? അതിനുമുമ്പുള്ള ഒളിപ്രവർത്തനങ്ങൾ ഡയറിക്കുറിപ്പുകളിലൊതുങ്ങി. ചിലപ്പോഴൊക്കെ കണ്ടെത്തപ്പെടുകയും വിചാരണ ചെയ്യപ്പെടുകയുമാവുമ്പോൾ പൊതുമധ്യത്തിൽ നഗ്നയാക്കപ്പെട്ടവളെപ്പോലെ നാണിച്ചുചുളുങ്ങി ഞാനവയെ കൂടുതൽ വലിയ ഇരുട്ടുകളിലൊളിപ്പിക്കാൻ വ്യഗ്രതപ്പെട്ടു.

ആദ്യനോവലിനു ഹേതുവായ അനുഭവങ്ങൾ എന്റെ നിഗൂഢമനസ്സ് ഏന്തിപ്പിടിക്കുകയായിരുന്നോ അതോ വെളിച്ചത്തിലേക്കിറങ്ങാൻ മടിച്ച് വിരണ്ടുനിൽക്കുന്നവളെ തള്ളിയിറക്കാനായി ദൈവം തന്നെയൊരു തിരക്കഥ മെനയുകയായിരുന്നോ എന്നൊന്നുമറിഞ്ഞുകൂടാ. ഒരുപക്ഷേ, 'മനുഷ്യന് ഒരാമുഖ'ത്തിൽ സുഭാഷ്ചന്ദ്രൻ എഴുതും പോലെ, 'ഒരേ താളത്തിൽ, ഒരേ തരംഗദൈർഘ്യത്തിൽ, ഒരേ തരം ചെണ്ടകൊട്ടി കഴിഞ്ഞു കൂടുന്ന മലയാളിയുടെ പാവജീവിതത്തിനോടുള്ള കലാപമായിരിക്കണം ശരത് എന്ന അജ്ഞാത കുറ്റവാളിയുവാവിനെ ഞങ്ങളുടെ കുടുംബജീവിതത്തിലേക്ക് സാഹസികമായി കൂട്ടിക്കൊണ്ടുവരുന്നതിലൂടെ ഞാൻ ചെയ്തത്. മഹാമനസ്കതയുടെ, കാരുണ്യത്തിന്റെ പരിവേഷങ്ങൾ ഒരുപക്ഷേ, വ്യാജങ്ങൾ! അവന്റെ ദുരൂഹമായ വേർപാടെന്ന ഉൽക്ക വീണുണ്ടായ മനസ്സിലെ ആഴമുള്ള കുഴിയെ പിന്നെ ഞാൻ ആത്മഭാഷണങ്ങൾ കൊണ്ടുനിറച്ചു. അതല്ലാതെ ആ പൊള്ളൽക്കുഴിയിൽ കുതിർന്ന് നിറഞ്ഞു തണുപ്പേകാൻ വേറെന്തുപാധിയുണ്ടായിരുന്നു എന്റെ കയ്യിൽ! എഴുതുക, എഴുതുക... എഴുതി നിറക്കുക. സഹജമായ സങ്കോചത്തെ ഭേദിച്ച് അതു പിന്നെ സഹൃദയരിലെത്തുകയായിരുന്നു. അതെ, തികഞ്ഞ 'സഹൃദയർ' തന്നെയായിരുന്നു ഞാൻ കണ്ടെത്തിയ ആ അത്താണികൾ. അവർ പുരുഷന്മാരായിരുന്നു! അവരെന്റെ എഴുത്തിനെ നോവലെന്നു വിളിച്ചു.

കുടുംബത്തിന്റെ സങ്കുചിതത്വത്തിലൊതുങ്ങാത്ത മാതൃത്വത്തിന്റെ ആഘോഷങ്ങളും നീറ്റലുകളുമുണ്ടായിരുന്നതിനാൽ ആ കൃതി വായിച്ചവരിൽപ്പലരും നോവലെന്ന

നിലയിലുള്ള പോരായ്മകൾ മറന്നും അതിനെ ഹൃദയത്തിലേറ്റുവാങ്ങി. അങ്ങനെ ഞാൻ സ്വാതന്ത്ര്യത്തിലേക്ക് ആദ്യകാൽ വെച്ചു!

ആദ്യവായനക്കാർ തന്നെ സംഘടിപ്പിച്ച അനൗപചാരികനോവൽ ചർച്ചയിലുയർന്ന ഒരു പ്രസ്താവന കേട്ട് 'എത്ര അസംഭാവ്യം' എന്നെന്റെ മനസ്സുചിരിച്ചു 'ആദ്യനോവൽ ആർക്കുമെഴുതാം. അത് അവനവന്റെ ജീവിതമാണ്. നിങ്ങളുടെ രണ്ടാംനോവലായിരിക്കും സാഹിത്യത്തിൽ ഒരിരിപ്പിടമുണ്ടെങ്കിൽ അതു നിങ്ങൾക്കൊരുക്കുക'. ഒരു പ്രവചനം പോലെയുള്ള വാക്കുകൾ. ഞാനോർക്കുന്നു, ആ ചർച്ചയിൽ വെച്ച് എനിക്കേറ്റവും നിശിതവിമർശനങ്ങളേൽക്കേണ്ടി വന്നത് യുവഎഴുത്തുകാരികളിൽ നിന്നു തന്നെയാണ്. ഒരുപക്ഷേ, ഇന്നുമതെ! തീർച്ചയായും ഞാനവരെ എന്റെ ഉരകല്ലുകളായി സ്വീകരിക്കുന്നു.

ബർസ! രണ്ടാം നോവലായ അതിന്റെ പിറവിക്ക് പ്രചോദനം എവിടെ നിന്നായിരുന്നു? പ്രതികരണങ്ങൾ? പ്രതിബന്ധങ്ങൾ...? പ്രധാനമായും പുരുഷന്മാർ ഉൾപ്പെട്ട എഴുത്തു സമൂഹത്തിന്റെ പ്രേരണയും പ്രചോദനവും തന്നെയാണ് രണ്ടാം നോവലെഴുത്തിനും കാരണമായതെന്നു സമ്മതിക്കാതെവയ്യ. വിഷയ സ്വീകരണത്തിനുള്ള സൂചനപോലും തന്നു വർഷങ്ങളോളം തൂലികാസുഹൃത്തു മാത്രമായിരിക്കുക എന്ന സർഗ്ഗാത്മകത എന്നോടു കാണിച്ചു എഴുത്തുകാരൻ.

ബർസ! രണ്ടാം നോവലായ അതിന്റെ പിറവിക്ക് പ്രചോദനം എവിടെ നിന്നായിരുന്നു? പ്രതികരണങ്ങൾ? പ്രതിബന്ധങ്ങൾ...? പ്രധാനമായും പുരുഷന്മാർ ഉൾപ്പെട്ട എഴുത്തു സമൂഹത്തിന്റെ പ്രേരണയും പ്രചോദനവും തന്നെയാണ് രണ്ടാം നോവലെഴുത്തിനും കാരണമായതെന്നു സമ്മതിക്കാതെവയ്യ. വിഷയ സ്വീകരണത്തിനുള്ള സൂചന പോലും തന്നു വർഷങ്ങളോളം തൂലികാസുഹൃത്തു മാത്രമായിരിക്കുക എന്ന സർഗ്ഗാത്മകത എന്നോടു കാണിച്ച എഴുത്തുകാരൻ. ഇടക്കിടെ കഠിനമായി വഴക്കടിക്കുകയും എഴുത്തു സൗഹൃദം മുടങ്ങിപ്പോവുകയും ചെയ്തതിന്ന് ആ വ്യക്തിയാൽ മുറിവേൽപ്പിക്കപ്പെടുന്ന എന്നിലെ സ്ത്രീസ്വത്വവും കാരണമായിട്ടുണ്ട് എന്നതും യാഥാർത്ഥ്യം. ഒരു ദശകത്തോളം പരസ്പരം കാണാതെ ഇഷ്ടപ്പെടുകയും വെറുക്കുകയും ചെയ്യുക എന്ന സർഗ്ഗാത്മകത ഈയിടെ ഞങ്ങൾ നഷ്ടപ്പെടുത്തിക്കളഞ്ഞു, കഷ്ടം!


'ബർസ' യുടെ കോഴിക്കോട്ടെ പ്രകാശനച്ചടങ്ങിന് അളകാപുരിയിലെ ഹാൾ തിങ്ങിനിറഞ്ഞിരുന്നു. നിൽക്കാൻ പോലും സ്ഥലമില്ലാതെ മടങ്ങിപ്പോയവരെ അറിയാം. അവിടെ വന്നവരെല്ലാം എന്റെ സുഹൃത്തുക്കളോ ആരാധകരോ ഒന്നുമല്ലെന്നുമറിയാം. ഒരു തരം ഭീതിയുടെ, രഹസ്യാത്മകതയുടെ അജ്ഞാതമായ ഈർപ്പം കൂടി അവിടെ നിറഞ്ഞു നിന്നിരുന്നുവോ? എന്റെ തോന്നലായിരുന്നിരിക്കാം. എങ്കിലും ഇങ്ങനെ പുറത്തിറങ്ങിയ 'ബർസ' യെ ഒരു വർഷം പത്രമാസികകളിലധികവും അവഗണിച്ചു. അല്ലെങ്കിൽ തീരെ അപ്രസക്തമായ കുറിപ്പുകളാൽ കണ്ടെന്നും ഭാവിച്ചു. അർത്ഥഗർഭങ്ങളായ മൗനങ്ങൾ! മൈന ഉമൈബാന്റെ അഭിമുഖം മാതൃഭൂമിയിൽ വരും വരെ അത് തുടർന്നു. പിന്നെ വിലയിരുത്തലുകൾ, അഭിനന്ദനങ്ങൾ, ശകാരങ്ങൾ... അപൂർവ്വം തെറിയഭിഷേകങ്ങളും! 'പേറ്റിച്ചിയുടെ ജല്പനങ്ങൾ', 'വഴിവിട്ട ജീവിതം നയിക്കുന്ന ഇത്തരം ഇത്താത്തമാർ' എന്നീ മോഡലുകളിലും വന്നു, ആഢ്യൻ മാസികകളിൽ, വെണ്ണക്കടലാസുകളിൽ അപൂർവ്വ പുരുക്ഷസൂക്തങ്ങൾ! എഴുത്തുകളായും വന്നു മനോവൈകൃതങ്ങൾ, പേടിപ്പെടുത്തലുകൾ, ഉപദേശങ്ങൾ. ചെറുപ്പക്കാരിയോ ഡോക്ടർ പ്രൊഫഷൻ പോലൊന്ന് കക്ഷത്തിലില്ലാത്തവളോ ആയിരുന്നെങ്കിൽ ഇവയുടെ തീക്ഷ്ണത പതിന്മടങ്ങ് കൂടുതലാവുമായിരുന്നു എന്നും ഉറപ്പ്. വീട്ടകങ്ങളുടെ മൗനങ്ങളിലും സ്വന്തം മനസ്സുകളുടെ തടവറകളിലും നരകിക്കുന്ന സ്ത്രീകളുടെ ആശ്വാസനിശ്വാസങ്ങൾ ആത്മവിശ്വാസമേകി, 'സഹോദരീ നിങ്ങളെങ്കിലും പറഞ്ഞല്ലോ!'

അവാർഡുകൾ ലഭിച്ചതിനുശേഷമുയർന്ന പ്രതിലോമപ്രചരണങ്ങൾ... അപവാദങ്ങൾ? ഓ, വിട്ടുകളയാം. അതിലെവിടെ സ്ത്രീപുരുഷവിവേചനം! പിന്നാലെ വന്ന പുരുഷഎഴുത്തുകാരും അവയെ നേരിടേണ്ടിവന്നത് കണ്ടതല്ലേ, ഒരു പക്ഷേ കൂടുതൽ തീക്ഷ്ണമായി!

എഴുത്തും ജോലിയും കുടുംബജീവിതവും എങ്ങനെ കോർത്തിണക്കുന്നു എന്ന് സുനീത. വളരെ വലിയൊരു പ്രായോഗികമതിയുടെ പ്രതിച്ഛായ അവിടെ വരുന്നില്ലേ? സമയമൊക്കെ പ്ലാൻ ചെയ്ത് കള്ളികളിലാക്കി...? പ്രായോഗികമതി എന്നതിനേക്കാൾ ഞാനൊരു പെർഫെക്ഷനിസ്റ്റ് ആണ്. ജോലിയിലും വീഴ്ച പാടില്ല, എഴുത്തിലും പാടില്ല..., വീട്ടിലും പാടില്ല... എത്ര പെർഫെക്ടായി കാര്യങ്ങൾ ചെയ്യാനെനിക്കാകാറുണ്ട് എന്ന് പറയേണ്ടത് പക്ഷേ ലോകമാണ്. ഒരു സമയനിഷ്ഠക്കാരി തന്നെയാണ് ഞാൻ. പലപ്പോഴും ദുർവ്വാശിക്കാരിയായ സമയനിഷ്ഠക്കാരി. അതിന്റെ സമ്മർദ്ദവും പിരിമുറുക്കങ്ങളും എന്നെ ചിലപ്പോൾ ഭ്രാന്തുപിടിപ്പിക്കാറുമുണ്ട്.

പഠിക്കുന്നകാലത്ത് ഗണിതശാസ്ത്രം ഇഷ്ടവിഷയമായിരുന്നെങ്കിലും പ്രായോഗികക്കണക്കുകളിൽ

*(ശേഷം പേജ് 12)*





# ആകയാൽ എനിക്ക് ഭയങ്ങളേയില്ല



എസ്.ശാരദക്കുട്ടി

**"സ്വന്തം** ഹൃദയം തുറന്നു സത്യത്തെ സ്പർശിക്കുന്ന ഒരാൾ ജീവിതത്തിന്റെ പുറമ്പോക്കുകളിൽ നിന്ന് കശാപ്പുകാരുടെ കൊലച്ചിരി കേൾക്കുമ്പോൾ വിറച്ചുവീഴുകയില്ല. ആത്മാവ് ഒരിക്കൽ സർവ്വശക്തമാകും. അന്ന് മനുഷ്യൻ തല കൊണ്ടടിച്ചാൽ ഇരുമ്പുകമ്പികൾ പൊടിഞ്ഞു വീഴും."

മോപ്പസാങ്ങിന്റെ ഒരു കഥയുണ്ട്. യുദ്ധക്കെടുതിയിൽ നിന്ന് രക്ഷപ്പെടാൻ വടക്കൻ ഫ്രാൻസിലെ റൂവെൻ എന്ന സ്ഥലത്ത് നിന്ന് കുറേപ്പേർ നാടുവിടുന്നു. പുരോഹിതരും ഉദ്യോഗസ്ഥരും കന്യാസ്ത്രീകളും അടങ്ങുന്ന ആ സംഘത്തിൽ ഒരു വേശ്യയും ഉണ്ട്. തടിച്ചിയായ ഇവരെ ബട്ടർബോൾ എന്നാണു കൂടെയുള്ളവർ പരിഹസിക്കുന്നത്. യാത്രികർ തളർന്നപ്പോൾ തന്റെ ചെറിയ ബാഗിൽ കരുതിയിരുന്ന ഭക്ഷണം കൊണ്ട് അവൾ അവരെ ഊട്ടി. രാത്രി തങ്ങാൻ കയറിയ സത്രത്തിലെ ഉദ്യോഗസ്ഥൻ ഈ സ്ത്രീയിൽ നോട്ടമിടുന്നു. അവൾ വഴങ്ങിക്കൊടുക്കുന്നില്ലെങ്കിൽ സംഘത്തെ വിട്ടയക്കില്ലെന്നയാൾ ശഠിച്ചു. അവൾ സങ്കടം കൊണ്ട് തകർന്നു. ആദ്യമൊക്കെ സഹയാത്രികരും ധാർമ്മികരോഷം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും പതുക്കെ അവരുടെ മട്ട് മാറുന്നു. വേശ്യയല്ലേ? വഴങ്ങിക്കൊടുത്താൽ എന്താണ്? ഒടുവിൽ എല്ലാവർക്കും വേണ്ടി അവൾ ആ കുരിശേൽക്കുന്നു. വിമോചിതരായിക്കഴിഞ്ഞപ്പോൾ എല്ലാവരും സദാചാരവാദികളായി. അവൾ ക്രൂരമായി അവഗണിക്കപ്പെടുന്നു. അവളുമായി അവർ ആഹാരം പോലും പങ്കുവെക്കുന്നില്ല. അപമാനിതയായി അവൾ കരയുന്നു. അവളുടെ സഹനത്തിന്റെ വലിയ പാഠം ഉൾക്കൊള്ളാൻ അവരുടെയിടയിൽ ഒരു യേശു ഇല്ലാതെ പോയി.

**എഴുത്ത് ഒരേ സമയം മോചനവും പലായനവും ആത്മസാക്ഷാത്കാരവുമാണ്. പെണ്ണിന് അത് എല്ലാ  അർത്ഥത്തിലും ഒരു പോരാട്ടം കൂടിയാണ്. അന്ന് വരെ കണ്ടതും അറിഞ്ഞതുമായ സകലതിനോടും ഉള്ള യുദ്ധപ്രഖ്യാപനം കൂടിയാണത്. തന്റെയുള്ളിൽ സൂക്ഷിക്കുന്ന കനൽ സ്വയം എരിഞ്ഞുതീരാനുള്ളതല്ലെന്നും തന്നെ അടിച്ചമർത്തുന്ന ആധിപത്യവ്യവസ്ഥക്ക് തീ കൊളുത്താൻ ഉള്ളതാണെന്നും തിരിച്ചറിയുമ്പോൾ മാത്രമാണ് പെണ്ണിന് എഴുത്ത് ആയുധമാകുന്നത്.**

പലപ്പോഴും വേദനാഭരിതമായ ഒരു തിരസ്കാരത്തിന്റെ ഈ അന്തരീക്ഷം സ്ത്രീകൾക്ക് ചുറ്റുമുണ്ട്. ചുറ്റും നിന്ന് ഒപ്പം ആഹ്ലാദിക്കുന്ന സുഹൃത്തുക്കൾ... അവർ ആണോ പെണ്ണോ ആകട്ടെ... എപ്പോഴാണ് തനിക്കെതിരെ സദാചാരത്തിന്റെ വടിവാൾ വീശുക എന്ന് അവൾക്കു പ്രവചിക്കാനാവില്ല. എഴുതുന്ന പെണ്ണിന് മേൽ ഈ വാൾ സദാ തൂങ്ങിക്കിടപ്പുണ്ട്. സാഫോ  മുതൽ ഏറ്റവും പുതിയ എഴുത്തുകാരികൾ വരെ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഇത്തരം അപവാദങ്ങൾക്കു ഇരയായിട്ടുണ്ട്. അത് കൊണ്ട് ശരീരത്തിന്റേയും ആത്മാവിന്റേയും കത്തുന്ന അനുഭവങ്ങളിലൂടെ കടന്നുപോകാൻ അനുഗ്രഹം ലഭിച്ച സ്ത്രീകൾ. നല്ല വെളിച്ചവും സമാധാനവും ഉള്ള അന്തരീക്ഷം എഴുത്തിന് വേണ്ടി സ്വയം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. മറ്റൊരാളുടേയും ഔദാര്യത്തിനായി കാത്തുനിന്ന് ഒരു സ്ത്രീക്കും എഴുത്തുകാരിയാകാൻ കഴിയില്ല.  എഴുത്തുകാരിയായിരിക്കുന്നതിൽ സൗകര്യങ്ങളോളം തന്നെ അസൗകര്യങ്ങളുമുണ്ട്.

എഴുത്ത് ഒരേ സമയം മോചനവും പലായനവും ആത്മസാക്ഷാത്കാരവുമാണ്. പെണ്ണിന് അത് എല്ലാ  അർത്ഥത്തിലും ഒരു പോരാട്ടം കൂടിയാണ്. അന്നുവരെ കണ്ടതും അറിഞ്ഞതുമായ സകലതിനോടും ഉള്ള യുദ്ധപ്രഖ്യാപനം കൂടിയാണത്. തന്റെയുള്ളിൽ സൂക്ഷിക്കുന്ന കനൽ സ്വയം എരിഞ്ഞുതീരാനുള്ളതല്ലെന്നും തന്നെ അടിച്ചമർത്തുന്ന ആധിപത്യവ്യവസ്ഥക്ക് തീ കൊളുത്താൻ ഉള്ളതാണെന്നും തിരിച്ചറിയുമ്പോൾ മാത്രമാണ് പെണ്ണിന് എഴുത്ത് ആയുധമാകുന്നത്. അങ്ങനെയൊരു ദിവസം ഞാനും എന്റെ തോന്നലുകൾ വിളിച്ചു പറയാൻ തുടങ്ങി. കുടുംബത്തിന് വേണ്ടിയോ മറ്റുള്ളവർക്ക് വേണ്ടിയോ ഒരു സ്ത്രീ എന്തൊക്കെയാണ് ത്യജിക്കുന്നതെന്ന് ഒരിക്കലും ഒരാളും തിരിച്ചറിയുകയോ അംഗീകരിക്കുകയോ ചെയ്യില്ല. 'ഞങ്ങൾ ആവശ്യപ്പെട്ടിട്ടാണോ നീ നിന്റെ കഴിവുകൾ വേണ്ടെന്നു വെച്ചത്.' എന്ന പരിഹാസം നിറഞ്ഞ നിർദ്ദയമായ ഒരു ചോദ്യം ജീവിതാവസാനം കേൾക്കേണ്ടിയും വന്നേക്കാം. അപ്പോൾ പിന്നെ ചില തീരുമാനങ്ങൾ നടപ്പാക്കുക തന്നെ. അങ്ങനെ ദേഹത്തോട് ഒട്ടിപ്പിടിച്ചുപോയിരുന്ന ചപ്പുംചവറും പായലും ഓരോന്നായി പറിച്ചുമാറ്റാൻ തുടങ്ങി. ഭാഷയും സാഹിത്യവും സംഗീതവും കൂട്ട് വന്നു. എന്തൊരാനന്ദമായിരുന്നു! അന്തസ്സായി മനോഹരമായി ജീവിച്ചു കാണിക്കുക എന്നത് ഒന്നാന്തരമൊരു പ്രതികാര നടപടി കൂടിയാണ്. നിങ്ങൾ ഒരു കത്തി എന്റെ നെഞ്ചിൽ ആഴ്ത്തിയിറക്കിയാൽ ഞാൻ ഒരു വാക്ക് നിങ്ങളിൽ ആഴ്ത്തിയിറക്കും എന്ന് ശപഥം ചെയ്തുകൊണ്ട് എഴുത്തിലൂടേയും വായനയിലൂടേയും സ്വയം രക്ഷിക്കുകയാണ് ഞാൻ.

പരിഹാസങ്ങളും കൂവലുകളും ആക്ഷേപങ്ങളും അകമ്പടിയായി ഉണ്ടായിരുന്നു. ചിലപ്പോൾ നല്ല വാക്കുകളും അഭിനന്ദനങ്ങളും ഉണ്ടായി. പക്ഷെ, അതൊന്നുമല്ല പ്രധാനം. എനിക്കുവേണ്ടി എന്നെത്തന്നെ ഞാൻ പുനർനിർവചിച്ചില്ലായിരുന്നുവെങ്കിൽ  എനിക്ക് വേണ്ടി മറ്റുള്ളവർ ഉണ്ടാക്കുന്ന വിചിത്രകൽപ്പനകളിൽപ്പെട്ട് ഞാൻ ചവിട്ടിമെതിക്കപ്പെടുകയും ജീവനോടെ ചവച്ചുവിഴുങ്ങപ്പെടുകയും ചെയ്തേനെ. ചെറിയ വഴക്കുകളിൽ തോറ്റുകൊടുത്താൽ. വലിയ യുദ്ധങ്ങൾ ജയിക്കുവാൻ കഴിയുമെന്ന് പ്രിയപുസ്തകങ്ങൾ അലമാരയിലിരുന്ന് എന്നോട് പറഞ്ഞു.. ഓരോ അവരോഹണവും ഒരർത്ഥത്തിൽ ആരോഹണങ്ങളാണ്. സ്വാതന്ത്ര്യം എന്തെന്ന് പ്രഖ്യാപിക്കുന്നതിനേക്കാൾ പ്രധാനമാണ് അതെന്തെന്ന് തിരിച്ചറിയുകയെന്ന സത്യം അനുഭവിച്ചറിയാൻ തുടങ്ങി. 'അവരു'ടെ ഉപദേശങ്ങൾ കേട്ട് നടക്കുന്നതിനു പകരം ഞാൻ എന്റെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ തുടങ്ങി. മറ്റുള്ളവരുടെ കണ്ണുകളാണ് നമ്മുടെ തടവറയെന്നും അവരുടെ ചിന്തകളാണ് നമ്മുടെ തടവുമുറികളെന്നും ഉള്ള  തിരിച്ചറിവ് നിർണ്ണായകമാണ്.

ഒരിക്കൽ മനസ്സിനെ തുറന്നു വിടാൻ തീരുമാനിച്ചാൽ പിന്നെയെല്ലാം വളരെ എളുപ്പമാണ്. ചെറിയ ചെറിയ കാര്യങ്ങളെ കുറിച്ചൊന്നും പിന്നെ ആലോചിക്കേണ്ടി വരുന്നില്ല. സങ്കുചിതമനസ്സുകൾ വലിച്ചെറിയുന്ന കല്ലുകൾക്ക് പൊങ്ങിവരാൻ ആകാത്ത്രത്ര ഉയരത്തിലായിരിക്കണം സ്വന്തം ലോകം പണിയേണ്ടത് എന്ന് ഓരോ ദിവസവും സ്വയം പഠിപ്പിച്ചു കൊണ്ടേയിരുന്നു. ഓരോ ദിവസവും പുറത്തുവീഴുന്ന ചപ്പുചവറുകൾ കുടഞ്ഞുകളയുക എന്നത് പിന്നെപ്പിന്നെ വളരെ അനായാസവും രസകരവുമായ ഒരു ജോലിയായി. മറ്റുള്ളവർ വലിച്ചെറിയുന്ന അശ്ലീലക്കൂമ്പാരങ്ങൾക്കിടയിൽ നിന്ന് സ്വയം പവിത്രീകരിച്ചു പുറത്തുവരുവാനുള്ള കരുത്തും ഉണ്ടായിക്കൊണ്ടിരുന്നു. 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകു'മെന്ന പ്രവചനം എല്ലാ സ്ത്രീകളുടേയും നിത്യാനുഭവമാണ്. മിശിഹാ ചുമന്നതിനേക്കാൾ എത്ര വലിയ കുരിശാണ് അവരുടെ തോളിൽ! ക്രിസ്തു മഗ്ദലനയിലെ മേരിയോടു പറഞ്ഞത് ഞാൻ

> **പറയാനുള്ളത് പറഞ്ഞേപ്പറ്റൂ, വാക്കിന് വാക്ക് തന്നെ വേണം, മാനസികമായി മുറിവേൽപ്പിച്ചാലും തെറ്റിദ്ധരിക്കപ്പെട്ടാലും ശരി, അത് മറ്റുള്ളവരുമായി പങ്കിടുകതന്നെ വേണം ഭാഷ വികാരത്തിന്റേതാകുമ്പോഴും വളരെ അവധാനപൂർവ്വം ചിന്തിച്ചാണ് എഴുതുന്നതും സംസാരിക്കുന്നതും എങ്കിൽ പിന്നെ ഭയങ്ങളേയില്ല.**

എന്നെ പറഞ്ഞു പഠിപ്പിച്ചു. ഇത് ശീലങ്ങൾക്കും പാപങ്ങൾക്കുമിടയിൽപെട്ട് ഞെരിഞ്ഞുപോയ ഒരു തലമുറയാണ്. ഇതൊരു വലിയ മാംസക്കെട്ടാണ്. എന്റെ സുഹൃത്തുക്കളെല്ലാം എന്റെ കാമുകന്മാരാണെന്നും ഞാൻ അവതാരികയോ പഠനമോ എഴുതിക്കൊടുത്തവരുമായെല്ലാം എനിക്ക് രഹസ്യബന്ധമുണ്ടെന്നും കേൾക്കേണ്ടി വന്നപ്പോൾ ഉറക്കെ ചിരിച്ചുകൊണ്ട് എനിക്ക് എന്നെത്തന്നെ സമ്മതിച്ചു കൊടുക്കേണ്ടി വന്നു. 'അമ്പടി കേമീ നീയിത്ര മിടുക്കിയാണോ' എന്ന്.

പഞ്ചാബി എഴുത്തുകാരിയായ അജീത്കൗർ എഴുതിയത് പോലെ. തലേന്ന് രാത്രി ഒഴുക്കിയ കണ്ണുനീർ പിറ്റേന്നത്തെ ഇന്ധനമായി മാറിയ എത്രയോ അനുഭവങ്ങൾ! പക്ഷേ, ഉണർന്ന് ഊർജ്ജസ്വലത നേടിയ എന്റെ ജീവിതാസക്തി. അതിന് അനുവദിച്ചുകിട്ടിയ സംതൃപ്തിയേക്കാൾ വളരെ വലുതായിരുന്നു. അതിനു ലഭിച്ച ആനന്ദത്തേക്കാൾ വലുതായിരുന്നു. അതുകൊണ്ട് ഈയൊരു ചിന്താഗതിയിലേക്ക് വീണ്ടും വീണ്ടും എത്തുകയാണ്. പറയാനുള്ളത് പറഞ്ഞേപറ്റൂ, വാക്കിന് വാക്ക് തന്നെ വേണം. മാനസികമായി മുറിവേൽപ്പിച്ചാലും തെറ്റിദ്ധരിക്കപ്പെട്ടാലും ശരി, അത് മറ്റുള്ളവരുമായി പങ്കിടുകതന്നെ വേണം ഭാഷ വികാരത്തിന്റേതാകുമ്പോഴും വളരെ അവധാനപൂർവ്വം ചിന്തിച്ചാണ് എഴുതുന്നതും സംസാരിക്കുന്നതും എങ്കിൽ പിന്നെ ഭയങ്ങളേയില്ല. നാളെ ഇത് എങ്ങനെ വ്യാഖ്യാനിക്കപ്പെടും എന്നോർത്ത് ആശങ്കകളും ഇല്ല. സ്വന്തം ശക്തിയും സ്വന്തം അധികാരവും എന്തെന്ന് ഒരുവൾ തിരിച്ചറിയുമ്പോൾ-സ്വന്തം ഉൾക്കാഴ്ചകളെ ഒരുവൾ അനുകൂലിച്ചു തുടങ്ങുമ്പോൾ, പിന്നെ അവൾ സമൂഹത്തെ പേടിക്കുന്നുണ്ടോ എന്നത് പ്രസക്തമല്ലാതാകുന്നു. നമ്മുടെ ഇച്ഛകളിൽ നിന്നാണ് നമ്മുടെ കാഴ്ചപ്പാടുകൾ രൂപപ്പെടുന്നത്. ഭയം കാരണം ശബ്ദമുയർത്താൻ കഴിയാത്ത, സംസാരിക്കാത്ത സ്ത്രീകൾക്കുവേണ്ടിയാണ് ഓരോ സ്ത്രീയും എഴുതുന്നത്. സ്വന്തം വ്യക്തിത്വത്തെക്കാൾ ഭയത്തെ ആദരിക്കണമെന്ന വികലപാഠം. നിശ്ശബ്ദത നമ്മെ രക്ഷിക്കും എന്ന വിഡ്ഢിവിശ്വാസം ഇതിനെയെല്ലാം തകർത്ത് കളയുകയാണ് പെണ്ണെഴുത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ആ അർത്ഥത്തിൽ ഒരു മോക്ഷമാർഗ്ഗമാണ് പെണ്ണിന് എഴുത്ത്. സംസാരിച്ചു തുടങ്ങിയാലല്ലേ അത് അനുവദിക്കുന്ന സ്വാതന്ത്ര്യങ്ങൾ എന്തെല്ലാം ആണെന്ന് തിരിച്ചറിയാൻ കഴിയൂ! പൊങ്ങച്ചസഞ്ചികളെ കുത്തിപ്പൊട്ടിച്ച് സത്യത്തിന്റെ ഉറവിടങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രസവം അല്ലെങ്കിൽ ജന്മം കൊടുക്കൽ എന്ന പ്രക്രിയയെക്കുറിച്ച് ഓദ്രെ ലോർദ് പറഞ്ഞത് ഏതു പെണ്ണിനും സ്വന്തം എഴുത്തിനെക്കുറിച്ച് പറയാൻ കഴിയണം. "പുതിയൊരു ലോകം കടന്നുപോയ ഗോപുരങ്ങളായിരുന്നു എന്റെ കാലുകൾ." ●

---


*(പേജ് 9 തുടർച്ച)*

ഞാൻ വട്ടപ്പൂജ്യം. നൂറും ആയിരവും കൂട്ടിക്കുഴക്കുന്നവൾ. ശമ്പളക്കണക്കുകളും ഇൻക്രിമെന്റും ബാങ്കുബാലൻസും പേസ്ലിപ്പുകളും എന്നെ ഭ്രാന്തുപിടിപ്പിക്കും, പലപ്പോഴും പരിഹസിച്ചും കുറ്റപ്പെടുത്തിയുമാണെങ്കിലും അവയൊക്കെ കൃത്യമായി ചെയ്തു തരുന്ന ഒരു ജീവിത പങ്കാളി ഇല്ലായിരുന്നെങ്കിൽ ഞാനെപ്പോഴേ ഒരു മനോരോഗിയായിപ്പോയേനേ!

ഇപ്പോൾ ജോലിയിൽ നിന്നുള്ള സ്വയം പിരിയൽ എന്ന ആശയത്തിനുപിന്നിലും ഒരു പ്രതിഷേധത്തിനപ്പുറം ഈ പിരിമുറുക്കങ്ങളിൽ നിന്നുള്ള രക്ഷപ്പെടൽ കൂടിയുണ്ട്. അതിനപ്പുറം ചികിത്സയും, അധ്യാപനവും, പാചകവും വീടൊരുക്കലും ഒക്കെ ഒരു സർഗ്ഗാത്മകപ്രവർത്തനം പോലെ ആസ്വദിക്കുന്ന ഹൃദയംകൂടി എന്നിലുണ്ടായിരിക്കാം.

അത്യന്തം സങ്കീർണ്ണവും എന്നെത്തന്നെ അമ്പരപ്പിക്കുന്നതുമായ ആന്തരികലോകം സൂക്ഷിക്കുമ്പോഴും യുവത്വത്തിൽ ഞാനൊരു നാണംകുണുങ്ങിയായിരുന്നു. ഒരളവുവരെ ആൾക്കൂട്ടത്തിൽ നിന്ന്, സമൂഹത്തിൽ നിന്ന് ഉൾവലിയുന്നവളും. അതുകൊണ്ടുതന്നെയാവണം ഞാനൊരു 'വലിയ' എഴുത്തുകാരിയായതിൽ എന്റെ പഴയ സതീർത്ഥ്യർ അന്ധാളിക്കുന്നതും. ഇന്നും 'സാമൂഹ്യപ്രതിബദ്ധതയുള്ള എഴുത്തുകാരി' എന്ന പ്രയോഗമൊക്കെ എന്നെ പരിഭ്രമിപ്പിക്കുന്നു. ഉള്ളിലിരുന്ന് വേണ്ടതിനും വേണ്ടാത്തതിനുമൊക്കെ കലമ്പുന്ന ഈ കുറുമ്പിനെയാണോ സാമൂഹ്യബോധം എന്നുപറയുന്നത്? ഏതായാലും ഇത്തരം വലിയവാക്കുകൾ പറയാറുള്ളത് സ്ത്രീകൾ മാത്രമൊന്നുമല്ല കേട്ടോ. തുറന്ന ഹൃദയത്തോടെ പുരുഷന്മാർ കൂടിയാണ് 'ഇത്രയും തുറന്നെഴുത്തുകൾക്ക് സാധ്യതയുണ്ടായത് കുടുംബത്തിന്റെ അകമഴിഞ്ഞ സഹകരണമുണ്ടായതുകൊണ്ടല്ലേ'. എന്ന സംശയാതീതമായ പ്രസ്താവനയിലൂടെ അവരാ ഹൃദയവിശാലതയുടെ ഒളിയെ തല്ലിക്കെടുത്താറുമുണ്ട് ചിലപ്പോൾ.

ഞാനീ സ്വാതന്ത്ര്യം പൊരുതി നേടിയതാണെന്ന് കാറ്റിനോടും കിളികളോടും മഴയോടുമൊപ്പം ഞാനൊന്നു വിളിച്ചു പറഞ്ഞോട്ടെ! ●




# ഏകാന്തതയും സ്വകാര്യതയും തന്ന കഥകൾ



**സി.എസ്.ചന്ദ്രിക**

**തുടക്കത്തിൽ** കഥ എന്നെ തേടിവരികയായിരുന്നു. പിന്നീട്, കഥയെഴുത്തും നോവലെഴുത്തും ജീവിതത്തെ നിലനിർത്താനും നവീകരിക്കാനുമുള്ള വലിയ സാധ്യതയാണെന്നു ഞാൻ മനസ്സിലാക്കി. അങ്ങനെ എന്റെ സ്വപ്നങ്ങളും ചിന്തകളും ആശയങ്ങളും പ്രതികരണങ്ങളും രാഷ്ട്രീയവും എഴുത്തിലൂടെ സ്വതന്ത്രമായി ആവിഷ്കരിക്കാമെന്നായി.

ഇപ്പോൾ എഴുത്ത് എന്റെ വൈകാരികവും ആത്മീയവും ബുദ്ധിപരവുമായ നിലനിൽപിനെ സഹായിക്കുന്നു. അതോടൊപ്പം എന്റെ എഴുത്ത് മറ്റുള്ളവർക്കുകൂടി, പ്രത്യേകിച്ച് സ്ത്രീകൾക്ക്, ഏതെങ്കിലും തരത്തിൽ സഹായകരമാകണം എന്ന തീവ്രമായ ആഗ്രഹം എന്നിലുണ്ട്. അതുകൊണ്ടായിരിക്കണം, തീവ്രവാദി എന്നോ സ്ത്രീസ്വാതന്ത്ര്യവാദി എന്നോ ഒക്കെ ഞാൻ അറിയപ്പെടുന്നത്. എന്തായാലും, മുൻതലമുറയിലെ എഴുത്തുകാരികൾ ആ വിധത്തിൽ എന്നെ സഹായിച്ചിട്ടുണ്ട്. മാധവിക്കുട്ടി എന്ന എഴുത്തുകാരി ഇവിടെ ഇല്ലായിരുന്നെങ്കിൽ ലൈംഗികതയെക്കുറിച്ചെഴുതാനുള്ള ധൈര്യം തുടക്കത്തിൽത്തന്നെ എനിക്കുണ്ടാകുമായിരുന്നോ എന്നു സംശയമാണ്. സ്ത്രീസ്വാതന്ത്ര്യപ്രവർത്തനവും സാഹിത്യരചനയും ഭംഗിയായി ചെയ്യുന്ന സാറാജോസഫ് എന്റെ രാഷ്ട്രീയ-സാഹിത്യചിന്തകളെ ഉദ്ദീപിപ്പിച്ചിട്ടുണ്ട്. എഴുത്തിന്റെ സുന്ദരമായ രാഷ്ട്രീയപാതകളിലൂടെ മുമ്പേ നടന്നുപോയ മഹാശ്വേതാദേവിയും എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്.

ജീവിതം ഓരോ മനുഷ്യർക്കും ഓരോകാലത്ത് ഓരോരോ അനുഭവങ്ങളും ആശയങ്ങളും ആശകളും നിരാശകളുമൊക്കെയായിരിക്കും നൽകുന്നത്. കേരളത്തിൽ ജനിച്ച്, ഇത്രകാലം ഇവിടെത്തന്നെ ജീവിച്ച ഞാൻ അനുഭവിച്ചതും കണ്ടതും കേട്ടതും അറിഞ്ഞതും വായിച്ചതുമൊക്കെ എഴുത്തിനുള്ള വിഭവങ്ങളായി മാറി. ദാരിദ്ര്യം, രോഗം, പ്രണയം, ലൈംഗികത, മറ്റു വൈകാരികഭാവങ്ങൾ, രാഷ്ട്രീയം, യാത്രകൾ, ചർച്ചകൾ, സൗഹൃദങ്ങൾ... എല്ലാം സ്വാഭാവികമായും എഴുത്തിലേക്ക് വന്നു. ഓർമ്മവെച്ച കാലം മുതൽ എന്നെ സ്പർശിച്ചു കടന്നുപോയ കാര്യങ്ങൾ. ഞാൻ കണ്ട വൻമരങ്ങളും പച്ചപ്പാടങ്ങളും മൺതരികളും വരെ... ഇതുവരെ എഴുതിയ ഇരുപതുകഥകളിലും ഒരു നോവലിലും ഈ ജീവിതമാണ് നിറഞ്ഞു കിടക്കുന്നത്. ഇനി എഴുതാൻ പോകുന്ന കഥകളിലും നോവലുകളിലും ഈ ജീവിതത്തിന്റെ അനുസ്യൂതി പല തരത്തിൽ തെളിഞ്ഞും മറഞ്ഞും പ്രകാശിക്കും.

എന്റെ ആദ്യനോവൽ 'പിറ' അതിലെ ഭാവനാത്മകവും ഭ്രമാത്മകവു

മായ തലങ്ങൾ ഒഴിച്ചു നിർത്തിയാൽ ആത്മകഥാപരമാണ്. 'ലേഡീസ് കമ്പാർട്ടുമെന്റി'ലെ കുറേ കഥകൾ എന്റെ തന്നെ ജീവിതാന്വേഷണങ്ങളും കണ്ടെത്തലുകളുമാണ്. 'ഭൂമിയുടെ പതാക'യിലെ കഥകളിൽ പുരുഷലോകത്തേയും അതിനുള്ളിലെ ജീവിതത്തേയും കണ്ടെത്താനുള്ള അന്വേഷണവും കൂടി നടക്കുന്നു. എന്റെ തന്നെ അനുഭവത്തിലും ചിന്തയിലും ഭാവുകത്വത്തിലും രാഷ്ട്രീയ, സൗന്ദര്യ ബോധങ്ങളിലും വന്നിട്ടുള്ള മാറ്റങ്ങൾ ഈ കഥകളിലുണ്ട്. എഴുത്തിന്റെ മുന്നോട്ടുള്ള വഴിയിൽ പുതിയ വായനയും പുതിയ ജീവിതാന്വേഷണങ്ങളും പുതിയ സൗഹൃദങ്ങളും ചർച്ചകളും അനുഭവങ്ങളും കണ്ടെത്തലുകളും എന്റെ എഴുത്തിനെ നയിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഞാൻ എഴുതുന്ന പ്രമേയങ്ങൾക്കും കഥാപാത്രങ്ങൾക്കും അതിലെ ജീവിതത്തിനും ഇന്നത്തെ സാമൂഹികരാഷ്ട്രീയ സാഹചര്യത്തിനാവശ്യമായ രൂപ (form)വും ഭാവുകത്വ(sensibility)വുമാണ് കണ്ടെത്തേണ്ടത്. രൂപത്തിനുമാത്രം പ്രാധാന്യം കൊടുക്കുന്നതിൽ വലിയ അർത്ഥമുണ്ടെന്ന് ഞാൻ കരുതുന്നില്ല. താത്കാലികമായ ഒരന്ധാളിപ്പ് അതുണ്ടാക്കിയേക്കാം. വല്ലാത്തൊരുതരം കൃത്രിമത്വത്തിന്റേയും യാന്ത്രികതയുടേയും കെണിയിലകപ്പെടാനും ഇടയുണ്ട്. ഉള്ളടക്കം (content) ആവശ്യപ്പെടുന്ന രൂപം കണ്ടെത്തുകയാണ് എന്റെ വഴി. പഴയ കാര്യങ്ങൾ പുതിയ തരത്തിൽ പറയുകയല്ല വേണ്ടത് എന്ന അറിവിലാണ് ഞാൻ എഴുത്തിന്റെ ലോകത്തു നിൽക്കുന്നത്. പുതിയ കാര്യങ്ങൾ പുതിയ തരത്തിൽ പറയണം. എഴുത്തിൽ ഒരേ സമയം പ്രമേയപരമായും ഭാവുകത്വപരമായും ഭാഷാപരമായും കണ്ടെത്താവുന്ന പുതിയ സാധ്യതകൾ ഉണ്ട്. വ്യത്യസ്തമായ ജീവിതവും അന്വേഷണവും കണ്ടെത്തലുകളുമാണ് അത്തരം സാധ്യതകളിലേക്ക് എന്നെ കൊണ്ടുപോവുക.

പ്രണയം, അതിന്റെ തകർച്ചയും മുറിവുമാണ് എന്റെ ഉള്ളിലെ എഴുത്തുകാരിയെ കണ്ടെത്താൻ എന്നെ സഹായിച്ചത്. മരണം പോലുള്ള മൂകതയിൽ നിന്ന് പുറത്തു കടക്കാൻ കഥ അടുത്തുവന്ന് എന്നെ ചേർത്തുപിടിക്കുകയായിരുന്നു. ആദ്യത്തെ കഥ, 'നിലാവും സർപ്പങ്ങളും' ഒരു തകർന്ന പ്രേമത്തിന്റെ എന്നെന്നേക്കുമായുള്ള അടയാളമാണ്. ആദ്യകാലത്ത് ഓരോ പ്രണയവും എനിക്ക് ജീവിതാന്വേഷണമായിരുന്നു. ഒപ്പം ജീവിക്കാൻ കഴിയുന്ന സങ്കല്പത്തിലെ പുരുഷനെ തേടിയുള്ള അലച്ചിൽ! ഒടുവിൽ, പതിനൊന്നു വർഷങ്ങൾക്കുമുമ്പ് അങ്ങനെയൊരാളെ കണ്ടെത്തി. വിവാഹം കഴിക്കാതെ ഞങ്ങൾ ഒരുമിച്ചു ജീവിക്കാൻ തുടങ്ങി. എഴുത്തിന്റെ ലോകവും വിശാലമായി. എന്തൊക്കെ തീവ്രാനുഭവങ്ങളിലൂടെയും അന്വേഷണങ്ങളിലൂടെയുമാണ് ഞങ്ങൾ ഇപ്പോഴും കടന്നുപോയിക്കൊണ്ടിരിക്കുന്നത്!

**പ്രണയം, അതിന്റെ തകർച്ചയും മുറിവുമാണ് എന്റെ ഉള്ളിലെ എഴുത്തുകാരിയെ കണ്ടെത്താൻ എന്നെ സഹായിച്ചത്. മരണം പോലുള്ള മൂകതയിൽ നിന്ന് പുറത്തു കടക്കാൻ കഥ അടുത്തുവന്ന് എന്നെ ചേർത്തുപിടിക്കുകയായിരുന്നു. ആദ്യത്തെ കഥ, 'നിലാവും സർപ്പങ്ങളും' ഒരു തകർന്ന പ്രേമത്തിന്റെ എന്നെന്നേക്കുമായുള്ള അടയാളമാണ്.**

കുടുംബം എന്റെ എഴുത്തിനെ എങ്ങനെയാണ് ബാധിച്ചത്? അധികാരഘടനയും അധികാരബന്ധങ്ങളുമാണ് കുടുംബം എന്നതാണ് എന്റെ ആദ്യത്തെ കുടുംബാനുഭവം. ഈ ഘടനയിൽ, ജനാധിപത്യാവകാശങ്ങൾ നിഷേധിക്കപ്പെടുന്നവർ എന്ന നിലയിൽ മലയാളി സ്ത്രീകൾക്ക് പൊതുവായ ഒരു കുടുംബാനുഭവമുണ്ട്. എന്റെ അനുഭവങ്ങൾ ഇവിടെ ആവർത്തിക്കുന്നില്ല. 'പിറ'യിൽ അതിന്റെ സൂക്ഷ്മമായ ചിത്രമുണ്ട്. എന്തായാലും അതിന്റെ ഓർമ്മകൾ പല തരത്തിൽ എന്റെ എഴുത്തിലേക്ക് സ്വരൂപിക്കപ്പെട്ടിട്ടുണ്ട്. ആ അനുഭവങ്ങൾ മൂലം സ്വതന്ത്രമായ പുതിയൊരു കുടുംബരൂപത്തിനുവേണ്ടിയുള്ള അന്വേഷണം എനിക്ക് ജീവവായുപോലെ പ്രധാനമായിരുന്നു. ഇപ്പോൾ, ഞങ്ങളുടെ ആഗ്രഹത്തിനും ഭാവനകൾക്കും രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കും അനുസരിച്ച് സൃഷ്ടിച്ചെടുത്ത സർഗ്ഗാത്മകവും ആഹ്ലാദകരവുമായ ഒരു കുടുംബാന്തരീക്ഷമുണ്ട്. ഈ അന്തരീക്ഷം എന്റെ എഴുത്തിനെ ഏകാഗ്രമാക്കാൻ ഭൗതികവും വൈകാരികവും ആത്മീയവുമായ പിന്തുണയായി നിൽക്കുന്നു.

രണ്ടുവർഷമായി എന്റെ ജീവിതത്തിൽ ഒരാൾ കൂടിയുണ്ട്. രണ്ടു വയസ്സുകഴിഞ്ഞ മകൾ എന്റെ എഴുത്തിനെ തടസ്സപ്പെടുത്തുന്നുണ്ടോ? ഉണ്ട്. പക്ഷേ, അതൊരു പ്രശ്നമായി എന്നെ ബുദ്ധിമുട്ടിക്കുകയോ ആധിപ്പെടുത്തുകയോ ചെയ്യുന്നില്ല. അത്ര വലിയ അനുഭവവും ജീവിതബോധവുമാണ് അവളെന്നെ പഠിപ്പിക്കുന്നത്! ജീവന്റെ സൃഷ്ടിയുടേയും പരിപാലനത്തിന്റേയും പാഠങ്ങൾ! ഉത്കടമായ ആനന്ദവും പ്രക്ഷുബ്ധമായ ആശങ്കകളും നിറഞ്ഞത്! 'അവനി' വന്നതിനുശേഷം സമയം എന്റെ നിയന്ത്രണത്തിലല്ല. സമയം എന്നെ കടന്ന് പറന്നുപോവുകയാണ്. എന്നിട്ടും അവൾ ജനിച്ചതിനു ശേഷം ഇതുവരെ ഞാൻ നാലു കഥകളെഴുതി. എനിക്കുമുമ്പുള്ള തലമുറയിലെ എഴുത്തുകാരികളുടെ എഴുത്തു ജീവിതത്തിലുണ്ടായിട്ടുള്ള വർഷങ്ങളുടെ നീണ്ട ഇടവേളകൾ പലപ്പോഴും ഇത്തരം ജീവിതസന്ദർഭങ്ങളുമായി ബന്ധപ്പെട്ടതാണ്. എന്റെ സർഗ്ഗാത്മകജീവിതത്തിൽ അതാവർത്തിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ടാ

യിരുന്നു. 'പൊന്നി' (അങ്ങനെയാണ് ഞങ്ങൾ വിളിക്കുന്നത്) യുടെ കുറേയധികം കാര്യങ്ങൾ സദു ചെയ്യുന്നതുകൊണ്ട് മാത്രമാണ് എനിക്ക് അത്യാവശ്യത്തിനെങ്കിലും ഇപ്പോൾ എഴുതാനാവുന്നത്.

രാഷ്ട്രീയം എന്റെ ജീവിതത്തിന്റെ ഭാഗമാണ്. ഞാൻ കുടിക്കുന്ന വെള്ളംപോലെ, ശ്വസിക്കുന്ന വായുപോലെ പതിനഞ്ചുവയസ്സുമുതൽ ലോകക്രമത്തെ രാഷ്ട്രീയമായി വിശകലനം ചെയ്യാനും കാര്യങ്ങൾ മനസ്സിലാക്കാനും തുടങ്ങി. ചൂഷണവും അടിച്ചമർത്തലും വിവേചനവും എന്തൊക്കെയാണെന്നും എങ്ങനെയൊക്കെയാണെന്നും പഠിച്ചും അറിഞ്ഞും അനുഭവിച്ചും വളർന്നു. രാഷ്ട്രീയം എന്റെ എഴുത്തിന്റെ ഭാഗമായത് സ്വാഭാവികമായിരുന്നു. ഇന്നത്തെ മുഖ്യധാരാരാഷ്ട്രീയത്തിന്റെ ജീർണ്ണതകൾക്കുപകരം ജൈവികതയും മാനുഷികതയും സൗന്ദര്യവുമുള്ള പുതിയരാഷ്ട്രീയം എന്തായിരിക്കും? ഈ ചോദ്യം ജീവിതത്തിലെന്നതുപോലെ എഴുത്തിലും എനിക്ക് പ്രധാനമാണ്.

സാമൂഹികപ്രവർത്തനവും എഴുത്തും ഒരേസമയം ചെയ്യാൻ എനിക്ക് പ്രയാസമാണ്. issue based activism സർഗ്ഗാത്മകമായ എഴുത്തിനെ, ആ പ്രത്യേക കാലത്തേക്കെങ്കിലും നിർവ്വീര്യമാക്കും എന്നാണ് എന്റെ അനുഭവം. അത്തരം സന്ദർഭങ്ങളിൽ എന്റെ ചിന്തയും സമയവും ഉർജ്ജവും അതിനുള്ളിലായിരിക്കും. ആക്ടിവിസത്തിൽ നിന്ന് മാറിനിൽക്കുമ്പോഴാണ് എഴുതാൻ കഴിയുന്നത്. മാത്രമല്ല, ഞാനെഴുതിയിട്ടുള്ള രണ്ടുകഥകൾ ചില കാര്യങ്ങൾ എനിക്ക് വെളിപ്പെടുത്തിത്തന്നു. 'അന്തോണിയുടെ ആട്' , 'പുഴയിലെ മീനുകൾ' എന്നിവ സമീപകാലത്ത് കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് നടന്ന രണ്ടുസംഭവങ്ങളായിരുന്നു 'ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റും മുത്തങ്ങ അക്രമണവും. ഈ രണ്ടു സംഭവങ്ങളും എന്റെ മനസ്സിനെ നിയന്ത്രണാതീതമാം വിധം വിക്ഷുബ്ധമാക്കിയിരുന്നു. കേരളത്തിലടക്കം ഇന്ത്യയിലെ രാഷ്ട്രീയാധികാരികളായ വലതും ഇടതും പ്രസ്ഥാനങ്ങൾ സാമ്രാജ്യത്വമുതലാളിത്ത വികസനനയങ്ങളാണ് നടപ്പാക്കുന്നത്. തൊഴിലാളികൾ, ആദിവാസികൾ, ദലിതർ, സ്ത്രീകൾ, പ്രകൃതിവിഭവങ്ങൾ... ദരിദ്രരും അധികാരരഹിതരായ മുഴുവൻ മനുഷ്യരും ഈ വികസന പ്രക്രിയയിൽ അടിച്ചമർത്തപ്പെടുക മാത്രമല്ല, ഇല്ലായ്മ ചെയ്യപ്പെടുകയാണ്. ഉപജീവന മാർഗ്ഗങ്ങൾക്കുവേണ്ടി പാവപ്പെട്ട മനുഷ്യർ ഇനി എന്താണ് ചെയ്യേണ്ടത്? ഈ അറിവ് എന്നിലുണ്ടാക്കുന്ന കടുത്ത അസ്വസ്ഥതയെ എങ്ങനെയാണ് നേരിടുക! വേണമെങ്കിൽ ജനകീയസമരങ്ങളിൽ പങ്കാളിയാകാം. പക്ഷേ, ചിലപ്പോൾ ചില സമരരൂപങ്ങൾ നമ്മെ ആകർഷിച്ചെന്നുവരില്ല. സമരങ്ങൾ ആര്, എങ്ങനെ, എപ്പോൾ നടത്തുന്നു എന്നതൊക്കെ എന്നെ ബാധിക്കുന്ന കാര്യങ്ങളാണ്. 'ജിമ്മി'ൽ സംഭവിച്ചത് അതായിരുന്നു. മാറി നിന്ന് എല്ലാം വീക്ഷിച്ചു. മുത്തങ്ങ ആക്രമണസമയത്താണെങ്കിൽ യാത്ര ചെയ്യാൻ ഡോക്ടറുടെ അനുവാദം ഉണ്ടായിരുന്നില്ല. യാത്ര ചെയ്താൽ അബോർഷനുള്ള സാധ്യതയുണ്ട് എന്ന കർശനമായ വിലക്കുണ്ടായിരുന്നു. അങ്ങനെയാണ് പിന്നീട് ഞാൻ ആ കഥകളെഴുതുന്നത്. 'പുഴയിലെ മീനുകൾ' എഴുതുന്നത് വളരെ വൈകിയുമാണ്. രണ്ടുവർഷത്തോളം ആ അസ്വസ്ഥത എന്നെ വിടാതെ പിടികൂടിയിരുന്നത് കൊണ്ട്. ഈ രണ്ട് സംഭവങ്ങളിലും സമരങ്ങളിലോ പ്രതിഷേധങ്ങളിലോ സജീവമായി പങ്കെടുത്തിരുന്നെങ്കിൽ 'അന്തോണിയുടെ ആടും', 'പുഴയിലെ മീനുകളും' ഞാൻ എഴുതുമായിരുന്നില്ല. അങ്ങനെ ഞാൻ എഴുതാതെ പോകുന്ന സാഹിത്യമാണ് എന്റെ സാമൂഹികപ്രവർത്തനം എന്നുഞാനിപ്പോൾ തിരിച്ചറിയുന്നു.

ആക്ടിവിസത്തിൽ നിന്ന് മാറിനിൽക്കുമ്പോഴാണ് എഴുതാൻ കഴിയുന്നത്. മാത്രമല്ല, ഞാനെഴുതിയിട്ടുള്ള രണ്ടുകഥകൾ ചില കാര്യങ്ങൾ എനിക്ക് വെളിപ്പെടുത്തിത്തന്നു. 'അന്തോണിയുടെ ആട്' , 'പുഴയിലെ മീനുകൾ' എന്നിവ സമീപകാലത്ത് കേരളത്തിന്റെ രാഷ്ട്രീയരംഗത്ത് നടന്ന രണ്ടുസംഭവങ്ങളായിരുന്നു 'ഗ്ലോബൽ ഇൻവസ്റ്റേഴ്സ് മീറ്റും മുത്തങ്ങ അക്രമണവും. ഈ രണ്ടു സംഭവങ്ങളും എന്റെ മനസ്സിനെ നിയന്ത്രണാതീതമാം വിധം വിക്ഷുബ്ധമാക്കിയിരുന്നു.

സാമൂഹികപ്രവർത്തനത്തിൽ നിന്ന് ആദ്യകാലത്ത് ആവേശവും സന്തോഷവും കിട്ടിയിട്ടുണ്ട്. പ്രത്യേകിച്ച് സമരങ്ങളും നാടക–സാസ്കാരികപ്രവർത്തനങ്ങളും നടക്കുമ്പോൾ. പിന്നീടെപ്പോഴോ എഴുത്തുകാരിയും ആക്ടിവിസ്റ്റും തമ്മിലുള്ള കടുത്ത ബലാബലപരീക്ഷണം തുടങ്ങി. എഴുത്തുതന്നെ ആക്ടിവിസമാണെന്ന് വിശ്വസിക്കാൻ ശ്രമിക്കുകയാണിപ്പോൾ. കാരണം, ഞാൻ ഏതെങ്കിലും സംഘത്തിന്റേയോ പ്രസ്ഥാനത്തിന്റേയോ സജീവഭാഗമാകുമ്പോൾ പലപ്പോഴും അതെന്റെ സ്വാതന്ത്ര്യത്തേയും സ്വകാര്യതയേയും സമയത്തേയും മുൻഗണനകളേയും നഷ്ടപ്പെടുത്തുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും വലിയനോവലുകൾ എഴുതാനാഗ്രഹിക്കുന്ന ഒരെഴുത്തുകാരി എന്ന

നിലക്ക് എനിക്ക് ധാരാളം സമയം ഇനി ആവശ്യമുണ്ട്. മാത്രമല്ല എഴുത്ത് എനിക്ക് അത്രമാത്രം സന്തോഷം തരുന്നു. അതിശയകരമായ ഊർജ്ജവും ഉന്മാദവും തരുന്നു. ആക്ടിവിസമാകട്ടെ, എനിക്കിപ്പോൾ ആനന്ദകരമായ ഒരനുഭവമല്ല. സംഘർഷവും വേദനയുമാണ്. എങ്കിലും, എത്രയൊക്കെ വേണ്ടെന്നുവെച്ചാലും സാമൂഹിക പ്രവർത്തനത്തിലേക്ക് പിടിച്ചുവലിക്കുന്ന ശക്തമായ എന്തോ ഒന്ന് എന്റെ ഉള്ളിലുണ്ടെന്നും എനിക്കറിയാം. എന്നിരുന്നാലും വ്യക്തിപരമായി പൂർണ്ണസ്വാതന്ത്ര്യത്തോടെ ചെയ്യാൻ കഴിയുന്ന എഴുത്തിനുവേണ്ടിയുള്ളതാണ് ഇനി കുറേക്കാലം.

ആക്ടിവിസം നൽകിയ സാഹിത്യാനുഭവങ്ങൾ വളരെയാണ്. ഇടതുപക്ഷ വിദ്യാർത്ഥിപ്രസ്ഥാനത്തിൽ നിന്ന് തുടങ്ങി സ്വതന്ത്ര സ്ത്രീപ്രസ്ഥാനം വരെ എത്തിനിൽക്കുന്ന ഒരു യാത്ര. ഇതിനിടയിൽ രാഷ്ട്രീയകാഴ്ചപ്പാടുകൾ മാറിക്കൊണ്ടിരുന്നു. കെട്ടുകാഴ്ചകൾ കണ്ട് മടുപ്പും വെറുപ്പും അസംതൃപ്തിയും വിമർശനങ്ങളും എതിർപ്പും ഒറ്റപ്പെടലുമുണ്ടായി.... അപ്പോഴൊക്കെ ഏകാന്തതയുടെ ലോകത്തേക്ക് തനിയെ വീണുപോയി. ആ ഏകാന്തതയും സ്വകാര്യതയും എനിക്ക് കഥകൾ തിരിച്ചുതന്നു. വായനക്കാരും നിരൂപകരും എന്റെ എഴുത്തിനെ എങ്ങനെയാണ് സമീപിക്കുന്നത്! ഞാനതെക്കുറിച്ച് ആലോചിച്ചിരുന്നില്ല. കാരണം, എഴുതുമ്പോൾ ഞാൻ എഴുത്തുകാരി മാത്രമാണ്. മറ്റ് ഐഡന്റിറ്റികൾ ഓർമ്മിക്കേണ്ടി വരാറില്ല. എന്നാൽ അങ്ങനെയല്ല കുറച്ചുപേരെങ്കിലും സമീപിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കിയത് കവിയായ രൂപേഷ്പോളിന്റെ കത്ത് വന്നപ്പോഴാണ്. 'ലേഡീസ് കംപാർട്ട്മെന്റ്' വായിച്ചതിനുശേഷമാണ് രൂപേഷ് എനിക്കെഴുതിയത്. എന്റെ കഥകൾ വായിക്കാൻ വൈകിപ്പോയതിലുള്ള ക്ഷമാപണമായിരുന്നു കത്തിന്റെ ഉള്ളടക്കം. ഒരു ആക്ടിവിസ്റ്റുകൂടി കഥയെഴുതുന്നു എന്നുള്ള വിചാരത്തോടെ രൂപേഷ് എന്റെ കഥകളെ മാറ്റിവെക്കുമത്രെ. അങ്ങനെ ചെയ്തതിന് എന്ത് പ്രായശ്ചിത്തമാണ് ഞാൻ

> **സ്ത്രീകളുടെ ഇടത്തേയും സ്വകാര്യതയേയും സ്വാതന്ത്ര്യത്തേയും സൗന്ദര്യബോധങ്ങളേയും സംബന്ധിച്ച പുതിയ ഫിലോസഫി മനസ്സിലാകണമെങ്കിൽ അവർ കുറേക്കൂടി വായിക്കുകയും പഠിക്കുകയും ലോകം കാണുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്. നല്ലതും നല്ലതല്ലാത്തതും സമഗ്രതയോടെ കാണാൻ മുൻവിധികൾ ഒരിക്കലും സഹായിക്കില്ല.**

ചെയ്യേണ്ടത് എന്ന് രൂപേഷ് എഴുതിയപ്പോഴാണ് ഞാൻ പ്രശ്നത്തിന്റെ ആഴമറിയുന്നത്. പിന്നീട് പലപ്പോഴും രൂപേഷ് എന്നെ ഫോണിൽ വിളിച്ചു. 'പിറ' മാതൃഭൂമി വാരികയിൽ വന്നുകൊണ്ടിരുന്ന സമയത്ത് "മാതൃഭൂമി വാങ്ങിക്കുന്ന എല്ലാവരും പിറ വായിക്കുന്നുണ്ട്" എന്നുപറഞ്ഞുകൊണ്ടായിരുന്നു രൂപേഷ് എന്നെ സന്തോഷിപ്പിച്ചത്.

പുസ്തകനിരൂപണം നടത്തിക്കൊണ്ട് ഒരു നിരൂപക, 'ആക്ടിവിസ്റ്റിന്റെ കഥകൾ' എന്ന് 'ലേഡീസ് കംപാർട്ടുമെന്റി'നെ മുൻവിധികൾകൊണ്ടുമാത്രം സമീപിച്ചതും കണ്ടു. സ്ത്രീകളുടെ ഇടത്തേയും സ്വകാര്യതയേയും സ്വാതന്ത്ര്യത്തേയും സൗന്ദര്യബോധങ്ങളേയും സംബന്ധിച്ച പുതിയ ഫിലോസഫി മനസ്സിലാകണമെങ്കിൽ അവർ കുറേക്കൂടി വായിക്കുകയും പഠിക്കുകയും ലോകം കാണുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നാണ് എനിക്ക് തോന്നിയത്. നല്ലതും നല്ലതല്ലാത്തതും സമഗ്രതയോടെ കാണാൻ മുൻവിധികൾ ഒരിക്കലും സഹായിക്കില്ല. ജീവിതത്തിലായാലും സാഹിത്യത്തിലായാലും മറ്റെന്തിലായാലും. ചിന്തയെ സ്വതന്ത്രമാക്കാതെ അതു നമ്മെ തടഞ്ഞുവെക്കും. മനസ്സുതുറന്നുവെക്കുന്നതിൽ നിന്ന് അത് നമ്മെ വിലക്കും. അതോടെ നാം ചെറിയ മനസ്സുള്ളവരും ചെറിയ ചിന്തകളുള്ളവരും ആയിത്തീരും മലയാളത്തിലെ ആസ്ഥാനനിരൂപകരുടെ ഉപകരണങ്ങൾ (tools) ക്കാകട്ടെ സ്വാതന്ത്ര്യത്തിന്റേതായ പുതിയ സ്ത്രീ ഭാവുകത്വം മനസ്സിലാക്കാനുള്ള സൗന്ദര്യബോധവും രാഷ്ട്രീയശേഷിയും ഇല്ലെന്നാണ് എന്റെ അഭിപ്രായം അവരിപ്പോഴും പരമ്പരാഗത ലാവണ്യശാസ്ത്രത്തിന്റെ കണ്ണടകൾ കൊണ്ടാണ് സാഹിത്യത്തേയും ജീവിതത്തേയും സമീപിക്കുന്നത്. അതുകൊണ്ട് എം. കൃഷ്ണൻനായർ എന്റെ കൃതികളെക്കുറിച്ച് എന്തുപറഞ്ഞു എന്ന് ഞാൻ ശ്രദ്ധിച്ചിരുന്നില്ല (ഞാൻ മാത്രമല്ല, എഴുത്തുകാരികൾ പലരും). മറ്റൊരു കൂട്ടർ, ഇങ്ങനെയൊരു എഴുത്തുകാരി ഇവിടെയുണ്ട് എന്ന് പറയാൻ പോലും തയ്യാറല്ലാത്തവരാണ്. സെൻസർഷിപ്പിന്റെ ഏറ്റവും ക്രൂരമായ ഒരു മുഖമാണിത്. സെൻസർഷിപ്പിന് ഏതെല്ലാം മുഖങ്ങളുണ്ടെന്ന് നന്നായി അറിയാവുന്നതുകൊണ്ട് ഇതെല്ലാംകണ്ട് ഞാൻ ഉള്ളിൽ നന്നായി ചിരിക്കുന്നു. കാലത്തെ അറിയുകയും അതാത് സാമൂഹികജീവിതത്തിൽ ഉണർന്നുവരുന്ന പുതിയ രാഷ്ട്രീയ സാഹിത്യസൗന്ദര്യ ചിന്തകളോട് അതിവേഗം സംവദിക്കാൻ കഴിയുകയും ചെയ്യുന്ന പുതിയ കാലത്തിന്റെ ഗഹനതയുള്ള വായനക്കാരിലും നിരൂപകരിലുമാണ് എനിക്ക് പ്രതീക്ഷയുള്ളത്. അത്തരത്തിൽ എന്റെ കഥകളും നോവലും വായിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന ധാരാളം വായനക്കാരും കുറച്ചു നിരൂപകരും ഉണ്ട് എന്നുള്ളത് എന്റെ ആശ്വാസവും സന്തോഷവും കൂടുതൽ എഴുതാനുള്ള പ്രചോദനവുമാണ്. ●



ഗിരിജ പാതേക്കര



# നാൽപ്പതുകളിൽ പൂത്ത പൂമരം

**പത്രവായനയിൽ** കവിഞ്ഞ ഒരു വായനാസംസ്കാരമൊന്നുമില്ലായിരുന്ന ഒരു കൂട്ടുകുടുംബത്തിലാണ് 1960കളുടെ മദ്ധ്യത്തിൽ ഞാൻ ജനിച്ചത്.അച്ഛന് കവിതയിൽ കുറേശ്ശ കമ്പമുണ്ടായിരുന്നു. എന്നാൽ ജോലിസ്ഥലത്തുനിന്ന് വല്ലപ്പോഴും മാത്രം വീട്ടിൽ വന്നുപോവുമായിരുന്ന അച്ഛന് വായനയിലുള്ള എന്റെ താല്പര്യത്തെ കണ്ടെത്താനോ പ്രോത്സാഹിപ്പിക്കാനോ കാര്യമായിട്ടൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല പക്ഷേ, ഇടക്കിടെ വരുമ്പോൾ അഛൻ ചൊല്ലിത്തന്നിട്ടാണ് ആറാം ക്ളാസ്സിലെത്തിയപ്പോഴേക്കും ഞാൻ ആശാന്റെ 'വീണപൂവ്' ഹൃദിസ്ഥമാക്കിയത്. കുട്ടിക്കഥകളോ കവിതയോ നോവലോ എന്തായാലും വേണ്ടില്ല, വായിക്കണം എന്ന മോഹം എനിക്കുണ്ടാവുന്നത് ആ കാലത്താണ്. എന്നാൽ ഞാൻ പഠിച്ചിരുന്ന കല്ലായ് ഗവണ്മെന്റ് ഗണപത് ഹൈസ്ക്കൂളിൽ ഒരു ലൈബ്രറി- വായനാ സംസ്കാരമൊന്നും അന്നുണ്ടായിരുന്നില്ല. എട്ടാം ക്ലാസ്സിൽ മീഞ്ചന്ത ശ്രീരാമകൃഷ്ണമിഷൻ ഹൈസ്ക്കൂളിൽ ചേർന്നതും കവി ശ്രീ. കുഞ്ഞുണ്ണിമാഷ് എന്റെ മലയാളം അദ്ധ്യാപകനായതുമാണ് ജീവിതത്തിലെ വഴിത്തിരിവായത്. വായനയോടുള്ള എന്റെ ആഭിമുഖ്യമറിഞ്ഞ അദ്ദേഹം എന്നെ സ്ക്കൂളിലെ സാഹിത്യസമാജത്തിൽ നിർബന്ധിച്ചു ചേർക്കുകയും ധാരാളം പുസ്തകങ്ങൾ വായിപ്പിക്കുകയും, ആ വായനാനുഭവങ്ങൾ എഴുതിച്ച് സമാജത്തിന്റെ യോഗങ്ങളിൽ വായിപ്പിക്കുകയും അഭിനന്ദിക്കുകയും വിമർശിക്കുകയും ചെയ്തു. മാഷ്ടെ നേതൃത്വത്തിൽ രൂപീകരിച്ച അദ്ധ്യാപകരും വിദ്യാർത്ഥികളുമടങ്ങിയ അക്ഷരശ്ലോക സംഘം ഇടക്കിടെ റേഡിയോസ്റ്റേഷനിലും സ്ക്കൂളിലും അരങ്ങേറിയത് കവിതയോട് ഒരൽപ്പം അധികം ഇഷ്ടം എന്നിൽ വളർത്താനിടയാക്കി. അദ്ദേഹത്തിന്റെ സ്നേഹശിക്ഷണങ്ങളാൽ സ്ക്കൂൾ, ഉപജില്ലാ, ജില്ലാതല മത്സരങ്ങളിൽ കഥ, കവിത, ഉപന്യാസം, പ്രസംഗം എന്നിവയിലെല്ലാം ഞാൻ സമ്മാനങ്ങൾ നേടി. ഭാഷയോടുള്ള കൂറും അഭിമാനബോധവും എന്നിൽ രൂഢമൂലമാകുന്നത് ഈ ഹൈസ്ക്കൂൾ പഠനകാലത്താണ്. കോളേജിൽ ചേർന്നപ്പോൾ കോളേജ് മാഗസിനുകളിൽ എഴുതിയിരുന്നുവെങ്കിലും വായനയും എഴുത്തും കുറഞ്ഞുവന്നു. കാരണം പഠിക്കുന്ന വിഷയങ്ങളിൽ മാത്രമേ ശ്രദ്ധിക്കാവൂ, മറ്റെവിടേക്കും ചിന്തകളും മോഹങ്ങളും പാളിപ്പോകരുത് എന്ന തെറ്റായ ഒരു തോന്നൽ അന്നെന്റെ ഉള്ളിൽ വളരാൻ തുടങ്ങിയിരുന്നു. ഡിഗ്രി കഴിഞ്ഞയുടനെയുള്ള വിവാഹം, ഉടനടിയുള്ള എം.എസ്.സി, ബി.എഡ് പഠനങ്ങൾ, കോഴിക്കോട്ടുനിന്ന് കോട്ടക്കലേക്കുള്ള പറിച്ചുനടൽ, അമ്മയാകൽ, ജോലി... എല്ലാമെല്ലാം പിന്നീ

കുട്ടിക്കഥകളോ കവിതയോ നോവലോ എന്തായാലും വേണ്ടില്ല, വായിക്കണം എന്ന മോഹം എനിക്കുണ്ടാവുന്നത് ആ കാലത്താണ്. എന്നാൽ ഞാൻ പഠിച്ചിരുന്ന കല്ലായ് ഗവണ്മെന്റ് ഗണപത് ഹൈസ്ക്കൂളിൽ ഒരു ലൈബ്രറി- വായനാ സംസ്കാരമൊന്നും അന്നുണ്ടായിരുന്നില്ല.

ടൊരു നീണ്ട കാലയളവ് എന്നെ വായനയിൽ നിന്നും എഴുത്തിൽ നിന്നും മാറ്റിനിർത്തി. ആ കാലഘട്ടത്തിൽ ഞാൻ ഏതാണ്ട് മുഴുവനായും ഒരമ്മ മാത്രമായിരുന്നു. മകന്റെ കാര്യങ്ങളിൽ മാത്രം ഞാൻ സദാ ജാഗരൂകയായി. എന്നാൽ പഠിക്കാനും വളരാനും കൂടുതൽ നല്ലത് ഈ നാടും വീടുമല്ല വേറെ നാടും ഹോസ്റ്റലുമാണെന്ന് കണ്ടെത്തിയ അവൻ പതിനഞ്ചുവയസ്സു കഴിഞ്ഞപ്പോൾ അകലെയൊരു ഹോസ്റ്റലിലേക്ക് ചേക്കേറി. കറങ്ങാനൊരു സൂര്യനെ പെട്ടെന്ന് നഷ്ടപ്പെട്ടാൽ ഭൂമിയെന്നപോലെ ഞാനപ്പോൾ പകച്ചുനിന്നു. ഒഴിവുസമയങ്ങൾ ഏറിവന്നു. ഞാനതിനെ ഭയന്നു. ഭ്രാന്തോളമെത്തിയ അമ്മയുടെ അവസ്ഥയറിഞ്ഞ് മകൻ തന്നെയാണ് ചോദിച്ചത്, 'പഠിച്ചിരുന്ന കാലത്തെന്നപോലെ അമ്മക്ക് വായിച്ചൂടെ, എഴുതിക്കൂടെ' എന്ന്. ശരിയാണെന്നെനിക്കും തോന്നി. നിർബ്ബന്ധപൂർവ്വം ഞനെന്നെ വായനയിലേക്കും കുറേശ്ശ എഴുത്തിലേക്കും നയിക്കാൻ തുടങ്ങി. വായന തലക്കുപിടിച്ചപ്പോൾ എന്റെ ദിനചര്യകളിൽ വന്ന മാറ്റം ഭർത്താവ് ശ്രദ്ധിച്ചുതുടങ്ങിയിരുന്നു. എന്നാൽ അതൊരു താൽക്കാലികപ്രതിഭാസമാവും, മാറിക്കോളും എന്നു കരുതിയാവണം ആദ്യമാദ്യം അദ്ദേഹം ഒന്നും പറഞ്ഞിരുന്നില്ല. പക്ഷേ, പുസ്തകങ്ങൾക്കൊപ്പം വീട്ടിലെ ജനൽപ്പടിയിലും വാതിലിലും പ്രത്യക്ഷപ്പെട്ട പൊടിയുടെ പാളികൾക്ക് കനം വെച്ചു തുടങ്ങിയപ്പോൾ അദ്ദേഹം പ്രതികരിച്ചു. ഞാൻ എന്തിനുള്ള പുറപ്പാടാണെന്ന് പേടിച്ചു. കാരണം എങ്ങിനെയെങ്കിലും പെട്ടെന്ന് ജോലികൾ തീർത്ത് ഒറ്റക്കിരുന്ന് വായിക്കുകയും എഴുതുകയും ചെയ്യുന്ന ഒരു ഭാര്യയെ അദ്ദേഹം ആദ്യമായി കാണുകയായിരുന്നല്ലോ.

ക്രമേണ ഞാൻ എനിക്കുമാത്രം സ്വന്തമായ 'ഒരിടം' കണ്ടെത്തി. അവിടെ ഞാൻ സന്തുഷ്ടയായിരുന്നു. ഉന്മാദിനിയായിരുന്നു. അങ്ങനെ പുസ്തകങ്ങൾ കാശ് കൊടുത്ത് വാങ്ങി മുടിഞ്ഞിരിക്കുമ്പോഴാണ് ഒരു കോഴിക്കോടൻയാത്രയിൽ 'അന്വേഷി വിമെൻസ് ലൈബ്രറി'യുടെ ബോർഡ് കണ്ണിൽപ്പെട്ടത്. തൊട്ടടുത്ത രണ്ടാം ശനിയാഴ്ച കോഴിക്കോട്ടുള്ള എന്റെ വീട്ടിലേക്കാണെന്ന് പറഞ്ഞ് ഞാൻ നേരെ അന്വേഷിയിലെത്തി. ഇതും എന്റെ ജീവിതത്തിലെ ഒരു സുപ്രധാനവഴിത്തിരിവായി മാറി. അവിടുത്തെ പുസ്തകങ്ങളും കരുത്തറ്റ പെൺലോകവും എന്നെ വല്ലാതെ അമ്പരപ്പിച്ചു, ആകർഷിച്ചു. ഒരുപാട് പ്രശ്നങ്ങൾക്കും പ്രാരബ്ധങ്ങൾക്കും നടുവിലായിരുന്നിട്ടും അവിടെ ഞാൻ പരിചയപ്പെട്ട സ്ത്രീകൾക്കാർക്കും യാതൊരു വിധ ആശങ്കകളുമില്ല എന്നെനിക്ക് തോന്നി. മെമ്പർഷിപ്പെടുത്ത് പുസ്തകങ്ങളുമായി നാലുമണിക്ക് മടങ്ങുമ്പോൾ താഴത്തെ നിലയിലെ ക്യാബിനിൽ കണ്ടു, 'അജിത'യെ. അന്നോളം നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല, കേട്ടിട്ടേയുണ്ടായിരുന്നുള്ളു 'അജിത'യെ. ആരാധനയോടെ നോക്കിനിന്നപ്പോൾ പെട്ടെന്ന് അവർ തലപൊക്കി നോക്കിച്ചിരിച്ചു. വല്ലാത്തൊരു വിറയൽ എന്റെ ഉടലിലൂടെ പാഞ്ഞു. പറഞ്ഞറിയിക്കാനാവാത്ത സമ്മിശ്രമായൊരു വികാരത്താൽ മറുചിരി നൽകാൻ പോലും മറന്ന് ഞാൻ വേഗം പുറത്തേക്കു നടന്നു. അന്നുതൊട്ട് ഞാൻ രണ്ടാംശനിയാഴ്ചകൾക്കായി കാത്തിരിക്കാൻ തുടങ്ങി.

'അന്വേഷി' എന്നെ അടിമുടി ഉരുക്കിവാർത്ത് പുതുക്കിപ്പണിയുകയായിരുന്നു. എന്റെ ചിന്തകളും കാഴ്ചപ്പാടുകളും ജീവിതവീക്ഷണങ്ങളും മാറിമറിയുകയായിരുന്നു. അങ്ങനെ ചെറുതെങ്കിലും സ്വച്ഛന്ദവും സുന്ദരവുമായ ഒരു ആകാശത്തുണ്ട് എനിക്ക് പറക്കാൻ ഞാൻ സ്വന്തമാക്കുകയായിരുന്നു.

ആ ദിവസങ്ങളിൽ വല്ലാത്തൊരു ഊർജ്ജക്കുത്തോടെ ഞാൻ ധാരാളം കവിതകൾ എഴുതി. അന്നോളം കെട്ടിനിർത്തിയിരുന്നതെല്ലാം തടയണ തകർത്ത് ഒഴുകുകയായിരുന്നിരിക്കണം. എഴുതിക്കൊണ്ടേയിരിക്കാൻ പ്രേരിപ്പിക്കുകയും എഴുതിയവ അയച്ചുകൊടുക്കാൻ നിർബ്ബന്ധിക്കുകയും ചെയ്യുന്ന, ഇന്നും ഒപ്പമുള്ള ഒരു സുഹൃത്ത് അന്നെനിക്കുണ്ടായി. അന്നുമിന്നും ഒരു പോലെ നിൽക്കുന്ന ആ സൗഹൃദം എനിക്കു കിട്ടിയിട്ടുള്ള സുകൃതമാണ്. ആദ്യകവിത അച്ചടിച്ചുവന്നത്

> **ഭ്രാന്തോളമെത്തിയ അമ്മയുടെ അവസ്ഥയറിഞ്ഞ് മകൻ തന്നെയാണ് ചോദിച്ചത്, 'പഠിച്ചിരുന്ന കാലത്തെന്നപോലെ അമ്മക്ക് വായിച്ചൂടെ, എഴുതിക്കൂടെ' എന്ന്. ശരിയാണെന്നെനിക്കും തോന്നി. നിർബ്ബന്ധപൂർവ്വം ഞനെന്നെ വായനയിലേക്കും കുറേശ്ശ എഴുത്തിലേക്കും നയിക്കാൻ തുടങ്ങി.**

'സാംസ്കാരിക പൈതൃകത്തിലും' തുടർന്ന് ഉടൻതന്നെ 'മാധ്യമ'ത്തിലുമാണ്. അപ്പോഴുണ്ടായ സന്തോഷത്തിനും അഭിമാനത്തിനും അതിരില്ലായിരുന്നു. തുടർന്ന് ഭാഷാപോഷിണി, മലയാളം, ദേശാഭിമാനി, കലാകൗമുദി തുടങ്ങിയതിലെല്ലാം കവിതകൾ അച്ചടിച്ചുവരാൻ തുടങ്ങിയപ്പോൾ എനിക്ക് ധാരാളം സുഹൃത്തക്കളുണ്ടായി. സ്ത്രീസുഹൃത്തുക്കളായിരുന്നു ഏറെയും. അവരുമായുള്ള ആശയവിനിമയങ്ങൾ എന്റെ എഴുത്തിനെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ധാരാളം ഇംഗ്ലീഷ് കവിതകൾ വായിക്കുകയും എഴുതുകയും ചെയ്യുന്ന വിനീത(എന്റെ അനുജന്റെ ഭാര്യ)യുമായുള്ള ഹൃദയബന്ധവും ഇവിടെ എടുത്തുപറയേണ്ടതാണ്. അങ്ങനെ ഉള്ളുനിറയെ അക്ഷരങ്ങളും വാക്കുകളുമായി എന്റെ നാല്പതുകളിൽ ഞാൻ പൂത്തുലഞ്ഞു.

വീട്ടുജോലിയായാലും ഓഫീസ് ജോലിയായാലും തിരക്കിട്ട് തീർത്ത് 'അവനവനെ കണ്ടെത്താൻ' പാടുപെടുന്ന സ്ത്രീയവസ്ഥ എന്റേതുമാത്രമല്ല, എല്ലാ സ്ത്രീകളുടേതുമാണെന്ന തിരിച്ചറിവുകൊണ്ടാവണം ഞാനെഴുതിയ കവിതകൾ മിക്കതും 'സ്ത്രീപക്ഷരചനക'ളായി മാറിയത്. ബോധപൂർവ്വം ഫെമിനിസത്തെ കവിതകളിലേക്ക് കൊണ്ടുവരികയായിരുന്നില്ല, മറിച്ച് എന്റെ അനുഭവങ്ങളോട് ഞാൻ പുലർത്തിയ സത്യസന്ധതയുടെ അടയാളങ്ങ

ളായിരുന്നു അവ. അവ എഴുതുമ്പോൾ ഞാനനുഭവിച്ച സ്വാസ്ഥ്യം ചെറുതായിരുന്നില്ല. എന്റെ കവിതകളുടെ ഏറ്റവും വലിയ പരിമിതിയായി ഇതിനെ ചൂണ്ടിക്കാണിച്ചവരുണ്ട്. എന്നാൽ എനിക്ക് തോന്നുന്നത് അതാണ് എന്റെ ഏറ്റവും വലിയ ശക്തി എന്നാണ്.

എഴുതിയ കവിതകളുടെ പേരിൽ പുച്ഛവും പരിഹാസവും ഞാൻ ഏറ്റുവാങ്ങിയിട്ടുണ്ട്. 'ഇവൾ' ഷീവാസ് റീഗലി' നെ 'ബാർകവിത' യെന്നും ഞാൻ മദ്യപിച്ചെഴുതിയ കവിതയെന്നും ചിലർ ഫെയ്സ്ബുക്കിലൂടെ വിശേഷിപ്പിച്ചു. 'പ്രണയം' എന്ന കവിത അച്ചടിച്ചു വന്നപ്പോൾ മദ്ധ്യവയസ്സിലും പ്രണയാഭ്യർത്ഥനകൾ എന്നെത്തേടിയെത്തി. 'മേഘസന്ദേശങ്ങൾ' എഴുതിയപ്പോഴും ഒരുപാട് നല്ല അനുഭവങ്ങളോടൊപ്പം വേദനിപ്പിക്കുന്ന അനുഭവങ്ങളും ഉണ്ടായി. കാരണം ആ കവിത വിവാഹത്തിനുപുറത്ത് ഒരു പ്രണയം സൂക്ഷിക്കുന്ന ഒരുവളുടെ മനഃസഘർഷങ്ങളുടെ ആവിഷ്ക്കാരമായിരുന്നു. വല്ലാത്തൊരു ഉൾക്കരുത്തോടെ ആ കവിതകൾ പ്രസിദ്ധീകരണത്തിനയക്കാൻ ധൈര്യപ്പെട്ടതോർക്കുമ്പോൾ അഭിമാനം തോന്നുന്നുണ്ടെങ്കിലും എന്തുകൊണ്ടാണ് അവ എന്റെ സ്വന്തം ഉള്ളെഴുത്തും ഉടലെഴുത്തും മാത്രമായി ചിലരെങ്കിലും വായിച്ചത് എന്ന കാര്യം ആശങ്കയുളവാക്കുന്നു. ഈ കാലത്തും ഈ അവസ്ഥ എഴുത്തുകാരികൾക്ക് നേരിടേണ്ടിവരുന്നത് പരിതാപകരമാണ്.

ഡി.സി ബുക്സ് പ്രസിദ്ധീകരിച്ച 'പെൺപിറവി' എന്ന എന്റെ കവിതാസമാഹാരം വായിച്ചപ്പോഴും ചില കൂരമ്പുകൾ എനിക്കു നേരെയുണ്ടായി. കവിത നല്ലതോ ചീത്തയോ എന്നതല്ല, അവയുടെ ആശയങ്ങളോടായിരുന്നു ഒരുവന് അസഹിഷ്ണുത. അയാൾ എന്റെയൊരു സ്ത്രീസുഹൃത്തിനോട് ഇങ്ങനെ പറഞ്ഞത്രേ- "ഈ സ്ത്രീക്ക് എന്തിന്റെ തകരാറാണ്. ഇവരുടെ ഭർത്താവ് എത്രനല്ലൊരു മനുഷ്യനാണ്" എന്നൊക്കെ! അതേ സമയം വളരെ പോസിറ്റീവ് ആയിട്ടുള്ള വിമർശനങ്ങളെ ഞാൻ സന്തോഷത്തോടെ സ്വാഗതം ചെയ്യാറുമുണ്ട് കാരണം അവരാണല്ലോ എന്റെ യഥാർത്ഥ അഭ്യുദയകാംക്ഷികൾ.

**വായിക്കാൻ മോഹിക്കുന്ന കുറേ പുസ്തകങ്ങളുണ്ട്. വായനയെ അന്യഭാഷകളിലേക്ക് കൂടുതൽ വ്യാപരിപ്പിക്കണമെന്നുണ്ട്. വിടരാൻ വെമ്പിനിൽക്കുന്ന കുറേ മൊട്ടുകളുമുണ്ട് ഉള്ളിൽ. തീവ്രമായ ഈ ആഗ്രഹങ്ങളായിരിക്കാം ഇത്ര സന്തോഷത്തോടെ എന്നെ ജീവിപ്പിക്കുന്നത്.**

പറഞ്ഞുതേഞ്ഞ ഒരു ക്ലീഷേ ആണെങ്കിലും പറയാതെ വയ്യ. 'വീട്ടിൽ എനിക്ക് സ്വന്തമായി ഒരു മുറിയില്ല' ആർക്കും എപ്പോഴും കയറി വന്ന് കയ്യേറാവുന്ന ഒരിടത്തെയാണ് ഞാൻ 'എന്റെ മുറി' എന്ന് വിശേഷിപ്പിക്കാറുള്ളത്. ഒരുപാട് കാലങ്ങൾക്കു ശേഷം പെട്ടന്നൊരു നാൾ എനിക്ക് വായിക്കണം, എഴുതണം, ഒറ്റക്കിരിക്കണം, ആരും ഇങ്ങോട്ട് വരരുത് എന്നൊക്കെ പറഞ്ഞ് ഒപ്പമുള്ളവരെ വേദനിപ്പിക്കാൻ എനിക്ക് സാധ്യമല്ലാത്തതുകൊണ്ടു മാത്രം നാലുമുറികളും നാലാളുകളും ഉള്ള വീട്ടിൽ എനിക്ക് മാത്രമായി ഒരു മുറിയില്ല. ഒറ്റക്കിരിക്കണമെന്ന് ചിലപ്പോഴെങ്കിലും വല്ലാതെ കൊതിക്കുന്നതുകൊണ്ടാവാം അതിനൊരിടമില്ല എന്നത് എന്നെ വല്ലാതെ നിരാശപ്പെടുത്തുന്ന ഒരാശയാവുന്നത്. എന്തായാലും ആരുമില്ലാത്തൊരു വീട് എന്നെ വല്ലാതെ മോഹിപ്പിക്കാറുണ്ട്. സ്വന്തമായൊരു മുറിയില്ലാത്തതിനാൽ പലപ്പോഴും കണ്ടും കേട്ടും പറഞ്ഞും ചെയ്തും തന്നെയാണ് ഞാനെന്റെ മനോലോകങ്ങളിൽ സഞ്ചരിക്കാറുള്ളത്. (പുറത്തേക്കുള്ള സ്വതന്ത്രസഞ്ചാരങ്ങൾ ഏറെയൊന്നും സാധ്യമല്ലല്ലോ) അപ്പോൾ ഇടക്കെല്ലാം മനസ്സിൽ ഒരു മിന്നൽപിണർ പോലെ തെളിയുന്ന ആശയങ്ങൾ ഞാനെന്റെ സന്തതസഹചാരിയായ 'മൊബൈലി' നെ ഏൽപ്പിക്കും സൂക്ഷിച്ചുവെക്കാൻ. പിന്നീടെന്നെങ്കിലും കവിതയായി വിടർത്താൻ. കാരണം ഞാൻ ഉറങ്ങുമ്പോഴും എനിക്കുവേണ്ടി ഉണർന്നിരിക്കുന്ന സ്വന്തക്കാരനാണല്ലോ അവൻ.

വായിക്കാൻ മോഹിക്കുന്ന കുറേ പുസ്തകങ്ങളുണ്ട്. വായനയെ അന്യഭാഷകളിലേക്ക് കൂടുതൽ വ്യാപരിപ്പിക്കണമെന്നുണ്ട്. വിടരാൻ വെമ്പിനിൽക്കുന്ന കുറേ മൊട്ടുകളുമുണ്ട് ഉള്ളിൽ. തീവ്രമായ ഈ ആഗ്രഹങ്ങളായിരിക്കാം ഇത്ര സന്തോഷത്തോടെ എന്നെ ജീവിപ്പിക്കുന്നത്. ●

**സൃഷ്ടികൾ ക്ഷണിക്കുന്നു**

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



ഡോ.മിനിപ്രസാദ്

# ആശാസ്യമല്ലാത്ത ചില കാര്യങ്ങൾ

കഥാകാരി നായകനെ വിശദമായി പരിചയപ്പെടുത്തുന്നതിൽ നിന്ന് വ്യക്തമാവുന്ന ഒരു കാര്യം ഭാര്യയെ പുറത്തുകൊണ്ട് വരുന്നതിന്റെ പേരിൽ സമുദായത്തിൽ കിട്ടുന്ന അംഗീകാരമാണ് അയാൾ ആഗ്രഹിച്ചത്. പുറമേ പരിഷ്ക്കരണ വാദിയായ പുരോഗമ നാശയക്കാരൻ എന്ന് ഇതിലെ നായകനായ എൻ.പി.യെ വിശേഷിപ്പിക്കാം.

**സമുദായനീതികളെ** എതിർക്കുവാൻ ആദ്യം ഉത്സാഹം പ്രകടിപ്പിക്കുന്ന പരിഷ്കരണവാദികൾ ഒരു ഘട്ടം കഴിയുമ്പോൾ നടത്തുന്ന പിൻനടത്തത്തെപ്പറ്റി അന്തർജ്ജനം പല കഥകളിലും സൂചിപ്പിച്ചിട്ടുണ്ട്. ഒരിക്കലും ഇളക്കം തട്ടില്ല എന്നു വിശ്വസിച്ച സമുദായസംഘടനകൾക്ക് സംഭവിച്ച ഉലച്ചിലുകളും അതിന്റേതന്നെ ആന്തരിക വൈചിത്ര്യങ്ങളും അറിയുകയും അനുഭവിക്കുകയും ചെയ്ത ഒരു വ്യക്തി എന്ന നിലയിൽ ഈ പ്രമേയങ്ങൾ അനുഭവസാക്ഷ്യങ്ങളെന്ന നിലയിലേക്ക് മാറാറുണ്ട്. 'ഇത് ആശാസ്യമാണോ?' എന്ന കഥയേയും ഈ വിഭാഗത്തിൽപ്പെടുത്താം. പല തലത്തിൽ വായന സാധ്യമാക്കുന്ന ഒരു കഥയാണിത്. അതിലെ നായകനെ കഥാകാരി പരിചയപ്പെടുത്തുന്നത് 'ഒരു യുവരസികൻ' എന്നാണ്. അക്കാലത്ത് സമുദായത്തിൽ പ്രബലമായിരുന്ന പരിഷ്ക്കാരഭ്രമത്തിൽ അദ്ദേഹവും പ്രബലനായിരുന്നു. ഭാര്യയെ മൂടുപടത്തിൽ നിന്നു പുറത്തുകൊണ്ടുവരികയും മീറ്റിംഗുകളിലും വേദികളിലും പങ്കെടുപ്പിച്ച് പേരും പെരുമയും സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. കഥാകാരി നായകനെ വിശദമായി പരിചയപ്പെടുത്തുന്നതിൽ നിന്ന് വ്യക്തമാവുന്ന ഒരു കാര്യം ഭാര്യയെ പുറത്തുകൊണ്ട് വരുന്നതിന്റെ പേരിൽ സമുദായത്തിൽ കിട്ടുന്ന അംഗീകാരമാണ് അയാൾ ആഗ്രഹിച്ചത്. പുറമേ പരിഷ്ക്കരണവാദിയായ പുരോഗമനാശയക്കാരൻ എന്ന് ഇതിലെ നായകനായ എൻ.പി.യെ വിശേഷിപ്പിക്കാം.

ഈ പരിഷ്കൃതാശയത്വം ഒരു ജാട മാത്രമാണെന്നാണ് കഥയിലെ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. ഉച്ചയുറക്കം, കോട്ടുവായ ഇവക്കൊ

പ്പം മൂന്നു മണിയായിട്ടും കാപ്പി കാലമാവാഞ്ഞതിൽ ഭാര്യയെ ശാസിച്ചുകൊണ്ടാണ് അയാൾ കഥയിലേക്ക് കടന്നുവരുന്നത്. പ്രത്യേകിച്ചൊരാളെ സംബോധന ചെയ്തുകൊണ്ടല്ല കാപ്പിയെ സംബന്ധിക്കുന്ന ഈ ചോദ്യം നിൽക്കുന്നതെങ്കിലും ഇതാരോടാണ് എന്ന് വ്യക്തമാണ്. കാലാകാലങ്ങളായി ഗൃഹാന്തർഭാഗത്തേക്ക് നോക്കി ഉയരാറുള്ള ആ ചോദ്യം ആ അകത്തങ്ങളിലെവിടെയോ നിൽക്കുന്ന സ്ത്രീപദവികൾ – അമ്മ/ഭാര്യ/സഹോദരി- കേൾക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. പലപ്പോഴും ഇത്തരം ചില ചോദ്യങ്ങളാണ് അവരുടെയൊക്കെ അസ്തിത്വം തന്നെ ഉറപ്പിക്കുന്നത്. കഥയിലെ നായികയായ പാപ്പി അന്തർജ്ജനം മൂന്നു മണിക്ക് 'സ്വന്തം' പണികളെല്ലാമൊതുക്കി കുഞ്ഞിന് മുലകൊടുക്കാനിരുന്നപ്പോൾ ഒരു കൈകൊണ്ട് അന്നത്തെ പത്രവും കയ്യിലെടുത്തു. അവളുടെ പേരിൽ അപ്പോഴുള്ള ആരോപണം ഈ പത്രം വായനയാണ്. പത്രം താഴെയിട്ട് പാലു കുടിച്ചിരുന്ന കുഞ്ഞിനെ മാറ്റിയിരുത്തി അവൾ കാപ്പിവെക്കാൻ പോകുമ്പോൾ കുട്ടി കരയുന്നു. അതൊരു സ്വാഭാവിക സംഭവമാണെങ്കിലും അയാളെ അലോസരപ്പെടുത്തുവാനുള്ള ഒരു ബോധപൂർവ്വശ്രമമായി അത് വ്യാഖ്യാനിക്കപ്പെടുന്നു. മുത്തശ്ശിയമ്മയുടെ വകയായിരുന്നു ആ വ്യാഖ്യാനം. സമുദായ പരിഷ്ക്കാരങ്ങളോട് ഏറ്റവും പിൻതിരിഞ്ഞുനിന്നവരാണ് ഇത്തരം മുത്തശ്ശിമാർ. ഗൃഹനായകന് കാപ്പി ചോദിച്ചു വാങ്ങി കുടിക്കേണ്ടുന്ന ഗതികേടു വന്ന ഒരവസ്ഥയെ ഒരവസരമായി എടുത്തുകൊണ്ട് മുത്തശ്ശി വാക്പയറ്റംരംഭിച്ചു. സഭക്കും പ്രസംഗത്തിനും കൊണ്ടു നടന്നതിന്റെ ബാക്കിയാണ് പേപ്പറും നോക്കി കസാലമേലുള്ള ഇരിപ്പ് എന്നു വരുമ്പോൾ അയാളിലെ പുരുഷത്വത്തെ ചോദ്യം ചെയ്യലായി അയാൾക്ക് തോന്നുന്നു. കോപഗംഭീരസ്വരത്തിൽ അയാൾ ഭാര്യയോട് "ഞാൻ കൊറച്ചൊക്കെ അനുവദിച്ച് തരുന്നുണ്ട് എന്നുവെച്ച് ഇത്ര ഏറണ്ടാട്ടോ... കുറ്റമല്ല ഇവറ്റേ അടിച്ചമർത്തി അടുക്കളേൽ തന്നെ വച്ചോണ്ടിരിക്കുന്നത്" എന്നു പറഞ്ഞ് സ്വന്തം ശൂരത്വം ഉറപ്പിക്കുന്നു. കൊറച്ച് അനുവദിക്കുന്നു എന്ന വാദത്തിൽ അവൾക്കു ലഭിക്കുന്ന സ്വാതന്ത്ര്യം അയാളുടെ സൗജന്യമാണെന്നും അതൊരിക്കലും അവൾ ദുരുപയോഗം ചെയ്യേണ്ട എന്ന മുന്നറിയിപ്പുമുണ്ട്. പുറമേ നോക്കുന്ന ഒരാൾക്ക് അയാൾ പരിഷ്ക്കരണവാദിയും സ്ത്രീ സ്വാതന്ത്ര്യവാദിയുമാണ്. പക്ഷേ യാഥാർത്ഥ്യം അതിൽ നിന്ന് കാതങ്ങളോളം അകലെയാണെന്ന് ബാക്കി സംഭവങ്ങൾ തെളിയിക്കുന്നു. ഇത്തരം ഒരു പിൻതിരിപ്പൻ മുന്നറിയിപ്പിനോടുള്ള പ്രതികരണം അവൾ അറിയിക്കുമ്പോഴേക്ക് അതൊരു തർക്കുത്തരമാകുന്നു. ഭർത്താവിനു നേർക്കു നേരെ നിന്നു സംസാരിക്കുന്നത്ര പാതകം വേറെന്താണ്? അയാളുടെ അച്ഛനായിരുന്നുവെങ്കിൽ ഇതൊന്നും സംഭവിക്കയില്ലായിരുന്നു എന്നൊരു നെടുങ്കൻ പ്രസ്താവന കൂടി മുത്തശ്ശിയിൽ നിന്നുണ്ടാവുന്നതോടെ സ്വന്തം പൗരുഷം തെളിയിക്കേണ്ടത് അയാൾക്കൊരാവശ്യമാവുന്നു. ആ തെളിയിക്കലാണ് ഭാര്യയെ കരണത്തടിക്കുന്നതിലൂടെ വെളിപ്പെടുത്തുന്നത്. കാലാകാലങ്ങളായി ആധിപത്യത്തിന്റെ മുദ്ര എന്ന നിലയിൽ പുരുഷന്റെ ആയുധമാണല്ലോ ആ അടി. പക്ഷേ ആ പ്രവൃത്തിയിലൂടെ അയാളുടെ പരിഷ്കാരത്തിന്റെ പുറംപൂച്ചുകൾ അഴിഞ്ഞുപോവുന്നു.

അന്നത്തെ വർത്തമാനപത്രത്തിൽ കണ്ട ഒരു ലേഖനമാണ്. അവളെക്കൊണ്ടു ഇത്രയൊക്കെ എഴുതുവാൻ പ്രേരിപ്പിക്കുന്നത്. അന്തർജ്ജനങ്ങൾക്ക് സ്വന്തമായി എഴുതുവാനോ പ്രസംഗിക്കുവാനോ കഴിവില്ലെന്നും അവർ പുരുഷന്മാർ എഴുതുന്നത് അനുകരിക്കുക മാത്രമാണെന്നും ആ ലേഖനത്തിൽ ആക്ഷേപിച്ചിരുന്നു. തന്റെ ഭർത്താവാണോ ആ ലേഖനം എഴുതിയതെന്ന സംശയവും അവൾക്കുണ്ടാകുന്നു. ആ സംശയം അയാളോട് പങ്കുവെക്കുമ്പോഴാകട്ടെ പുരുഷന്മാർ സ്ത്രീകളെ എടുത്തുയർത്തി ഇങ്ങനെ സംസാരിക്കാൻ പ്രാപ്തരാക്കിയതിനെപ്പറ്റി അതിഘോരം സംസാരിക്കുന്നു. സ്വന്തം അഭിമാനത്തിനു

ഭർത്താവിനു നേർക്കു നേരെ നിന്നു സംസാരിക്കുന്നത്ര പാതകം വേറെന്താണ്? അയാളുടെ അച്ഛനായിരുന്നുവെങ്കിൽ ഇതൊന്നും സംഭവിക്കയില്ലായിരുന്നു എന്നൊരു നെടുങ്കൻ പ്രസ്താവന കൂടി മുത്തശ്ശിയിൽ നിന്നുണ്ടാവുന്നതോടെ സ്വന്തം പൗരുഷം തെളിയിക്കേണ്ടത് അയാൾക്കൊരാവശ്യമാവുന്നു.

മേലുള്ള കടന്നുകയറ്റമായിട്ടാണ് പാപ്പിക്ക് ഈ ആരോപണങ്ങൾ അനുഭവപ്പെട്ടത്. അതുകൊണ്ടുതന്നെ പുരുഷന്മാരെ ആരാണുയർത്തിയതെന്ന് അവൾ ചോദിക്കുന്നു. ആരെങ്കിലും എഴുതുന്ന പ്രസംഗങ്ങൾ കാണാതെ പഠിച്ചും പ്രസംഗങ്ങൾ കട്ടുപകർത്തിയും നേതാവു ചമയുന്ന ചിലരെങ്കിലും ഉണ്ടെന്ന അവളുടെ വാക്കുകൾ അയാളെ കോപാകുലനാക്കുന്നു. ചട്ടുകം വെച്ച് പേനയെടുക്കാൻ പ്രാപ്തിയുള്ള ചിലർ സ്ത്രീസമൂഹത്തിലുമുണ്ടെന്ന് അതീവശാന്തയായി പാപ്പി ഓർമ്മപ്പെടുത്തുന്നു. ഇതിനു പരിഹാസമായിരുന്നു മറുപടി. പുൽക്കൊടി എടുക്കാൻ കെല്പില്ലാത്തവർ പേനയെടുക്കുമോ എന്ന പരിഹാസം. സ്ത്രീയെ– ഒരു വിധത്തിൽ ആ സമൂഹത്തെ തന്നെ– നിർവ്വീര്യമാക്കാനും നിശ്ശബ്ദരാക്കാനും പുരുഷസമൂഹം എന്നും ഉപയോഗിച്ചിരുന്ന ഒരായുധമാണ് ഈ പരിഹാസം. പാപ്പിയുടെ പ്രതികരണത്തെ കഥാകാ

രി വിശേഷിപ്പിക്കുന്നത് ആത്മാവിൽ കിടന്നു വിങ്ങുന്ന ചിരിയായിട്ടാണ്.

തന്റെ ലേഖനത്തിന് അതിശക്തമായ ഭാഷയിൽ വന്ന മറുപടി കണ്ടപ്പോൾ അതൊരു പുരുഷൻ സ്ത്രീനാമത്തിൽ എഴുതിയതാണ് എന്ന നിഗമനത്തിൽ അയാളെത്തുന്നു. ആ നിഗമനത്തിനൊരു കാരണവുമുണ്ട് "അടുക്കളയിൽ കിടന്ന് അടികൂടുവാനും അമ്മിക്കല്ലിനെ പൂജിക്കുവാനും മാത്രം അറിയുന്ന ഒരു അന്തർജ്ജനം ഇത്ര പ്രൗഢമായൊരു ലേഖനം എഴുതുമോ?" എന്ന ന്യായമായ സംശയമാണിത്. ലേഖനം പ്രൗഢമാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. പക്ഷേ അത്രക്കും ഗംഭീരമായി സ്ത്രീ എഴുതുമോ എന്ന കാര്യത്തിലാണ് സംശയം. പുരുഷകേന്ദ്രീകൃത മൂല്യവ്യവസ്ഥയെ ഏതെങ്കിലും വിധത്തിൽ വിമർശിച്ചുകൊണ്ട് ഒരു സ്ത്രീ എഴുതിയാൽ ഇന്നും അത് ആണുങ്ങൾ പെൺപേരിൽ എഴുതുകയാണ് എന്ന വാദം ഉയർന്നുവരും. കാരണം എഴുത്തിലും സമൂഹം സ്ത്രീയിൽ നിന്നു പ്രതീക്ഷിക്കുന്നത് മൃദുലവും സൗമ്യവുമായ എന്തോ ഒന്നാണ്.

രാത്രിയുടെ ഏകാന്തയാമങ്ങളിൽ അവളെഴുതുന്ന വാക്കുകൾക്കും വരികൾക്കും അവളുടെ മനസ്സാക്ഷി മാത്രമാണ് കൂട്ട്. അതിൽ സ്വന്തം വർഗ്ഗാഭിമാനം അവൾ തിരിച്ചറിയുന്നു. ആ അഭിമാനമാണ് ആ വാദങ്ങൾക്കും വാക്കുകൾക്കും വീര്യം പകരുന്നത്. ഈ വാദങ്ങൾക്ക് മറുപടി തയ്യാറാക്കുവാനാകട്ടെ അയാൾ സുഹൃത്തുക്കളെ വിളിച്ചു വരുത്തുന്നു. അവർ കൂട്ടമായി ആലോചിച്ചുറപ്പിച്ച് ഒരു ലേഖനം നിർമ്മിക്കുന്നു. സ്ത്രീകളുടെ അജ്ഞത എന്ന ഘടകത്തിലൂന്നിയിരുന്ന ലേഖനത്തിന് മറുപടി ഉണ്ടാവില്ല എന്ന് അവർ ഉറച്ച് വിശ്വസിക്കുന്നു. കാരണം അതിലെ ഭാഷയും അവതരണവും അത്രക്ക് ശക്തമായിരുന്നു.

തന്റെ വാദങ്ങൾക്കോരോന്നിനും ശക്തിയുക്തം എതിർവാദങ്ങളുമായി വരുന്ന മറുപടി നായകനെ പരിഭ്രമത്തിലാക്കുന്നു. ഉടനെ മറുപടി തയ്യാറാക്കുവാനായി സ്നേ



തന്റെ വാദങ്ങൾക്കോരോന്നിനും ശക്തിയുക്തം എതിർവാദങ്ങളുമായി വരുന്ന മറുപടി നായകനെ പരിഭ്രമത്തിലാക്കുന്നു. ഉടനെ മറുപടി തയ്യാറാക്കുവാനായി സ്നേഹിതന്മാരെയൊക്കെ അന്വേഷിക്കുന്നുണ്ടെങ്കിലും ആരേയും കിട്ടുന്നില്ല.

ഹിതന്മാരെയൊക്കെ അന്വേഷിക്കുന്നുണ്ടെങ്കിലും ആരേയും കിട്ടുന്നില്ല. സ്വന്തം ആത്മാഭിമാനത്തിൻമേലുള്ള ഒരു പ്രഹരമായിട്ടാണ് അയാൾക്ക് ഈ മറുപടി അനുഭവപ്പെടുന്നത്. അതുകൊണ്ട് തന്നെ ഉറങ്ങുവാനോ ഭക്ഷണം കഴിക്കുവാനോ പോലും കഴിയുന്നില്ല.

രാത്രിയിൽ ദുഃസ്വപ്നം കണ്ട് എഴുന്നേൽക്കുന്ന ഭർത്താവ് ഭാര്യയെ അന്വേഷിക്കുമ്പോൾ അടുത്ത മുറിയിൽ തിരി താഴ്ത്തിയിരുന്നെഴുതുന്നവളെ കാണുന്നു. ആ ഇരിപ്പും എഴുത്തും അയാളെ അത്ഭുതപരതന്ത്രനാക്കുന്നു. ആ ലേഖനങ്ങൾ അത്രയും അവളാണ് എഴുതിയത് എന്നറിയുമ്പോൾ കോപവും അത്ഭുതവും കലരുന്നു. പക്ഷേ, പാപ്പി അതിനു നൽകുന്ന മറുപടി ആലോചനാമൃതമാണ്, വ്യക്തവുമാണ്. എന്നും അടിച്ചർത്തപ്പെട്ട അബലകളുടെ മനോവീര്യമാണ് തന്നെക്കൊണ്ട് ഇങ്ങനെ എഴുതിച്ചതെന്ന അവളുടെ വാക്കുകളിലെ ധൈര്യവും മനോവീര്യവും കണ്ട് അവളെ അഭിനന്ദിക്കുവാൻ അയാൾ മനസ്സുകാണിക്കുന്നു. അവളുടെ എഴുത്ത്/ചിന്ത/നിലപാടുകൾ എല്ലാം വ്യക്തവും ശക്തവുമാണ് എന്ന തിരിച്ചറിവാണ് ഈ അഭിനന്ദനത്തിന് ഹേതു. താൻ ഉയർത്തിയതുകൊണ്ട് എന്നതിനേക്കാളേറെ അവൾ സ്വയം ആർജ്ജിച്ച കരുത്തിനെപ്പറ്റിയുള്ള ബോധ്യം അയാളെ ഭരിച്ചുതുടങ്ങുന്നു.

എഴുതുന്ന ഒരു സ്ത്രീ പുരുഷനിർമ്മിതമായൊരു സമൂഹത്തിൽ നിന്നും നേരിടുന്ന ഒരുപാട് വിചാരണകൾ ഉണ്ട്. അതാണ് ഈ കഥയുടെ ആന്തരതലം. പുരുഷന്റെ ഇച്ഛക്കും ആഗ്രഹത്തിനുമൊത്ത് സ്ത്രീ എഴുതണം എന്നതാണ് അവൾക്കു കിട്ടുന്ന ഒന്നാമത്തെ അനുശാസനം. എഴുതുന്ന ഭാഷയും വിഷയവും പാലിക്കേണ്ട സൗമ്യതയാണ് രണ്ടാമത്തെ അനുശാസനം. എഴുതിയാലും വായിച്ചാലും വീട്, ഭർത്താവ്, കുട്ടികൾ എന്നിങ്ങനെയുള്ള കടമകൾക്കോ കടപ്പാടുകൾക്കോ ഒരു ബുദ്ധിമുട്ടും ഉണ്ടാകരുത് എന്ന അലിഖിതമായ അനുശാസനമാണ് മൂന്നാമത്തേത്. പരമപ്രധാനമായതും ഇതു തന്നെ. ഇത്തരം അനുശാസനങ്ങൾക്കു നേരെയാണ് ഇത് ആശാസ്യമാണോ എന്ന ചോദ്യം ലളിതാംബിക അന്തർജ്ജനം ചോദിച്ചത്. ചട്ടുകം താഴെ വെച്ച് പേനയെടുക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ ചോദ്യം ഇന്നും പ്രസക്തമാണ്. പുൽക്കൊടിയല്ല കരിങ്കല്ലുവരെയെടുക്കുവാൻ ശക്തിയും തന്റേടവും ഉള്ളവരാണ് തങ്ങൾ എന്ന ബോധ്യം അവർ ഉള്ളിൽ പേറുന്നുണ്ട്. ആ കരുത്ത്, ആ ശക്തി ഇവയൊന്നും ഇല്ലായ്മ ചെയ്യാനോ അമർത്തിവെക്കാനോ ആർക്കും കഴിയില്ല.



**ലളിതാംബിക അന്തർജ്ജനം** (ആത്മകഥക്ക് ഒരാമുഖം)

''ഇവിടേയും അവർ (സ്ത്രീകൾ) എന്നും സാഹിത്യലോകത്തിൽ പട്ടിക-ജാതി പട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടുക്കുവാൻ വിലക്കുണ്ട്. തീണ്ടും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണു വിധി... ഗാർഹികവും സാമൂഹ്യവും സാഹിത്യപരവുമായ കർത്തവ്യങ്ങളെ ഒരേ സമയത്ത് ചെയ്തു തീർക്കണമെന്ന് അവൾ വാശിപിടിച്ചു. എല്ലാം അവളുടെ ജീവിതത്തിന്റെ ഭാഗങ്ങളായിരുന്നു. ഒന്നിനേയും നിരസിക്കവയ്യ. ഫലം എല്ലാം അപൂർണ്ണമായ നിലയിൽ നിർത്തുക എന്നതായിരിക്കുമെന്നും അവളോർത്തില്ല. ഇങ്ങനെ ആണ്ടോടാണ്ട് കുഞ്ഞുങ്ങളെ പ്രസവിക്കുകയും വളർത്തുകയും അതേസമയത്ത് എഴുതുകയും വായിക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു അവൾ. ചെറുകുട്ടികളെ തൊട്ടിലാട്ടിക്കൊണ്ട് താഴെ കുനിഞ്ഞിരുന്നെഴുതുന്ന അമ്മയെ ഞാൻ കാണുന്നു.''

കഥ

# ഇത് ആശാസ്യമാണോ?

''**കാപ്പി** കാലായില്ലേ ഇതുവരെ?''

ഉച്ചയുറക്കം കഴിഞ്ഞുണർന്ന് ഉടനുടൻ കോട്ടുവായിട്ട് ഇങ്ങനെ വിളിച്ചു ചോദിച്ചു കൊണ്ടാണ് അയാൾ അകത്തേക്ക് കടന്നത്. "മണി മൂന്നായിട്ടും കാപ്പി ഇതുവരെ തയ്യാറായില്ലേ?..."

അപ്പോൾ മാത്രം കൈയ്യിലെടുത്ത യോഗക്ഷേമംപത്രം പെട്ടെന്നു താഴെയിട്ട് മടിയിലിരുന്നു മുലകുടിക്കുന്ന കുട്ടിയെ മാറ്റിയിരുത്തി അതിവേഗം അവൾ അടുക്കളയിലേക്കു കടന്നു. മുലകുടി മതിയാകാത്ത കുട്ടി അത്യുച്ചത്തിൽ കരയുവാനും തുടങ്ങി. അയാൾക്ക് കോപം ജ്വലിച്ചു.

"എന്തെങ്കിലും കഴിക്കാനായി ഇവൻ അകത്തേക്കു വരുമ്പോൾ ഓടിച്ചാടിനടന്നു കുട്ടികളെ കരയിച്ചു സ്വൈര്യം കെടുത്താണ്ട് ഒരിക്കലും പാടില്ലെന്നാ- കാപ്പി വെക്കാനും കുട്ടിക്കു മുലകൊടുപ്പാനും പോകാതെ ഇതുവരെ  എന്തെടുക്കുകയായിരുന്നു ഇവിടെ?"

"എന്തെങ്കിലും കഴിക്കാനായി ഇവൻ അകത്തേക്കു വരുമ്പോൾ ഓടിച്ചാടി നടന്നു കുട്ടികളെ കരയിച്ചു സ്വൈരം കെടുത്താണ്ട് ഒരിക്കലും പാടില്ലെന്നാ - കാപ്പി വെക്കാനും കുട്ടിക്കു മുലകൊടുപ്പാനും പോകാതെ ഇതുവരെ എന്തെടുക്കുകയായിരുന്നു ഇവിടെ?"

പകുതി ഉറക്കവും പകുതി മനോരാജ്യവുമായി നാവിന്റെ നിരന്തരപരിചയത്താൽ മാത്രം നാമജപകൃത്യം നടത്തിയിരുന്ന മുത്തശ്ശി തൂണും ചാരിയൊന്നു നിവർന്നിരുന്നു. വിരലിന്റെ വിറയൽ മാലയിൽ നിന്നും ദേഹത്തെല്ലാം വ്യാപിച്ചുകൊണ്ടു പറഞ്ഞു.

"എന്തിനേ ഉണ്ണീ,  ഇപ്പഴിതൊക്കെ പറയണത്? അവരോരുതന്നല്ലേ ഇതൊക്കെ പടിപ്പിച്ചത്. കൊടേം തൊണേം കളഞ്ഞ് കുപ്പായോം തുപ്പട്ടീമിട്ട് സഭക്കും പ്രസങ്ങത്തിനും കൊണ്ടോയപ്പോൾ ശേഷള്ളോരെത്ര പറഞ്ഞു വേണ്ടാ വേണ്ടാന്ന്. ഇപ്പഴ് കടലാസും നോക്കി കസാലേലിരിക്കാനേ നേരോള്ളൂ. ഇനി കാപ്പികുടിക്കണേലും കുട്ടിയെ നോക്കണേലും തന്നന്നെ ചെയ്തോളൂ."

ഇങ്ങനെപോയ കൂർത്തുമൂർത്ത ശകാരധാര ഒന്നു നിലക്കുംമുമ്പു തന്നെ പാപ്പി കാപ്പിയുമായി എത്തി. കോപഗംഭീരസ്വരത്തിൽ അയാൾ പറഞ്ഞു:

"ഞാൻ കൊറച്ചൊക്കെ അനുവദിച്ചുതരുന്നൂന്നുവെച്ച് ഇത്ര ഏറണ്ടാട്ടോ... കുറ്റമല്ല ഇവറ്റേ അടിച്ചമർത്തി അടുക്കളേൽത്തന്നെ വെച്ചോണ്ടിരിക്കുന്നത്. കുതിരക്ക് കൊമ്പുംകൂടി മൊളച്ചാൽ പിന്നെ പറയാനുണ്ടോ?"

അവർ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു:

"കുതിരേ വണ്ടിക്ക് കെട്ടിവലിച്ചോളൂ. ആരാ പറഞ്ഞത് വേണ്ടാന്ന്. പക്ഷേ, അതിനുവേണ്ട പുല്ലും വെള്ളോങ്കിലും കൊടുത്തില്ലേൽ വണ്ടി

യുടെ വേഗം തന്നെ കുറയുമെന്നേയുള്ളൂ."

"കണ്ടില്ലേ നേരേനിന്നു തർക്കുത്തരം പറയണത്. നിന്റെ അച്ഛനാച്ചാൽ കാണാർന്നു കഥ. തല്ലി എല്ലൊടിച്ചേർന്നു."

മുത്തശ്ശി മുറുമുറുത്തു. അതു കേൾക്കാത്ത താമസം അയാൾ കൈനീട്ടിയൊരടിയടിച്ചത് പാപ്പി പിറകോട്ടു മാറുകയാൽ കാപ്പിപ്പാത്രത്തിലാണ് കൊണ്ടത്. പാത്രം താഴെവീണു തകർന്നു.

കോപാക്രാന്തനായി അയാൾ പുറത്തേക്കു കടന്നു. മുത്തശ്ശി പഴയ പോലെ പിറുപിറുക്കാനും തുടങ്ങി. കരയുന്ന കുട്ടിയെ കൈയിലെടുത്തു മുലകൊടുത്തുകൊണ്ട് വീണ്ടും അടുക്കളയിലേക്കു പോവുമ്പോൾ മന്ദസ്വരത്തിൽ അവളിങ്ങനെ പറയുന്നുണ്ടായിരുന്നു:

"കുട്ടിക്കു മുലകൊടുപ്പാനിരുന്നപ്പോൾ ആ പത്രമൊന്നു കൈയിലെടുത്തതാണ് കാരണം... ഇവരൊക്കെയാണുപോലും പരിഷ്കാരികൾ. സമുദായനേതാക്കൾ... ഈശ്വരാ..."

തളിപ്പറമ്പത്തുമന പ്രസിദ്ധമാണ്. അവിടുത്തെ ഗൃഹനായകനായ എൻ.പി ഒരു യുവരസികനുമാണ്. പരിഷ്കാരപ്രവാഹത്തിന്റെ പ്രബലമായ പാച്ചിലിൽപ്പെട്ട ഈ യുവാവും പ്രണയിനിയെ പരിഷ്കൃതവേഷധാരിണിയാക്കി പത്രപംക്തികളിലും പ്രസംഗവേദികളിലും പ്രവേശിപ്പിച്ചു പേരും പെരുമയും നേടി. എന്നാൽ ആ പുതുമയുടെ പ്രേരണാശക്തി അല്പമൊന്നു ശമിച്ചപ്പോൾ മറ്റു പലരേയും പോലെ അയാളും പുറകോട്ടു വലിഞ്ഞു. പ്രായശ്ചിത്തത്തിന്റെ പാദതലത്തിൽ വീണു പരിശുദ്ധനായി. പാപ്പി പഴയപോലെ അന്തഃപുരവാസിനിയുമായി. എങ്കിലും അതിനിടക്ക് അവളിലുൾക്കൊണ്ടിരുന്ന അഭിനവാദർശങ്ങൾക്ക് ജീർണ്ണം ഭവിച്ചില്ല. അന്ധകാരകവാടത്തെ തുറന്ന് അകത്തേക്കു പ്രവേശിച്ച ആ നേരിയ ജ്ഞാനകിരണം അവിടെ പൂർവ്വാധികം ശോഭനമാക്കിക്കൊണ്ട് ഇരുട്ടിനെ ജയിക്കാൻ ആവതു ശ്രമിച്ചിരുന്നു. അടുക്കളയിലെ സർവാധ്യക്ഷവും ആണ്ടോടാണ്ട് ജനിച്ച അഞ്ചാറു കുട്ടികളേയും അവൾക്ക് ഭരിക്കേണ്ടിയിരുന്നു. അലസനും അതിസുഖിയനുമായ ഭർത്താവിന്റെ അഭിലാഷങ്ങൾക്ക് വശംവദയാകേണ്ടിയിരുന്നു. സർവോപരി ആ കൂട്ടുകുടുംബത്തിലെ സകലവ്യക്തികളുടേയും വിവിധങ്ങളായ ഇഷ്ടാനിഷ്ടങ്ങളും സുഖദുഃഖങ്ങളും അന്വേഷിക്കുകയും അവരുടെ മൂർച്ചയേറിയ വാക്കുകളും നോക്കുകളും സഹിക്കുകയും ചെയ്യേണ്ടിയിരുന്നു. എന്തിന്, അവളുടെ പ്രബലമായ പരിഷ്ക്കാരവാഞ്ഛകളെ എത്രത്തോളം പുറകോട്ടു തള്ളാമോ അത്രത്തോളം തള്ളേണ്ടിവന്നു. എന്നാലും ആ സ്ത്രീഹൃദയം പിൻതിരിഞ്ഞില്ല. അകം നിറഞ്ഞ ആകാംക്ഷയോടെ ആ ഉത്ക്കർഷേച്ഛകൾ മുന്നോട്ടുകുതിച്ചു. അപ്പോഴെല്ലാം അതിന് താഡനവും കിട്ടി.

അന്നത്തെ യോഗക്ഷേമത്തിലെ ഒരു ലേഖനം അവളുടെ ഉള്ളിൽ നല്ലപോലെ കൊണ്ടു. അത് അവളുടെ ആത്മാഭിമാനത്തിനു തന്നെയും ക്ഷതമുണ്ടാക്കുന്നതുപോലെ തോന്നി. തൽക്കർത്താവിനെപ്പറ്റി വെറുപ്പോ നിന്ദയോ അവജ്ഞയോ ഒക്കെക്കൂടി കലർന്ന ഒരു വ്യസനം തന്നെ അവൾക്കുണ്ടായി.

തളിപ്പറമ്പത്തുമന പ്രസിദ്ധമാണ്. അവിടുത്തെ ഗൃഹനായകനായ എൻ.പി ഒരു യുവരസികനുമാണ്. പരിഷ്കാരപ്രവാഹത്തിന്റെ പ്രബലമായ പാച്ചിലിൽപ്പെട്ട ഈ യുവാവും പ്രണയിനിയെ പരിഷ്കൃതവേഷധാരിണിയാക്കി പത്രപംക്തികളിലും പ്രസംഗവേദികളിലും പ്രവേശിപ്പിച്ചു പേരും പെരുമയും നേടി.

അന്നു രാത്രി സകലജോലികളും കഴിഞ്ഞ് എല്ലാവരും ഉറങ്ങിയപ്പോൾ പാപ്പി പതുക്കെ ഭർതൃസവിധത്തിലേക്ക് പോയി. പതിവുപോലെ ശീട്ടുകളികഴിഞ്ഞ് അയാൾ കിടക്കാനെത്തിയപ്പോഴേക്കും പന്ത്രണ്ടുമണി കഴിഞ്ഞിരുന്നു. സംഭാഷണത്തിനിടയിൽ അവൾ സാവധാനം ചോദിച്ചു.

"ഇന്നത്തെ കടലാസ്സിൽ ആ ലേഖനം എഴുതിയിരുന്നതാരാവോ?"

"ആരാണെന്ന് അതിൽ എഴുതിയിട്ടില്ലേ?"

"ഉവ്വ്, എന്നാലും എനിക്കൊരു സംശയം. ഇവിടെ നിന്ന് ആ മാതിരിയൊന്നെഴുതുമോ?"

"എന്താ എഴുതിയാൽ? അതിൽ പറഞ്ഞിരിക്കുന്നത് നേരല്ലേ?"

"ആദ്യൊക്കെ അപൂർവ്വം അങ്ങനേം കണ്ടേക്കാം. എന്നാലും ആണുങ്ങളെഴുതിത്തന്ന് കാണാപ്പാഠം പഠിച്ചല്ലാതെ അന്തർജ്ജനങ്ങളിലൊരാൾക്കും പ്രസംഗിക്കാനും എഴുതാനും വശോല്ലെന്ന് അടക്കിയാക്ഷേപിച്ചാൽ...."

"ആക്ഷേപിച്ചാൽ- ഓ ആക്ഷേപിച്ചാലെന്താ" എൻ.പി ചിരിച്ചു. "അതിന്റെ ശിക്ഷയായിരിക്കാം ഉച്ചക്ക് കാപ്പി തരാഞ്ഞത്. എനിക്കറിയാം. പുരുഷന്മാർ തന്നെയാണ് ഇതിനു കുറ്റക്കാർ... ഞങ്ങൾ എടുത്തു പൊക്കി. നിങ്ങൾ ആകാശം മുട്ടെ പൊങ്ങുകയും ചെയ്തു. പക്ഷേ, താഴത്തിട്ടാലും ഇങ്ങനെത്തന്നെയാവും കഥ... കരുതിക്കോളൂ..."

"കരുതിത്തന്നെയാണ് ഇരിക്കുന്നത്." പാപ്പിയും ചിരിച്ചു. "നേരു പറഞ്ഞാൽ കോപിക്കരുതേ...! നിങ്ങൾ ഉയർത്തിപോലും. നിങ്ങളെ ആരാണ് ഉയർത്തിയത്? ആരാനെഴുതിത്തരുന്ന പ്രസംഗങ്ങൾ ഉരുവിട്ടും ആശാന്റെ ലേഖനങ്ങൾ കട്ടുപകർത്തിയും എത്ര യുവനേതാക്കളുണ്ട് പേരെടുത്ത് ഞെളിയുന്നു. ഇതാ ഈ ലേഖനം തന്നെ വാസ്തവത്തിൽ..."

"മിണ്ടാതിരിക്കൂ." ആ ഭർത്താവ് അലറി. "അപ്പോൾ എനിക്കൊരു ലേഖനമെഴുതാൻ കെൽപ്പില്ലാന്നാണോ..." അങ്ങനെ അടങ്ങുന്നവളല്ലായിരുന്നു ആ പത്നിയും. അവൾ നയപൂർവ്വം തുടർന്നു: "എന്നു ഞാൻ പറഞ്ഞില്ലല്ലോ. ഉവ്വേരിക്കാം. പലപ്പോഴും പ്രസംഗിക്കേം എഴുതേം ചെയ്യേരിക്കാം. പക്ഷേ ഈ കൂട്ടുകാരൊക്കെ കൂടുമ്പോഴല്ലാതെ..."

“എനിക്ക് പണിത്തിരക്കുള്ളപ്പോൾ വല്ലപ്പോഴും വല്ലോരെക്കൊണ്ടും എഴുതിച്ചൂന്ന് വരാം. അല്ലാണ്ട് ഒരിക്കലുമുണ്ടായിട്ടില്ല.” എന്നായി ആ ഭർത്താവ്.

“അതെ, അതുമാത്രമേ ഞാനും പറയണുള്ളൂ. ഈ നമ്പൂരാരേക്കാൾ എത്രേണ്ടു പണിത്തിരക്കുണ്ട് ആത്തേമ്മാരോൾക്ക്. അപ്പോൾ അവരെഴുതണതും വല്ലോരും വല്ലപ്പോഴും പകർത്തിക്കൊടുത്തൂന്ന് വരാം. അതോണ്ട് അവരിലാരും തന്നെ എഴുതാൻ കഴിവുള്ളോരില്ലെന്ന് അടച്ചാക്ഷേപിച്ചാൽ ചട്ടുകം വെച്ച് പേനയെടുക്കാൻ കെൽപുള്ള ചിലരും കണ്ടെന്നു വരും മറുപടി പറയാൻ...”

“ഓ... ഒരു പുൽക്കൊടി എടുക്കത്തക്ക ശക്തിയില്ലാത്ത നിങ്ങളാണ് പേനയെടുക്കുന്നത്. പിന്നെ ഞാനെഴുതിയപോലെ ഒളിവിൽ ചിലപുരുഷന്മാർ സ്ത്രീനാമവുമായി ഇറങ്ങിയേക്കാം. അത് കണ്ട് ഞെളിയണ്ട...”

“ആവോ! നമുക്ക് കാണാം ആട്ടെ, നേരം ശ്ശി ഏറെയായി. ഇനി നമുക്കുറങ്ങുക.” അവളുടെ അന്തരാത്മാവിൽ ഒരു ചിരി കിടന്ന് വിങ്ങുന്നുണ്ടായിരുന്നു. രംഗം ശാന്തമായി. അർദ്ധരാത്രിയിലെ അന്ധകാരത്തിൽ സർവ്വവും നിശ്ശബ്ദം. ആ ഭവനത്തിൽ അങ്ങുമിങ്ങും നിന്ന് കനത്ത കൂർക്കംവലിയുടെ ഒച്ചകൾ മാത്രം കേൾക്കാം. പാപ്പി മന്ദംമന്ദം എണീറ്റ് ഭർത്താവിന്റെ അടുത്തുചെന്ന് നോക്കി. അദ്ദേഹം ഗാഢനിദ്രയിലമർന്നിരുന്നു. അവൾ പതുക്കെ മേശമേൽ നിന്ന് കടലാസ്സും പേനയും എടുത്തു. അടുത്തമുറിയിലേക്ക് കടന്ന് താഴ്ത്തിവെച്ചിരുന്ന വിളക്കിന്റെ തിരിനീട്ടി അതിവേഗം എന്തോ എഴുതാൻ തുടങ്ങി.

അടുത്ത പത്രത്തിൽത്തന്നെ ഒരന്തർജ്ജനം എഴുതിയ അതിശക്തമായ മറുപടി വായിച്ചപ്പോൾ എൻ.പി അമ്പരന്നുപോയി. അയാൾ വിചാരിച്ചു: “ഇതെഴുതിയത് ഒരു പുരുഷൻതന്നെയാണ് തീർച്ച-അല്ലാതെ അടുക്കളയിൽ കിടന്ന് അടി കൂട്ടുവാനും അമ്മിക്കല്ലിനെ പൂജിക്കുവാനും മാത്രം വശമാക്കിയിട്ടുള്ള ഒരന്തർജ്ജനം ഇത്ര പ്രൗഢമായ ഒരു ലേഖനമെഴുതുമോ?”

അയാൾ അപ്പോൾത്തന്നെ സ്നേഹിതന്മാർക്കാളയച്ചു. എല്ലാവരും ചേർന്ന് ആലോചിച്ച് അനവധി വാദപ്രതിവാദങ്ങളും വെട്ടും തിരുത്തും ഒക്കെ കഴിച്ച് രണ്ടുമൂന്നുദിവസത്തിനകം ഒരു ഖണ്ഡനലേഖനം നിർമ്മിക്കുക തന്നെ ചെയ്തു. കാര്യഭാഗങ്ങളിൽ യാതൊന്നും തൊടാതെ ആ സ്ത്രീനാമധേയത്തിൽ ഒളിഞ്ഞിരിക്കുന്ന സങ്കല്പപുരുഷനെ അധിക്ഷേപിക്കലായിരുന്നു അതിൽ ചെയ്തിരുന്നത്. സ്ത്രീലോകത്തിന്റെ- പ്രത്യേകിച്ച് അന്തർജ്ജനങ്ങളുടെ-അജ്ഞതയെ അങ്ങേയറ്റം സ്ഥാപിക്കുകയും അവരെ ഉദ്ധരിക്കാൻ ശ്രമിക്കുന്ന പുരുഷനോട് നന്ദിയില്ലെന്ന് പറഞ്ഞവസാനിപ്പിക്കയും ചെയ്തിരുന്നു. വഴിച്ചെലവിന്റെ നഷ്ടം സ്വയം സഹിച്ചും ആ ലേഖനം പത്രമാപ്പീസിൽ നേരിട്ട് കൊണ്ടുകൊടുത്തു പ്രസിദ്ധീകരിച്ചുകണ്ടതിൽ പിന്നെയേ അയാൾക്ക് സമാധാനമായുള്ളൂ.

“ഇനി ഇതിനാരും മറുപടി എഴുതില്ല, അല്ലേ? മാനം മര്യാദയുള്ള സ്ത്രീകളാണെങ്കിൽ തീർച്ചയായും ഇല്ല. അത്ര പറഞ്ഞിട്ടുണ്ട് നാം...” കൂട്ടുകാരുമായി ഇ

*തങ്ങളുടെ താങ്ങലില്ലാതെ സമുദായത്തിലെ ഒരു വ്യക്തിക്കും- പ്രത്യേകിച്ച് സ്ത്രീകൾക്ക് - നിലയുറപ്പില്ലെന്നു വീമ്പടിക്കുന്നു. അതങ്ങനെത്തന്നെയാവട്ടെ. എന്നാലും അഭിമാനബോധമുണ്ടാക്കിയിട്ട് അധിക്ഷേപിക്കുന്നത് ചികിത്സിച്ചു ഭേദമാക്കിയിട്ട് കൊല്ലുന്നതുപോലെയാണ്.*

ങ്ങനെ പറഞ്ഞ് അയാൾ ചിരിച്ചു.

ദിവസങ്ങൾ ആറേഴ് വീണ്ടും കഴിഞ്ഞു. അടുത്ത പത്രം അക്ഷമയോടെ കാത്തിരുന്ന അയാൾ അത് നിവർത്തി നോക്കിയപ്പോൾ ആദ്യം കണ്ടത് ഇങ്ങനെയാണ്:

“നമ്പൂതിരി യുവജനങ്ങളുടെ അന്ധത്വം-അഥവാ ഔദ്ധത്യം... തങ്ങളാണ് കാലചക്രം കറക്കുന്നതെന്നവർ വിശ്വസിക്കുന്നു.

“തങ്ങളുടെ താങ്ങലില്ലാതെ സമുദായത്തിലെ ഒരു വ്യക്തിക്കും- പ്രത്യേകിച്ച് സ്ത്രീകൾക്ക് - നിലയുറപ്പില്ലെന്നു വീമ്പടിക്കുന്നു. അതങ്ങനെത്തന്നെയാവട്ടെ. എന്നാലും അഭിമാനബോധമുണ്ടാക്കിയിട്ട് അധിക്ഷേപിക്കുന്നത് ചികിത്സിച്ചു ഭേദമാക്കിയിട്ട് കൊല്ലുന്നതുപോലെയാണ്. സുഖലോലുപമായ ഇന്നത്തെ യുവലോകം തങ്ങളുടെ സൗകര്യത്തിനുമാത്രം വേണ്ട ചില പൊടിക്കൈകൾ ചെയ്ത് സ്ത്രീകളെ സ്വന്തം പാവകളാക്കാമെന്ന് വിചാരിക്കുന്നു. ശരി, സമ്മതിക്കാം. എന്നാൽ അടുക്കളയിലിട്ടടച്ചുകൊണ്ട് അബലകളെന്നു പഴിക്കുന്നതു കഷ്ടമല്ലേ? ഞങ്ങൾക്കു ലേഖനമെഴുതുവാൻ പഠിപ്പില്ല. പ്രസംഗിച്ചു ശീലമില്ല. എന്നാൽ ഇതെല്ലാം നേടുവാനവസരമുള്ള കൊലകൊമ്പന്മാർക്കുപോലും സ്വന്തം സെക്രട്ടറിയില്ലാതെ എഴുതാനും പറയാനും വയ്യെന്നുള്ളത് പരസ്യമായ രഹസ്യമാണല്ലോ...”

ഇങ്ങനെ പോയി യുക്തിയുക്തവും അത്യുജ്ജലവും കാര്യമാത്രപ്രസക്തവുമായ ആ ലേഖനരീതി. വ്യക്തിവിദ്വേഷം തീണ്ടാതെ സത്യങ്ങളെ മറച്ചുവെക്കാതെ മുൻലേഖനത്തെ അനുപദം ഖണ്ഡിച്ചുകൊണ്ട് ഒരന്തർജ്ജനം എഴുതിയിരുന്ന ആ ലേഖനം വായിച്ചപ്പോൾ എൻ.പി ആകെ തരിച്ചുപോയി. വിയർത്തുവിളറിപ്പോയി. അയാൾ വേഗം സ്നേഹിതന്മാർക്കാളെ അയച്ചു. പക്ഷേ, ആരേയും കണ്ടില്ല. സ്കൂൾമാസ്റ്റർമാരായിരുന്ന ചിലർ ഒഴിവുകാലമായതുകൊണ്ട് നാട്ടിലേക്ക് പോയിരുന്നു. മറ്റുചിലർ കാര്യാന്തരങ്ങളിൽ വ്യാപൃതരായി. ശേഷിച്ച ഒന്നുരണ്ട് പേർക്ക് ഒരു മറുപടി എഴുതത്തക്കവണ്ണം തലക്ക് വെളിച്ചം കിട്ടിയുമില്ല. എൻ.പി നിരാശനായി മടങ്ങിവന്ന് ഒരു ചാരുക

*(ശേഷം പേജ് 29)*



മൈന ഉമൈബാൻ

# പെണ്ണുങ്ങളെ ഇതിലെ, ഇതിലെ...

**ഇവളുടെ** ജീവിതത്തിലേക്ക് എങ്ങനെ എഴുത്തു കടന്നുവന്നു എന്നാലോചിക്കുമ്പോൾ വിസ്മയം തോന്നാറുണ്ട്. പാരമ്പര്യമായി വൈദ്യകുടുംബമായിരുന്നതുകൊണ്ട് മരുന്നിന് കുറിപ്പടിയെഴുതുക, സ്വന്തക്കാരിലാർക്കെങ്കിലും വല്ലപ്പോഴും ഒരു കത്തെഴുതുക എന്നതിലപ്പുറം എഴുത്തുമായി ഒരു ബന്ധവും വീട്ടിലാർക്കുമില്ലായിരുന്നു. സംസ്കൃതത്തിലും മണിപ്രവാളത്തിലും പാട്ടിലുമായി ചില വൈദ്യപുസ്തകങ്ങളല്ലാതെ സാഹിത്യവുമായി ബന്ധപ്പെട്ട ഒരു പുസ്തകവും വീട്ടിലില്ലായിരുന്നു. എന്നാലോ, ഗുരുവും അപ്പൂപ്പനുമായിരുന്ന മുറുക്കുന്നത്ത നല്ലൊന്നാന്തരം പൈങ്കിളിവായനക്കാരനായിരുന്നു. അതിവളെ സ്വാധീനിച്ചിരുന്നു എന്നതിൽ സംശയമില്ല. ഇടുക്കിയിലെ ഒരു മലമൂട്ടിൽ കിട്ടാനുണ്ടായിരുന്ന ആ വാരികകൾ അത്ര മോശമായിരുന്നു എന്നു വിചാരിക്കുന്നില്ല. കട്ടെടുത്തു വായിച്ച അതിലെ നോവലുകളും കഥകളുമൊക്കെയാണ് വായനയിലേക്കെന്നെ കൂട്ടിക്കൊണ്ടുപോയത്. ചിന്തിപ്പിച്ചത്.

എന്നാലും, എഴുത്തിലേക്ക് കടന്നുവരാനുള്ള സാഹചര്യമെന്തായിരുന്നെന്നോ, പ്രചോദനമെന്തായിരുന്നെന്നോ വ്യക്തമല്ല, റേഡിയോ നാടകങ്ങൾ നന്നായി സ്വാധീനിച്ചിരുന്നു. ഒപ്പം സ്കൂളിലെ മലയാള പാഠപുസ്തകങ്ങളും.

കുഞ്ഞുനാളിലെ ഒറ്റക്കു നടക്കുകയും ആ നടപ്പിൽ പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിക്കുകയും അതിലൂടെ എന്റേതായ ചിന്തകൾ വളർത്തുകയും ചെയ്യാൻ ശ്രമിച്ചിരുന്നു. യു.പി സ്കൂളിൽ പഠിച്ചത് മറയൂരിലാണ്. അവിടു



കുഞ്ഞുനാളിലെ ഒറ്റക്കു നടക്കുകയും ആ നടപ്പിൽ പ്രകൃതിയെ സസൂക്ഷ്മം നിരീക്ഷിക്കുകയും അതിലൂടെ എന്റേതായ ചിന്തകൾ വളർത്താനും ശ്രമിച്ചിരുന്നു. യു.പി സ്കൂളിൽ പഠിച്ചത് മറയൂരിലാണ്.

ത്തെ മണ്ണും മനുഷ്യരും അതിനേക്കാളേറെ അവിടുത്തെ പ്രകൃതിയുമെന്നെ വല്ലാതെ സ്പർശിച്ചിരുന്നു. ഒറ്റക്കു നടത്തങ്ങളും ഏകാന്തതയോടുള്ള ചില നേരത്തെ ഇഷ്ടങ്ങളും കണ്ടകാഴ്ചകളെ, അടുത്തറിഞ്ഞ കാര്യങ്ങളെ മനനം ചെയ്യാൻ ഉതകിയിരിക്കണം. അപ്പോഴെന്നോ കവിതയുടെ രൂപത്തിൽ നോട്ടുപുസ്തകത്തിന്റെ പിൻതാളുകൾ നിറഞ്ഞു. പക്ഷേ, അധികം കഴിയും മുമ്പേ അതൊക്കെ പൊട്ടക്കവിതകളാണെന്ന് തിരിച്ചറിയുകയും ചെയ്തു. ഒരുപക്ഷേ, കവിതയെ അടുത്തറിഞ്ഞു തുടങ്ങിയപ്പോഴാവണം അത്. ആ കവിതകൾ ആരെയെങ്കിലും കാണിക്കുവാനോ എന്തിന് ഏറ്റവും അടുത്ത കൂട്ടുകാരോട് പങ്കുവെക്കുവാനോ ഉള്ള ധൈര്യമില്ലായിരുന്നു. ധൈര്യമില്ലായ്മയേക്കാളേറെ ലജ്ജയായിരുന്നു.

അറിയുന്നവരിലാരും സാഹിത്യമെഴുതുന്നവരില്ലായിരുന്നു. പ്രത്യേകിച്ച് പെൺകുട്ടികളിൽ. ഒരു പെണ്ണായ എനിക്കെങ്ങനെ സാഹിത്യവാസന വന്നുവെന്നോ, എന്തുകൊണ്ട് ഞാനവയെ ഇഷ്ടപ്പെടുന്നുവെന്നോ ഭാവിയിലൊരു സാഹിത്യകാരിയാവണമെന്നോ അന്നൊന്നും ചിന്തിച്ചിരുന്നേയില്ല. മലകളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ഗ്രാമത്തിലെ ഒരു പെൺകുട്ടിക്ക് ഒരുപാട് സ്വപ്നങ്ങളൊന്നും പാടില്ലെന്ന് മനസ്സ് സ്വയം വിലക്കിയിരുന്നു. എന്നിട്ടും മനസ്സ് പരിധിവിട്ട് മലകൾക്കപ്പുറത്തേക്ക് പോയി. കൗമാരത്തിലെ അപക്വമായ നേരങ്ങളിലേക്ക് അതേപോലൊരു പ്രണയം കൂടിയുണ്ടായതോടെ ഒരുതരം ഉന്മാദം എന്റെ ധമനികളിലൊഴുകാൻ തുടങ്ങി. ലക്കും ലഗാനുമില്ലാത്ത ചിന്തകൾ... കാടും പുഴയും മഴയുമൊക്കെ ഇവളുടെ ഹൃദയത്തെ അറിഞ്ഞു. എന്നാൽ അവൻ മാത്രമറിഞ്ഞില്ല എന്ന തോന്നലായിരുന്നു. അതെന്നെ ചറപറാ എഴുതിപ്പിച്ചു. പൊട്ടക്കവിതകളായിട്ട്, കുഞ്ഞു കുറിപ്പുകളായിട്ട്, കഥകളായിട്ട്... എഴുതുവാൻ ധൈര്യമില്ലാതിരുന്ന പ്രണയലേഖനങ്ങൾ ഈമട്ടിലായിരിക്കണം പുറത്ത് വന്നത്. എന്നാൽ അതിലെ വിഷയങ്ങളൊന്നും പ്രണയമായിരുന്നില്ലെന്നത് മറ്റൊരു കാര്യം.

പക്ഷേ, ആഗ്രഹിച്ചിരുന്നപ്പോഴൊന്നും കാണാൻ കഴിയാഞ്ഞ, ആഗ്രഹിച്ചപ്പോഴൊന്നും സംസാരിക്കാൻ കഴിയാഞ്ഞ ഇവളിൽ അശാന്തിയുടെ പ്രണയമായിരുന്നുണ്ടായിരുന്നത്. ലജ്ജാവതിയും അധീരയുമായ ഒരുവളുടെ സങ്കടങ്ങൾ... അതെന്നെ എത്രത്തോളം സ്വാധീനിച്ചുവെന്നതിന് തെളിവ് നൽകാൻ അളവുകോലുകൾക്കാവില്ല. എഴുതിവെച്ചതിൽ തരക്കേടില്ലല്ലോ എന്നു തോന്നിയതിൽ ചിലത് വേറാരെയും കാണിക്കാനില്ലാത്തതുകൊണ്ട് നേരെ പത്രാധിപർക്ക് അയച്ചുകൊടുത്തു. ഉണ്ടായിരുന്ന ധൈര്യം ഇവളെ ആരും അറിയുന്നില്ലല്ലോ എന്നതായിരുന്നു. ചിലത് ബാലപംക്തിയിൽ അച്ചടിച്ചുവന്നപ്പോൾ ആത്മവിശ്വാസമായി പക്ഷേ, പോയ വേഗത്തിൽ മടങ്ങിവന്നതായിരുന്നു അധികവും. ഇപ്പോൾ ചിലർ മുഖത്തുനോക്കിയും അല്ലാതെയും പറയാറുണ്ട്. പെണ്ണിന്റെ പേരുവെച്ചെഴുതിയാൽ പത്രാധിപർ പ്രസാദിക്കുമെന്ന്. പെണ്ണുങ്ങളായ നിങ്ങളൊക്കെ ഭാഗ്യവതികളാണെന്ന്. പക്ഷേ, കൗമാരത്തിലും യുവത്വത്തിലും എനിക്കുള്ളത് പെണ്ണിന്റെ പേര് തന്നെയാണ്. ഇന്നും ആ പേരു കണ്ട് വെറുതെ അച്ചടിച്ചേക്കാം എന്ന് കരുതുമെന്ന് തോന്നുന്നില്ല. അങ്ങനെയെങ്കിൽ ആ മടങ്ങിവരവുകൾ ഉണ്ടാവില്ലായിരുന്നു ഇന്നും. ഇത്രയേറെ അംഗീകാരം കൊടുക്കാൻ പുരുഷപത്രാധിപന്മാർക്കാകുമെങ്കിൽ പെണ്ണുങ്ങളെ ഇതിലെ ഇതിലെ... എന്നു പറയാനാണ് തോന്നുന്നത്. എഴുതുന്ന ഏതു സ്ത്രീയോടും എനിക്ക് ബഹുമാനമാണ്. എഴുതുന്ന എന്നുമാത്രമല്ല കലാകാരികളായ ആരോടും. കുടുംബത്തിനും കുട്ടികൾക്കും ജോലിക്കുമിടയിൽ എവിടെയൊക്കെയോ ഒളിച്ചുവെക്കുന്ന കുറ്റിപ്പെൻസിലുകളിന്മേലാണ് അവളുടെ ആദ്യ എഴുത്ത്. കേൾക്കേണ്ടിവരുന്ന അപരാധത്തിനും കുത്തുവാക്കിനും നിന്നുകൊടുക്കാനാവുന്ന ഒരു മനസ്സ് കൂടി വേണം എന്ന പാഠം എന്നോ തിരിച്ചറിഞ്ഞിട്ടുണ്ട്.

പാരമ്പര്യമായി കൈമാറിക്കിട്ടിയ വിഷവൈദ്യം ചെയ്യുന്ന കാലത്താണ് കൂടുതലായി എഴുത്തിലേക്കും വായനയിലേക്കും വരുന്നത്. വൈദ്യം തന്നെ ഞങ്ങളുടെ തലമുറയിൽ ഒരു പെണ്ണും ചെയ്തതായി അറിവില്ല. അത് വലിയ മേന്മയാണെന്നല്ല പറഞ്ഞുവരുന്നത്. ആൺകോയ്മയിൽ അധിഷ്ഠിതമായിരുന്നു ഞങ്ങളുടെ കുടുംബവും. എന്നിട്ടും എന്നെ പഠിപ്പിക്കാൻ തയ്യാറായി മുറുക്കുന്നത്ത. “പെണ്ണല്ലേ, നേരെ ചൊവ്വേ കൊണ്ടുപോകുമോ” എന്നൊരു ചിന്ത അദ്ദേഹത്തിന് തോന്നിയതായിട്ട് അറിവില്ല. നാശോന്മുഖമായൊരു വിദ്യപഠിപ്പിച്ചിട്ട് അതുകൊണ്ട് പ്രത്യേകിച്ച് ഗുണമൊന്നുമില്ല എന്നുകണ്ടിട്ടാവണം ആണുങ്ങളാരും എതിർത്തുമില്ല. വെറുമൊരു അടുക്കളക്കാരിയോ കുഞ്ഞുങ്ങളെ നോക്കുന്നവളോ മാത്രമല്ല സ്ത്രീ എന്ന ചിന്ത വളർത്താൻ വൈദ്യജീവിതം സഹായിച്ചിട്ടുണ്ട്. അതെന്റെ എഴുത്തിനെ ബലപ്പെടുത്താൻ തുടങ്ങി. ഒപ്പം ബിരുദപഠനം കഴിഞ്ഞിരുന്നു. ആകാശവാണിയിലും ലിറ്റിൽമാഗസിനുകളിലുമൊക്കെ കഥ വരാൻ തുടങ്ങി. കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ വെച്ചു നടന്ന മൂന്നുദിവസത്തെ ബഷീർ അനുസ്മരണ ക്യാമ്പ് ഡിഗ്രി ഒന്നാംവർഷം പഠിക്കുമ്പോഴായിരു

**പക്ഷേ, ആഗ്രഹിച്ചിരുന്നപ്പോഴൊന്നും കാണാൻ കഴിയാഞ്ഞ, ആഗ്രഹിച്ചപ്പോഴൊന്നും സംസാരിക്കാൻ കഴിയാഞ്ഞ ഇവളിൽ അശാന്തിയുടെ പ്രണയമായിരുന്നുണ്ടായിരുന്നത്. ലജ്ജാവതിയും അധീരയുമായ ഒരുവളുടെ സങ്കടങ്ങൾ... അതെന്നെ എത്രത്തോളം സ്വാധീനിച്ചുവെന്നതിന് തെളിവ് നൽകാൻ അളവുകോലുകൾക്കാവില്ല.**

ന്നു. എഴുത്തിനെപ്പറ്റി, കഥയെപ്പറ്റി ഏകദേശ ധാരണയുണ്ടാകുന്നത് ആ ശില്പശാലയോടെയാണ്. നല്ല കുറച്ചു സുഹൃത്തുക്കൾ, അവരുടെ പ്രോത്സാഹനം.

പക്ഷേ, വീട്ടിൽ നിന്ന് പ്രോത്സാഹനമൊന്നുമുണ്ടായതായി തോന്നിയിട്ടില്ല. എഴുതുന്നതൊക്കെ വായിക്കുമെന്നല്ലാതെ എന്തെങ്കിലും അഭിപ്രായം പറയുമായിരുന്നില്ല അത്തയും അമ്മച്ചിയും. എന്നാൽ ഇഷ്ടക്കേട് പ്രകടിപ്പിച്ചുമില്ല. അതുകൊണ്ടൊക്കെയാവണം, പൂർണ്ണമായും ആർക്കും ഉപദ്രവമില്ലാത്ത നേരത്തെ എഴുതിയിരുന്നുള്ളൂ. ഉള്ളിൽ ചിറകിട്ടടിക്കുന്ന സ്വാതന്ത്ര്യമോഹി ഉണ്ടായിരുന്നിട്ടും ഒരിക്കൽ പോലും എഴുത്തിനുവേണ്ടി സമയമെടുത്തിരുന്നില്ല. ഭീരുവായിരുന്നിരിക്കാം. ചോറുവെക്കേണ്ട നേരത്ത് എന്റെ മനസ്സിൽ കഥയായിരുന്നു എന്നു പറയാനുള്ള നാണക്കേടുകൊണ്ടാവാം. എന്റെ മേലുണ്ടായിരുന്ന വീട്ടുജോലികളുടെ ഉത്തരവാദിത്തമായിരിക്കാം അതിലും പ്രധാനം. നീ പെണ്ണാണ് പെണ്ണാണ് എന്ന് ആരും പറഞ്ഞില്ലെങ്കിലും ഞാൻ വെറും പെണ്ണല്ല പെണ്ണല്ല എന്ന് സ്വയം പറഞ്ഞിരുന്നിട്ടും കേവലമായ പെണ്ണിന്റെ ഉത്തരവാദിത്തങ്ങളിൽ നിന്ന് എനിക്ക് മോചനമുണ്ടായില്ല. എത്ര ശക്തിയിൽ കുതറിപ്പറക്കാൻ കൊതിച്ചിരുന്നെങ്കിലും അതിന്റെ എത്രയോ ഇരട്ടി ശക്തിയിൽ വീടകം എന്നെ തിരിച്ചുപിടിച്ചു.

കറിക്കരിയുമ്പോൾ, തുണിയലക്കുമ്പോൾ, വിറകൊടിക്കുമ്പോൾ, പശുവിനെ മാറ്റിക്കെട്ടുമ്പോൾ എന്തിന് അനിയത്തിമാരോടൊത്ത് വർത്തമാനം പറഞ്ഞിരിക്കുമ്പോഴൊക്കെ എഴുത്തുവന്നെന്നെ തോണ്ടിവിളിച്ചു. ഒരുതരം ലജ്ജയിൽ ഞാൻ തിരിഞ്ഞു നോക്കിയതേയില്ല. ആർക്കുമറിയാത്തൊരു പ്രണയം പോലെ ഞാനതിനെ പിന്നെയും ഒളിപ്പിച്ചുവെച്ചു. രാത്രി എല്ലാവരുടേയും ഉറക്കനേരത്ത് ഉണർന്നെണീറ്റ് ഞങ്ങൾ ചങ്ങാത്തം കൂടി.

വിവാഹം കഴിഞ്ഞതോടെ എന്റെ കുറിപ്പുകൾ കൂട്ടുകാരൻ കൂടി കാണാൻ തുടങ്ങി. ആ കുറിപ്പുകളൊക്കെ മാറ്റിയെഴുതാൻ അവൻ


**വിവാഹം കഴിഞ്ഞതോടെ എന്റെ കുറിപ്പുകൾ കൂട്ടുകാരൻ കൂടി കാണാൻ തുടങ്ങി. ആ കുറിപ്പുകളൊക്കെ മാറ്റിയെഴുതാൻ അവൻ കൂടി കൂട്ടിരുന്നു. ശരീരം മാത്രമുള്ളൊരു പെണ്ണായി അവനെന്നെ കണ്ടില്ല. എന്റെ സ്വകാര്യതകളിലേക്ക് അതിക്രമിച്ച് കയറിയില്ല.**


കൂടി കൂട്ടിരുന്നു. ശരീരം മാത്രമുള്ളൊരു പെണ്ണായി അവനെന്നെ കണ്ടില്ല. എന്റെ സ്വകാര്യതകളിലേക്ക് അതിക്രമിച്ച് കയറിയില്ല.

ഒളിപ്പിച്ചുവെച്ച എഴുത്തിനെ പുറത്തെടുക്കാമെന്നായി. എന്നാലും അത്ര ധൈര്യവതിയായിരുന്നില്ല. കുടുംബമെന്ന ചട്ടക്കൂടിനുള്ളിൽ, അമ്മയെന്ന ഉത്തരവാദിത്തത്തിനു മുന്നിൽ, പകൽ മുഴുവൻ ഡെബിറ്റിനും ക്രെഡിറ്റിനുമിടയിൽ മാറ്റിവെക്കാവുന്നത് എഴുത്ത് മാത്രമാണ്. ഏതു നിമിഷത്തിലും എഴുത്ത് വന്ന് തൊട്ടുവിളിക്കാം. പക്ഷേ അവസാനം മാത്രമാണെന്റെ എഴുത്ത്. അത് ഒരു സ്ത്രീ ആയതുകൊണ്ട് മാത്രമാവണം. എഴുതണമെന്ന് തോന്നുമ്പോഴൊന്നും വാതിലടച്ചിട്ടിരുന്നെഴുതാനോ ഹോട്ടലിൽ മുറിയെടുത്തിരുന്നെഴുതാനോ ഇന്ന് എത്ര സ്ത്രീകൾക്ക് സാധിക്കുമെന്നതിൽ സംശയമുണ്ട്. അങ്ങനെയൊരു കാലം ഉണ്ടാവണമെന്നു തന്നെയാണ് ആഗ്രഹിക്കുന്നത്. ഇതുവരെ നമ്മൾ കണ്ടതും കേട്ടതും വായിച്ചതും അറിഞ്ഞതും പുരുഷൻ കണ്ട കാഴ്ചകളാണ്. ജനസംഖ്യയിൽ തന്നെ നേർപകുതിയായവളുടെ വികാരവിചാരങ്ങളെ, കാഴ്ചകളെ കണ്ടില്ല. അവളുടെ ലോകം ഏതെന്ന് അറിഞ്ഞതേയില്ല.

സ്ത്രീയെഴുതുമ്പോൾ പ്രത്യേകിച്ച് കവിതയിൽ ശരീരത്തെപ്പറ്റി എഴുതുന്നു എന്ന് പലരും ആക്ഷേപമായി പറയാറുണ്ട്. തന്റെ ലോകം അത്രയും പരിമിതമാണ് എന്നും ചിന്തകളും കാഴ്ചപ്പാടുകളും ആ ലോകത്തെ ചുറ്റിപ്പറ്റിയായിരുന്നു എന്നും അതിനെപ്പറ്റിയേ തനിക്ക് എഴുതാനുള്ളൂ എന്നും ഒരു കവയത്രിക്ക് മറുപടി പറയേണ്ടിവരുന്നു. ഇന്നും സ്ത്രീയുടെ ലോകം അത്ര വിശാലമായിട്ടില്ല. അവൾക്ക് ആരൊക്കെയോ വരച്ചിട്ട് കൊടുത്ത ലക്ഷ്മണരേഖ ലംഘിക്കാൻ കഴിയാറില്ല. ഒരു ചെറുപ്പക്കാരി എന്ന നിലയിൽ എഴുത്തുപേക്ഷിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് പലപ്പോഴും വിചാരിക്കാറുണ്ട്. കുടുംബത്തിനും ജോലിക്കും സമൂഹത്തിനും എഴുത്തിനുമിടയിൽ കിടന്ന് ശ്വാസംമുട്ടിപ്പോവുന്നു. അപ്പോഴൊക്കെ മുമ്പേ കടന്നുപോയ എഴുത്തുകാരികളെയെല്ലാം പൂവിട്ട് ആരാധിക്കാനാണ് തോന്നാറ്. ആ മഹതികൾ എഴുത്തിന്റെ ലോകത്ത് പിടിച്ചു നിൽക്കാൻ, ഹൃദയം എത്ര മാത്രം കല്ലുറപ്പുള്ളതാക്കിയിട്ടുണ്ടാവും എന്നോർത്ത് അന്തംവിടുന്നു.

പ്രസവിക്കുക എന്ന സൃഷ്ടി മാത്രമേ സ്ത്രീക്ക് പാടുള്ളൂ എന്ന അലിഖിതനിയമം ചിലരിലെങ്കിലും നിലനിൽക്കുന്നു. മറ്റു സൃഷ്ടികൾ പുരുഷന് മാത്രവും. എഴുത്തുകാരികൾക്ക് നല്ല മാർക്കറ്റ് ഉണ്ട് എന്നാണ് സ്ഥിരമായി കേൾക്കേണ്ടി വരുന്ന പല്ലവി. അടുപ്പമുള്ളവരിൽ നിന്നുപോലും ഈ വാക്കുകൾ കേട്ടിട്ടുണ്ട്. എഴുത്തിലോ കലയിലോ അധികാരപദവിയിലോ എന്തുമാകട്ടെ സ്ത്രീക്കു കിട്ടുന്ന അംഗീകാരങ്ങൾ ഉടലുകൊണ്ട് കിട്ടുന്നതാണെന്നാണ് മറ്റൊരു രസകരമായ സംസാരം. എന്തെല്ലാം ആരോപണങ്ങൾ കേട്ടുകൊണ്ടാവും നമ്മുടെ ഓരോ എഴുത്തുകാരികളും ജീവിച്ചിട്ടുണ്ടാവുക. കുടുംബത്തേയും സമൂഹത്തേയും ഭയന്നിട്ടാണ് ചെറുപ്പത്തിൽ എഴുതാതിരുന്നതെന്ന് മദ്ധ്യവയസ്സിനുശേഷം എഴുത്തിൽ സജീവമയ എഴുത്തുകാരികൾ പറയാറുണ്ട്. വളരെ കുറച്ചു കാലത്തെ അനുഭവം കൊണ്ട് ഇവൾക്കും അത്

ബോധ്യപ്പെട്ടിട്ടുണ്ട്. പലപ്പോഴും ഉപദേശരൂപത്തിലാണ് കിട്ടാറ്. അടുപ്പമോ പരിചയമോ ഇല്ലാത്ത പുരുഷന്മാരിൽ നിന്ന്. ഇപ്പറഞ്ഞത് അതിശയോക്തിയായി ആർക്കെങ്കിലും തോന്നിയാൽ നേരിട്ടു സമീപിച്ചാൽ തെളിവുകൾ നൽകുന്നതാണ്. എഴുതുന്നെങ്കിൽ ദൈവവചനങ്ങളെഴുതുക, അടങ്ങിയൊതുങ്ങി ജീവിക്കാൻ നോക്കുക. നരകശിക്ഷയെപ്പറ്റിയും ചിലരോർമ്മിപ്പിക്കാറുണ്ട്. ഉപദേശങ്ങൾ ചിലപ്പോൾ ഭീഷണിയും പച്ചത്തെറികളുമായി മാറാറുണ്ട്. ചില നേരെത്തെങ്കിലും അധീരയായി മാറാറുണ്ട്. അപ്പോഴാണ് എഴുതുകയേ വേണ്ട എന്നൊക്കെ തോന്നിപ്പോകുന്നത്. ചില മാന്യദേഹങ്ങൾ ഭർത്താവിനും ഊമക്കത്തയക്കും. ഭാര്യ എഴുതി പ്രശസ്തയായാൽ അവൾ വേറെ വഴിക്ക് പോകും. നിങ്ങൾക്ക് ഭാര്യയേയും മകൾക്ക് അമ്മയേയും വേണമെങ്കിൽ എഴുത്തു നിർത്തി വീട്ടിലിരുത്തുക. ചിലർ ഫോണിൽ വിളിക്കാനും മടിക്കില്ല. അവളുടെ ഫോൺ ശ്രദ്ധിക്കുക, മെയിൽ, ഫെയ്സ്ബുക്ക് പാസ്‌വേർഡുകൾ വാങ്ങിവെക്കുക. ഇല്ലെങ്കിൽ നിങ്ങൾക്കവളെ നഷ്ടപ്പെട്ടേക്കാം. "ശരി, അവളുടെ പാസ്‌വേർഡുകൾ വാങ്ങി അവളെ വീട്ടിലടച്ചിട്ടു എന്നിരിക്കട്ടെ, പക്ഷേ, അവളുടെ മനസ്സിന്റെ പാസ്‌വേർഡ് എനിക്കൊപ്പമില്ലെങ്കിൽ പിന്നെന്തു കാര്യം" എന്ന് അവൻ തിരിച്ചു ചോദിക്കുന്നു. വളരെ കുറച്ചു കാലത്തെ എഴുത്തിലൂടെ ഇങ്ങനെയൊക്കെ നേരിടേണ്ടി വരുമ്പോൾ വാക്കിന്റെ ലോകത്തേക്ക് കടന്നുവന്ന എല്ലാ എഴുത്തുകാരികളേയും ആദരവോടെ ഓർക്കുന്നു.

ഞാൻ കണ്ടതും കേട്ടതും അറിഞ്ഞതുമൊക്കെയേ എന്റെ എഴുത്തിൽ കടന്നുവന്നിട്ടുള്ളൂ. ഒരുപക്ഷേ, എഴുത്തുകാരി എന്ന നിലയിൽ എന്റെ പരാജയമാവാം. എഴുത്ത് എന്നിലേക്ക് അറിയാതെ കടന്നുവന്നതാണ്. അതുകൊണ്ട് തന്നെ മനപ്പൂർവ്വമായി പുതിയൊരു ശൈലിയോ ധാരയോ ആയ കാര്യത്തെ കണ്ടുപിടിച്ച് എഴുത്തിലേക്ക് കൊണ്ടുവരാനൊന്നും സാധിച്ചെന്നു വരില്ല. ആ അർത്ഥത്തിൽ പരാജയമാണ്. എന്റെ എഴുത്തിന് വലിയ ആയുസ്സൊന്നും ഉണ്ടാവണമെന്നില്ല. എല്ലാവരും അംഗീകരിക്കണമെന്നുമില്ല. ഇപ്പോഴത്തെ ഭൗതികസാഹചര്യം വെച്ച് ഇങ്ങനെയൊക്കെയേ എഴുതാനാവൂ. ഇനി കുറേ കഴിയുമ്പോൾ ശ്രമകരമായ എഴുത്തിന് സമയവും സന്ദർഭവും ഉണ്ടായാൽ മാറിയേക്കാം. ഇപ്പോഴും എഴുത്തെങ്ങനെ നടക്കുന്നുവെന്ന് അത്ഭുതപ്പെടാറുണ്ട്. അലസതയും മടിയുമൊക്കെ ചിലപ്പോൾ മുന്നിൽ നിൽക്കാറുണ്ട്. എന്നാലും സമയമാകുമ്പോൾ ഒരു ഉയർത്തെഴുന്നേൽപ്പാണ്. ആ ഊർജ്ജം തരുന്ന വിസ്മയത്തിനു മുന്നിൽ നമിച്ചു നിൽക്കുന്നു ഇവൾ. ●

---

*(പേജ് 25 തുടർച്ച)*

സേരയിൽ കിടന്ന് വളരെ നേരം ആലോചിച്ചു. കടലാസ്സും പേനയും എടുത്ത് മേശമേൽ വെച്ചു. കൂട്ടിലിട്ട മെരുവിനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും നടന്നു. പക്ഷേ, ഒന്നും ഒരൊറ്റ ആശയവും കിട്ടിയില്ല... അഭിമാനവും അന്തസ്സും എല്ലാം തുലഞ്ഞമട്ടിൽ അയാൾ അന്തംവിട്ടുപോയി. ഒരു സ്ത്രീയോട് തോൽക്കുന്നതെന്ത് കുറച്ചിലാണ്.

അന്നയാൾ അത്താഴം തീരെ ഉണ്ടില്ല. ശീട്ടുകളിച്ചില്ല, ആരോടും ഒന്നും മിണ്ടിയുമില്ല. തളർന്നലഞ്ഞ മട്ടിൽ കിടക്കയിൽ ചെന്നുവീണു. ഉറക്കത്തിനിടക്ക് ഏതോ ഒരു ഭയങ്കരിയായ സ്ത്രീ തന്നെ ഞെക്കിക്കൊല്ലുവാൻ വന്നതായി സ്വപ്നംകണ്ട് ഞെട്ടിയുണർന്ന് പോയി. പാപ്പിയെ അവിടെയെങ്ങും കാൺമാനില്ല. അയാൾ മെല്ലെ മെല്ലെ അടുത്തമുറിയിലേക്കു നടന്നു. അവിടെ ആ വെറും നിലത്ത് കുനിഞ്ഞിരുന്ന് അവളെന്തോ തിടുക്കത്തിൽ എഴുതിക്കൊണ്ടിരിക്കുകയാണ്. മന്ദമന്ദം അടുത്തുചെന്ന് അയാൾ കടലാസ് തട്ടിയെടുത്തപ്പോൾ അവൾ ഞെട്ടിത്തിരിഞ്ഞുനോക്കി. മന്ദാക്ഷമന്ദസ്മിതത്തോടെ വീണ്ടും കുനിഞ്ഞിരുന്നു. അയാൾ ആർത്തിയോടെ ആ കടലാസുതുണ്ടുകൾ മുഴുവൻ വായിച്ചു. എന്നിട്ട് ആനന്ദപൂർവ്വം ചോദിച്ചു.

"ഇന്നത്തെ ലേഖനത്തിന് ഒരു ഖണ്ഡനമാണല്ലേ. അസ്സലായി. പാപ്പിയെ അത് ആരു കാണിച്ചു?"

"ആരെഴുതിയോ അവർ തന്നെ." പാപ്പി ഒരു കുറ്റവാളിയെപ്പോലെ പുഞ്ചിരിച്ചു. അയാൾ ഔത്സുക്യത്തോടെ തിരക്കി, "ആരാണ് അതെഴുതിയത്?"

അവൾ വീണ്ടും തലതാഴ്ത്തി: "അതെഴുതിയതാരോ അവൾ തന്നെ."

അയാൾ അത്ഭുതപരതന്ത്രനായി ചോദിച്ചു:

"അപ്പോൾ എന്നെ ഇത്രനാളും എതിർത്തത് നിങ്ങളായിരുന്നോ... സ്വന്തം ഭാര്യ ഭർത്താവിനോടെതിരിടുന്നു..."

"അയ്യോ, ഇങ്ങനെ പറയാതിരിക്കണേ!" അവൾ ആവേശപൂർവ്വം അയാളെ വിലക്കി. "അല്ല. അതു ഞാനല്ലായിരുന്നു. അന്തർജ്ജനങ്ങളുടെ അഭിമാനമായിരുന്നു. അടുത്തകാലത്ത് അടിച്ചുണർത്തപ്പെട്ട അബലകളുടെ മനോവീര്യമായിരുന്നു. ചിന്തിക്കുവാനും പറയുവാനുമുള്ള പ്രേരണയും ആവേശവും നിങ്ങൾ ഞങ്ങൾക്കു നൽകി... എന്നിട്ട് ചിന്തിക്കയും പറയുകയുമെല്ലാം തങ്ങളാവണമെന്ന കുത്തകയും - വല്ലപ്പോഴും വല്ലതുമൊന്നു കുറിച്ചുപോയാൽ 'ഇത് ആശാസ്യമാണോ?' എന്ന ചോദ്യവുമായി വരും... ഇത് ആശാസ്യമാണോ എന്നു ഞങ്ങളുമൊന്നു ചോദിക്കട്ടെ... പക്ഷേ, ആ എഴുതിയതൊരു സമുദായമായിരുന്നു; ഈ എഴുതിയത് വ്യക്തിയും... അങ്ങയുടെ ഇന്നത്തെ വ്യാകുലഭാവം എന്നെ വല്ലാതെ നൊമ്പരപ്പെടുത്തി. അതുകൊണ്ട് 'ഞാൻ.' 'ഞങ്ങളെ' എതിർക്കാൻ ശ്രമിച്ചുപോയതാണ്. ക്ഷമിക്കണേ!"

ആ ഭർത്താവിന് മൊഴി മുട്ടിപ്പോയി. അയാൾ സന്തോഷവിവശനായി പറഞ്ഞു:

"എന്റെ പാപ്പീ! എനിക്ക് അതിരറ്റ അഭിമാനവും ആനന്ദവും തോന്നുന്നു. ഇതിനു മറുപടി വേണ്ടാ. നിങ്ങൾ എന്നെ ജയിച്ചു കൊള്ളുക. അതാണ് എന്റെയും വിജയം."

അയാൾ ആ ലേഖനം നൂറുനൂറായി കീറി ദൂരെയെറിഞ്ഞുകളഞ്ഞു.


**ലളിതാംബിക അന്തർജ്ജനം** -1935

●



ഡോ.ശ്രീരഞ്ജിനി

# പെണ്മയുടെ നിറഭേദങ്ങൾ



**പ്രാന്തീകരിക്കപ്പെട്ട** വിഭാഗത്തിന്റെ സംഘടിതസ്വരം ഉയർന്നുവന്ന കാലത്തിനാണ് കഴിഞ്ഞ ശതാബ്ദം സാക്ഷ്യം വഹിച്ചത്. സമൂഹത്തിന്റെ സമസ്ത മേഖലകളും മാറ്റത്തിന് തയ്യാറെടുത്ത കാലത്ത് സാഹിത്യത്തിലും അതിന്റെ പ്രതിധ്വനി ഉയർന്നു കേട്ടു. സ്ത്രീകൾക്ക് മലയാളസാഹിത്യരചനയുടെ മുഖ്യധാരയിലേക്ക് പ്രവേശനം കിട്ടി എന്നതാണ് അതിൽ പ്രധാനം. അവിടെ പ്രമുഖസ്ഥാനം അന്തർജ്ജനത്തിനായിരുന്നു. അക്കാലത്ത് നമ്പൂതിരിസ്ത്രീകൾ അനുഭവിച്ചിരുന്ന കൊടുമകൾ എന്തുകൊണ്ടോ അന്തർജ്ജനത്തിന് അത്രതന്നെ തീവ്രമായി അനുഭവിക്കേണ്ടി വന്നില്ല. അച്ഛന്റെ പുരോഗമനാത്മകമായ നിലപാടുതന്നെയായിരുന്നു അതിന്റെ ഒരു പ്രധാനകാരണം. താൻ വായിച്ചു കൂട്ടിയ പുസ്തകങ്ങളിലൂടെ ഘോഷക്കും മറക്കുടക്കും അപ്പുറമുള്ള ലോകത്തെ സാക്ഷാൽക്കരിക്കുകയായിരുന്നു അന്തർജ്ജനം. അന്നത്തെ സമൂഹത്തിൽ പൊതുവേയും താൻ ഉൾപ്പെട്ട സമുദായത്തിൽ പ്രത്യേകിച്ചുമുള്ള സ്ത്രീകൾ നേരിട്ട ദുരിതങ്ങളെ അന്തർജ്ജനം തന്റെ രചനകൾക്ക് വിഷയമാക്കി. സ്ത്രീ ജീവിതത്തിലെ അഗാധങ്ങളായ സങ്കടങ്ങളും അവരുടെ ദയനീയതയും ആത്മരോഷവും ഒക്കെ അവിടെ നമുക്ക് കാണാം.

നമ്പൂതിരി സമുദായമെന്ന ചെ

> സ്ത്രീത്വത്തിന്റെ -മനുഷ്യത്വത്തിന്റെ തന്നെ-മൗലികമായ പ്രശ്നങ്ങളും ചോദനകളും അനുഭവങ്ങളും യുഗാരംഭം മുതൽ ഒന്നാണെന്നും അവയുടെ പേരുകൾക്കു മാത്രമേ വ്യത്യാസമുള്ളൂ എന്നും ഇതിഹാസ പഠനങ്ങൾ വ്യക്തമാക്കിത്തരുന്നു.'-ആമുഖം: സീതമുതൽ സത്യവതി വരെ- പുറം15

റിയലോകത്തുനിന്നും വിശാലവും കെടുതികൾ നിറഞ്ഞതുമായ മനുഷ്യസമൂഹത്തിന്റെ ലോകത്തിലേക്കിറങ്ങിയ ലളിതാംബിക അന്തർജ്ജനത്തിന്റെ കാഴ്ചയെ നിറച്ചത് സുഭഗങ്ങളായ അനുഭവങ്ങളായിരുന്നില്ല, താൻ വായിച്ചും കേട്ടും അറിഞ്ഞ ലോകത്തെക്കാൾ അല്ലെങ്കിൽ അതിലുമെത്രയോ കരാളമായിരുന്നു അത്. ആ അനുഭവങ്ങൾ പകർന്ന ഹൃദയവേദനയിൽ നിന്നും ഉറന്നൊഴുകിയവയാണ് അന്തർജ്ജനത്തിന്റെ കൃതികൾ. വേദന അനുഭവിക്കുന്ന മനുഷ്യാത്മാക്കളോടുള്ള സഹാനുഭൂതിയാണ് എന്നും തന്നെ കലാസൃഷ്ടിക്ക് പ്രേരിപ്പിച്ചതെന്ന് അന്തർജ്ജനം വ്യക്തമാക്കുന്നുണ്ട്. തന്നിൽ സഹജമായ സഹാനുഭൂതിയാണ് 'സീതമുതൽ സത്യവതി വരെ' എന്ന ഗ്രന്ഥത്തിനും അടിസ്ഥാനം. 'ഭാരതീയ സ്ത്രീകളുടെ വേരുതേടിയുള്ള തീർത്ഥയാത്ര'എന്ന് അന്തർജ്ജനം അടയാളപ്പെടുത്തുന്ന ഈ കൃതി 'സ്ത്രീത്വത്തിന്റെ പ്രശ്നങ്ങൾ തന്നെയാണ് ചർച്ചക്കെടുക്കുന്നത്. സ്ത്രീത്വത്തിന്റെ -മനുഷ്യത്വത്തിന്റെ തന്നെ-മൗലികമായ പ്രശ്നങ്ങളും ചോദനകളും അനുഭവങ്ങളും യുഗാരംഭം മുതൽ ഒന്നാണെന്നും അവയുടെ പേരുകൾക്കു മാത്രമേ വ്യത്യാസമുള്ളൂ എന്നും ഇതിഹാസ പഠനങ്ങൾ വ്യക്തമാക്കിത്തരുന്നു.'-ആമുഖം: സീതമുതൽ സത്യവതി വരെ- പുറം15

ഈ കൃതിയെ അന്തർജ്ജനം രണ്ടു ഭാഗങ്ങളായിത്തിരിക്കുന്നു. ആദ്യഭാഗം വാല്മീകിയുടെ നായികമാർക്കുള്ളതാണ്. സീതയിൽത്തുടങ്ങി മന്ഥരയിലെത്തുമ്പോൾ അവർക്കിടയിൽ മൂന്നു രാജമാതാക്കളും ഊർമ്മിളയും മണ്ഡോദരിയും അഹല്യയും ഉണ്ട്. രണ്ടാം ഭാഗത്തിൽ ധർമ്മ വ്യസനിനിയായ ഗാന്ധാരിയിൽത്തുടങ്ങി വീരമാതാവായ കുന്തിയുടേയും യജ്ഞസംഭവയായ ദ്രൗപദിയുടേയും പ്രതികാരദേവതയായ അംബയുടേയും കൗരവർക്കും പാണ്ഡവർക്കും കൂടി ഉണ്ടായിരുന്ന ഒറ്റപ്പെങ്ങൾ ദുശ്ശളയുടേയും ഭാരതജനനിയായ സത്യവതിയുടേയും സത്യം അനാവരണം ചെയ്യാൻ അന്തർജ്ജനം ശ്രമിക്കുന്നു.അതിനുമുമ്പ് ദുശ്ശളയെ ആ രീതിയിൽ കാണാൻ ആരും ശ്രമിച്ചിട്ടില്ല എന്നത് എടുത്തു പറയേണ്ടതാണ്.

ഇതിലെ നായികമാരെ തെരഞ്ഞെടുക്കുമ്പോൾ അന്തർജ്ജനം സ്വീകരിക്കുന്ന മാനദണ്ഡം സ്ത്രീ നേരിടുന്ന ദുഃഖത്തിന്റെയും സഹനത്തിന്റെയും വിഹ്വലതകളുടേയും അളവുകോൽ തന്നെയാണ്.അതിനുതെളിവ് അന്തർജ്ജനം വിട്ടുകളഞ്ഞ കഥാപാത്രങ്ങൾ തന്നെയാണ്.വീരമാതാവായ കുന്തിയുടെ മനസ്സിന്റെ ഇഴചേർക്കുന്ന ലേഖിക മാദ്രിയെപ്പറ്റി ആനുഷംഗികമായി പറഞ്ഞു പോകുന്നതേയുള്ളു.അവൾ ദുഃഖംമാത്രം തരുമായിരുന്ന ഈലോകത്തുനിന്ന് ഏറ്റവും സന്തോഷം ലഭിച്ച മുഹൂർത്തത്തിൽത്തന്നെ ജീവത്യാഗം ചെയ്തുകൊണ്ട് കുന്തിയെത്തനിച്ചാക്കി രക്ഷപ്പെടുകയാണ് ചെയ്തത്.അപ്രകാരംതന്നെ മണ്ഡോദരിയെ ആദരിക്കുന്ന അന്തർജ്ജനത്തിന്റെ ദൃഷ്ടി പ്രണയദാഹിയായ ശൂർപ്പണഖയിൽപ്പതിയുന്നില്ല.പുരുഷമേധാവിത്വം വികൃതമാക്കിയ അവളുടെ സ്ത്രീത്വം കണ്ടില്ല. അന്തർജ്ജനത്തിന്റെ അളവുകോൽ മറ്റൊന്നായതുകൊണ്ടാണത്. ഇവരെക്കൂടാതെ ആഴത്തിൽ പഠിക്കേണ്ട കഥാപാത്രങ്ങളാണ് ഭീമപത്നി ഹിഡുംബിയും അർജ്ജുനപത്നി സുഭദ്രയും അഭിമന്യുപത്നി ഉത്തരയും.ഇവരനുഭവിച്ച ത്യാഗം കാണാതെ പൊയ്ക്കൂട.സത്യവതിയും താരയും ചിലപ്പോൾ പിറകിലായിപ്പോയെന്നു വരും .എന്നിരിക്കിലും ആദികവിയുടെ കാലം മുതൽ സ്ത്രീ നേരിടുന്ന ദൈന്യതയുടെ തീവ്രത വെളിപ്പെടും. അന്തർജ്ജനം അവതരിപ്പിക്കുന്ന കഥാപാത്രങ്ങളിലൂടെ. ഈ കൃതിയിലെ ആദ്യ രചനയായ 'ചിരന്തനനാരി സീത'യിലൂടെ കടന്നു പോകുമ്പോൾ നമ്മെ അലട്ടുന്ന ഒരുപാട് ധർമ്മസങ്കടങ്ങൾക്കുള്ള പരിഹാരവും കൂടി ഇതിലുണ്ട്. സീതയെ മുൻനിറുത്തി പുറത്തുവന്നിട്ടുള്ള രചനകൾ സീതയോട് നീതി പുലർത്തിയെന്നു പറയാനാവില്ല. സീതയുടെ സ്വഭാവമഹിമതന്നെ പലതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടു. എന്നിട്ടും ഓരോ ഭാരതീയന്റെയും ഹൃദയത്തിൽ ദുഃഖപുത്രിയായ സീത വർദ്ധിതശോഭയായി കുടികൊണ്ടു. സീതയെ നമസ്കരിക്കാൻ അനുവദിക്കാത്ത സാമൂഹികവ്യവസ്ഥിതിയോട്, പാരമ്പര്യത്തോട് ഒട്ടും അനുരഞ്ജനത്തിന് തയ്യാറല്ല അന്തർജ്ജനം. സീത അവളുടെ സകല ദുഃഖങ്ങളോടുംകൂടി ഓരോ സ്ത്രീയിലും കുടികൊള്ളുന്നുവെന്ന് അന്തർജ്ജനം അറിയുന്നു. കലിയുഗനാരി നേരിടുന്ന പ്രതിസന്ധികളിൽ, പ്രലോഭനങ്ങളിൽ അവൾക്ക് കൂട്ടാവുക സീതമാത്രമാണെന്നും. ഇതിഹാസനായികമാരെ പുനരവതരിപ്പിക്കുമ്പോൾ അതിൽ സീതയ്ക്ക് പ്രഥമസ്ഥാനം കല്പിക്കുന്നതിനും കാരണം മറ്റൊന്നല്ല. സീതയോളം ജീവിതത്തെ അറിഞ്ഞവർ, അനുഭവിച്ചവർ വേറെകൊണില്ല. അ

തുകൊണ്ടാണ് സീത=ഭാരതീയനാരി എന്ന സമവാക്യം രൂപീകരിക്കേണ്ടിവന്നത്.

അന്തർജ്ജനത്തിന്റെ ഭാഷയും അവതരണരീതിയും രാമായണകാലത്തിലേക്ക് വായനക്കാരെ നയിക്കാൻ പ്രാപ്തമായ അതിസുന്ദരമായൊരു ചിത്രമാണ് നൽകുന്നത്. വാല്മീകി കാണുന്ന ,സീതാദുഃഖത്തിൽ അവൾക്കൊപ്പം കേഴുന്ന പ്രകൃതി അതാണ് നമ്മെ അനുഭവിപ്പിക്കുന്നത്. പരിത്യക്തയായ സീതയുടെ സമീപം എത്തുന്ന വാല്മീകിക്ക് തന്നിൽ ആദ്യത്തെ ശ്ലോകം വാർന്നുവീണ സന്ദർഭമാണ് ഓർമ്മവരുന്നത്. ഇണക്കിളികളിൽ ഒന്നിനെ അമ്പെയ്ത കാട്ടാളന്റെ ക്രൂരത തന്നെയല്ലെ വിധി സീതയോടും കാട്ടിയത്.രണ്ടു സംഭവങ്ങൾക്കുമുള്ള സമാനത അദ്ദേഹം ഓർത്തിരിക്കാം.ലോകത്തിലെ ആദ്യത്തെ ഇതിഹാസമുണ്ടാകുന്നതിന് നിമിത്തമായ ശോകവും സഹാനുഭൂതിയും ആദികവിക്ക് ആ നിമിഷത്തിലുണ്ടായി എന്ന് ലേഖിക അടിവരയിടുന്നു.

ഭർതൃപരിത്യക്തയും ആസന്നപ്രസവയുമായിരുന്ന സീതയെ വാത്സല്യപൂർവ്വം ആശ്രമത്തിലേക്കാനയിച്ച് ശുശ്രൂഷിച്ച് അവൾ പ്രസവിച്ച മക്കളെ വളർത്തുകയും അവളുടെ ദുഃഖങ്ങളിൽ മുഴുകുകയും ചെയ്യുമ്പോൾ തന്റെ മനസ്സ് സർഗ്ഗാത്മകമായ സഹാനുഭൂതികൊണ്ട് ഉരുകുകയായിരുന്നു, വാല്മീകിക്ക്. സീതയുടെ സങ്കടങ്ങളാണ് അതുല്യമായൊരു ഇതിഹാസകൃതിക്ക് വിത്ത്പാകിയത്. 'ലോകത്തിൽ സത്യമായും നിത്യമായും വിശുദ്ധമായും ഉള്ള എല്ലാം ഇതിലുണ്ട്. ധർമ്മത്തിന്റെയും അധർമ്മത്തിന്റെയും പ്രേമത്തിന്റെയും പ്രേമഭംഗത്തിന്റെയും നിസ്സഹായതയുടെയും നൈർമ്മല്യത്തിന്റെയും ചിരന്തനമായ എന്തിന്റെയും സംഗ്രഹമാണിക്കവിത' പുറം-27.എന്തും സഹിക്കാൻ തയ്യാറുള്ള ഒരു പാവം സ്ത്രീയായിരുന്നില്ല സീത. പലസന്ദർഭങ്ങളിലും പൊട്ടിത്തെറിക്കുകയും പ്രതികരിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്നുണ്ട് അവൾ. എന്നാൽക്കൂടി അവളെ ചിരന്തനനാരിയാക്കുന്നത് സ്വപ്രത്യയസ്ഥൈര്യവും ആത്മാഭിമാനവുമാണെന്ന് അന്തർജ്ജനം ആണയിടുന്നു.

**അന്തർജ്ജനത്തിന്റെ ഭാഷയും അവതരണരീതിയും രാമായണകാലത്തിലേക്ക് വായനക്കാരെ നയിക്കാൻ പ്രാപ്തമായ അതിസുന്ദരമായൊരു ചിത്രമാണ് നൽകുന്നത്.വാല്മീകി കാണുന്ന, സീതാദുഃഖത്തിൽ അവൾക്കൊപ്പംകേഴുന്ന പ്രകൃതി അതാണ് നമ്മെ അനുഭവിപ്പിക്കുന്നത്. പരിത്യക്തയായ സീതയുടെ സമീപം എത്തുന്ന വാല്മീകിക്ക് തന്നിൽ ആദ്യത്തെ ശ്ലോകം വാർന്നുവീണ സന്ദർഭമാണ് ഓർമ്മവരുന്നത്.**

മൂന്നു രാജമാതാക്കളെക്കുറിച്ചുള്ളതാണ് ഈ കൃതിയിലെ മൂന്നാമത്തെ ലേഖനം.ദശരഥപത്നിമാരുടെ നാം കാണാതെപോയ മുഖം അനാവരണം ചെയ്യുകയാണ് അന്തർജ്ജനം.രാജ്യഭരണത്തിലെന്ന പോലെ കാമുകത്വത്തിലും മഹാരഥനായിരുന്ന ദശരഥന്റെ പത്നിമാർ അനുഭവിച്ചിരുന്ന വീർപ്പുമുട്ടൽ ഈ ലേഖനത്തിൽ നമുക്ക് അനുഭവിച്ചറിയാം.

ദാനധർമ്മങ്ങളിൽ ബദ്ധശ്രദ്ധ പുലർത്തിയിരുന്ന റാണിയായിരുന്നു കൗസല്യ.അവരുടെ അരമന കോവിലകം തന്നെയായിരുന്നു.ഉണ്ടുനിറഞ്ഞ സാധുക്കളുടെ അനുഗ്രഹാശ്ശിസ്സുകൾകൊണ്ട് മുഖരിതമായിരുന്നു അവിടുത്തെ അന്നശാല. രാമനെ ജനം വാഴ്ത്തുന്നതു കേൾക്കാൻ വേണ്ടിമാത്രം വീണ്ടും വീണ്ടും വിളമ്പുന്ന കൗസല്യ. അമ്മമാത്രമായിരുന്നു അവർ. അവരുടെ വിജയപരാജയങ്ങൾക്കടിസ്ഥാനവും അതുതന്നെയായിരുന്നു. ദശരഥന് അനുരൂപമായ പത്നിയായിരുന്നോ കൗസല്യ എന്നു സംശയിക്കണം. കാരണം പരമസാത്വികയായിരുന്ന ആ റാണിക്ക് രഘുവംശത്തിന്റെ നിലനിൽപ്പുമാത്രമായിരുന്നു ജന്മലക്ഷ്യം. കാമുകഭർത്താവായ ദശരഥനെ പലഘട്ടങ്ങളിലും പ്രീതിപ്പെടുത്താൻ പോലും കൗസല്യക്ക് കഴിഞ്ഞിട്ടില്ലായിരിക്കും. അതുകൊണ്ടാവാം അന്തഃപുരത്തിലെ മുന്നൂറിൽപ്പരം സ്ത്രീകളെ പ്രാപിച്ചതിനുശേഷവും തൃപ്തിവരാത്ത രാജാവ് തനിക്കനുഗുണയായ കൈകേയിയെ വരിച്ചത്. ദശരഥനാവട്ടെ കൗസല്യയുടെ നേർക്ക് ബഹുമാനാദരങ്ങളായിരുന്നു ഉണ്ടായിരുന്നത്. സുപ്രധാനഘട്ടങ്ങളിൽ പട്ടമഹിഷിയായി കൗസല്യയെ മാത്രമേ അദ്ദേഹം പരിഗണിച്ചുള്ളു. രാമനായിരുന്നു രാജാവിന്റെ വത്സലപുത്രൻ. കൗസല്യക്കറിയാം താനും തന്റെ പുത്രനും എല്ലാവർക്കും അഭിമതരാണെന്ന്. എന്നാൽ എന്നും അസ്വസ്ഥയായിരുന്നു കൗസല്യ. രാജാവിന്റെ സ്ത്രീജിതത്വമല്ല അവളെ അലട്ടിയത്, മറിച്ച് സപത്നിയായ കൈകേയിയായിരുന്നു. സുമിത്രയോടാവട്ടെ കൗസല്യക്ക് ഒരു മത്സരവുമില്ല. സ്വപുത്രന് രാജ്യാവകാശം എന്ന് ഉടമ്പടിയോടെ കൈകേയി വന്നു കയറിയതാണ് കൗസല്യയുടെ ഉറക്കം കെടുത്തിയത്. കൈകേയിയോടുള്ള കാലുഷ്യമല്ലതെ മറ്റൊന്നും കൗസല്യയുടെ ഉള്ളിൽ ഇല്ലായിരുന്നു. സ്വപുത്രന്റെ പട്ടാഭിഷേകവാർത്തയോടെ ആ കാലുഷ്യം അകന്നു. പുത്രനന്മ മാത്രം കാംക്ഷിച്ച കേവലമായ മാതാവുമാത്രമായ കൗസല്യയുടെ പ്രാണൻ പിടഞ്ഞുപോകുന്നു, വിച്ഛിന്നാഭിഷേകവാർത്തവന്നപ്പോൾ.

അഭിഷേകവിഘ്നവും പുത്രന്റെ വേർപാടും അന്തഃപുരത്തിലെ കലഹവും കൊണ്ട് കാലന്റെ കൊട്ടാരം പോലെയായിക്കഴിഞ്ഞിരുന്ന അയോദ്ധ്യയിൽ ദശരഥന്റെ മരണം കൂടിയായപ്പോൾ ഉപമ പൂർണ്ണമാ

യി.ആഘാതങ്ങൾ ഒന്നിനു പിറകേ മറ്റൊന്നായി കൗസല്യയെ പിൻതുടരുകയായിരുന്നു. പതിന്നാലു കൊല്ലത്തെ വനവാസവും ഘോരയുദ്ധവും ഒക്കെക്കഴിഞ്ഞ് രാമൻ രാജാവായെങ്കിലും ഗർഭിണിയായ പത്നിയെ കാട്ടിലുപേക്ഷിക്കുക വഴി രാജമാതാവിന് പൗത്ര മുഖ ദർശനഭാഗ്യം കൂടി നിഷേധിക്കപ്പെടുകയായിരുന്നു,'ഒന്നു നോക്കിയാൽ നമ്മുടെ പൗരാണികസ്ത്രീകളുടെയെല്ലാം വിധി ഈ ദുഃഖമായിരുന്നു എന്നു തോന്നുന്നു.'-പുറം 42.അതുകൊണ്ടാണല്ലോ,ശ്രീരാമനെപ്പോലെയൊരു പുത്രനുണ്ടായിട്ടും 'ദുഃഖമെന്നെപ്പിരിയുന്നീലൊരിക്കലുമുൾക്കാമ്പിലോർത്താൽവിധിബലമാം തുലോം' എന്ന് കൗസല്യക്ക് വിലപിക്കേണ്ടിവരുന്നത്. ദുഃഖപുത്രി എന്ന നിലയിൽതന്നെയാണ് അന്തർജ്ജനം കൗസല്യയേയും പരിഗണിക്കുന്നത്. സ്വദുഃഖം മറന്നുകൊണ്ട് ദുഃഖിതർക്ക് ആശ്വാസമായി മുമ്പിലും പിമ്പിലും നിഴലുപോലെ നിന്ന മറ്റൊരു രൂപത്തെ ഈ അവസരത്തിൽ ഓർക്കേണ്ടതുണ്ട്. ഒന്നിനോടും കൊതിയില്ലാതെ, ആരോടും പകയില്ലാതെ സകല ഉപജാപങ്ങളിൽനിന്നുമകന്ന് എല്ലാവരേയും സ്നേഹിച്ച്, തോഴിയായി, സേവികയായി, നിസ്സംഗയായി, വിനീതയായി, നിത്യാശ്വാസകേന്ദ്രമായി നിൽക്കുന്ന ഒരേ ഒരു നായികയേയുള്ളു, സുമിത്രമാത്രം. കൗസല്യയെപ്പോലെ പട്ടമഹിഷീപദമോ സ്ത്രീധനപ്രഭാവമോ, കൈകേയിയെപ്പോലെ ബന്ധുബലമോ ഒന്നും സുമിത്രക്ക് അവകാശപ്പെടാനില്ലായിരുന്നു. യദൃച്ഛയാ ലഭിച്ച പായസാംശം തന്നെ രണ്ട് കുഞ്ഞുങ്ങളുടെ മാതാവാക്കി എന്നല്ലാതെ. തന്റെ രണ്ടു പുത്രരേയും സപത്നീ പുത്രന്മാർക്ക് തുണയായി വിട്ടു സുമിത്ര. വിനീതയും വിധേയയുമായ സുമിത്രക്ക് ഭർതൃപ്രണയത്തിലോ പുത്രാഭ്യുദയത്തിൽപ്പോലുമോ മത്സരമില്ലായിരുന്നു. അതുകൊണ്ടാണ് പുത്രവിയോഗത്താൽ നീറുന്ന കൗസല്യയേയും പുത്രഭർത്സനത്താൽ തളർന്നുപോയ കൈകേയിയേയും ഒന്നുപോലെ ആശ്വസിപ്പിക്കാൻ സുമിത്രക്ക് കഴിയുന്നതും. സ്ത്രീത്വത്തിന്റെ മൂന്നു ഭാവങ്ങളായാണ് അന്തർജ്ജനം ദശരഥപത്നിമാരെ കാണുന്നത്. അതിൽ സഖിയുടേയും സേവികയുടേയും ആശ്വാസകയുടേയും വേഷമാണ് സുമിത്രക്കുള്ളത്. സ്വാർത്ഥതയില്ലാത്തതുകൊണ്ട് സുമിത്രക്ക് ദുഃഖമില്ല. അധികാരമോഹമില്ലാത്തതുകൊണ്ട് അപമാനവുമില്ല. സുമിത്രയാവാൻ അത്ര എളുപ്പമല്ല. സ്ത്രീ മനസ്സിന്റെ നിസ്വാർത്ഥതയുടെ പ്രതീകമാണ് സുമിത്ര. മാതാവുമാത്രമായിരുന്നു എന്നത് കൗസല്യക്ക് പറ്റിയ വീഴ്ചതന്നെയായിരുന്നു.എന്നാൽ ഇവർക്കൊപ്പം മറ്റൊരു സ്ത്രീ പ്രതീകത്തെക്കൂടി നാം കാണേണ്ടതുണ്ട്. 'നിർഭാഗ്യവതിയായ ചെറിയമ്മ' എന്ന് അന്തർജ്ജനം സംബോധനചെയ്യുന്ന കൈകേയി. ഏതോ അഭിശപ്ത നിമിഷത്തിൽ താനന്നോളം ആർജ്ജിച്ച പുണ്യം മുഴുവൻ കൈവിട്ടുകളഞ്ഞ കൈകേയി. സ്വപുത്രനേക്കാൾ സപത്നീപുത്രനെ സ്നേഹിച്ചിട്ടും ഉപജാപത്തിന്റെ പടുകുഴിയിലേക്കെടുത്തുചാടിയ കൈകേയിയെ നിർഭാഗ്യവതി എന്നല്ലാതെ മറ്റന്താണ് വിളിക്കുക.

അന്തർജ്ജനത്തിന്റെ ദൃഷ്ടിയിൽ കൈകേയിയേക്കാൾ തെറ്റു ചെയ്തത് ദശരഥനാണ്.താനുമാ

**സ്വാർത്ഥതയില്ലാത്തതുകൊണ്ട് സുമിത്രക്ക് ദുഃഖമില്ല. അധികാരമോഹമില്ലാത്തതുകൊണ്ട് അപമാനവുമില്ല. സുമിത്രയാവാൻ അത്ര എളുപ്പമല്ല. സ്ത്രീ മനസ്സിന്റെ നിസ്വാർത്ഥതയുടെ പ്രതീകമാണ് സുമിത്ര. മാതാവുമാത്രമായിരുന്നു എന്നത് കൗസല്യയ്ക്ക് പറ്റിയ വീഴ്ചതന്നെയായിരുന്നു.**



യുള്ള വിവാഹ ഉടമ്പടിക്ക് വിരുദ്ധമായ ദശരഥന്റെ പ്രവൃത്തിയേക്കാൾ അതുനടപ്പിലാക്കാൻ രാജാവെടുത്ത തന്ത്രങ്ങളോടായിരുന്നു അവൾക്ക് ഈർഷ്യ.തന്റെ പുത്രൻ സ്ഥലത്തില്ലാത്ത സമയംനോക്കിയാണ് രാമപട്ടാഭിഷേക തീരുമാനം രാജാവ് കൈക്കൊണ്ടത്.തീരുമാനമെടുക്കുന്നതിനുമുമ്പ് കൈകേയിയോട് ആലോചിച്ചിരുന്നെങ്കിൽ രാമായണത്തിന്റെ ഗതിതന്നെ മറ്റൊന്നായേനെ. ഭർത്താവ് വഞ്ചിച്ചു എന്ന തോന്നലുകൊണ്ടാവാം ഇങ്ങനെയൊരു കടുംപിടുത്തത്തിന് കൈകേയിയെ പ്രേരിപ്പിച്ചത്. പിന്നീട് വിജയശ്രീലാളിതനായി രാമൻ മടങ്ങിയെത്തുമ്പോൾ സന്തോഷപൂർവ്വം സ്വീകരിക്കുവാൻ കൈകേയി മുന്നിലുണ്ടായിരുന്നു എന്ന് വാല്മീകി പറയുന്നു. ഇപ്രകാരം മാനസിക പരിവർത്തനത്തിന് വിധേയയായതുകൊണ്ടാവാം, പിഴവുകൾ പിണഞ്ഞിട്ടും അതു തിരുത്താൻ തയ്യാറായതുകൊണ്ടുമാവാം നാമവരെ സ്നേഹിച്ചു പോകുന്നത്. രാമായണം വായിക്കുന്നവരുടെ ദൃഷ്ടിക്ക് അഗോചരമായ കൈകേയീ മഹത്വമാണ് അന്തർജ്ജനം ഇവിടെ അനാവരണം ചെയ്യുന്നത്.

അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ, പത്നീത്വത്തിന്റെ പ്രതീകമായ ഊർമ്മിളയുടെ ഊഴമാണിനി. ‘അനുജന്റെ ഭാര്യ’ എന്ന ശീർഷകത്തിൽ അനാഥത്വത്തിന്റെ മറ്റൊരു മുഖമായ, ഒരുപക്ഷേ കാട്ടിലുപേക്ഷിക്കപ്പെട്ട സീതയേക്കാൾ അനാഥത്വം ബന്ധുക്കളുടെ ഇടയിൽ വസിച്ചിട്ടും അനുഭവിച്ച ഊർമ്മിള. പലരെക്കുറിച്ചും വാചാലനാവുന്ന വാല്മീകി ഊർമ്മിളയുടെ കാര്യത്തിൽ മൗനം പാലിക്കുന്നതു പോലെ നമുക്കനുഭവപ്പെടും. സീത, അനുഭവങ്ങളുടെ അഗ്നിയിൽ സ്ഫുടം ചെയ്യപ്പെട്ടവൾ. ലോകത്തെ സ്ത്രീ ജന്മങ്ങളുടെ പ്രതിനിധിയും പ്രതീകവുമാണവൾ. സീതയേപ്പോലെയല്ല ഊർമ്മിള. അവൾക്ക് പ്രത്യേകിച്ച് ഒരു പദവിയും കല്പിച്ചുകിട്ടിയിട്ടില്ല. രാമൻ കാട്ടിലേക്കിറങ്ങുമ്പോൾ ഭർത്താവിന്റെ


> അവഗണിക്കപ്പെടുന്ന സ്ത്രീത്വത്തിന്റെ, പത്നീത്വത്തിന്റെ പ്രതീകമായ ഊർമ്മിളയുടെ ഊഴമാണിനി. ’അനുജന്റെ ഭാര്യ’ എന്ന ശീർഷകത്തിൽ അനാഥത്വത്തിന്റെ മറ്റൊരു മുഖമായ, ഒരു പക്ഷേ കാട്ടിലുപേക്ഷിക്കപ്പെട്ട സീതയേക്കാൾ അനാഥത്വം ബന്ധുക്കളുടെ ഇടയിൽ വസിച്ചിട്ടും അനുഭവിച്ച ഊർമ്മിള.


സുഖദുഃഖങ്ങളിൽ ഒരുമിച്ച് ചരിക്കേണ്ടവളാണ് ഭാര്യ എന്നവകാശപ്പെട്ടുകൊണ്ട് രാമനോടൊപ്പം ഇറങ്ങിത്തിരിച്ചു സീത. ഊർമ്മിളയും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ, അഥവാ ലക്ഷ്മണന്റെ വാക്കുകൾ അനുസരിച്ച ഊർമ്മിളയെപ്പോലെ രാമന്റെ വാക്കുകളെ സീത അനുസരിച്ചിരുന്നെങ്കിലും രാമായണകഥ മറ്റൊന്നായേനേ. ലക്ഷ്മണ ഊർമ്മിളാസമാഗമത്തെപ്പറ്റി ആദികവി ഒന്നും പറയുന്നില്ല. ഭർത്താവിനെ പിരിഞ്ഞ് അവളും ജീവിച്ചു, തന്റേതല്ലാത്തകുറ്റത്തിന് ശിക്ഷയേറ്റുകൊണ്ട്. വികാരനിർഭരങ്ങളായ രംഗങ്ങളിലൂടെ ദശരഥന്റെ അന്തഃപുരം നിറഞ്ഞുനിൽക്കുമ്പോഴും ഒരു നിഴലായിപ്പോലും ഊർമ്മിള അവിടെയില്ല. ഒരു പക്ഷേ കാട്ടിലെ ഭർതൃശുശ്രൂഷയെക്കാൾ, അരമനയിൽ സ്വന്തം ശ്വശ്രുക്കൾ നേരിടാൻപോകുന്ന പ്രത്യാഘാതം അവൾ മുൻകൂട്ടിക്കണ്ടിരിക്കും. തന്നെക്കൊണ്ടുള്ള ആവശ്യം ആ വൃദ്ധ മാതാക്കൾക്കാണെന്ന് അവൾക്കറിയാം.അതുകൊണ്ടാണ് ഒരിടത്തും പ്രതിഷേധത്തിന്റെ ചെറുസ്വരം പോലും അവളിൽനിന്നുയരാഞ്ഞത്.

രാമന്റെയൊപ്പം കാട്ടിൽപ്പോയ സീതയല്ല ത്യാഗം ചെയ്തത്. കാട്ടിൽ ലക്ഷ്മണനെ അനുഗമിക്കാതിരുന്ന ഊർമ്മിളയാണ്. കാരണം പരസ്പര പരായണരായ ദമ്പതിമാർക്ക് വിരഹമാണ് ദുരിതം ഒന്നിച്ചു ചരിക്കുമ്പോൾ ഏതു ദുർഘടവും പുഷ്പസമാനമാവും. തന്റെ നല്ല പ്രായം മുഴുവൻ ഏകാന്തതയിൽ ഹോമിക്കുകയായിരുന്നു ഊർമ്മിള. വിധവകളായഅമ്മമാരേയും യോഗികളെപ്പോലെ ജീവിച്ച ഭർതൃസഹോദരന്മാരേയുംശുശ്രൂഷിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തമാണ് അവൾ സ്വയം ഏറ്റത്. സീത ഒരുകണക്കിൽ എല്ലാ ഉത്തരവാദിത്തങ്ങളിൽ നിന്നും രക്ഷപ്പെടുകയും സ്വന്തം ഉത്തരവാദിത്തം പോലും മറ്റുള്ളവരെ-രാമലക്ഷ്മണന്മാരെ- ഏല്പിക്കുകയും ചെയ്തു. ലേഖിക പറയുന്നു, മഹത്തായ കർത്തവ്യനിർവ്വഹണത്തിന്റെ പ്രതീകമാണ് ലക്ഷ്മണനെങ്കിൽ അതിലും മഹത്തായ കർത്തവ്യപൂർത്തീകരണത്തിന്റെ മൂർത്തിയായിരുന്നു ഊർമ്മിള. നിശബ്ദസഹനത്തിന്റെ പ്രതീകമായ ഊർമ്മിളയെക്കുറിച്ച് ഒന്നും പറയാതിരിക്കുക വഴി ഊർമ്മിളയെ സംബന്ധിക്കുന്നതെല്ലാം അനുവാചകസങ്കല്പത്തിന് വിടുകയായിരുന്നു വാല്മീകി. സ്ത്രീത്വത്തിന്റെ ശക്തിവൈഭവത്തിന്റെ പ്രതിനിധിയായിട്ടാണ് അന്തർജ്ജനം ഊർമ്മിളയെക്കാണുന്നത്. സ്ത്രീയുടെ ത്യാഗരൂപത്തിന്റെ പ്രതിനിധിയായ ഊർമ്മിളയുടെ തൊട്ടുപിറകിൽ നിൽക്കുന്നത് മണ്ഡോദരിയാണ്. വിക്രമനായ പതിയെ സ്വന്തം വരുതിയിൽ നിർത്തുമ്പോഴും പത്നീധർമ്മം മറക്കാത്ത സാധ്വിയായാണ് അവളെ അവതരിപ്പിക്കുന്നത്. എങ്കിലും ഇതരകഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോഴുള്ള സൂക്ഷ്മത മണ്ഡോദരിയെക്കുറിച്ച് പറയുമ്പോൾ ലേഖിക പ്രകടിപ്പിക്കുന്നില്ല. ഇതുവരെ നമുക്കുമുന്നിൽ നിരന്നു നിന്നവർ പ

തിവ്രതകൾ എന്ന ലേബലുമായി വന്നവരാണെങ്കിൽ ഇനി നാം കണ്ടുമുട്ടുന്നത്, വ്യഭിചാരക്കുറ്റത്തിന് ശിക്ഷയേൽക്കേണ്ടിവന്നവൾ എന്നമട്ടിൽ വിലയിരുത്തപ്പെട്ട അഹല്യയെയാണ്. സ്ത്രീയുടെ കാമമോഹിത ഭാവത്തെ തിരസ്കരിക്കുന്ന, മാതൃഭാവത്തെ പൂജിക്കുന്ന സംസ്കാരത്തിൽനിന്നാണ് അഹല്യയുടെ കഥയുണ്ടാവുന്നത്. കാമമോഹം കുലസ്ത്രീകൾക്ക് ചേർന്നതല്ല എന്നാണല്ലോ നാം നമ്മുടെ പെൺമക്കളെ പഠിപ്പിച്ചു പോരുന്നത്. ആ സങ്കല്പത്തെ പൊളിക്കാൻ അന്തർജ്ജനവും മുതിരുന്നില്ല.വാസ്തവത്തിൽ അഹല്യ അപരാധിനിയല്ല, ചേർച്ചയില്ലാത്ത വിവാഹബന്ധങ്ങളുടെ ഒരു ഇരമാത്രമായിരുന്നു അവൾ. ആത്മസംയമനം നഷ്ടമായ ഒരുനിമിഷത്തിന്റെ ദുരന്തം ജീവിതകാലം മുഴുവൻ അനുഭവിക്കേണ്ടിവന്ന അഹല്യക്ക് കാമാസക്തി മാതൃഭാവമായി പരിണമിക്കുമ്പോൾ മാത്രമാണ് മോക്ഷത്തിന് അർഹത ലഭിക്കുന്നത് എന്നു പറയുമ്പോൾ അന്തർജ്ജനത്തിന്റെ സ്ത്രീപക്ഷസമീപനത്തിന് ക്ഷീണം സംഭവിക്കുന്നതായിക്കാണാം.സ്ത്രീ മാതാവു മാത്രമല്ല എന്ന വസ്തുത അന്തർജ്ജനം ബോധപൂർവ്വം മറക്കുന്നതായിത്തോന്നും. നയചതുരയായ വാനരറാണി താരയെ അവതരിപ്പിക്കുമ്പോഴും പാതിവൃത്യത്തിന്റെ മഹത്വഘോഷണം കാണാം. സത്യത്തിന്റേയും സ്നേഹത്തിന്റേയും ആത്മാർത്ഥതയുടേയും പ്രതീകമായിട്ടുതന്നെയാണ് താരയേയും അന്തർജ്ജനം വരച്ചിടുന്നത്. വാല്മീകിയുടെ നായികമാരിൽ അവസാനം അന്തർജ്ജനം കണ്ടെത്തുന്നത് ലോകത്തിന്റെ മുഴുവൻ ശാപത്തിനിരയായ മന്ഥരയെയാണ്. മന്ഥരയെ അവളുടെ ഭാഗത്തുനിന്നു കാണാനുള്ള ശ്രമമാണ് അന്തർജ്ജനം നടത്തുന്നത്. വിദേശരാജ്യത്തേക്ക് വിവാഹം ചെയ്തു പോകുന്ന രാജകുമാരിക്കൊപ്പം അവളുടെ രക്ഷയും സൗഭാഗ്യവും ഉറപ്പു വരുത്തുവാനാണ് സ്വന്തം രാജ്യം ഉപേക്ഷിച്ച് മന്ഥര അയോദ്ധ്യയിലെത്തുന്നത്. സകലരുടേയും ആട്ടുംതുപ്പും സഹിച്ചുകൊണ്ട് അവിടെക്കഴിഞ്ഞതും രാജകുമാരിക്കു വേണ്ടിമാത്രമായിരുന്നു. തന്റെ ധർമ്മം പാലിക്കുക മാത്രമേ മന്ഥര ചെയ്തുള്ളു.അതുകൊണ്ടാണ് വാല്മീകിയും രാമനും അവൾക്ക് മാപ്പ് നൽകുന്നത്.



സീതയിൽത്തുടങ്ങി മന്ഥരയിൽ അവസാനിക്കുന്ന വാല്മീകിയുടെ നായികമാരെ വിലയിരുത്താൻ ശ്രമിക്കുമ്പോൾ അവർ സ്ത്രീ വർഗ്ഗത്തിന്റെ സ്വഭാവസവിശേഷതകളുടെ പ്രതീകങ്ങളും പ്രതിനിധികളുമാകുന്നു.എങ്കിലും പാതിവൃത്യവും മാതൃത്വവും മാത്രമാണ് സ്ത്രീയെ മഹത്വവൽക്കരിക്കുന്നത് എന്നൊരു സന്ദേശം അന്തർജ്ജനത്തിന്റെ വാക്കുകളിൽ പ്രസരിക്കുന്നത് കാണാതെപോകാനാവില്ല.

അന്തർജ്ജനം തന്റെ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗം വ്യാസനായികമാർക്കായി നീക്കി വച്ചിരിക്കുന്നു. നായികമാരിൽ ആദ്യം ഗാന്ധാരിയാണ്, ധർമ്മവ്യസനിനിയായ ഗാന്ധാരി. വേദന ഉരുവം പൂണ്ട ഇവളും അന്തർജ്ജനത്തിന് ഭാരതസ്ത്രീത്വത്തിന്റെ പ്രതീകം തന്നെ. ഗാന്ധാരിയുടെ ഉള്ളിലുള്ള പകയും മനസ്സിന്റെ കാഠിന്യവും അക്ഷമയുമൊക്കെ പ്രസിദ്ധങ്ങളായിരിക്കേ ധർമ്മമൂർത്തിയായാണ് അന്തർജ്ജനം ഗാന്ധാരിയെ അവതരിപ്പിക്കുന്നത്. ഗാന്ധാരിക്കുശേഷം രംഗപ്രവേശം ചെയ്യുന്നത് കുന്തിയാണ്. അങ്ങേയറ്റത്തെ നിർഭാഗ്യമാണ് ലേഖികയുടെ ഉള്ളിൽ കുന്തിയെക്കുറിച്ചുള്ള അനുകമ്പ നിറക്കുന്നത്. വീരപുത്രന്മാരുടെ മാതാവായിട്ടും ജീവിതത്തിൽ സുഖമെന്തെന്നറിഞ്ഞില്ല,അവൾ. സ്ത്രീ ദുഃഖത്തിന്റെ രണ്ടുമുഖങ്ങളെ അവതരിപ്പിക്കുകയായിരുന്നു ഗാന്ധാരിയേയും കുന്തിയേയും ഒന്നിച്ചുനിർത്തിക്കൊണ്ട് വ്യാസൻ ഉദ്ദേശിച്ചതെന്ന് ലളിതാംബിക അന്തർജ്ജനം കരുതുന്നു.

കുന്തിയെപ്പോലെ ദുരിതമനുഭവിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു ദ്രൗപദിയും. ബഹുമുഖവ്യക്തിത്വമുള്ള നാരിയാണ് ദ്രൗപദി. മാതാക്കളെപ്പോലെ എന്തും സഹിക്കാൻ ഒരുക്കമല്ലായിരുന്നു എന്നിടത്തുമാത്രമാണ് അവൾ വേറിട്ടുനിൽക്കു

*(ശേഷം പേജ് 42)*

ഓർമ്മ



മിനിസുകുമാർ

# സ്വാതന്ത്ര്യത്തിന്റെ പുത്രി : ഏഷ്യയിലെ സ്ത്രീപഠനപ്രസ്ഥാനത്തിന്റെ മുത്തശ്ശി

# വീണാമസുംദാർ

**സംഭവബഹുലമായ** ജീവിതം തനിക്കു നൽകിയ പലവിധ വിശേഷണങ്ങൾ ഓർത്തുകൊണ്ടാണ് വീണാമസുംദാർ തന്റെ ആത്മകഥയായ 'ഒരു ഉരുളൻ കല്ലിന്റെ ഓർമ്മകൾ' (Memories of a Rolling stone) ആരംഭിക്കുന്നത്. ആ വിശേഷണങ്ങളിൽ വീണാമസുംദാർ ഏറ്റവും ഇഷ്ടപ്പെട്ടത് 'ഏഷ്യയിലെ സ്ത്രീപഠനത്തിന്റെ മുത്തശ്ശി' , 'ഇന്ത്യൻ സ്ത്രീപ്രസ്ഥാനത്തിന്റെ കഥാകാരി' എന്നീ വിളിപ്പേരുകളായിരുന്നു. ആയിരത്തിത്തൊള്ളായിരത്തി എഴുപതുകൾ മുതൽ ശക്തിപ്രാപിച്ച സമകാലിക ഇന്ത്യൻ സ്ത്രീസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ദിശയും ഗതിയും നിർണ്ണയിച്ച അപൂർവ്വ വ്യക്തിത്വമായിരുന്നു എല്ലാവരും വീണാദി എന്നു സ്നേഹപൂർവ്വം വിളിച്ച വീണാമസുംദാർ. ജീവിതാഭിലാഷങ്ങളേയും ലക്ഷ്യങ്ങളേയും ധൈര്യപൂർവ്വം പിന്തുടരുവാനും സംഘർഷങ്ങൾക്കിടയിലും ജീവിതത്തെ സന്തോഷത്തോടെ നിലനിർത്തുവാനും കുടുംബവും സമൂഹവുമായുള്ള കൊടുക്കൽ വാങ്ങലുകളിലൂടെ രാഷ്ട്രീയബോധത്തെ നിരന്തരം നവീകരിക്കാനുമുള്ള ഒരു സ്ത്രീയുടെ അശ്രാന്ത പരിശ്രമങ്ങളാണ് ആ ജീവിതം നമുക്കുമുന്നിൽ വെക്കുന്നത്.

ഉയർന്ന വിദ്യാഭ്യാസപശ്ചാത്തലമുള്ള ഒരു മധ്യവർഗ്ഗ ബംഗാളി കുടുംബത്തിലെ ഏറ്റവും ഇളയകുട്ടിയായാണ് 1927-ൽ വീണമസുംദാർ ജനിച്ചത്. വാത്സല്യവും സുരക്ഷിതത്വവും തികഞ്ഞ കൂട്ടുകുടുംബത്തിലെ ആർഭാടരഹിതമായ ബാല്യകാലം പെൺകുട്ടികളുടെ പഠനത്തിനും വിദ്യാഭ്യാസ-സാംസ്കാരിക വളർച്ചക്കും പ്രോത്സാഹനം നൽകുന്നതായിരുന്നു. സാമൂഹ്യ ഉത്തരവാദിത്വങ്ങളേക്കുറിച്ചുള്ള തന്റെ ബോധ്യങ്ങൾക്കു കാരണം പിതാവിന്റെ ദേശീയബോധവും സ്ത്രീയെന്ന നിലയിലുള്ള സ്വാഭിമാനത്തിനു കാരണം അമ്മ പകർന്നു നൽകിയ ആത്മവിശ്വാസവുമാണെന്ന് വീണാ മസുംദാർ രേഖപ്പെടുത്തുന്നു. കൽക്കട്ടയിലും ഓക്സ്ഫോർഡിലും ഉന്നതപഠനം പൂർത്തിയാക്കിയ വീണ വിദ്യാഭ്യാസ കാലഘട്ടത്തിൽ വിദ്യാർത്ഥിപ്രസ്ഥാനത്തിലും സജീവമായിരുന്നു. കോളേജ് അധ്യാപിക, വിദ്യാഭ്യാസ

ആസൂത്രക, സ്ത്രീവികസന-വിദ്യാഭ്യാസനയരൂപീകരണ വിദഗ്ദ്ധ, സ്ത്രീസ്വാതന്ത്ര്യപ്രവർത്തക എന്നിങ്ങനെ നിരവധി റോളുകളിൽ പ്രവർത്തിച്ച വീണാ മസുംദാറിന്റെ ദീർഘവീക്ഷണമാണ് സ്ത്രീപഠനത്തെ (women's studies) ഇൻഡ്യയുടെ ദേശീയ ആസൂത്രണത്തിലും ഗവേഷണത്തിലും ഉന്നതവിദ്യാഭ്യാസരംഗത്തും ഒരു സുപ്രധാന വിഷയമായി അംഗീകരിക്കാൻ കാരണമായത്.

1927-ൽ ഇൻഡ്യാഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റി ഓൺ ദ സ്റ്റാറ്റസ് ഓഫ് വിമന്റെ ഉദ്ദേശ്യം ഇൻഡ്യയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചുള്ള സമഗ്രമായ വിലയിരുത്തൽ നടത്തി, 1975-ൽ മെക്സിക്കോയിൽ നടക്കുന്ന ഐക്യരാഷ്ട്ര സഭയുടെ പ്രഥമ അന്താരാഷ്ട്രവനിതാസമ്മേളനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു.

ഡോ.ഫൂൽ രേണുഗുഹയുടെ നേതൃത്വത്തിലുള്ള ഈ കമ്മിറ്റി തയ്യാറാക്കിയ 'തുല്യതയിലേക്ക്' (towards equality) എന്നു പേരിട്ട റിപ്പോർട്ട് ഇൻഡ്യൻ സ്ത്രീയവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാന രേഖയായാണ് ഇന്നും പരിഗണിക്കപ്പെടുന്നത്. ഈ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയെന്ന നിലയിൽ വീണാ മസുംദാർ നടത്തിയ അക്കാദമിക പ്രവർത്തനവും സംഘാടനവുമാണ് സമഗ്രമായ ആ പഠനരേഖ കുറഞ്ഞ സമയത്തിനുള്ളിൽ സാദ്ധ്യമാക്കിയത്. ഈ റിപ്പോർട്ട് വികസിപ്പിച്ചെടുത്ത സമീപനങ്ങളും മാനദണ്ഡങ്ങളുമാണ് ഇൻഡ്യയിലെ സ്ത്രീപഠനസമീപനങ്ങളുടെ അടിസ്ഥാന സമീപനങ്ങളായി മാറിയത്. 1975ൽ ഇൻഡ്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ ഭാഗമായി വീണാ മസുംദാർ തുടങ്ങിയ ചെറിയ റിസർച്ച് ഗ്രൂപ്പാണ് ഇന്ത്യയിലെ ആദ്യത്തെ ഔദ്യോഗിക-അംഗീകൃത സ്ത്രീപഠനപരിപാടി. 1975ൽ ഇന്ദിരാഗാന്ധി ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുകയും രാജ്യത്തെ എല്ലാവിധ ജനാധിപത്യ രാഷ്ട്രീയപ്രവർത്തനങ്ങളും അടിച്ചമർത്തപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, ഇൻഡ്യയിലെ സാമൂഹ്യശാസ്ത്രഗവേഷണം വലിയ പ്രതിസന്ധി നേരിടുകയും ചെയ്ത അവസരത്തിൽ സ്ത്രീപഠനമെന്ന ഈ പുതിയ ഗവേഷണമേഖലയുടെ രാഷ്ട്രീയം തിരിച്ചറിയാൻ കഴിയാതിരുന്ന (ഇപ്പോഴും അത് തിരിച്ചറിയാത്തവരാണ് കൂടുതൽ!) ഭരണനേതൃത്വത്തിന്റെ അജ്ഞതയുടെ മറവിൽ സ്ത്രീവിമോചനചിന്തയുടെ രാഷ്ട്രീയവും പ്രയോഗവും ഉറപ്പിച്ചെടുക്കാൻ ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചു. സജീവമായി തുടങ്ങിയ ഇന്ത്യൻ സ്ത്രീപ്രസ്ഥാനത്തിനൊപ്പം ഇക്കാലം മുതൽ വീണാമസുംദാറിനെ കാണാം; ഒപ്പം ഇടതുപക്ഷ രാഷ്ട്രീയ സഹയാത്രികയായും.

> **സുദീർഘമായ പ്രവർത്തനകാലവും പ്രവർത്തനമണ്ഡലവും വഴി എല്ലാപ്രായത്തിലുമുള്ള എല്ലാ നാട്ടുകാരും ഉൾപ്പെട്ട സമ്പന്നമായ സുഹൃദ്വലയം വീണാദിക്ക് ചുറ്റുമുണ്ടായിരുന്നു.**

ഇന്ത്യയിലെ ആദ്യ സ്വതന്ത്ര സ്ത്രീപഠനഗവേഷണകേന്ദ്രമായ ഡൽഹിയിലെ സെന്റർ ഫോർ വിമൻ ഡവലപ്മെന്റ് സ്റ്റഡീസ് (CWDS) സ്ഥാപിക്കുകയും സ്ത്രീപഠനവിദഗ്ദരുടേയും സ്ത്രീപ്രസ്ഥാനപ്രവർത്തകരുടേയും ദേശീയസംഘടനയായ ഇൻഡ്യൻ അസോസിയേഷൻ ഫോർ വിമൻസ് സ്റ്റഡീസ് (IAWS) ആരംഭിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്ത വീണാദി സ്ത്രീപഠനത്തെ എപ്പോഴും സ്ത്രീപ്രസ്ഥാനത്തിന്റെ ഭാഗമായി മാത്രം കണ്ടു; എപ്പോഴും സ്ത്രീപഠനപ്രസ്ഥാനം (women's studies movement) എന്നുതന്നെ വിളിച്ചു. ഇതിലൂടെ ഇന്ത്യയിലെ സ്ത്രീപഠനത്തിന്റെ അക്കാദമിക സമീപനവും സൈദ്ധാന്തിക ചട്ടക്കൂടുകളും സ്ത്രീകൾ നേരിടുന്ന അസമത്വങ്ങൾക്കെതിരായതും, ഈ അസമത്വങ്ങൾക്ക് കാരണമായ വർണ്ണ-വർഗ്ഗ താല്പര്യങ്ങൾക്കെതിരായതും പാവപ്പെട്ട സ്ത്രീകളുടെ പക്ഷം ചേർന്നു നിൽക്കുന്നതുമായിരിക്കണമെന്ന് നിരന്തരം ഓർമ്മിപ്പിച്ചു.

സുദീർഘമായ പ്രവർത്തനകാലവും പ്രവർത്തനമണ്ഡലവും വഴി എല്ലാപ്രായത്തിലുമുള്ള എല്ലാനാട്ടുകാരും ഉൾപ്പെട്ട സമ്പന്നമായ സുഹൃദ്വലയം വീണാദിക്ക് ചുറ്റുമുണ്ടായിരുന്നു. കൂസലില്ലാതെ മനുഷ്യരേയും ജീവിതത്തേയും നേരിടുന്ന രീതിയും നർമ്മബോധവും, ഇടപെടുന്ന എല്ലാവരിലേക്കും അവരുടെ ആത്മവിശ്വാസം പ്രസരിപ്പിച്ചിരുന്നുവെന്ന്, മരണശേഷം പലരും എഴുതിയ ചെറു അനുസ്മരണങ്ങൾ പറയുന്നു. ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളുടേയും സാമൂഹ്യസവിശേഷതകളും സ്ത്രീജീവിതത്തിന്റെ പ്രത്യേകതകളും അറിഞ്ഞിരുന്ന വലിയൊരു മനസ്സ് ആദ്യം കാണുന്ന വ്യക്തിയോടും സ്വാഭാവിക വിനിമയങ്ങളിലൂടെ സംഭാഷണമാരംഭിക്കാൻ എപ്പോഴും തയ്യാറായിരുന്നു. വീണാദിയോട് ഒരിക്കലെങ്കിലും ഇടപെട്ടിട്ടുള്ള എല്ലാവർക്കുമെന്നപോലെ ആ മഹദ് വ്യക്തിത്വവുമായി എനിക്ക് ഇടപെടാൻ ലഭിച്ച ചുരുങ്ങിയ സമയങ്ങളുടെ ഓർമ്മകൂടി പങ്കുവെച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

2003-2004 കാലത്ത് CWDSന്റെ ഡയറക്ടറായിരുന്ന നാരായൺ ബാനർജി നേതൃത്വം നൽകിയ ഒരു പ്രൊജക്ടിന്റെ ഭാഗമായി ഞാൻ ചില കാര്യങ്ങൾ ചെയ്തിരുന്നു. ഔദ്യോഗിക പരിവേഷങ്ങളൊന്നുമില്ലാത്ത ഡൽഹിയിലെ CWDS ഓഫീസ് സന്ദർശിക്കുന്നത് എനിക്കെപ്പോഴും സന്തോഷമായിരുന്നു. അതിലൊരിക്കൽ നാരായൺദായെ കാത്തിരിക്കുമ്പോഴാണ് ഞാനാദ്യമായി വീണാദിയെ കാണുന്നത്. വളരെ സ്നേഹത്തോടെ എന്റെ വിശേഷങ്ങളും കേരളത്തിലെ രാഷ്ട്രീയാവസ്ഥയുമൊക്കെ ചോദിച്ചറിഞ്ഞ വീണാദി, അവരുടെ വിറക്കുന്ന കൈകൾകൊണ്ടുള്ള സിഗരറ്റ് വലികൊണ്ടും തമാശകൾ തുടരെ പൊട്ടിച്ചുകൊണ്ടുള്ള ചിരികൊണ്ടും എന്നെ കീഴടക്കിക്കളഞ്ഞു! രണ്ടാമത്തെ പ്രാവശ്യം ഞാൻ ചെല്ലുമ്പോൾ, ഇനി വരുമ്പോൾ വീണാദിയെ കാണണം എന്നു പറഞ്ഞേർപ്പാടു ചെയ്തിട്ടുണ്ടെന്നറിഞ്ഞു ഞാൻ അത്ഭുതപ്പെട്ടുപോയി. 1980

*(ശേഷം പേജ് 44)*



# തേഞ്ഞ്, തേഞ്ഞുപോകുന്ന ഭൂമി

**റീബ പോൾ**

ജിതേന്ദ്രൻ പടിയിറങ്ങി
സ്വന്തം കുടുംബത്തിൽനിന്നും
വേശ്യാഗൃഹത്തിൽനിന്നും
രണ്ടുപേരും പണം ചോദിക്കുന്നു
എന്ന പരാതിയിൽ!

ജീവിതം തിമർത്തുരമിക്കാനു-
ള്ളതാണെന്ന പുസ്തകം
വേശ്യ അയാൾക്കു മുൻപ്
കൊടുത്തിരുന്നു

വെള്ളത്തിൽ വേവിച്ചെടുക്കേണ്ട
പരിപ്പിനെക്കുറിച്ചും
കുഞ്ഞുങ്ങളുടെ വയറ്റിലെത്തേണ്ട
അരിയെക്കുറിച്ചും
കുഞ്ഞുങ്ങൾ വളർന്ന്
മിടുക്കരാകുന്ന സ്വപ്നവും
പ്രാർത്ഥനയും ചേർത്തരച്ച്
ഭവനത്തിൽനിന്നു കൊടുത്ത
പുസ്തകവും
പാതിവഴിയിൽ അയാൾ കളഞ്ഞു


ചാനലുകാരൊന്നും
ഈ തെക്കോട്ടിറക്കം
മിന്നലും മൂളിപ്പാട്ടും
കൊണ്ട് വരച്ചെടുത്തില്ല

കാരണം
എത്ര ജിതേന്ദ്രന്മാരുടെ
പടയൊരുക്കവും
കൊടിയിറക്കവും കൊണ്ട്, ഈ ഭൂമി
തേഞ്ഞ് തേഞ്ഞ് ഇല്ലാതായിരിക്കുന്നു!

# കനലാട്ടം

**ഉഷ.എസ്.കുമാർ**

കണ്ണകി ഞാനെൻ കണ്ണുകളിരുളിൻ
കഞ്ചുകമുരിയെ കാണുന്നു
ചിറകുകൾ കത്തിച്ചിതലായ്ത്തീരും
പാറ്റകളേ ചിത പുൽകുന്നു
അരികുകൾ വിണ്ടോരരിവാളിൻമുന
വിണ്ണിൽ ചെന്നു തറയ്ക്കുന്നു
കനലാട്ടങ്ങൾ കണ്ടു മടുത്തൊരു
കരയോ തിരയെത്തേടുന്നു
ചിറകുകളെരിയും കുയിലിൻ നാദം
കദനക്കഥകൾ പാടുമ്പോൾ
വഴിയിൽ വീഴും വാടാമല്ലികൾ
ഇതളുകൾ പാറിക്കരിയുമ്പോൾ
മതിഭ്രമമേറും മത്തേഭങ്ങൾ
മദനക്കൂത്തു നടത്തുമ്പോൾ,
ഒറ്റു കൊടുക്കുന്നുത്തരമില്ലാ
 നാവേറാൽ മുതുമന്ഥരമാർ
കനലെരിയുന്നു കണ്ണകി തൻ ഉടലാകെ-
യുമിക്കഥ കേൾക്കുമ്പോൾ,
ചിരിയാളുന്നു തീയായിവിടെ,ചുടല-
ക്കാടുകളെരിയുന്നു.....
പെണ്ണൊരു പിണമാണെന്നു നിനയ്ക്കും
നാടിൻ ചീയും നെഞ്ചത്ത്
ചതിയുടെ ഒറ്റച്ചിലമ്പു വീണ്ടും
എറിഞ്ഞുടക്കുന്നു,
കണ്ണകി വീണ്ടും താണ്ഡവമാടുന്നു....
സോമരസാമൃതപാനം മുക്കും
ജീവിതവർണ്ണങ്ങൾ
മാരസമം മദനോത്സവമാടും
പൂരുഷജന്മങ്ങൾ
എരിയും മിഴിയിൽ പണ്ടേ പതയും
പക തൻ ക്രൗര്യവുമായ്
കണ്ണകിയാടുന്നിന്നും നോവിൻ
കനലുരുകും പോലെ
ഇമകൾ ചിമ്മാനാവാതെയിടവഴികൾ
പേടിച്ചോടുമ്പോൾ,
നടവഴികൾ ഇരുളിൻ മറവിൽ മാനം
കട്ടുരസിക്കുമ്പോൾ,
കടലലകൾ തീർക്കും രവമോടിന്നും
കണ്ണകിയാർക്കുന്നു...
കണ്ണിൽ ആഗ്നേയാസ്ത്രവുമായ്
കണ്ണകിയുറയുന്നു
ഉയിരെടുത്തീയൂറ്റം മാനവനാ
സുരജന്മമെടുത്തതിനാൽ
തുടരുകയാണീ താണ്ഡവമാഴിക്ക
ലകൾ വറ്റും നാളോളം....!





# വീട്ടമ്മയെന്ന കോംപ്ലക്സ്

മെയ്ബി സ്റ്റാൻലി.സി

**ഒന്നും** എഴുതാൻ അറിയില്ല. എന്നാലും വീട്ടമ്മയാണെന്ന കോംപ്ല ക്സ് തീർക്കാൻ എഴുതണം എന്നു തന്നെ അവൾക്കു തോന്നി.

നേരം പുലർന്നാൽ ഇരുട്ടുവോളം ഇങ്ങനെ ഓരോന്നായി തീർത്തിട്ടും തീരാത്ത കുറച്ചു കോംപ്ലക്സുകളുണ്ടായിരുന്നു.

കുട്ടി ഉറങ്ങി. നല്ല നിലാവ്, ഏകാന്തത, മെഴുകുതിരി, കമ്പിറാന്തൽ തുടങ്ങിയ വെളിച്ച യന്ത്രങ്ങൾ, ഏറ്റവും എളുപ്പത്തിൽ കിട്ടാവുന്ന ഭർത്താവെന്ന ഇരയോടുള്ള പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെയുണ്ടാവുന്ന 'വെറുപ്പ്' (ഇത് യഥാർത്ഥത്തിൽ വ്യവസ്ഥിതിയോട് മൊത്തത്തിലുള്ള അമർഷമാണ്. ഇരകളാവുന്നത് പാവം ഭർത്താവോ ഭാര്യയോ ആകുന്നു എന്നുമാത്രം, എന്ന് അടിക്കുറിപ്പ്) തുടങ്ങിയ അനുകൂല ഘടകങ്ങൾ ഉള്ളതുകൊണ്ട് അവളെഴുതാനിരുന്നതാണ്. ആ ഒറ്റ ഊക്കിൽ ഇരുന്നു പോയതാണ് ഇപ്പോഴത്തെ ഈ പ്രതിസന്ധിക്കു കാരണം. അതെന്താണെന്നുവെച്ചാൽ എഴുതാനെന്തെങ്കിലും വേണ്ടെ? കഥയെഴുതാമെന്നുവെച്ചാണ് തുടങ്ങിയത്. പക്ഷേ സ്വന്തം കഥപോലും ഓർമ്മ വരുന്നില്ല. അവൾ ആദ്യമായി കുറേ നേരം ആലോചനയിലാണ്ടു. എന്നിട്ടും വരുന്നില്ല. ഒരു എഴുത്തുകാരിയുടെ പ്രതിസന്ധിയോടെ അവൾ ഇരുന്നു പുറത്തേക്കു നോക്കി.

തനിക്ക് കോവലും പടവലവും പടർത്താൻ പ്രത്യേകം ഇല്ലിമുള്ള് വരുത്തിച്ച് ഉണ്ടാക്കിത്തന്ന വേലിക്ക് നിലാവ് മൂർച്ച കൂട്ടുന്നു. രാക്കു

കഥയെഴുതാമെന്നു വെച്ചാണ് തുടങ്ങിയത്. പക്ഷേ സ്വന്തം കഥപോലും ഓർമ്മ വരുന്നില്ല. അവൾ ആദ്യമായി കുറേ നേരം ആലോചനയിലാണ്ടു. എന്നിട്ടും വരുന്നില്ല. ഒരു എഴുത്തുകാരിയുടെ പ്രതിസന്ധിയോടെ അവൾ ഇരുന്നു പുറത്തേക്കു നോക്കി.



ളിക്ക് എണ്ണതേച്ച് തലമുടി വിടർത്തി തെങ്ങികൾ നിൽക്കുന്നു. 'തെങ്ങികൾ' എന്ന തോന്നലിൽ ഒരു വി.കെ.എൻ സ്പർശം ഉണ്ട ല്ലോയെന്നും തന്നിൽ ഒരു സാഹി ത്യകാരി ഉണ്ടായിരിക്കുമെന്നും അവളൂഹിച്ചു. ആ ഒരു ഉൻമേഷ ത്തിൽ അവളൊന്നുകൂടി ആഞ്ഞി രുന്ന് ചിന്തിക്കാൻ തുടങ്ങി.

അടിമുടി പരിണാമഗുപ്തിയൊ, നാടകീയതയോ ആ ഒരു ഇതില്ലേ? കഥയുടെ ഒരിത്, അത് വേണ്ടുവോ ളമുള്ള ഒരു കഥ തോന്നാൻ ഈ നിലാവൊക്കെ മതിയാകില്ലെ ആവോ?

ആലോചന മുറിച്ചുകൊണ്ട് കുട്ടി കരഞ്ഞതും മുല ചുരന്നതും കാരണം ഉള്ള സർഗ്ഗശക്തി കൂടി നഷ്ടപ്പെട്ട്, ദുർബലയാക്കപ്പെട്ട് എഴുന്നേറ്റ് പോയി കുട്ടിയെ ഉറക്കി തിരിച്ചുവന്ന് പേനയെടുത്ത് പൂർവ്വാ ധികം വാശിയോടെയും ഒരു കഥ വരാത്തതിലുള്ള നിരാശയോടും കൂടി പേന പിടിച്ച് ഇരിപ്പായി.

തലേന്നത്തെ മദ്യപാന സദസ്സും സാംസ്കാരിക പ്രശ്നവി ചാരവും വിചാരണയും രാവിലെ അവശേഷിച്ച സിമന്റുതറയിലെ മൂത്രവൃത്തങ്ങളും ചിന്തയിലാകെ മനംപുരട്ടലുണ്ടാക്കിക്കൊണ്ട് മിന്നി മറഞ്ഞു. ഭർത്താവിന്റെ, തന്റെയും കൂടിയെന്ന് വിവക്ഷിക്കപ്പെടുന്ന (എന്തോ കഥ) സുഹൃത്തിന്റെ ബോധോദയത്തിന്റേയും അസ്തമ യത്തിന്റേയും പ്രതീകമായി പാതി രക്ക് മുകൾനിലയിലെ ബാൽക്ക ണിയിൽ നിന്ന് താഴെ ഹാളിലേക്ക് പെയ്തിറങ്ങിയ മൂത്രമഴയുടെ തിരു ശേഷിപ്പ് രാവിലെ നനച്ച തുണി മുക്കിത്തുടച്ച് തുണിയോടുകൂടി എറിഞ്ഞുകളഞ്ഞതും ശക്തിയായി കുടഞ്ഞിട്ടും തെറിച്ചു പോകാത്ത കൈയ്യുമായി തിരിച്ച് അടുക്കള യിൽ കടന്നതും ഒരു മൺകലം അതേ കൈമുട്ടി പൊട്ടുകയുണ്ടാ യതും കൂടിയായപ്പോൾ രാവിലെ, തുടക്കത്തിലേ തന്നെ ക്ലൈമാക്സു ണ്ടായ പോലെയായി.

ചായപ്പാത്രം, ചീനച്ചട്ടി, പ്ലേറ്റു കൾ, കയിലുകൾ തുടങ്ങിയവ സമീ പത്തെ തൊടികളിൽ നിന്നും ഗ്ലാസ്സുകൾ തട്ടിപുറമാകുന്ന ആഷ്ട്രേയിൽ നിന്നും കൊണ്ടുവ


**വേണ്ടതിലധികം ശബ്ദത്തിലുള്ള ഭർത്താവിന്റെ കിടക്കവിരി കുടയലോ, കുട്ടിയെ തൊട്ടിലിലേക്ക് മാറ്റിക്കിടത്തിയതോ ഒന്നും അവളെ ഇളക്കിയില്ല. പക്ഷേ അടുക്കളത്തോട്ടത്തിൽ കോംപ്ലക്സ് തീർക്കാൻ ശ്രമിച്ചതുമൂലം കിട്ടിയ കൈകാൽ, നടുവേദനയും ക്ഷീണവും അവളെ കിടക്കയിലേക്ക് പ്രലോഭിപ്പിക്കുന്നു ണ്ടായിരുന്നു.**


ന്ന്, പാത്രക്കൂമ്പാരത്തിനിടയിൽ നിന്ന് സിങ്കും കണ്ടുപിടിച്ച് അടു ക്കള പുനഃസ്ഥാപിച്ചപ്പോഴേക്ക് നേരം ഉണ്ണാറായി. ക്രമം തെറ്റാതി രിക്കാൻ ബ്രേക്ഫാസ്റ്റിനായി അട ച്ചുവെച്ച ദോശമാവ് തന്നെ ആദ്യം ദോശയാക്കി. സാമ്പാറുണ്ടാക്കി കഴിച്ചപ്പോഴേക്കും അത്താഴത്തിനു മായി. അതിൽപ്പിന്നെ രണ്ടു സുഹൃ ത്തുക്കൾ ഭാര്യയും കുട്ടിയും ഭർത്താവുമായി രാസപരിണാമം സംഭവിച്ച് തങ്ങളെപ്പോലെ തന്നെ യില്ലെങ്കിലും ഏതാണ്ട് പ്രതിസന്ധി യിലായവർ (ആകാത്തവർ ആരെ ങ്കിലുമുണ്ടോ എന്തോ?) കൂടി വന്ന തിനുശേഷമാണ് ഭർത്താവ് പുറത്തു പോയതും അവളിവിടെ ഒറ്റക്കായതും ഈ കുത്തിയിരുപ്പ് തുടങ്ങിയതും.

ഒരു വരിപോലും എഴുതാൻ കഴിയുന്നതിന് മുമ്പെ ഭർത്താവ് വന്നുകയറി. അന്നേ ദിവസം ആഹാരമെ കഴിച്ചിട്ടില്ലെന്ന മട്ടിൽ കൈകഴുകി ഊണിനിരുപ്പായത് തന്റെ സർഗ്ഗപരതയിലുള്ള ഭർത്താ വിന്റെ കൈകടത്തലായി മനസ്സിൽ വ്യാഖ്യാനിച്ച് അമർഷേന ചോറു വിളമ്പുകയും ഉണ്ണുകയും ചെയ്തെ ങ്കിലും അവളുടെ വാശി തീർന്നി രുന്നില്ല. എഴുതാതിനി വയ്യ.

ഭർത്താവ് ഫോണിലൂടെ അടുത്ത സദസ്സിന്റെ സംഘാടനം നടത്തുന്നതിന്റെ പശ്ചാത്തല ത്തിൽ അവളുടെ സർഗ്ഗവാസന കൂടിക്കൂടി വന്നെങ്കിലും ഒരു വരി കൂടി താങ്ങാനാവാതെ പേന കുഴഞ്ഞുമറിഞ്ഞു.

വേണ്ടതിലധികം ശബ്ദത്തി ലുള്ള ഭർത്താവിന്റെ കിടക്കവിരി കുടയലോ, കുട്ടിയെ തൊട്ടിലി ലേക്ക് മാറ്റിക്കിടത്തിയതോ ഒന്നും അവളെ ഇളക്കിയില്ല. പക്ഷേ അടു ക്കളത്തോട്ടത്തിൽ കോംപ്ലക്സ് തീർക്കാൻ ശ്രമിച്ചതുമൂലം കിട്ടിയ കൈകാൽ, നടുവേദനയും ക്ഷീണവും അവളെ കിടക്കയി ലേക്ക് പ്രലോഭിപ്പിക്കുന്നുണ്ടായിരു ന്നു.

ഇത്രയും ത്യാഗം സഹിച്ച് പൊന്നും പണവുമേൽക്കാതെ തന്നെ വഹിക്കേണ്ടിയും, സഹിക്കേ ണ്ടിയും വരികയാലുണ്ടായ, ഹൗസിംഗ്ലോണും, ബന്ധുജനവി യോഗവും കണക്കിലെടുത്താൽ തന്റെ കോംപ്ലക്സുതന്നെയാ വുമോ താഴെ? ഇനി ആ ബാധ്യത ഏറ്റെടുക്കേണ്ടി വന്നാൽതന്നെ സമൂഹത്തിൽ ഐഡിയൽ കപ്പിൾസും പ്രണയവിവാഹ ത്തിന്റെ ഉദാത്ത മാതൃകയും ഒക്കെ യായി വിലസുന്നത് നല്ലതല്ലെ? പോരെങ്കിൽ ഭാര്യയേയും, ഒക്കെ യായി വിലസുന്നത് നല്ലതല്ലെ? അതൊന്നും പോരെങ്കിൽ ഭാര്യയെ തന്നോടൊപ്പം തന്നെ മതിക്കുന്ന ഒരു ബുദ്ധിജീവിയുടെ ഭാര്യാപദവി മോശമാണോ?

പ്രതിഫലമായി, പ്രതിഫലേച്ഛ കൂടാതെ, അപൂർവ്വ വിഭവങ്ങൾ– ഇക്കാലത്ത് ആരും ചെയ്യുക പതി വില്ലാത്തതും അത്യപൂർവ്വവുമായ കല്ലിലരച്ച ചമ്മന്തി, കൊണ്ടാട്ടം മുതലായവ ഉണ്ടാക്കിയും, മുണ്ട് നന്നായി തിരുമ്പി (അതും യന്ത്ര സഹായമില്ലാതെ) വെളുപ്പിച്ച് ഇസ്തിരി കൂടാതെ തന്നെ ചുളി നീർത്തിയും വിരുന്നു സൽക്കാര ങ്ങളിൽ പരമാവധി ശ്രദ്ധിച്ചു മൊക്കെ അങ്ങനെ ഒരു വിധം ഒത്തുപോവുന്നതിനിടയിൽ ഇങ്ങ

നെയൊരു കോംപ്ലക്സുണ്ടായതിന്റെ ഉത്തരവാദിത്തം എന്തു ചെയ്യണമെന്നറിയുന്നേയില്ല. അതെന്തായാലും ശരി, തൽക്കാലം കോംപ്ലക്സ് മാറ്റിവെച്ച് കിടന്നുറങ്ങി നാളെ സർഗ്ഗസമരം പുനരാരംഭിക്കാനും തീരുമാനമായി.

ഇടക്കിടെ സംഭവിക്കാറുള്ളതുപോലെ എന്നിലെ ഫെമിനിസ്റ്റ് പുറത്തുചാടി, ഇങ്ങനെ ആത്മഗതം ചെയ്തു. "സ്ത്രീ ഇത്രയേറെ നികൃഷ്ടയായൊരു ജീവിയാണെന്ന ഉത്തമബോദ്ധ്യം എനിക്കുണ്ടാക്കിത്തരുന്നതിൽ വിവാഹാനന്തര ജീവിതത്തോടും ഞാൻ വളരെയേറെ കടപ്പെട്ടിരിക്കുന്നു എന്നു സമ്മതിക്കാതെ വയ്യ" എന്നുപറഞ്ഞ് മറയുകയും അതുകൂടി ചിന്തിച്ച് വിശകലനം നടത്തി ഒരുവിധം ഒതുക്കി തീർക്കേണ്ട ബാധ്യത കൂടി തനിക്കായല്ലോയെന്ന് പരിതപിച്ചും കൂട്ടത്തിൽ തന്നെ പഠിപ്പിച്ച (പഠിച്ചോ എന്തോ?) സാറിന്റെ വാക്കുകൾ ഒന്നുകൂടി ഓർമ്മിക്കുകയും ചെയ്തു. 'വിവാഹ ജീവിതം എന്നുവെച്ചാൽ സൈക്കിൾ മുട്ടിയവന്റെ മേൽ ലോറി കയറിയ അനുഭവമാണ്' തിരുവചനം തന്നെ എതിർവായില്ല...

കുട്ടിയെ നടുവിലാക്കി ഭർത്താവിന് കാമോദ്ദീപനമുണ്ടാവാത്ത വിധത്തിൽ ഒതുങ്ങി ചെരിഞ്ഞു കിടന്നുറങ്ങാൻ അവൾ തയ്യാറായതും എല്ലാ കോംപ്ലക്സുകളുടേയും പ്രതിഫലമായി ഉറങ്ങിപ്പോയതും പെട്ടെന്നായിരുന്നു. ●

---

*(പേജ് 35 തുടർച്ച)*

ന്നത്. അല്ലാത്തിടത്തൊക്കെ അവർ പരസ്പരപൂരകങ്ങളാണ്. ലോകത്തെ സമസ്ത സ്ത്രീ ഭാവനകളുടേയും സങ്കലനമായി വർത്തിക്കുന്ന അവൾ അപഗ്രഥനാതീതയാണെന്ന് അന്തർജ്ജനം കരുതുന്നു.

പുരുഷസ്വാർത്ഥതയുടെ ശാപഭാരം രണ്ടുതരത്തിൽ പേറേണ്ടി വന്നവരാണ് അംബയും ദുശ്ശളയും. ജീവിതത്തെ അർത്ഥവത്താക്കേണ്ടിയിരുന്ന പുരുഷന്മാരൊക്കെ ഒരുപോലെ അപമാനിക്കുക വഴിയാണ് പ്രതികാരത്തിന്റെ പാത അംബക്ക് തെരഞ്ഞെടുക്കേണ്ടി വന്നത്. എന്നാൽ ദുശ്ശളയോ,അഭിമാനിക്കത്തക്ക എല്ലാസൗഭാഗ്യങ്ങളും ജീവിതത്തിലുണ്ടായിട്ടും ദുരിതക്കയത്തിൽ മുങ്ങിത്താഴേണ്ടിവന്ന പാവം സ്ത്രീ. രാമായണത്തിൽ ഊർമ്മിളയെപ്പോലെ മഹാഭാരതത്തിൽ ഒരു ദുശ്ശള. അവളെക്കാണാനോ അറിയാനോ ആരും ശ്രദ്ധവച്ചില്ല. ആ സന്ദർഭത്തിലാണ് അന്തർജ്ജനം വാത്സല്യപൂർവ്വം ദുശ്ശളയെ തലോടുന്നത്. അതുപോലെത്തന്നെ നിഷ്കളങ്കയും വിനീതയുമായി സത്യവതിയേയും അന്തർജ്ജനം അവതരിപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിലെ പതിമൂന്നു ലേഖനങ്ങളിലൂടെ സ്ത്രീത്വത്തിന്റെ വിവിധമുഖങ്ങളെയാണ് അന്തർജ്ജനം നമുക്കുമുന്നിൽ തുറന്നു കാണിക്കുന്നത്. സ്ത്രീ വർഗ്ഗത്തിന്റെ മനസ്സിന്റെ വിവിധതലങ്ങളെ ഈ കഥാപാത്രങ്ങൾ പ്രതീകവൽക്കരിക്കുന്നു.ദുരിതമനുഭവിക്കുന്നവർക്കൊപ്പമാണ് താനെന്നു പ്രഖ്യാപിച്ചു കൊണ്ട് ഇതിഹാസങ്ങളിലെ ദുഃഖമൂർത്തികളെ മാത്രമാണ് അന്തർജ്ജനം പഠനവിധേയമാക്കിയത്. ഒപ്പം നാളിതു വരെ നാം മനസ്സിലുറപ്പിച്ചുപോന്ന ചില ധാരണകളെ തിരുത്തിയെഴുതാനും അന്തർജ്ജനത്തിനു കഴിഞ്ഞു. പുരുഷന്റെ സ്വാർത്ഥതയും അവസരവാദവും അധികാരദുർമ്മോഹവും നരകീയമാക്കിയത് സ്ത്രീ ജന്മങ്ങളെയായിരുന്നു. അതിനെതിരെ ചെറുത്തുനില്പ് നടത്തിയ മന്ഥരയേയും കൈകേയിയേയും അഹല്യയേയും അംബയേയും പുച്ഛത്തോടെ കാണാനാണ് നാം ഇഷ്ടപ്പെട്ടത്. അവരെ തമസ്കരിക്കുന്നതിലാണ് നാം ശ്രദ്ധിച്ചത്. നമ്മുടെ അത്തരം സങ്കല്പങ്ങൾക്ക് ഇരുട്ടടി നൽകുവാനുള്ള ശ്രമം അന്തർജ്ജനത്തിന്റെ 'സീതമുതൽ സത്യവതിവരെ' എന്ന ഗ്രന്ഥത്തിൽക്കാണാം. ●



എനിക്ക് സംഘടിത മാസികയുടെ വരിക്കാരി/വരിക്കാരൻ താല്പര്യമുണ്ട്.

**കാലയളവ്** **അടക്കേണ്ട തുക**
ഒരു വർഷം 150 /-രൂപ DD No..............................

ഇതിനോടൊപ്പം Rs....................................DD/MO അയക്കുന്നു. എന്ന്................................................

മേൽവിലാസം..........................................................................................................................

.........................................................................................................പിൻ.............................

മണിഓർഡറുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

ഉപ്പും മുളകും



ഗീത

# ആണും പെണ്ണുമല്ലാത്തത് ആണും പെണ്ണുമാണ്

നമ്മുടെ ഭരണഘടന അഭിസംബോധന ചെയ്യുന്നത് ആണിനെ മാത്രമോ പെണ്ണിനെ മാത്രമോ ആണ്. അതുകൊണ്ടു തന്നെ ഇവിടുത്തെ വിദ്യാഭ്യാസം, തൊഴിൽ എന്നുവേണ്ട സമസ്തമേഖലകളിലും ആണും പെണ്ണും മാത്രം സാധുവായി.

**ദേശീയപതാക** ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യൻ ഭരണഘടനയിൽ തങ്ങൾക്കുള്ള പദവിയെന്തെന്ന് അർധനാരികൾ ഉറക്കെ ചോദിച്ചു തുടങ്ങുന്നു. 'അർദ്ധനാരി'യെന്ന മലയാളസിനിമ ഈ സംഘർഷത്തെ സിനിമാപ്രേക്ഷകരിലേക്കു സംക്രമിപ്പിച്ചത് ഋതുപർണഘോഷിന്റെ 'ചിത്രാംഗദ' ഇറങ്ങിയ അതേ വർഷത്തിൽ (2012) തന്നെയാണെന്നത് യാദൃശ്ചികത മാത്രമായി തള്ളിക്കളയാനാവില്ല. ലിംഗപദവികളെക്കുറിച്ചുള്ള പുതിയ തുറന്നുപറച്ചിലുകളിലേക്ക് ഒരു ജനത എത്തിച്ചേരുന്നതിന്റെ കൂടി സൂചനയാണ്.

ഋതുപർണഘോഷ് പല സിനിമാനിരൂപകന്മാരും വിശേഷിപ്പിച്ചതുപോലെ ഒരു "ചലച്ചിത്രകാരൻ" അല്ല തന്നെ, ചലച്ചിത്രകാരിയല്ലാത്തതുപോലെ. അഥവാ ആ ആൾ ഒരേസമയം ചലച്ചിത്രകാരനും ചലച്ചിത്രകാരിയുമായിരുന്നു. തന്റെ ദ്വിലിംഗത്വം പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഋതുപർണഘോഷ് ജീവിച്ചതും ആവിഷ്കരിച്ചതും മരിച്ചുപോയതും. ആരായിരുന്നു ഋതുപർണഘോഷ്? ആണോ പെണ്ണോ?

നമ്മുടെ ഭരണഘടന അഭിസംബോധന ചെയ്യുന്നത് ആണിനെ മാത്രമോ പെണ്ണിനെ മാത്രമോ ആണ്. അതുകൊണ്ടു തന്നെ ഇവിടുത്തെ വിദ്യാഭ്യാസം, തൊഴിൽ എന്നുവേണ്ട സമസ്തമേഖലകളിലും ആണും പെണ്ണും മാത്രം സാധുവായി. ആണും പെണ്ണും സാമൂഹികനിർമ്മിതകളായിരിക്കുമ്പോൾ തന്നെ അംഗീകരിക്കപ്പെട്ട ജൈവവ്യത്യാസങ്ങൾ കൂടിയാണ്. കാരണം ആണും പെണ്ണുമായ മനുഷ്യരെ പുനരുത്പാദിപ്പിച്ചുകൊണ്ട് മനുഷ്യരുടെ വംശവർദ്ധനവുറപ്പുവരുത്താൻ ആണും പെണ്ണും ചേർന്ന ലോകം വേണം അഥവാ മതി. എന്നാൽ ഈ ആണും പെണ്ണും ചേർന്ന് ജന്മംകൊടുക്കുന്നവരിൽ ഇത് രണ്ടുമല്ലാത്ത/ഇത് രണ്ടുമായ ഒരു മൂന്നാം വിഭാഗവും ഉൾപ്പെടുന്നുവെന്നതാണ് യാഥാർത്ഥ്യം. എന്നിട്ടും സാമൂഹ്യാഗീകാരപദവിയിലുള്ള ആണോ പെണ്ണോ തങ്ങളിൽ നിന്നുണ്ടായ ഈ മൂന്നാം വിഭാഗത്തെ അംഗീകരിക്കുന്നില്ലെന്ന് കാണാം. അതിനാൽ ഈ മൂന്നാം വിഭാഗക്കാർക്ക് ആണിന്റേയോ പെണ്ണിന്റേയോ ഏതെങ്കിലുമൊന്നിന്റെ രൂപഭാവങ്ങളിലേക്ക് ഒളിച്ചോടേണ്ടിവരുന്നു. അതായത് സ്വ-രൂപത്തിലോ സ്വ-ഭാവത്തിലോ പ്രത്യക്ഷപ്പെടാൻ അവരനുവദിക്കപ്പെടാറില്ല.



*ശിഖണ്ഡിയായി പുനർജ്ജനിക്കുവാൻ ഒരു പെണ്ണിന് തപസ്സ് ചെയ്യേണ്ടിവരുന്നു. ബൃഹന്നളയാകാൻ ഒരാണിന് ശാപമേൽക്കേണ്ടിയും വരുന്നു. പെണ്ണിന് കിട്ടിയ അനുഗ്രഹവും ആണിന് കിട്ടിയ ശിക്ഷയുമായി നപുംസകത്വം മാറിയ ഒരു പാരമ്പര്യത്തിൽ നിന്നാണ് ചിത്രാംഗദയും അർദ്ധനാരിയും ഉണ്ടാകുന്നതെന്നതാണ് അവയെ പ്രസക്തമാക്കുന്നത്.*

ശരീരത്തെ ഭേദിച്ച് മനസ്സ് പുറത്തുചാടുന്നതുപോലെ ആൺ/പെൺ പദവിയെ ഭേദിച്ചുകൊണ്ട് വ്യത്യസ്തമായ ഒന്ന് ചിലപ്പോൾ സമൂഹത്തിലേക്ക് പുറത്തുചാടും. ഈ പുറത്തുചാട്ടത്തിന്റെ അപകട മേഖലകളെയാണ് ഋതുപർണ ഘോഷ് സ്വന്തംജീവിതം കൊണ്ടും സിനിമകൊണ്ടും നേരിട്ടതെന്നു കാണാം. പെണ്ണിന്റെ വേഷഭൂഷകൾ ധരിച്ചു എന്നതുകൊണ്ട് മാത്രമല്ല ഋതുപർണഘോഷിനെ ഇങ്ങനെ വിലയിരുത്തേണ്ടിവരുന്നത്. മാതാപിതാക്കളെ വിഷമിപ്പിക്കാതിരിക്കാൻ അവരുടെ മരണാനന്തരമാണ് ലിംഗമാറ്റശസ്ത്രക്രിയക്കൊരുങ്ങിയതെങ്കിലും അതിന് മുമ്പ് തന്നെ ഘോഷിന്റെ സിനിമകൾ ഈ അവസ്ഥയെ പ്രഖ്യാപിച്ചിരുന്നു.

ഏതൊരു പുരുഷാധികാരക്രമവും ആവശ്യപ്പെടുന്നത് 'സ്വാഭാവികമായ' ആണിനേയോ പെണ്ണിനേയോ മാത്രമാണ്. കൃത്രിമപെണ്ണിനെ ആ വ്യവസ്ഥ പുറംതള്ളുന്നതിന്റെ അനുഭവപരമായ തീവ്രതയും തീക്ഷ്ണതയും ഘോഷിന്റെ 'ചിത്രാംഗദ' ആവിഷ്ക്കരിച്ചു. അവൾക്ക്/അവന് പ്രണയമുണ്ട്, രതിയുണ്ട്, കാമനകളുണ്ട്. മറ്റേതൊരാണിനേയും പെണ്ണിനേയും പോലെ അതവന്/അവൾക്ക് തൃപ്തിപ്പെടുത്തേണ്ടതുമുണ്ട്. അവൾ/അവൻ അഥവാ അർദ്ധനാരി ഒരു പൂർണ്ണസ്ത്രീയാകുമ്പോൾ പുരുഷാധിപത്യവ്യവസ്ഥയിലെ കാമുകൻ പക്ഷേ പറയുക ഒരു 'സിന്തറ്റിക്'പെണ്ണിനെയല്ല യഥാർത്ഥപെണ്ണിനെയാണ് തനിക്കാവശ്യമെന്നായിരിക്കും. ലിംഗമാറ്റശസ്ത്രക്രിയ ശാസ്ത്രീയമായി വിജയിച്ചുവോ എന്നതിനപ്പുറത്തേക്ക് ധാർമ്മികമായി പരാജയപ്പെടുന്ന ചരിത്രസന്ദർഭമാണത്. ആധുനികശാസ്ത്രം വിജയം ആഘോഷിക്കുമ്പോഴും മനുഷ്യർ പരാജയപ്പെട്ടുപോകുന്ന സന്ദർഭം. അപ്പോൾ അവന്/അവൾക്ക് ഓപ്പറേഷൻ മേശയിൽ നിന്നു കുതറിച്ചാടി പുറത്തേക്കോടേണ്ടി വരുന്നു. ഈ പുറത്തുപോകൽ ചിത്രാംഗദയിൽ തന്റെ തന്നെ ഉള്ളിലേക്കുള്ള പ്രയാണമായി മാറുന്നത് കാണാം. പുരുഷാധികാരത്തിന്റെ ആത്മീയതാബോധങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായ ഒരു അഹംബോധം അവിടെയുണ്ട്. പുരുഷാധികാരത്തിന്റെ ബ്രഹ്മത്തിൽ നിന്നു വ്യത്യസ്തമായ ഒന്ന്. അതുകൊണ്ടുതന്നെ അവനിൽ/അവളിൽ നാമ്പെടുക്കുന്ന ആശയലോകം വളരെ വ്യത്യസ്തമായതാണ്.

ആണിന്റെ ലോകം ആവശ്യപ്പെടുന്ന പെണ്ണത്തത്തെ അവന്/അവൾക്ക് തിരസ്കരിക്കേണ്ടിവരുന്നു. പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോയി പരാജയപ്പെട്ടു തിരിച്ചെത്തുന്ന കാമുകനെ നിശബ്ദനാക്കി സ്വന്തം അതിർത്തി കടത്തിവിട്ടു കൊണ്ടു മാത്രമേ പിന്നീട് അവൾക്ക്/അവന് അതിജീവിക്കാൻ സാധിക്കുകയുള്ളൂ. കാരണം ഈ കാമുകന്റെ വിജയവും പരാജയവും സംഭവിക്കുന്നത് പുരുഷാധിപത്യവ്യവസ്ഥയിലാണ്. 'പൂർണ്ണനാരി'യെന്ന പോലെ 'അർദ്ധനാരി'യേയും ഈ വ്യവസ്ഥ ചതിച്ചു കളയും.

അവന്/അവൾക്ക് ജീവിക്കാനുതകുന്ന ജനാധിപത്യവ്യവസ്ഥയെ പുതുതായി സൃഷ്ടിക്കേണ്ടുന്നതിന്റെ ആവശ്യമതാണ്. എന്തുകൊണ്ടിവർക്ക് പൊതുജീവിതത്തിൽ വേഷം മാറേണ്ടിവരുന്നു? പുരുഷാധിപത്യവ്യവസ്ഥ ഇവരോടാവശ്യപ്പെടുന്നത് പുരുഷകാമനകളെ തൃപ്തിപ്പെടുത്തുന്ന ഒരു ശരീരം മാത്രമാകാനാണ്. അവന് സുഖങ്ങൾ മാത്രം നൽകുകയും അവകാശങ്ങൾ ഒന്നുമില്ലാതിരിക്കുകയും ചെയ്യുന്ന ഒരു വെറും ശരീരം. ആ വിലപേശലിൽ എപ്പോഴും അധികാരിയായ പുരുഷൻ ഈ പെണ്ണിനെ/ആണിനെ തോൽപ്പിച്ചുകൊണ്ടേയിരിക്കും.

ശിഖണ്ഡിയായി പുനർജ്ജനിക്കുവാൻ ഒരു പെണ്ണിന് തപസ്സ് ചെയ്യേണ്ടിവരുന്നു. ബൃഹന്നളയാകാൻ ഒരാണിന് ശാപമേൽക്കേണ്ടിയും വരുന്നു. പെണ്ണിന് കിട്ടിയ അനുഗ്രഹവും ആണിന് കിട്ടിയ ശിക്ഷയുമായി നപുംസകത്വം മാറിയ ഒരു പാരമ്പര്യത്തിൽ നിന്നാണ് ചിത്രാംഗദയും അർദ്ധനാരിയും ഉണ്ടാകുന്നതെന്നതാണ് അവയെ പ്രസക്ത

മാക്കുന്നത്. തന്റെ വ്യക്തിപരമായ ആൺ/പെൺ പദവികളെ ഒരുമിച്ച് വെളിവാക്കിക്കൊണ്ടാണ് ഘോഷ് ചിത്രാംഗദ ചെയ്തത്.

ആണുംപെണ്ണുമല്ലാത്ത ഒന്നിനെ അംഗീകരിക്കുമ്പോൾ മാത്രമാണ് ആണിനും പെണ്ണിനും ഈ ജീവിതത്തിൽ ജനാധിപത്യപരമായ ഇടംകിട്ടുക. അർദ്ധനാരി അർദ്ധപുരുഷനും കൂടിയാണ്. കുടുംബത്തിന്റെ കപടമൂല്യങ്ങളെ അട്ടിമറിച്ചുകൊണ്ട് അവളും അവനുമായ വ്യക്തിക്ക് ഒരു കുഞ്ഞിനെ പോറ്റാനാവും. ആണിനെ പെണ്ണാക്കിയും പെണ്ണിനെ ആണാക്കിയുമല്ല ശാസ്ത്രം വിജയിക്കുക. ആണും പെണ്ണുമായ ഒരാൾക്ക് ആഗ്രഹിക്കുന്നെങ്കിൽ കുഞ്ഞിനെ പെറാനുമാകണം. അപ്പോഴാണ് അച്ഛന് അമ്മയാകാനാവുക. ശരീരമല്ല കുഞ്ഞിന്റെ മാതാപിതാക്കളെ നിർണ്ണയിക്കുന്നതെന്ന് തിരിച്ചറിയാനും അപ്പോഴാണ് സാധിക്കുക. മനുഷ്യരുടെ മനസ്സിലാണ് അമ്മയും അച്ഛനും ഉണ്ടാവുക. അമ്മയും അച്ഛനും ഒരുമിച്ചുള്ള ഒരിടമാണ് ഈ മൂന്നാം വിഭാഗത്തിന്റെ ശരീരവും മനസ്സുമെന്ന് വെളിപ്പെടുത്താൻ ശ്രമിച്ചപ്പോഴുള്ള സംഘർഷങ്ങൾ പുരുഷാധിപത്യ വ്യവഹാരങ്ങളുടെ ശാഠ്യവും സംഭാവനയുമാണ്. അതുകൊണ്ട് തന്നെ ഏതൊരു പെണ്ണിനേയും പോലെ വ്യക്തിപരമായത് രാഷ്ട്രീയമാണെന്ന വിളിച്ചുപറയലിനെ കലയും സമരവുമാക്കുന്ന രാസപ്രവർത്തനമായിരുന്നു ഋതുപർണഘോഷിന്റെ ജീവിതവും സിനിമയും. പുരുഷന്റെ ഏകപക്ഷീയമായ അധികാരലോകത്തെ വെല്ലുവിളിച്ചുകൊണ്ട് തന്നെയാണ് അവളുടെ/അവന്റെ കലയേയും ആത്മാവിനേയും ഋതുപർണഘോഷ് പുറത്തെടുത്തത്. നിലവിലുള്ള ആത്മീയതാദർശനങ്ങളേയും കലാതത്വങ്ങളേയും വിച്ഛേദിച്ചുകൊണ്ടാണ് ആ പുറത്തെടുക്കൽ. പുരുഷാധിപത്യവ്യവസ്ഥക്കെതിരെ അത്തരമൊരു രാഷ്ട്രീയദൗത്യം ഏറ്റെടുത്തുവെന്നതുകൊണ്ടാണ് ഋതുപർണഘോഷിനേയും ചിത്രാംഗദയേയും ഈ പംക്തി ആദരിക്കുന്നത്. ●

---

*(പേജ് 37 തുടർച്ച)*

കളുടെ അവസാനത്തിൽ തിരുവനന്തപുരത്തെ ബീമാപള്ളിയിൽ പരപുരുഷബന്ധം ആരോപിക്കപ്പെട്ട ഒരു മുസ്ലീം സ്ത്രീയെ പരസ്യമായി അടി നൽകി ശിക്ഷിക്കാൻ പള്ളിക്കമ്മിറ്റി തീരുമാനിച്ചത് വലിയ വിവാദമായിരുന്നു. ഇത് സ്ത്രീകൾക്കു നേരെയുള്ള കടന്നുകയറ്റമാണെന്നും എതിർക്കപ്പെടണമെന്നും ഇ.എം.എസ് നമ്പൂതിരിപ്പാട് ആവശ്യപ്പെട്ടതും മുസ്ലിംലീഗുമായുള്ള രാഷ്ട്രീയധാരണകളെ ഇതുബാധിച്ചതും അക്കാലത്ത് വലിയ വാർത്താപ്രാധാന്യം നേടിയിരുന്നു. (എം.എൻ.കാരശ്ശേരിയുടെ 'ഉമ്മമാർക്കൊരു സങ്കടഹരജി' എന്ന പുസ്തകത്തിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്.) അക്കാലത്തെ വാർത്തകൾ വന്ന മലയാളം പത്രങ്ങൾ കണ്ടുപിടിച്ചുനൽകണമെന്നു പറയാനായിരുന്നു വീണാദി എന്നെക്കാണണമെന്ന് ആവശ്യപ്പെട്ടത്. കേരളത്തിലെ ഫെമിനിസ്റ്റ് പ്രസ്ഥാനം ശക്തിപ്രാപിക്കാത്തതിനെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങളും വീണാദി പങ്കുവെച്ചു. ഒടുവിൽ ഗൗരവത്തോടെ ഇങ്ങനെ പറഞ്ഞു. "പരസ്പരം മത്സരിക്കാൻ കെൽപ് നേടിയ കൂടുതൽ മനുഷ്യരും പരിമിതമായ വിഭവങ്ങളുമാണ് കേരളം നേരിടുന്ന പ്രശ്നം. എല്ലാ മേഖലകളിലും, ബൗദ്ധികമേഖലകളിലുൾപ്പെടെ നിങ്ങൾ നേരിടുന്ന പ്രശ്നം അതാണ്. എല്ലാവർക്കും അവസരം ലഭിക്കാനുള്ള മത്സരം ഇനിയും കൂടുകയേയുള്ളൂ. ഇനി സ്ത്രീപ്രസ്ഥാനങ്ങൾ ശക്തമാവുമ്പോഴും ഇതുതന്നെയായിരിക്കും ഒരുപക്ഷേ അവസ്ഥ. അപ്പോൾ യഥാർത്ഥ പ്രശ്നങ്ങൾ അവഗണിക്കപ്പെടുകയും അവകാശവാദങ്ങൾ മാത്രം ശ്രദ്ധിക്കപ്പെടുകയും ചെയ്യും. അതുകൊണ്ട് കൂടുതൽ ശ്രദ്ധയോടെ മുന്നോട്ട് പോകണം..."

സംഭവബഹുലമായ ഈ ജീവിതത്തെ അറിയുവാൻ വീണാമസുംദാറിന്റെ ആത്മകഥയായ ഒരു 'ഉരുളൻകല്ലിന്റെ ഓർമ്മകൾ' (Memories of a Rolling Stone) എല്ലാ സുഹൃത്തുക്കൾക്കും ഞാൻ ശുപാർശ ചെയ്യുന്നു. ●







സമൂഹത്തിൽ
നടമാടുന്ന
അനീതികളോടും അസമത്വങ്ങ
ളോടും ലിംഗവിവേചനങ്ങളോടും
അവർ സ്വന്തം രചനകളിലൂടെ
കലഹിച്ചു.
അതിശക്തമായ സ്ത്രീകഥാപാത്ര
ങ്ങൾ അവരുടെ
നോവലുകളെ
മികവുറ്റതാക്കി.

# പ്രഥമപ്രതിശ്രുതി ഒരു പ്രഥമ വാഗ്ദാനം



അനിത എ.കെ

**പെണ്ണെഴുത്തിനെക്കുറിച്ചും** പെണ്ണിടങ്ങളെക്കുറിച്ചും വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഈ കാലത്ത് അസഹനീയമാം വിധം ക്രൂരവും മനുഷ്യത്വഹീനവുമായ രീതിയിൽ അവൾ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു എന്നത് വിരോധാഭാസം തന്നെ. വിദ്യാഭ്യാസത്തിലും സാമ്പത്തികസ്വാശ്രയത്വത്തിലും അവൾ വളരെയേറെ മുന്നോട്ടുപോയിരിക്കുന്നു. എല്ലാ മേഖലകളിലും സ്വന്തം സാന്നിദ്ധ്യം കാര്യക്ഷമമായി അടയാളപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇതൊക്കെയായിട്ടും ഈ അത്യന്താധുനിയുഗത്തിലും സ്ത്രീവിരുദ്ധമൂല്യങ്ങൾ നിരന്തരം പുനരുല്പാദിപ്പിക്കപ്പെടുന്നത് എന്തുകൊണ്ടാവാം?

അതുകൊണ്ടുതന്നെ ഏതാണ്ട് എഴുപതിൽപ്പരംവർഷങ്ങൾക്കു മുമ്പ് മൂർച്ചയുള്ള തൂലികയാൽ രചിച്ച പ്രഥമപ്രതിശ്രുതി എന്ന ബംഗാളിനോവലിന്റെ പ്രസക്തി ഇന്നും മങ്ങാതിരിക്കുന്നു. ജ്ഞാനപീഠപുരസ്കാരം നേടിയ ആദ്യത്തെ സ്ത്രീയാണ് പ്രഥമ പ്രതിശ്രുതി രചിച്ച ആശാപൂർണ്ണാദേവി. 1909ൽ ഒരു യാഥാസ്ഥിതിക കുടുംബത്തിലാണ് അവർ ജനിച്ചത്. ഔപചാരികവിദ്യാഭ്യാസം നേടാത്ത അവർ വീട്ടിലിരുന്നാണ് എഴുത്തും വായനയും പഠിച്ചത്. സമൂഹത്തിൽ നടമാടുന്ന അനീതികളോടും അസമത്വങ്ങളോടും ലിംഗവിവേചനങ്ങളോടും അവർ സ്വന്തം രചനകളിലൂടെ കലഹിച്ചു. അതിശക്തമായ സ്ത്രീകഥാപാത്രങ്ങൾ അവരുടെ നോവലുകളെ മികവുറ്റതാക്കി.

ബംഗാളിസാഹിത്യത്തിൽ ആശാപൂർണ്ണാദേവിയുടെ ആഗമനം ശ്രദ്ധേയമായിരുന്നു. അവർ ബംഗാളിസമൂഹത്തിന്റെ ആഡംബരം നിറഞ്ഞ പുറംമോടികളെ ഛിന്നഭിന്നമാക്കി യഥാർത്ഥരൂപം വെളിവാക്കി. പരുഷവും അപ്രിയവുമായ സത്യങ്ങൾ അവരുടെ തൂലിക തുറന്നുകാട്ടി. പരമ്പരാഗതമായ ധാരണകളെയും വിശ്വാസങ്ങളേയും യുക്തിയുടെ ഉരകല്ലിൽ ഉരച്ചുനോക്കാതെ സ്വീകരിക്കാൻ അവർ ഒരിക്കലും തയ്യാറായില്ല.

ഇന്നത്തെ ബംഗാളിലെ അസംഖ്യം ബകുൾമാരുടേയും പാറുൾമാരുടേയും പിന്നിൽ വർഷങ്ങൾ നീണ്ടുനിന്ന സമരത്തിന്റെ ചരിത്രമുണ്ടെന്ന് ആശാപൂർണ്ണാദേവിയുടെ എഴുത്തിലൂടെ നാമറിയുന്നു. ബംഗാളിൽ മാത്രമല്ല ഭാരതദേശത്തൊന്നാകെ ഒരു പക്ഷേ ലോകത്തൊന്നാകെ തന്നെ ബകുൾമാരുടേയും പാറുൾമാരുടേയും പിന്നിൽ വർഷങ്ങൾ നീണ്ടു നിന്ന സമരത്തിന്റെ ചരിത്രമുണ്ടെന്ന് ആശാപൂർണ്ണാദേവി നമ്മോടു പറയുന്നു.

മൂക്കുത്തിയും കമ്മലും പാദസരവുമണിഞ്ഞ് എട്ടുമുഴം നീളമുള്ള സാരിചുറ്റി എട്ടാം വയസ്സിൽ വിവാഹിതയായ സത്യവതി എന്ന ഉജ്ജ്വല കഥാപാത്രത്തിലൂടെ ആശാപൂർണ്ണ ബംഗാളിലെ മധ്യവർഗ്ഗ ജന്മികുടുംബങ്ങളിൽ കഠോരമായ സാമൂഹിക ബന്ധനങ്ങളുടെ ഇരുമ്പ് ചട്ടക്കൂടിനുള്ളിൽ മോചനത്തിനുവേണ്ടി കിടന്നു പിടഞ്ഞ സ്ത്രീകളുടെ കഥകൾ ലോകത്തോട് പറഞ്ഞു.

പ്രതാപിയായ അച്ഛന്റെ വാൽസല്യഭാജനമായ ഏകമകളായിരുന്നു സത്യവതി. അതിനാൽ തന്നെ അ

വൾ അൽപ്പസ്വൽപം സ്വാതന്ത്ര്യത്തിലാണ് വളർന്നത്. എന്നിട്ടുപോലും കൊച്ചുകൊച്ചു കുസൃതികൾ കാരണം അവൾ നിരന്തരം പഴികേട്ടു. 'അന്യവീട്ടിൽ പോയി കുടുംബം നോക്കേണ്ട പെണ്ണ്' എന്നു ഭീഷണിപ്പെടുത്തി നിയന്ത്രിക്കാൻ ആ ചാറ്റർജി ഭവനത്തിലെ അപ്പച്ചിമാരും മുത്തശ്ശിമാരും നിരന്തരം ശ്രമിച്ചു. പക്ഷേ അവരുടെ ഈ ബ്രഹ്മാസ്ത്രത്തിന് സത്യ തെല്ലും വിലകൽപ്പിക്കാതെ തക്ക മറുപടി കൊടുക്കുകയും ചെയ്തു. കേരളത്തിലെ ശരാശരി വീടുകളിൽ ഈ ബ്രഹ്മാസ്ത്രം കേട്ടു വളരാത്ത പെൺകുട്ടികൾ ഉണ്ടോ?

'വൈദ്യൻ തിരുമേനി' എന്ന് ഗ്രാമവാസികൾ വിളിക്കുന്ന രാമകാളി ചാറ്റർജിയാണ് സത്യയുടെ അച്ഛൻ. പുത്രിയോട് അമിതവാൽസല്യമുണ്ട്, അവളോട് മാത്രം വിട്ടുവീഴ്ചകൾ ചെയ്യാറുമുണ്ട്. എങ്കിലും മകളുടെ ബുദ്ധികൂർമ്മത മനസ്സിലാക്കിയപ്പോൾ ചിന്തിക്കുന്നത്. അവളുടെ ഈ തലച്ചോറ് നിഷ്ഫലം അവൾ പെണ്ണല്ലേ. ഈ തലച്ചോറ് ജ്യേഷ്ഠന്റെ മകനായ 'നേഡു'വിന് കിട്ടിയിരുന്നെങ്കിൽ എന്നാണ്.

പരമ്പരാഗതമായ വിശ്വാസങ്ങളും അനാചാരങ്ങളും പാലിക്കപ്പെടുന്ന ചാറ്റർജി ഭവനത്തിലെ 'സത്യവതി' എന്ന വെളിച്ചം വിതറുന്ന പെൺകുട്ടിയെ സൃഷ്ടിക്കുക വഴി എഴുത്തുകാരി പ്രത്യാശവിതച്ചത് അസംഖ്യം വായനക്കാരിലേക്ക് കൂടിയാണ്. 'തോൽക്കാൻ ഒട്ടും മനസ്സിലാത്ത ഒരിക്കലും തോൽവി സമ്മതിക്കാത്ത' സത്യവതി. ഈ ഇളക്കക്കാരി പെൺകുട്ടി കാരണം വൈദ്യൻ തിരുമേനിയുടെ തലയിലെഴുത്ത് കഷ്ടമാകും എന്നാണ് ഗ്രാമവാസികൾ പറയുന്നത്.

ഭാര്യയെ തൊഴിച്ച് ബോധം കെടുത്തിയ രാമകാളിയുടെ ബന്ധുവായ ജടാധരൻ ചേട്ടനെപ്പറ്റി സത്യ പദ്യം രചിക്കുന്നു. സത്യ സ്കൂളിൽ പോയിട്ടില്ല. ആ ദേശത്തിലെ ഒറ്റ പെൺകുട്ടികളും പഠിച്ചിട്ടില്ല. പക്ഷെ നിർഭയയായ സത്യ രഹസ്യമായി പഠിച്ചു. പെൺകുട്ടികൾക്ക് പദ്യം ഉണ്ടാക്കാമോ എന്ന് ചോദിക്കുന്നു കളിക്കൂട്ടുകാരിയും ബന്ധുവുമായ പൊന്നു. ആ ചോദ്യം കേട്ട്

**പെൺകുട്ടി, പെൺകുട്ടി! പെൺകുട്ടി! പെൺകുട്ടികൾ അമ്മയുടെ വയറ്റിൽ പിറന്നവരല്ലേ? വെള്ളപ്പൊക്കത്തിൽ ഒഴുകി വന്നവരാണോ? എപ്പഴുമിങ്ങനെ പെണ്ണ്, പെണ്ണ് എന്നുപറഞ്ഞു നടന്നാൽ മേലിൽ എന്റെ കൂടെ കളിക്കാൻ വരണ്ട എന്ന്. തീർച്ചയായും വായനക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠനേടാതിരിക്കാനാവില്ല ഈ സത്യവതിക്ക്.**

ജ്വലിച്ചുകൊണ്ട് സത്യവതി ചോദിക്കുന്നു "പാടില്ലേ? പദ്യം ഉണ്ടാക്കാൻ പാടില്ലേ? പെൺകുട്ടി, പെൺകുട്ടി! പെൺകുട്ടി! പെൺകുട്ടികൾ അമ്മയുടെ വയറ്റിൽ പിറന്നവരല്ലേ? വെള്ളപ്പൊക്കത്തിൽ ഒഴുകി വന്നവരാണോ? എപ്പഴുമിങ്ങനെ പെണ്ണ്, പെണ്ണ് എന്നുപറഞ്ഞു നടന്നാൽ മേലിൽ എന്റെ കൂടെ കളിക്കാൻ വരണ്ട" എന്ന്. തീർച്ചയായും വായനക്കാരുടെ മനസ്സിൽ ചിരപ്രതിഷ്ഠനേടാതിരിക്കാനാവില്ല ഈ സത്യവതിക്ക്.

രാമകാളിയുടെ അപ്പച്ചിയായ 'മോക്ഷദ' ബുദ്ധിമതിയും സുന്ദരിയുമായ വിധവ. ശുദ്ധവും വൃത്തിയും കഠിനമായി പാലിക്കുന്ന സ്വയമറിയാതെ ഉരുകിത്തീരുന്ന മോക്ഷദമാരുടെ ചിത്രങ്ങൾ തുറന്നുകാട്ടുന്നു ഈ എഴുത്തുകാരി.

ജടച്ചേട്ടൻ അടിച്ച് ബോധം കെടുത്തി ദിവസങ്ങൾക്കു ശേഷം മുറുക്കാൻ എടുത്തു കൊടുത്തുകൊണ്ട് അരികെയിരുന്ന് ചിരിച്ചു കുഴയുന്ന ഭാര്യയെ കണ്ട് സത്യ ജ്വലിക്കുന്നു. ഇനി ഒരിക്കലും അവരെ കാണില്ല എന്ന് പ്രതിജ്ഞ എടുക്കുന്നു ഒമ്പതുവയസ്സുകാരിയായ സത്യ. ആത്മാഭിമാനമില്ലായ്മ ലവലേശം പൊറുക്കില്ല സത്യവതി. സ്ത്രീകൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ആത്മാഭിമാനത്തെക്കുറിച്ച് വളരെ വർഷങ്ങൾക്കുമുമ്പെ ഈ എഴുത്തുകാരി മനസ്സിലാക്കി. ഇന്നും ആത്മാഭിമാനത്തിന്റെ വിലയെക്കുറിച്ച് വേണ്ടത്ര ബോധ്യമില്ലാത്തവരല്ലേ ഏറെ പെൺകുട്ടികളും?

പെൺകുട്ടികൾ പഠിക്കുന്നത് പാപമാണെന്ന് വിശ്വസിച്ചിരുന്നു ബംഗാളിലെ ഗ്രാമവാസികൾ. താളിയോല കൈയിലെടുത്തുകൊണ്ട് സത്യ ഒരിക്കൽ നേഡുവിനോട് ചോദിക്കുന്നു- 'നോക്കട്ടെ നീയെത്രമാത്രം പഠിച്ചു എന്ന്- നേഡു ഭയന്നു വിറച്ചു. 'നീ താളിയോല കൈകൊണ്ട് തൊട്ടോ. നീ പെൺകുട്ടിയല്ലേ?' സത്യ വിട്ടുകൊടുക്കാതെ മറുപടി പറയുന്നു. 'പെൺകുട്ടികൾ താളിയോല തൊട്ടാൽ എന്താ കുഴപ്പം? കൽക്കത്തയിൽ എത്രയോ പെൺകുട്ടികൾ എഴുത്തും വായനയും പഠിക്കുന്നു, വിദ്യ നല്ല കാര്യമാണ്. വിദ്യ കൊണ്ട് ഒരിക്കലും പാപമുണ്ടാകുകയില്ല. നേഡു തോറ്റുകൊടുക്കാതെ എതിർവാദമുന്നയിക്കുന്നു.

ഈശ്വരപൂജ നല്ല കാര്യമാണ്. പക്ഷേ പെൺകുട്ടികൾ പൂജ ചെയ്യാറുണ്ടോ? നല്ല കാര്യങ്ങൾ ആൺകുട്ടികൾ ചെയ്യണമെന്നും ചീത്ത കാര്യങ്ങൾ പെൺകുട്ടികൾ ചെയ്യണമെന്നുമാണ് ഭഗവാൻ നിശ്ചയിച്ചിരിക്കുന്നത്.

തനിക്ക് താളിയോല കൈയിലെടുക്കാൻ മാത്രമല്ല എഴുതാനും കഴിയുമെന്ന് സത്യപ്രഖ്യാപിച്ചപ്പോൾ നേഡു സർപ്പദംശനം ഏറ്റതുപോലെ ഞെട്ടുന്നു. അവൾ എഴുതി കാണിച്ചപ്പോൾ അവൻ ഞെട്ടി. താൻ വശത്താക്കാൻ കഷ്ടപ്പെടുന്ന വിദ്യ സത്യ അനായാസേന പഠിച്ചിരിക്കുന്നു. വാഗ്വാദം കേട്ട് എത്തിയ പൊന്നുവിന് സത്യ എഴുതിയത് കണ്ട് സന്തോഷമായെങ്കിലും അവളും ചോദിക്കുന്നു. 'നീയൊരു പെണ്ണല്ലേ നിനക്കു പാപമുണ്ടാകുകയില്ലേ' സത്യയുടെ മറുപടി കണ്ണുതുറപ്പിക്കുന്നതു തന്നെയായിരുന്നു. "സ്ത്രീകൾ രാപ്പകൽ വഴക്കുണ്ടാക്കുകയും പരസ്പരം ചീത്തവിളിക്കുകയും ചെയ്താൽ പാപമില്ല. വിദ്യ അഭ്യസിച്ചാൽ പാപം, ഇതെന്തൊരു അന്യായം ? ശ്രേഷ്ഠസരസ്വതീദേവി സ്ത്രീയല്ലേ?" ഖണ്ഡി

ക്കാൻ കഴിയാത്ത ആ യുക്തി കേട്ട് നേഡു ചിരിക്കുന്നു. 'എല്ലാരും മറന്ന ഈ സത്യം സത്യവതി എങ്ങനെ മനസ്സിലാക്കി.

ഇന്നും മതങ്ങളോടും ദൈവങ്ങളോടും അനേകമനേകം ചോദ്യങ്ങൾ ഉയർത്തേണ്ടതില്ലേ എന്ന സന്ദേഹം വായനക്കാരിലുണർത്തുന്നു. ആശാപൂർണ്ണാദേവി നിരവധി കോലാഹലങ്ങളിലൂടെ വെളിച്ചം പകർന്നു കൊണ്ട് സത്യയിലൂടെ നമ്മുടെ യുക്തിചിന്ത ഉണർത്തുന്നുണ്ട് ഈ പുസ്തകം പല സന്ദർഭങ്ങളിലും.

രാമകാളി പുരുഷന്മാർക്ക് മാതൃകയാണ്. അനവധി ഗുണങ്ങളാൽ ഉജ്ജ്വലമായ സ്വഭാവം. മനുഷ്യനെ മനുഷ്യനായി അംഗീകരിക്കും. പക്ഷേ സ്ത്രീവർഗ്ഗത്തെ മാനിക്കാനുള്ള മൂല്യബോധം അദ്ദേഹത്തിനില്ല. പാചകം ചെയ്യുകയും, കുട്ടികളെ തല്ലുകയും, പരനിന്ദ നടത്തുകയും കലഹിക്കുകയും ചെയ്യുന്ന സ്ത്രീവർഗ്ഗത്തെ അദ്ദേഹത്തിന് അവജ്ഞയാണ്. പെരുമാറ്റത്തിൽ ഒരിക്കലും അദ്ദേഹം അത് പ്രകടിപ്പിക്കാറില്ല. എന്തായാലും ഈ പെൺകുട്ടി അദ്ദേഹത്തെ ചിന്താധീനനാക്കുന്നുണ്ട് പലപ്പോഴും. സ്ത്രീകളെപ്പറ്റി മറ്റൊരു വിധത്തിൽ ചിന്തിക്കേണ്ടതാവശ്യമല്ലേ എന്ന ചോദ്യം ഉദിപ്പിക്കുന്നുണ്ട്.

സ്ത്രീവർഗ്ഗത്തെ മാനിക്കേണ്ടത് അവശ്യം വേണ്ട മനുഷ്യഗുണങ്ങളിലൊന്നായി നാമിപ്പോഴും കരുതുന്നുണ്ടോ? എത്ര യുക്തിപൂർവ്വമാണ്. എത്ര മനോഹരമായാണ് ഈ നോവലിലൂടെ ഇത്തരം ചോദ്യങ്ങൾ ഉയർത്തുന്നത്.

**സ്ത്രീവർഗ്ഗത്തെ മാനിക്കേണ്ടത് ആവശ്യം വേണ്ട മനുഷ്യഗുണങ്ങളിലൊന്നായി നാമിപ്പോഴും കരുതുന്നുണ്ടോ? എത്ര യുക്തിപൂർവ്വമാണ്. എത്ര മനോഹരമായാണ് ഈ നോവലിലൂടെ ഇത്തരം ചോദ്യങ്ങൾ ഉയർത്തുന്നത്.**

എട്ടാംവയസ്സിൽ വിവാഹം നടത്തിയെങ്കിലും 12 വയസ്സ് തികയാതെ ബാരുപുരത്തെ വരന്റെ വീട്ടിലേക്ക് അയക്കില്ല എന്നു വ്യവസ്ഥ ചെയ്തിരുന്നു രാമകാളി. പക്ഷേ ഒരു വർഷം തികഞ്ഞപ്പോഴേക്കും അവർ അവളെ കൂട്ടിക്കൊണ്ടുപോകാൻ ആളെ അയച്ചു. കൊണ്ടുപോകാൻ വന്ന ക്ഷുരകസ്ത്രീയെ വേണ്ടുവോളം സമ്മാനങ്ങൾ നൽകി മകളെ യഥാസമയം അയച്ചു കൊള്ളാം എന്നു പറഞ്ഞുകൊണ്ട് സത്യയെ കൂടാതെ തിരികെ അയച്ചു രാമകാളി. അവളിൽ ഇടക്കിടെ മിന്നുന്ന പ്രകാശത്തെ പറ്റി ബോധവാനായ രാമകാളി അവളുടെ വിവാഹ ജീവിതത്തെപ്പറ്റി ആശങ്കപ്പെടുന്നുണ്ട്.

സാധാരണ ബംഗാളി ഗ്രാമത്തിലെ പോലെ അജ്ഞതയും അനാചാരങ്ങളും നടമാടുന്ന വേണ്ടുവോളം ഭൂസ്വത്തുള്ള ബാനർജി കുടുംബത്തിലേക്കായിരുന്നു സത്യയെ വിവാഹം ചെയ്തത്. കുടുംബത്തിൽ അംഗസംഖ്യ കുറവുള്ള, ഭൂസ്വത്തുള്ള, വിദ്യാഭ്യാസം ചെയ്തു കൊണ്ടിരിക്കുന്ന സുന്ദരനായ നവകുമാർ എന്ന പതിനഞ്ചുകാരനെ മകൾക്കുവേണ്ടി തെരഞ്ഞെടുത്തത് അവൾ കഷ്ടപ്പെടരുത് എന്ന് കരുതിയാണ്. പക്ഷേ, അജ്ഞതകൊണ്ട് രാക്ഷസസമാനരായ അളകേശിയുടേയും നീലാംബർ ബാനർജിയുടേയും നട്ടെല്ലില്ലാത്ത ഏകമകനോടൊപ്പം ജീവിക്കേണ്ടിവന്ന സത്യവതിയെന്ന കൊച്ചുപെണ്ണിന് എങ്ങനെ സുഖമുണ്ടാകാൻ? മരുമകളെ കൂട്ടികൊണ്ടുവരാൻ താക്കീതോടെ, ഭീഷണിയോടെ അവർ ഒരിക്കൽ കൂടെ ആളെ അയക്കുന്നു. രാമകാളി മകളെ അയക്കേണ്ട എന്നു തീരുമാനിച്ചു. സർവ്വലോകവും അയാളെ കുറ്റപ്പെടുത്തി. അച്ഛൻ മകളെ കഴുത്തിൽകെട്ടി നടക്കേണ്ടിവരും എന്നും മറ്റും. സത്യയുടെ നിശ്ശബ്ദയായ അമ്മയടക്കം എല്ലാവരും കുറ്റപ്പെടുത്തി. അച്ഛന് താൻ കാരണം അപമാനം നേരിടുന്നത് സഹിക്കാനാവാത്ത സത്യ, 'ഭർത്താവ്' എന്ന വാക്ക് പോലും അന്യരുടെ മുൻപിൽ വച്ച് ഉച്ചരിക്കുന്നത് അപമാനമാണെന്ന് കരുതിയിരുന്ന ആ കാലത്ത് നേരെ ചെന്ന് അച്ഛനോട് പറയുന്നു. "എന്നെ ഭർത്തൃവീട്ടിലേക്ക് അയക്കൂ" എന്ന്, "എനിക്കു വേണ്ടി അച്ഛൻ യാതന അനുഭവിക്കേണ്ടിവരും, ഞാൻ കാരണം അച്ഛന്റെ തലകുനിയേണ്ടിവരും, ഞാനത് ഇഷ്ടപ്പെടുന്നില്ല അച്ഛാ" എന്നും. അദ്ദേഹം സ്തബ്ധനാകുന്നു അവളുടെ ആവശ്യത്തിൽ. "ഇവൾ കേവലം ബാലികയാണോ. ഇവളിൽ ഏതു ശക്തിയാണ് കുടികൊള്ളുന്നത്. ഇവൾ എന്തുകൊണ്ട് ഒരു സാധാരണ പെണ്ണായില്ല. പൊന്നുവിനെപ്പോലെ, കുടുംബത്തിലെ മറ്റനേകം പെൺകുട്ടികളെപ്പോലെ ആയില്ല. അതായിരുന്നു ഉചിതം എങ്കിൽ അവളെ പറ്റി ആശങ്ക ഉണ്ടാകുമായിരുന്നില്ല." അദ്ദേഹം ചിന്തിക്കുന്നു.

ഒടുവിൽ ഭർതൃഗൃഹത്തിലെത്തിയ സത്യക്ക് ഒരുപാട് സഹിക്കേണ്ടിവരുന്നു. എങ്കിലും അവൾ അന്യായങ്ങളെ ചെറുത്തു നിന്നു. നിങ്ങളുടെ മരുമകൾ രാക്ഷസിയാണെന്ന് അയൽക്കാർ അളകേശിയെ പ്രീതിപ്പെടുത്താനായി എല്ലായ്പ്പോഴും പറഞ്ഞു. സത്യ അവൾക്ക് ശരിയെന്ന് തോന്നുന്നത് പ്രവർത്തിക്കും. വീട്ടിൽ കോലഹലമാകും അളകേശി നെഞ്ചത്തടിച്ച് പ്രാകും. നവകുമാർ ഓടി പുറത്തേക്ക് പോകും. കോലാഹലമടങ്ങിയാൽ ശബ്ദമുണ്ടാക്കാതെ തിരികെ വരും. എത്ര സുന്ദരിയാണ് എന്റെ വധു, എന്തൊരു ആകർഷണീയതയാണ് അവൾക്ക് . അവളുടെ കോപങ്ങളും ശാഠ്യങ്ങളും ഉപേക്ഷിച്ചിരുന്നെങ്കിൽ അവൾ സാധാരണ വധുവിനെപ്പോലെയായിരുന്നെങ്കിൽ നവകുമാർ ആഗ്രഹിക്കും.

മകൾ ഭർതൃവീട്ടിൽ പീഡിപ്പിക്കപ്പെടുന്നു. എന്ന അജ്ഞാതമായ എഴുത്തുകിട്ടിയപ്പോൾ അച്ഛൻ അവളുടെ ഭർതൃഗൃഹത്തിലെത്തി. ഏതാനും സെക്കന്റുകൾ മാത്രമാണ് മകളെ നേരിൽ കണ്ടത്. സുഖമാണോ എന്ന് ചോദിച്ചപ്പോൾ "അച്ഛൻ സ്വസ്ഥമായിരിക്കൂ. ഒരു കാര്യം ഉറപ്പ് തരാം" അവൾ പറയുന്നു. "അച്ഛന്റെ മകൾ ഒരിക്കലും അന്യാ

യം പ്രവർത്തിക്കുകയില്ല. അന്യായം സഹിക്കുകയുമില്ല.”

അങ്ങനെ നിരവധി സഹനങ്ങളിലൂടേയും സമരങ്ങളിലൂടേയും കാലം കടന്നുപോയി. ഋതുക്കൾ മാറി മാറി വന്നു. സത്യ രണ്ട് ആൺമക്കളുടെ മാതാവായി. ഒടുവിൽ അവൾ എന്നും സ്വപ്നം കണ്ട കൽക്കത്ത എന്ന സ്വാതന്ത്രലോകത്തിലേക്ക് സകുടുംബം താമസം മാറി. അതിന് നിരവധി കടമ്പകൾ, യുദ്ധങ്ങൾ ഒക്കെ വേണ്ടിവന്നു. തോറ്റുകൊടുക്കാൻ തയ്യാറില്ലാത്ത സത്യയോടൊപ്പം ഒടുവിൽ കൽക്കത്തക്ക് താമസം മാറ്റാൻ നവകുമാർ മനസ്സില്ലാമനസ്സോടെ തയ്യാറായി. അവൻ ചോദിക്കുന്നുണ്ട്. “സ്വന്തം നാടും വീടും അച്ഛനേയും അമ്മയേയും ഉപേക്ഷിച്ച് കൽക്കത്തക്ക് പോകുന്നത് എന്തിന്?” “ബാരുപുരത്തിനപ്പുറവും ഒരു ലോകമുണ്ടെന്ന് കാണാൻ, ബാരു പുറത്തെ ഈ കുഞ്ഞുകിണറ്റിൽ കിടന്നാൽ ബാഹ്യലോകം കാണണമെന്ന അവശ്യബോധം പോലും ഇല്ലാതാകും” സത്യ പറയുന്നു അവനോട്.

കൽക്കത്തയിൽ എത്തി ഇംഗ്ലീഷ് അറിയുന്ന നവകുമാറിന് സർക്കാരോഫീസിൽ ജോലി കിട്ടി. കുട്ടികളെ മനുഷ്യരായി വളർത്താൻ അവൾ അവരെ അവിടെ സ്കൂളിൽ ചേർത്തു. ചുറ്റുമുള്ള പരിഷ്കൃതലോകത്തിന്റെ ഉള്ളുപൊള്ളയായ ആഡംബരങ്ങൾ കണ്ട് ഹതാശയാകുന്നുണ്ട് സത്യ പലപ്പോഴും. എങ്കിലും പ്രതീക്ഷ കൈവിടാതെ സ്വന്തം ഇച്ഛക്കൊപ്പം കുടുംബം പടുത്തുയർത്താൻ ശ്രമിക്കുന്നു അവൾ.

സത്യയുടെ കുട്ടിക്കാലത്ത് അവളുടെ വീട്ടിൽ നിന്നും ഒളിച്ചുപോയ ശങ്കരി എന്ന വിധവയെ സത്യ ഒരിക്കൽ യാദൃശ്ചികമായി ദയനീയമായ ചുറ്റുപാടിൽ കാണാനിടയായി. ശങ്കരിയുടെ ആത്മഹത്യക്കുശേഷം അവളുടെ നിരാലംബയായ സുഹാസിനി എന്ന മകളെ ഒരു വലിയ യുദ്ധത്തിനുശേഷം സത്യ വീട്ടിൽ കൊണ്ടുവന്നു താമസിപ്പിക്കുന്നു. അവൾക്കുവേണ്ടി അവസാന നിമിഷം വരെ പോരാടാൻ ഉറയ്ക്കുന്നു സത്യ. ഒരുപാട് കലഹിക്കേണ്ടിവരുന്ന നവകുമാറിനോട് ഇതിന്റെ പേരിൽ ഈ ബാധ്യത ഏറ്റെടുക്കേണ്ട ആവശ്യമെന്തെന്ന അയാളുടെ ചോദ്യത്തിന് സത്യ മറുപടി പറയുന്നു. “ഞാൻ മനുഷ്യനായതുകൊണ്ട്, മൃഗമല്ലാത്തതുകൊണ്ട് എന്ന്.”

> ഒരുപാട് കലഹിക്കേണ്ടിവരുന്ന നവകുമാറിനോട് ഇതിന്റെ പേരിൽ ഈ ബാധ്യത ഏറ്റെടുക്കേണ്ട ആവശ്യമെന്തെന്ന അയാളുടെ ചോദ്യത്തിന് സത്യ മറുപടി പറയുന്നു. ‘ഞാൻ മനുഷ്യനായതുകൊണ്ട് മൃഗമല്ലാത്തതുകൊണ്ട് എന്ന്.’

മൂത്തമകൻ സാധൻകുമാർ– അവന് വിനയമുണ്ട്, വിദ്യാഭ്യാസം ചെയ്യുന്നു, നല്ലവനാണ്. പക്ഷേ നല്ലവനായാൽ മാത്രം മതിയോ? അതിലപ്പുറം എന്തോ ഉണ്ട്. അതാണ് സത്യ ആഗ്രഹിക്കുന്നത്. രണ്ടാമത്തെ മകൻ സരൾകുമാർ മറ്റൊരു തരക്കാരനാണ്. പഠിക്കും, പരീക്ഷ ജയിക്കും. സമ്പാദിക്കും. പത്തുപേരെക്കൊണ്ട് നല്ലവനെന്ന് പറയിക്കും. സത്യയുടെ മനസ്സിലെ മനുഷ്യനെ പറ്റിയുള്ള രൂപകൽപനക്ക് അടുത്തെങ്ങാനും അവൻ വരുമെന്ന് സത്യക്ക് വിശ്വാസമില്ല.

സുഹാസിനിയിൽ സത്യ ആ വസ്തു ദർശിക്കുന്നു. അവളിൽ ഒരു ദീപ്തിയുണ്ട്. അന്ധകാരത്തിന്റേയും പ്രകാശത്തിന്റേയും അന്തരം തീക്ഷ്ണമായി അവൾക്ക് പിടികിട്ടിയിട്ടുണ്ട്. ദീർഘകാലത്തെ ഇടവേളക്ക് ശേഷം സത്യക്കുണ്ടായ മൂന്നാമത്തെ മകൾ സുവർണ്ണയിലും സത്യ ആ ദീപ്തി കണ്ടു. പഠിക്കുകയും, പഠിപ്പിക്കുകയും ഒക്കെ ചെയ്യുന്നത് സത്യ. അസാമാന്യധൈര്യത്തോടെ പല പ്രവൃത്തികളും അവൾ ചെയ്യുന്നു. പലപ്പോഴും അസഹിഷ്ണുവാകും നവകുമാർ. അവൾ പെൺകുട്ടികളെ പഠിപ്പിക്കാൻ പോകുന്നത് യാദൃശ്ചികമായി അറിയാനിടയായപ്പോൾ ഒരിക്കൽ അയാൾ പറയുന്നു, ‘നീ എന്നേക്കാൾ വളരെ ഉയരത്തിൽ എത്തിക്കഴിഞ്ഞു.’

ഗ്രാമത്തിൽ നവകുമാറിന്റെ അച്ഛൻ രോഗഗ്രസ്തനായപ്പോൾ കലഹപ്രിയയായ അമ്മയോടൊപ്പം നവകുമാറിന്റെ താല്പര്യത്തിന് എതിരായിട്ടും സത്യ മകളോടൊപ്പം രണ്ടുവർഷത്തോളം അവിടെ താമസിച്ച് അവരെ ശുശ്രൂഷിച്ച് കർത്തവ്യം നിറവേറ്റുന്നു.

അച്ഛന്റെ മരണശേഷം വീണ്ടും തിരികെ എത്തിയെങ്കിലും സത്യ പല പ്രശ്നങ്ങളിലും ഇടപെടുന്നുണ്ട്. സത്യയുടെ ബുദ്ധിക്ക് തകരാറു സംഭവിച്ചു എന്ന് നവകുമാർ പോലും ചിന്തിക്കുന്നു. മകൻ പറയുന്നു, അമ്മക്ക് അസാധ്യരോഗം. ആരെങ്കിലും എവിടെയെങ്കിലും അന്യായം പ്രവർത്തിച്ചാൽ അത് അമ്മയോട് ചെയ്ത അപരാധമായി കരുതും. എല്ലാ പൊല്ലാപ്പും സ്വന്തം തലയിൽ വലിച്ചു കയറ്റും.

കണ്ടും കേട്ടും സഹിച്ചും സത്യ കഠിനഹൃദയയാകുന്നു പലപ്പോഴും. മൂത്തമകന് 23 വയസ്സായപ്പോൾ മറ്റുള്ളവരുടെ നിർബന്ധത്തിനു വഴങ്ങി സത്യ അവന്റെ വിവാഹത്തിന് തയ്യാറാകുന്നു. വിദ്യാഭ്യാസമുള്ള പെൺകുട്ടി വേണമെന്ന് സത്യ പറയുമ്പോൾ നവകുമാർ ചോദിക്കുന്നു. “നീ വിദുഷിയായാലും പോര വീട്ടിൽ വരുന്ന മരുമകളേയും വിദുഷിയായി കുടുംബത്തിന്റെ സ്വൈര്യം കെടുത്തണോ.” ഗ്രാമത്തിലെ കുടുംബവീട്ടിൽ വെച്ച് നടത്താൻ തീരുമാനിക്കുന്ന വിവാഹത്തിന്റെ ഒരുക്കങ്ങൾക്കായി നവകുമാറും മകൾ സുവർണ്ണയും ബാരുപുരത്തേക്കു പോയി. ഒമ്പതുവയസ്സായ സുവർണ്ണയെക്കണ്ട് അമ്മൂമ്മ “ഇത്രയും വലുതായ മകളുടെ വിവാഹം നടത്താതെ മകന്റെ വിവാഹം നടത്തുന്നോ. നിന്റെ വിദുഷിയായ ഭാര്യ” എന്നൊക്കെ കലാപം കൂട്ടി. അവർ ഉടനെ അവൾക്കായി വരനെ അന്വേഷിച്ച് വിവാഹത്തിനായി ഒരുക്കം തുടങ്ങി. നവകുമാറിന് അത് ഉചിതമായ പ്രവൃത്തിയായി തോന്നുന്നു. അയാൾ സത്യയെ ഭയന്ന് അവളെ ഇതൊന്നും അറിയിച്ചില്ല.

ഉടൻ ഗ്രാമത്തിൽ എത്താൻ ആള യച്ചു എന്നുമാത്രം. ആപത്ശങ്കയോടെ ഗ്രാമത്തിലെത്തിയ സത്യ കാണുന്നതെന്താണ്. ഓമനമകൾ ഏകപ്രതീക്ഷയായ മകൾ വധുവിന്റെ വേഷത്തിൽ മാരകമായി മുറിവേറ്റ മൃഗത്തിന്റെ കണ്ണുകളുമായി ഇരിക്കുന്നു. സത്യ പാറക്കല്ലുപോലെ നിശ്ചലയായി. അവൾ തിരികെ പോകാൻ വണ്ടിയിൽ കയറി. നവകുമാർ യാചിച്ചു, കേണപേക്ഷിച്ചു. "ഞാൻ നിന്നോടൊരിക്കൽ വാഗ്ദാനം ചെയ്തതാണ് പതിനാറു വയസ്സു തികയാതെ മകളെ വിവാഹം ചെയ്തയക്കില്ലെന്ന്. വേണമെങ്കിൽ പുതിയ ബന്ധുക്കളോട് വഴക്കുണ്ടാക്കി നിന്റെ സുവർണ്ണയെ തിരിച്ചേൽപ്പിക്കാം" എന്നൊക്കെ പറഞ്ഞപ്പോൾ ഉൻമാദിനിയെ പോലെ സത്യ ചോദിച്ചില്ല- "സത്യമാണോ- ഈ പാവകല്യാണം റദ്ദ് ചെയ്ത് എന്റെ സുവർണ്ണയെ തിരികെ തരുമോ." അതെങ്ങനെ റദ്ദ് ചെയ്യും.. ഈശ്വരൻ സാക്ഷിയായി വിവാഹം. ജന്മജന്മാന്തരങ്ങൾ നീണ്ടുനിൽക്കുന്ന ബന്ധം.

രണ്ടാംഭാഗമായ 'സുവർണ്ണലത' യുമായി ബന്ധപ്പെട്ട കാലഘട്ടം സ്ത്രീകളുടെ നവോത്ഥാന ദശയാണ്. വിട്ടുവീഴ്ചയില്ലാത്ത സമരത്തിലെ നായിക സുവർണ്ണലതയെ സൃഷ്ടിച്ച ആശാപൂർണ്ണാദേവി ഇന്നും പ്രസക്തമായ അനവധി ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്.

ഈ പരിഷ്കൃത സമൂഹത്തിലും വിദ്യാസമ്പന്നരായ സ്ത്രീകൾക്കു പോലും പൊതു ഇടങ്ങൾ അന്യമാണ്. ലോകവിവരം അന്യമാണ്. ജോലിസ്ഥലത്തിനും വീടിനുമപ്പുറം അവരൊന്നുമറിഞ്ഞില്ലെങ്കിലും ആരും പരാതിപറയില്ല എങ്ങാനും ഒരു നേരം കറിവെക്കാതിരുന്നാലോ പറയാനുണ്ടോ പൂരം.

സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തെപ്പറ്റി ഉൾക്കണ്ഠ ഇല്ലാതെ അജ്ഞതയിലും അന്ധവിശ്വാസത്തിലും ആത്മസംതൃപ്തി കണ്ടെത്തുന്ന സ്ത്രീജനങ്ങളോടുള്ള ആഹ്വാനം തന്നെയാണ് ആശാപൂർണ്ണദേവിയുടെ നോവൽ ത്രയങ്ങൾ.

കാലങ്ങൾക്കു മുമ്പെ സ്ത്രീകൾക്ക് വിദ്യാഭ്യാസം പോലും അനാവശ്യമെന്ന് കരുതിയ ആ കാലഘട്ടത്തിൽ എഴുതപ്പെട്ട മനോഹരവും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതുമായ ആശപൂർണ്ണദേവിയുടെ നോവലുകൾ സ്ത്രീ സമൂഹത്തിന്റെ വിമോചനത്തിന്റെ 'പ്രഥമവാഗ്ദാനം' തന്നെയാണ്. മറ്റൊരു കൃതിയും രചിച്ചില്ലെങ്കിൽ പോലും 'പ്രഥമപ്രതിശ്രുതി' ഒന്നുകൊണ്ടു മാത്രം അവർ അനശ്വരയാകുമായിരുന്നു.

●

അഭ്യർത്ഥന

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

**മുപ്പത്** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഈ മാസികയോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370





ഷാഹിന.ഇ.കെ

# വാക്കിൽ എന്റെ ഇടം

**വാക്കുവന്നത്** അപ്പോഴെങ്ങോ ആയിരിക്കണം. കുട്ടിക്കാലത്തെ ചില നട്ടുച്ചകളിൽ തറവാടുവീടിന്റെ തൊടികളിലൂടെ, കരിമ്പനക്കൂട്ടങ്ങളുടെ നിഴലുകളിലൂടെ, നിഴൽത്തണുപ്പിലൂടെ വല്യുമ്മ പറഞ്ഞ യക്ഷിക്കഥയിലെ മനുഷ്യനെ, മുറുക്കിത്തുപ്പുന്ന യക്ഷികളെ ഭയന്നു നടക്കേ പക്ഷിത്തൂവലുകളുടെ മിനുപ്പും മുളങ്കാടിന്റെ മൂളലും മലഞ്ചോലയുടെ പേടിപ്പെടുത്തുന്ന ജലചലനങ്ങളും 'തനിച്ചല്ലെ'ന്ന് ആ ഒറ്റക്കുട്ടിയോടു പറയാൻ വിട്ടതാവണം വാക്കുകളെ. കൊത്തങ്കല്ലാടാൻ വേഗം പോരാത്തതിനാൽ കളിക്കൂട്ടത്തിലെപ്പോഴും പുറത്തായിരുന്ന കുട്ടിക്ക് ആ വാക്കുകളുടെ കൈത്തുമ്പ് ഒരുപാടാശ്വാസം തന്നിരിക്കണം. കൂട്ടിക്കെട്ടിയും പിറുപിറുത്തും നടന്ന വാക്കുകളെ എഴുത്താണെന്നൊന്നും തിരിച്ചറിഞ്ഞിരുന്നില്ല. പിന്നെ എപ്പോഴോ കുറിച്ചുവെച്ചു തുടങ്ങി കളയാൻ വയ്യെന്നു തോന്നിച്ച ചിലത്. ആദ്യത്തെ എഴുത്തിനുകിട്ടിയ പരിഹാസമാവണം എഴുത്തിനെ പിന്നെ അത്രമേൽ സ്വകാര്യതയാക്കിയത്. അപകർഷങ്ങളുടെ ആ കാലത്താണ് ഞാൻ എഴുത്ത് എന്ന എന്റെ സ്വകാര്യദേശത്തെ കണ്ടെത്തുന്നതും.

മാതൃഭൂമിയുടെ ബാലപംക്തിയിൽ ആദ്യത്തെ കഥ അച്ചടിച്ചുവന്ന ദിവസം ഭൂമിയുടെ ഏതോ ഒരറ്റത്ത് സ്വയം കൊത്തിവച്ചതായി എന്റെയുന്മാദം തുള്ളിക്കളിച്ചു. എഴുത്ത് എന്റെ കൂടിയിടമെന്ന് അപകർഷങ്ങളുടെ നെറുകയിൽ തൊട്ടനുഗ്രഹിക്കാനും ചിലരുണ്ടായി.

ഒരേ നേരം പലകാലങ്ങൾ, ദേശങ്ങൾ, ഭിന്നസംഘർഷങ്ങൾ ഉള്ളിൽ പേറുന്നുണ്ടല്ലോ ഓരോ എഴുത്തുകാരും. ആ സംഘർഷങ്ങളുടെ തീവ്രതയാവട്ടെ സ്വകാര്യമായ ചില ജാലകങ്ങളെ അവർക്കു പകരം കൊടുക്കുന്നു. എന്റെ ചിന്തകൾക്കും സ്വന്തമായൊരാകാശവും ഭൂമിയും തന്നു ആ ജാലകം. അദൃശ്യമായ, എനിക്കുമാത്രം കാണാവുന്ന ചിലയിടങ്ങൾ. എഴുതി, ഉറക്കെയലറിവിളിക്കാനാഗ്രഹിച്ചത്, പറയാനാഗ്രഹിച്ച ചില ശരി

*മാതൃഭൂമിയുടെ ബാലപംക്തിയിൽ ആദ്യത്തെ കഥ അച്ചടിച്ചുവന്ന ദിവസം ഭൂമിയുടെ ഏതോ ഒരറ്റത്ത് സ്വയം കൊത്തിവച്ചതായി എന്റെയുന്മാദം തുള്ളിക്കളിച്ചു. എഴുത്ത് എന്റെ കൂടിയിടമെന്ന് അപകർഷങ്ങളുടെ നെറുകയിൽ തൊട്ടനുഗ്രഹിക്കാനും ചിലരുണ്ടായി.*

കൾ, വിഭ്രമങ്ങൾ, സ്വപ്നങ്ങൾ, എതിർപ്പുകൾ, മുറിവുകൾ– എല്ലാം. എഴുതിയതൊന്നും ആരേയും കാണിച്ചില്ല. അങ്ങനെയാഗ്രഹിച്ചുമില്ല. ഒരേ ചിന്തപേറുന്ന ഒട്ടേറെപ്പേർ ജാലകത്തിനപ്പുറം കാത്തുനിൽപ്പുണ്ടെന്നറിയും വരെ. അത്രയാഥാസ്ഥിതികമൊന്നുമായിരുന്നില്ല എന്റെ പരിസരം. അച്ഛന്റെ ആഴത്തിലുള്ള വായന വീട്ടിൽ അക്ഷരങ്ങളുടെ സാന്നിദ്ധ്യം എന്നേയുണ്ടാക്കുകയും ചെയ്തിരുന്നു. 'അരുത്' എന്ന് അതുകൊണ്ടൊക്കെയാവാം ആരും എന്റെ വായനയോട് പറഞ്ഞില്ല. എഴുത്തിനോടും. വായന വളർന്ന് ഭാഷയുടെ അതിരു ഭേദിക്കുമ്പോഴും എഴുത്ത് കുറേക്കൂടി ഗൗരവമാകുമ്പോഴും ഏറെ പ്രോത്സാഹിപ്പിച്ചില്ലെങ്കിലും ഒരിക്കലും തടസ്സപ്പെടുത്തിയില്ല വീട്. എന്നാൽ വീടിനപ്പുറം ചിലതുണ്ടായി.

'മാധവിക്കുട്ടിക്കുപഠിക്കുന്നവളെ'ന്ന്, കൂടിനിന്നു പരിഹസിച്ചിട്ടുണ്ട് ചില ബന്ധുക്കൾ. എഴുത്തിനെ അപഹസിച്ചിട്ടുണ്ട്. ആരൊക്കെയോ വരച്ചിട്ട ചിലയാകൃതികളിൽ എനിക്കു പാകമാനാവില്ലെന്നു തിരിച്ചറിഞ്ഞ, മറ്റുള്ളവരെ ബോധ്യപ്പെടുത്തേണ്ടി വന്ന ചില സന്ദർഭങ്ങൾ. അത്തരം മുൾവാക്കുകളെ അത്രനിസ്സാരമായവഗണിക്കാനുള്ള മനസ്സുറപ്പൊന്നുമുണ്ടായിരുന്നില്ല എന്റെ കൗമാരത്തിന്. നിശ്ശബ്ദതമാത്രം മറുപടിയായിക്കൊടുത്ത അക്കാലത്തെ ചിലയനുഭവങ്ങളെ, സംഭാഷണങ്ങളെ ഒട്ടും ചോരാതെ എഴുത്തിലേക്ക് മൊഴിമാറ്റി എന്റെ കഥാപാത്രങ്ങളിലൂടെ ഞാനാമുറിവുകളുണക്കിയിട്ടുണ്ട്, പിന്നീട്.

കഥ/അഥവാ എഴുത്ത് എതിർക്കപ്പെട്ട ഒരനുഭവം സമൂഹമെനിക്കു തന്നിട്ടില്ല. കഥാപാത്രങ്ങൾ മുന്നിൽ വന്ന് 'ഞാനല്ലേയിത്' ? എന്നു ചോദിച്ചു പരിഭ്രമിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഒരിക്കലും വിമർശിച്ചിട്ടില്ല. വേദനിപ്പിച്ചിട്ടില്ല. ഒരു പക്ഷേ, അവർ സ്വയം വേദനിച്ചുകാണുമെങ്കിലും.

എങ്ങനെയെഴുതണം എന്ന ഭയം കാലങ്ങളോളം ഉണ്ടായിട്ടുണ്ട്. രാജലക്ഷ്മിയേയും കമലാദാസിനേയും കല്ലെറിഞ്ഞ, ഒരു സമൂഹത്തിലിരുന്നല്ല എന്റെയെഴുത്ത്. അങ്ങേയറ്റം ഇടുങ്ങിയ ചിന്തകൾ പേറുന്നതും ആകാശം പോലെ തുറന്നതുമായ രണ്ടറ്റങ്ങളുള്ള ഒരു കാലമാണ് എന്റേതെന്ന് തികച്ചും ബോധ്യമുണ്ട്. അവിടെ എല്ലാ ശബ്ദങ്ങൾക്കും ഇടങ്ങളുണ്ട്. ഏതുനേരവും പ്രതിലോമാനുഭവങ്ങൾക്കു സാധ്യതയും.



**എഴുത്ത് ചുറ്റുപാടിനെ അസ്വസ്ഥമാക്കുന്നത്, അഥവാ എഴുത്തിൽ ചുറ്റുപാടുകളിടപെടുന്നത് മതം, രാഷ്ട്രീയം, രതി എന്നിങ്ങനെ ചില വിഷയങ്ങളുടെ കൈകാര്യങ്ങളിലാണല്ലോ. വിശേഷിച്ചും അത്തരം പ്രമേയങ്ങളിൽ പെണ്ണ് ഇടപെടുമ്പോൾ. അവയാകട്ടെ യഥാർത്ഥ വായനക്കാരിൽ നിന്നാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.**

എഴുത്ത് ചുറ്റുപാടിനെ അസ്വസ്ഥമാക്കുന്നത്, അഥവാ എഴുത്തിൽ ചുറ്റുപാടുകളിടപെടുന്നത് മതം, രാഷ്ട്രീയം, രതി എന്നിങ്ങനെ ചില വിഷയങ്ങളുടെ കൈകാര്യങ്ങളിലാണല്ലോ. വിശേഷിച്ചും അത്തരം പ്രമേയങ്ങളിൽ പെണ്ണ് ഇടപെടുമ്പോൾ. അവയാകട്ടെ യഥാർത്ഥ വായനക്കാരിൽ നിന്നാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇടുങ്ങിയ കോണുകളിലൂടെ മാത്രം അകവും പുറവും കാണാൻ വിധിക്കപ്പെട്ട ചിലരുടെ ഒരു ഇ-മെയിലോ ഫോൺസന്ദേശമോ അങ്ങനെ തന്നെ അവഗണിക്കാവുന്നതേയുള്ളൂ. അതേക്കാൾ പക്ഷേയസ്വാസ്ഥ്യപ്പെടുത്തുന്നത് ഇന്ന വിഷയം പ്രസിദ്ധീകരിക്കില്ല, ഇന്ന വാക്ക് വെട്ടിക്കളയണമെന്ന് ആരെയൊക്കെയോ ഭയക്കുന്ന ചില പ്രസിദ്ധീകരണങ്ങളാണ്. അവരേതറ്റത്തിനൊപ്പമാണെന്നതും.

ഒരേ നേരം അകവും പുറവുമാണ് എനിക്ക് എന്റെയെഴുത്ത്. ജീവിതത്തോടുള്ള എന്റെ കാമനകളും കലഹങ്ങളും സന്ദേഹങ്ങളും സ്നേഹവും എതിർപ്പുകളും ഒക്കെയാണത്. എന്റെ മതവും ദേശവും കാലവും അതിജീവനവുമാണത്. അതുകൊണ്ടുതന്നെ എഴുതാൻ ഞാൻ ഭയപ്പെടുന്നില്ല. ജീവിതം കൊണ്ടും എഴുത്തുകൊണ്ടും ആരേയും മുറിപ്പെടുത്താതിരിക്കാനാഗ്രഹിക്കുമ്പോൾ പോലും എനിക്കു തുറന്നുപിടിക്കാതെ വയ്യ. എന്റെ അകവും പുറവുമാകുന്ന ഈ ജാലകത്തെ, ഏതു കൊടുങ്കാറ്റിലും. ●



സ്ത്രീയുടെ എഴുത്തുജീവിതം



സീമ ശ്രീലയം

# ഞാനും ശാസ്ത്രമെഴുത്തും...

**ഒരു** പ്രമുഖ പത്രത്തിലേക്ക് ജേർണലിസ്റ്റ് ട്രെയിനികളെ തെരഞ്ഞെടുക്കുന്ന ഇന്റർവ്യൂ. കോഴിക്കോട് ഭാരതീയ വിദ്യാഭവനിലെ ജേർണലിസം പഠനകാലത്തെ എന്റെ ആദ്യ അഭിമുഖം. ബയോഡാറ്റയിലെ എം.എസ്.സി കെമിസ്ട്രി എന്ന യോഗ്യത കണ്ടിട്ടാവണം, ഇന്റർവ്യൂ ബോർഡിലെ ഒരംഗത്തിന്റെ ചോദ്യം- എങ്കിൽ പിന്നെ സയൻസ് ജേർണലിസത്തിൽ ഒരു കൈ നോക്കിക്കൂടെ? സത്യം പറഞ്ഞാൽ അങ്ങനെ ഒരു സാധ്യതയെക്കുറിച്ച് ഞാൻ ആലോചിക്കുന്നതപ്പോഴാണ്. പഠനകാലത്ത് ശാസ്ത്രമേളകളിലും സയൻസ് സെമിനാറുകളിലും ശാസ്ത്രലേഖന മത്സരങ്ങളിലുമൊക്കെ സമ്മാനങ്ങൾ വാരിക്കൂട്ടിയിരുന്നെങ്കിലും ഞാനൊരു ശാസ്ത്രഎഴുത്തുകാരിയാവുമെന്ന് സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. ഇഷ്ടപ്പെട്ട ഒരുപാടു വഴികളിലൂടെ നടക്കാനാഗ്രഹിച്ച് ഒടുവിൽ എത്തിപ്പെട്ട ശരിയായ വഴി. അതാണ് എന്നെ സംബന്ധിച്ച് ശാസ്ത്രമെഴുത്ത്.

തോടന്നൂർ യു.പി സ്കൂളിൽ മലയാളം അധ്യാപികയായ അമ്മയും സംസ്കൃത അധ്യാപകനായ അച്ഛനും പഠിപ്പിക്കുന്ന ക്ലാസ്സുകളിലായിരുന്നു മൂന്നു വയസ്സു മുതൽ അഞ്ചു വയസ്സുവരെ എന്റെ ഇരിപ്പ്. അങ്ങനെ ഇവർ ക്ലാസ്സിൽ ചൊല്ലുന്ന കവിതകൾ ഞാനും കാണാതെ പഠിച്ചു. അതു കണ്ടിട്ടാവണം പിന്നീട് അമ്മ എന്നെ ശ്ലോകങ്ങൾ ചൊല്ലിപ്പഠിപ്പിച്ചു തുടങ്ങിയത്. എണ്ണൂറോളം ശ്ലോകങ്ങൾ കാണാപ്പാഠമാക്കുകയും സ്കൂളിലും കോളേജിലും അക്ഷരശ്ലോകമത്സരങ്ങളിൽ തിളങ്ങുകയും ഇടയ്ക്കു കടലാസ്സിൽ കവിതകൾ കുത്തിക്കുറിക്കുകയും ചെയ്ത ഞാൻ ഒരു കവയിത്രിയാവുമെന്നാണ് അമ്മ പ്രതീക്ഷിച്ചിരുന്നത്. കോളേജിൽ പഠിക്കുമ്പോൾ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ സോപാനം പേജിൽ കുറച്ചു കവിതകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ശാസ്ത്രം മാത്രമെഴുതുന്ന മകളുടെ വിരൽത്തുമ്പിൽ നിന്നും ഊർന്നുപോയ കവിതയെക്കുറിച്ച് അമ്മ ചിലപ്പോഴെങ്കിലും സങ്കടപ്പെടുന്നു. പിന്നെ ശാസ്ത്രമായാലും എഴുതുന്നുണ്ടല്ലോ എന്നോർത്ത് ആശ്വസിക്കുന്നു.

കഥയും കവിതയും നോവലും ശാസ്ത്രവുമൊക്കെ അടങ്ങുന്ന സാമാന്യം വലിയൊരു പുസ്തകക്കൂമ്പാരം തന്നെയുണ്ടായിരുന്നു വീട്ടിൽ. ചെറുപ്പത്തിൽ ഇടക്കിടെ വന്ന് എന്നെ കിടപ്പിലാക്കിയിരുന്ന ശ്വാസംമുട്ടൽ കൊണ്ടൊരു ഗുണമുണ്ടായി. പുറത്ത് വെയിലത്തും മഴയത്തും മണ്ണിലും പൊടിയിലുമൊന്നും കളിച്ചു നടക്കാൻ കഴിയാതിരുന്ന ആ സമയത്ത് കുറേ പുസ്തകങ്ങൾ വായിച്ചു. അറിയാവുന്ന കഥകളും നാട്ടറിവുകളുമൊക്കെ അമ്മമ്മ മനസ്സിൽ നിറച്ചു തന്നു. തോടന്നൂരിലെ ഒരു കടയിൽ പൂമ്പാറ്റ, ബാലരമ, ബാലമംഗളം, ചിത്രകഥകൾ തുടങ്ങി കുട്ടികൾക്കുള്ള ഏതു പ്രസിദ്ധീകരണം വന്നാലും അതു ഞാൻ വാങ്ങും. മാസാവസാനം അച്ഛൻ എന്റെ പറ്റു തീർക്കുകയായിരുന്നു പതിവ്! ഒപ്പം നിറം ചേർത്ത മുട്ടായികളും പുളിയച്ചാറും ഞാൻ വാങ്ങുന്നുണ്ടെന്ന് അച്ഛന് പിന്നീടാണ് മനസ്സിലായത്!

ജേർണലിസം കോഴ്സ് കുലപതി അവാർഡോടെ പാസ്സായതിനു ശേഷം ബി.എഡ്ഡിനു ചേർന്നു. എം.എസ്.സി കഴിഞ്ഞു ജേർണലിസത്തിനു വന്നതെന്തിനാണെന്ന് അത്ഭുതം കൂറിയ സഹപാഠികൾക്ക് എനിക്ക് ഒന്നാംറാങ്ക് കിട്ടിയപ്പോഴുണ്ടായ അത്ഭുതം അപ്പോഴുമുണ്ടായി. പിന്നെന്തിനാ വെറുതെ ജേർണലിസത്തിനു വന്നത്? ഒരു ജോലിക്കു വേണ്ടി മാത്രമേ ആ കോഴ്സ് പഠിക്കൂ എന്ന ധാരണ ഇല്ലാത്തതു കൊണ്ടെന്ന മറുപടിയിൽ പലരും വീണ്ടും നെറ്റിചുളിച്ചു. വർഷങ്ങൾക്കു മുമ്പ് വടകര സെന്റ് ആന്റണീസ് ഗേൾസ് ഹൈസ്കൂളിൽ നിന്ന് എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി തൃശൂരിൽ പി.സി.തോമസിന്റെ എൻട്രൻസ് ക്ലാസ്സിൽ ചേർക്കാമെന്നാലോചിച്ച അമ്മയോടും അച്ഛനോടും ഞാൻ പോവില്ലെന്ന് പറഞ്ഞപ്പോൾ കണ്ട അതേ നെറ്റി ചുളിക്കൽ. പിന്നീട് എ

**ജേർണലിസം കോഴ്സ് കുലപതി അവാർഡോടെ പാസ്സായതിനു ശേഷം ബി.എഡ്ഡിനു ചേർന്നു. എം.എസ്.സി കഴിഞ്ഞു ജേർണലിസത്തിനു വന്നതെന്തിനാണെന്ന് അത്ഭുതം കൂറിയ സഹപാഠികൾക്ക് എനിക്ക് ഒന്നാംറാങ്ക് കിട്ടിയപ്പോഴുണ്ടായ അത്ഭുതം അപ്പോഴുമുണ്ടായി.**

ന്റെ ഇഷ്ടത്തിന് വീട്ടിൽ നിന്നുപോയി വരാവുന്ന ദൂരത്തുള്ള മടപ്പള്ളി ഗവ.കോളേജിൽ എം.എസ്.സിവരെ പഠനം.

വടകര എം.ഇ.എസ് കോളേജിൽ കെമിസ്ട്രി അധ്യാപികയായി ജോലിയിൽ പ്രവേശിച്ചപ്പോഴും വന്നു ചിലരുടെ ആശങ്കച്ചോദ്യങ്ങൾ. അടുത്തു തന്നെ വല്ല പ്ലസ്ടുവിലും മൂന്നോ നാലോ ലക്ഷം കൊടുത്തു സ്ഥിരജോലി ഉറപ്പിക്കുന്നതിനു പകരം സ്വാശ്രയ കോളേജിൽ ജോലി ചെയ്യേണ്ട വല്ല കാര്യവുമുണ്ടോ? പക്ഷേ കാശുകൊടുത്തു ജോലി വാങ്ങുന്നതിനോട് എനിക്ക് യോജിക്കാനേ കഴിഞ്ഞില്ല. ആ സമയത്ത് ചുമ്മാ ഒരു രസത്തിനു പോയെഴുതിയ പി.എസ്.സി പരീക്ഷയിലൂടെ എൽ.ഡി.ക്ലാർക്കായി അപ്പോയിന്റ്മെന്റ് ഓർഡർ വന്നതു വേണ്ടെന്നു വച്ചിട്ടാണ് ചില ബന്ധുക്കളുടെ ഭാഷയിൽ ഒരു സ്ഥിരതയുമില്ലാത്ത ജോലിക്കു ചേർന്നത്! അവർ എന്നെ അഹങ്കാരി എന്നല്ലാതെ എന്തുവിളിക്കാൻ! ഏതായാലും പിന്നീട് പി.എസ്.സി പരീക്ഷയെഴുതി ഗവൺമെന്റ് സ്കൂളിൽ തന്നെ അധ്യാപികയായി. കോളേജിലെ അധ്യാപനത്തിനിടയിലാണ് ശാസ്ത്രജേർണലുകൾ ശ്രദ്ധയോടെ വായിക്കാൻ തുടങ്ങിയത്.

ഡൗൺ ടു എർത്തും കറന്റ് സയൻസും റസൈൺസും സയൻസ് റിപ്പോർട്ടറും ടെക്നോളജി റിവ്യൂവും ഒക്കെ വായിക്കാൻ തുടങ്ങിയതോടെ മലയാളത്തിലെ ശാസ്ത്രമെഴുത്ത് എത്ര ശുഷ്കമാണെന്നു മനസ്സിലായി. ഈ മേഖലയിൽ ഒന്നു കൈവച്ചാൽ എന്തെന്ന് ഗൗരവമായി ചിന്തിക്കാനും തുടങ്ങി. ശാസ്ത്രകല്പിത കഥകളെയും വെല്ലുന്ന ശാസ്ത്രത്തിന്റെ മുന്നേറ്റങ്ങളെക്കുറിച്ചറിയുന്നത് ഒരു ഹരമായി. ഒരായിരം വിവരങ്ങൾ ഇന്റർനെറ്റിൽ നിന്നും ലഭിച്ചു. രോഗി ഇച്ഛിച്ചതും വൈദ്യൻ കല്പിച്ചതും എന്നു പറഞ്ഞതു പോലെ കൃത്യം ആ സമയത്തു തന്നെ മാധ്യമം പത്രത്തിൽ നിന്നു വിളിക്കുന്നു. അവരുടെ സപ്ലിമെന്റായ കുടുംബമാധ്യമത്തിൽ ലളിതമായി സയൻസ് എഴുതാമോ എന്നന്വേഷിച്ചുകൊണ്ട്. ജേർണലിസം പഠനകാലത്തു തന്നെ ആ പേജിൽ ചില ഫീച്ചറുകൾ എഴുതിയിരുന്നു. സമ്മതം മൂളാൻ ഒട്ടും ആലോചിക്കേണ്ടി വന്നില്ല. അങ്ങനെ അതിൽ എഴുതിത്തുടങ്ങി. ഡിഗ്രിക്കു പഠിക്കുമ്പോൾ കോളേജ് മാഗസിനിൽ ആഗോളതാപനത്തെക്കുറിച്ച് എഴുതിയതിനു ശേഷമുള്ള ശാസ്ത്രമെഴുത്ത്. തുടർച്ചയായി രണ്ടു വർഷത്തോളം അതിലെഴുതി. ഒപ്പം ദേശാഭിമാനിയുടെ കിളിവാതിൽ സപ്ലിമെന്റിലും എഴുതാൻ തുടങ്ങി.

നല്ല ഭാഷയുള്ളവർക്ക് ശാസ്ത്രം അറിയില്ല, ശാസ്ത്രത്തിൽ അഗാധപാണ്ഡിത്യമുള്ളവർക്കാവട്ടെ ഭാഷയുമില്ല. പലശാസ്ത്ര പുസ്തകങ്ങളും വായിച്ചപ്പോൾ തോന്നി. എന്തു വിരസമായ ഭാഷ. കുറച്ചു കൂടി ലളിതമായി കഥകളുമായും കവിതകളുമായും നിത്യജീവിത സന്ദർഭങ്ങളുമായും ഒക്കെ ബന്ധപ്പെടുത്തി ശാസ്ത്രം എഴുതിയാൽ എത്ര നന്നായിരിക്കും. ചെറുപ്പത്തിൽ പ്രൊഫസർ എസ്.ശിവദാസിന്റെ ലളിതവും രസകരവുമായ രീതിയിലുള്ള ശാസ്ത്രമെഴുത്ത് കൗതുകമായിരുന്നു. എഴുതിത്തുടങ്ങിയപ്പോൾ ഡോ.സി.ജി രാമചന്ദ്രൻ നായർ സാറിന്റെ എഴുത്താണ് എന്നെ ഏറെ സ്വാധീനിച്ചത്. രണ്ടുവർഷം മുമ്പ് തിരുവനന്തപുരത്ത് വെച്ച് ഡിസി ബുക്സ് സംഘടിപ്പിച്ച പുസ്തകപ്രകാശന വേദിയിൽ വെച്ച് ഇവർ രണ്ടുപേരും ശാസ്ത്രമെഴുത്തിലെ ഈ പുതുതലമുറക്കാരിയെക്കുറിച്ച് നല്ല വാക്കു പറഞ്ഞപ്പോൾ എനിക്കു ബോധ്യമായി. എന്റെ വഴി തെറ്റിയിട്ടില്ല.

മലയാള മനോരമ പത്രത്തിന്റെ പഠിപ്പുരയിൽ എഴുതി തുടങ്ങിയതു മുതലാണ് കുട്ടികൾക്കു വേണ്ടിയുള്ള ശാസ്ത്രമെഴുത്ത് എത്രത്തോളം ശ്രമകരവും ശ്രദ്ധിച്ചു ചെയ്യേണ്ടതുമാണെന്ന തിരിച്ചറിവ് എന്നിലുണ്ടായത്. അതു മധുരത്തിൽ പൊതിഞ്ഞു കൊടുക്കണം. അതേ സമയം കാര്യങ്ങൾ വ്യക്തമാവുകയും വേണം ഇപ്പോൾ ഏറെ ആസ്വദിച്ചാണ് കുട്ടികൾക്കു വേണ്ടി എഴുതുന്നത്. പിന്നെ മനോരമ തൊഴിൽവീഥിയിലും ബാലരമ ഡൈജസ്റ്റിലും മനോരമ ഇയർബുക്കിലും യുറീക്കയിലും ദേശാഭിമാനി സ്ത്രീ പേജിലുമൊക്കെ ശാസ്ത്രമെഴുതാൻ തുടങ്ങി.

ആദ്യമൊന്നും ഒരു ശാസ്ത്രപുസ്തകം ഉടനെ പ്രസിദ്ധീകരിക്കുക എന്നത് എന്റെ സ്വപ്നങ്ങളിൽ പോലുമുണ്ടായിരുന്നില്ല. 2006 മാർച്ചിലെ ഒരു ഉച്ചച്ചൂടിൽ ബി.എസ്.സി കെമിസ്ട്രിക്കാരുടെ റെക്കോർഡുകൾ ഒപ്പിടുന്നതിന്റേയും അടുത്ത ദിവസങ്ങളിലെ പ്രാക്ടിക്കൽ പരീക്ഷക്കു വേണ്ട കെമിക്കൽസ് ഒക്കെ ലാബിലുണ്ടോ എന്നുറപ്പുവരുത്തുന്നതിന്റേയും തിരക്കിനിടയിലാണ് ഡി.സി ബുക്സിൽ നിന്നും അപ്രതീക്ഷിതമായ ഒരു വിളി വന്നത്. ശാസ്ത്രസംബന്ധിയായ പുസ്തകങ്ങൾ എഴുതാമോ എന്നായിരുന്നു അന്വേഷണം. ഒട്ടും ആലോചിക്കാതെ മറുപടി കൊടുത്തു. എഴുതാം. ഏതു വിഷയത്തെക്കുറിച്ചെഴുതണമെന്ന ധാരണപോലുമില്ലായിരുന്നെങ്കിലും അപ്പോൾ അങ്ങനെ പറയാനാണു തോന്നിയത്. അങ്ങനെ മൂന്നുമാസം കൊണ്ടെഴുതിയ പുസ്തകമാണ് ജനിതക എഞ്ചിനീയറിങ്. ആ പുസ്തകം സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ കുട്ടികൾക്കുള്ള വായനാമത്സരത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ മൂന്നു പതിപ്പുകളുമിറങ്ങി. പിന്നെ മൂന്നു പുസ്തകങ്ങൾ കൂടി ഡിസി ബുക്സ് പ്രസിദ്ധീകരിച്ചു. പ്രകാശം കഥയും കാര്യങ്ങളും, ഹരിത രസതന്ത്രം, രസതന്ത്ര നിഘണ്ടു എന്നിങ്ങനെ. ഡിസിയുടെ തന്നെ ശാസ്ത്രം എത്ര ലളിതം എന്ന ബൃ

**ശാസ്ത്രമെഴുത്തിൽ ഒരു സർഗ്ഗാത്മകതയുമില്ലെന്നു കണ്ണടച്ചാക്ഷേപിക്കുന്നവരും ധാരാളം. ഇന്റർനെറ്റിൽ നിന്നും മറ്റും നോക്കി അങ്ങെഴുതിയാൽ പോരേ എന്നാണു ചോദ്യം! അങ്ങനെ കട്ട്, കോപ്പി, പേസ്റ്റ് അടിച്ച് പദാനുപദതർജ്ജമ നടത്തിയാൽ അതാരെങ്കിലും രസിച്ചു വായിക്കുമോ?**

ഹത് സമാഹാരത്തിലും കുറച്ചു ഭാഗങ്ങളെഴുതി. കുറേ ശാസ്ത്രകല്പിത കഥകൾ എഴുതണമെന്നും ആഗ്രഹമുണ്ട്. എന്റെ മിക്ക രചനകളും ആദ്യം വായിക്കുന്നതും ക്രിയാത്മകമായ നിർദ്ദേശങ്ങൾ പ്രായത്തിൽക്കവിഞ്ഞ പക്വതയോടെ നൽകുന്നതും ഞാൻ മടിപിടിച്ചിരിക്കുമ്പോൾ എഴുത്തിലേക്ക് നിർബന്ധിച്ച് കൊണ്ടുവരുന്നതും എന്റെ അനിയത്തിക്കുട്ടിയായ സിതാരയാണ്. ഇപ്പോൾ ഇന്ത്യാവിഷനിലെ തിരക്കുള്ള മാധ്യമപ്രവർത്തനത്തിനിടയിലും മറക്കാതെ എന്റെ എഴുത്തിനെക്കുറിച്ചു തിരക്കുന്നു.

ശാസ്ത്രമെഴുത്തിൽ ഒരു സർഗ്ഗാത്മകതയുമില്ലെന്നു കണ്ണടച്ചാക്ഷേപിക്കുന്നവരും ധാരാളം. ഇന്റർനെറ്റിൽ നിന്നും മറ്റും നോക്കി അങ്ങെഴുതിയാൽ പോരേ എന്നാണു ചോദ്യം! അങ്ങനെ കട്ട്, കോപ്പി, പേസ്റ്റ് അടിച്ച് പദാനുപദതർജ്ജമ നടത്തിയാൽ അതാരെങ്കിലും രസിച്ചു വായിക്കുമോ? ഒരു വ്യക്തി രസകരമായി ഒരു കാര്യം എഴുതുന്നുണ്ടെങ്കിൽ അത്രയും നാളുകളായി ആ വ്യക്തി ആർജ്ജിച്ച അറിവുകളും മറ്റാരും കാണാത്ത കൗതുകങ്ങളും തനതായ ആഖ്യാനശൈലിയുമൊക്കെ അതിൽ വരുന്നുണ്ട് എന്നുതന്നെയാണർത്ഥം. അതും ക്രിയാത്മക എഴുത്തു തന്നെയാണ്. സാഹിത്യരംഗത്തെ പാരവെപ്പിനെക്കുറിച്ച് ഏറെ കേട്ടിട്ടുണ്ടെങ്കിലും ശാസ്ത്രമെഴുത്തിൽ അങ്ങനെയൊന്നുമുണ്ടാവില്ല എന്നായിരുന്നു എന്റെ ധാരണ. ഈ രംഗത്തെ നല്ലവരായ സുഹൃത്തുക്കളെ മറന്നുകൊണ്ടല്ല ഇതുപറയുന്നത്. എന്നാൽ എന്റെ ലേഖനം എവിടെയെങ്കിലും പ്രസിദ്ധീകരിക്കുന്ന ദിവസം എന്റെ ഇൻബോക്സിൽ നിറയുന്ന ചില വിചിത്രമായ മെയിൽ ഐ.ഡികളിൽ നിന്നുള്ള മെയിലുകളും എന്റെ ഫോണിൽ വരുന്ന ചില മെസേജുകളും ഈ രംഗത്തും അസൂയാലുക്കളുണ്ടെന്ന് എന്നെ ഓർമ്മിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഒരു സ്ത്രീ ശാസ്ത്രമെഴുതുന്നതിന്റെ അസഹിഷ്ണുതയാവാം കാരണം. ഞങ്ങൾക്കൊന്നും ഇത്തരം അനുഭവങ്ങളില്ലെന്നാണ് ശാസ്ത്രമെഴുത്തിലെ ചില പുരുഷസുഹൃത്തുക്കൾ പറയുന്നത്.

സ്ത്രീകൾ സയൻസ് എഴുതിയാൽ എവിടെ വരെ പോവാനാ... പുരുഷന്മാരുടെ അത്ര വായനയോ വിപുലമായ അറിവോ അറിവ് നിരന്തരം പുതുക്കാനുള്ള അവസരമോ സമയമോ അവർക്കുണ്ടോ? നമ്മുടെ സമൂഹത്തിൽ വേരുറച്ചുപോയ ഈ ധാരണക്ക് ഇന്നുമില്ല വലിയമാറ്റം. ശാസ്ത്രസാങ്കേതിക രംഗത്തെ പഠനവും ഗവേഷണവുമൊന്നും പെൺകുട്ടികൾക്കു പറഞ്ഞിട്ടുള്ളതല്ലെന്ന ധാരണ വച്ചുപുലർത്തുന്ന ഒരു വിഭാഗം ഇങ്ങനെ ചിന്തിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. ഓ... പിന്നെ കല്യാണം വരെയൊക്കെയേ എഴുത്തു നടക്കൂ. പിന്നെവിടെയാ സമയം. വിവാഹം എന്ന ഫുൾടൈം ജോലിക്കു വേണ്ടി പെൺകുട്ടികളെ ട്യൂൺ ചെയ്തെടുക്കുന്നവരുടെ ആത്മഗതം. വിവാഹാലോചനകൾ വരുമ്പോഴാണ് അടുത്ത പൊല്ലാപ്പ്. ബിരുദാനന്തരബിരുദവും ബി.എഡുമൊക്കെ ഓക്കെ. അതൊക്കെ സാധാരണം. പക്ഷേ പെൺകുട്ടി ജേർണലിസം കോഴ്സ് കൂടി കഴിഞ്ഞതാണെന്നു കേൾക്കുമ്പോൾ മിക്ക പയ്യന്മാർക്കും ഒരങ്കലാപ്പ്. എഴുതുമെന്നു കൂടി കേൾക്കുമ്പോൾ അതു പൂർണ്ണമാവും. വിവാഹം കഴിഞ്ഞാൽ കുടുംബം നോക്കുന്നതിനായിരിക്കണം ഒന്നാം സ്ഥാനം. എഴുത്തൊന്നും നടന്നെന്നു വരില്ല. പെണ്ണുകാണാൻ വന്ന ഒരു ഡോക്ടറേറ്റുകാരന്റെ നിബന്ധനകൾ അതിനു കല്യാണം നടന്നാലല്ലേ എന്ന എന്റെ മറുചോദ്യത്തിൽ ഉരുകുന്നതുകണ്ട് ചെറുതല്ലാത്ത സന്തോഷമാണ് തോന്നിയത്. ഇരുപത്തിഅഞ്ചു വയസ്സിനുള്ളിൽ കല്യാണം കഴിച്ചിരിക്കണമെന്ന അലിഖിത നാട്ടുനടപ്പു തെറ്റിച്ചതോടെ പല അയൽക്കാരും അമ്മയോടു ചോദിച്ചു തുടങ്ങി. ഇങ്ങനെ പഠിച്ചും എഴുതിയും മാത്രം നടന്നാൽ മതിയോ? അപ്പോഴും എന്റെ തീരുമാനങ്ങളും അഭിപ്രായങ്ങളും തെറ്റാണെന്ന് അച്ഛനും അമ്മയും പറഞ്ഞില്ല. ഇഷ്ടമില്ലാത്ത വിവാഹത്തിനു നിർബന്ധിച്ചുമില്ല. കുറേ അരുതുകളുടെ മതിൽക്കെട്ട് എനിക്ക് ചുറ്റും അവർ ഒരിക്കലും തീർത്തിരുന്നില്ല.

നാലുവർഷത്തെ പരിചയത്തിനു ശേഷമാണ് ഞാനും ആദർശും വിവാഹിതരാവാൻ തീരുമാനിച്ചത്. കല്ല്യാണം കഴിഞ്ഞിട്ടും ഞങ്ങൾ രണ്ടുപേരുടേയും എഴുത്തു മുടങ്ങിയില്ല. വിവാഹജീവിതം ബാദ്ധ്യതയായോ സ്വാതന്ത്ര്യത്തിന്റെ ചിറകുകൾ അരിഞ്ഞതായോ തോന്നുന്നുമില്ല. ആദർശ് ഇപ്പോൾ ഏഴ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. പത്തുവർഷം കഴിയുമ്പോൾ ആരാവും കൂടുതൽ പുസ്തകങ്ങളെഴുതുക എന്നു നമുക്കു നോക്കാം എന്ന് ഞങ്ങൾ തമ്മിൽ തമാശക്ക് പന്തയം വെക്കുന്നു. രണ്ടുവർഷം മുമ്പ് അച്ചടിമാധ്യമങ്ങളിലെ മികച്ച വിദ്യാഭ്യാസ രചനക്കുള്ള ഗവൺമെന്റിന്റെ മാധ്യമപുരസ്കാരം ലഭിച്ചു. കഴിഞ്ഞ വർഷം സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സയൻസ് ജേർണലിസം അവാർഡും. എഴുത്തിന്റെ ചുരുങ്ങിയ നാൾ വഴിക്കുള്ളിൽ എനിക്കു ലഭിച്ച സൗഭാഗ്യമായും അംഗീകാരമായും ഞാനിതിനെ കാണുന്നു. എന്നെ പ്രോത്സാഹിപ്പിക്കുന്നവരെ നന്ദിപൂർവ്വം ഓർക്കുന്നു. നമ്മുടെ ടീച്ചർ എഴുതിയ ലേഖനമെന്നു പറഞ്ഞ് പത്രവും കൊണ്ടു ക്ലാസ്സിൽ വരുന്ന കുട്ടികൾ... അതിനെക്കുറിച്ചുള്ള അവരുടെ സംശയങ്ങൾ. ഇതൊക്കെ എന്റെ ചെറിയ വലിയ സന്തോഷങ്ങൾ... ഇത്തരം സന്തോഷങ്ങളിലൂടെ ശാസ്ത്രത്തിന്റെ പുതിയ വിസ്മയക്കാഴ്ചകളിലേക്ക് കൺതുറന്നിരിക്കുന്നു ഞാൻ. ●



# ന്യൂടൗണിന്റെ സ്വച്ഛത തകർത്ത്

റീനി മമ്പലം

ക്രിസ്മസ് കാലത്ത് വീടുകളുടെ മുന്നിൽ സാന്താക്ലോസ്സും റെയിൻഡീയേർസും ഡിസംബറിന്റെ തുടക്കത്തിൽ തന്നെ തന്നെ മേഞ്ഞു തുടങ്ങും. ചെറുമരങ്ങളിലും കുറ്റിച്ചെടികളിലും ക്രിസ്മസ്ലൈറ്റുകൾ മിന്നിമറഞ്ഞ് പൂത്തു നിൽക്കും.

**ഡിസംബറിലെ** തണുത്ത് വിറങ്ങലിച്ച ഒരു പ്രഭാതമായിരുന്നു. അന്ന് രാവിലെ സ്കൂൾബസ് പാർക്കിങ്ങ് ലോട്ടിൽ നിർത്തിയപ്പോൾ ഈ പിഞ്ചുകുട്ടികൾ ലഞ്ച്ബോക്സും കയ്യിലേന്തി അവരവരുടെ ക്ലാസ്സ് മുറികളിലേക്ക് തുള്ളിച്ചാടി പോയിക്കാണും. ഒരു നല്ല ദിവസത്തിന്റെ സുന്ദരമായ എല്ലാ തുടക്കങ്ങളും ഉണ്ടായിരുന്നു.

ന്യൂഇംഗ്ലണ്ടിന്റെ എല്ലാ ചാരുതയോടുകൂടി ഒരു പെയിന്റിങ്ങ് പോലെ സുന്ദരമായ ചെറിയൊരു ടൗൺ, ഞങ്ങൾ താമസിക്കുന്നയിടത്തു നിന്നും ഒരു മൈൽ അകലെ. സാൻഡിഹുക്ക് എലിമെന്ററി സ്കൂൾ ഏകദേശം അഞ്ച് മൈൽദൂരത്തിൽ. ഞങ്ങളുടെ കുട്ടികൾ ചെറുതായിരുന്നപ്പോൾ അവിടെ സോക്കർ മാച്ചിൽ പങ്കെടുത്തിട്ടുണ്ടോയെന്ന് സംശയം. ടൗൺസെന്ററിനെ ഫ്ളാഗ്പോൾ എന്നു വിളിക്കും. നാലും കൂടുന്ന കവലയിൽ ഒരു കൊടിമരം, അതിൽ എപ്പോഴും പാറിപ്പറക്കുന്ന അമേരിക്കൻ ഫ്ളാഗ്. ന്യൂഇംഗ്ലണ്ടിലെ സ്ഥിരകാഴ്ചകളായ പ്രൗഢഗംഭീരമായ പഴയ പള്ളികൾ. വേനൽക്കാലങ്ങളിൽ ചോളങ്ങൾ വിളഞ്ഞു നിൽക്കുന്ന ചോളപ്പാടങ്ങൾ. ശിശിരകാലത്ത് നിലം മൂടിക്കിടന്ന് ഓറഞ്ച് നിറം നൽകുന്ന പമ്പ്കിൻ പാടങ്ങൾ. നാട്ടിൻ പുറത്തിന്റെ സർവ്വസാധാരണമായ കാഴ്ചകളെവിടെയും. ഭൂതപ്രേതാദികൾ ഇറങ്ങിനടക്കുമെന്ന് വിശ്വസിക്കുന്ന 'ഹാലവീൻ' രാത്രിയിൽ ന്യൂടൗണിലെ മെയിൻ സ്ട്രീറ്റിൽ ഇരുവശത്തും താമസിക്കുന്നവർ 'ട്രിക്ക് ഓർ ട്രീറ്റിന്' വരുന്ന കുട്ടികൾക്ക് നൽകുന്നതിന് മുട്ടായികളുമായി കാത്തിരിക്കും. ക്രിസ്മസ് കാലത്ത് വീടുകളുടെ മുന്നിൽ സാന്താക്ലോസ്സും റെയിൻഡീയേർസും ഡിസംബറിന്റെ തുടക്കത്തിൽ തന്നെ മേഞ്ഞു തുടങ്ങും. ചെറുമരങ്ങളിലും കുറ്റിച്ചെടികളിലും ക്രിസ്മസ് ലൈറ്റുകൾ മിന്നിമറഞ്ഞ് പൂത്തുനിൽക്കും. ആഡംബരങ്ങൾ ഇല്ലാത്ത എഡ്മണ്ടൻ ടൗൺഹാൾ തിയേറ്ററിൽ അൽപ്പം പഴയ സിനിമകൾ മൂന്നു ഡോളർ ടിക്കറ്റിന് ഇപ്പോഴും കാണിക്കുന്നു. ഇങ്ങനെയുള്ള കൊച്ചുഗ്രാമങ്ങളിൽ വീടിന്റെ കതകുതന്നെ പൂട്ടാറില്ല. അറിയാവുന്ന പലരും പിൻവശത്തെ കതക് എപ്പോഴും വെറുതെ അടച്ചിടുകമാത്രമേയുള്ളൂ. അങ്ങനെ ചില വീടുകളിൽ കള്ളൻ കയറിയ സംഭവങ്ങളും അറിയാം. സ്വച്ഛസുന്ദരമായ ന്യൂടൗണിന്റെ ഭാഗമാണ് സാൻഡിഹുക്ക്.

സാൻഡിഹുക്ക് എലിമെന്ററി സ്കൂളിൽ ഒൻപതരയോട് അടുത്ത് ഒരു കാർ വന്ന് നിന്നു. മൂന്ന് തോക്കുകളുമായി ആഡം ലാൻസ ഇറങ്ങി സ്കൂളിന്റെ പ്രധാനകവാടത്തിൽ എത്തി. സ്കൂളിന്റെ പ്രിൻസിപ്പൽ അടുത്തയിടക്കാണ് പ്രധാന വാതിലിൽ 'സെക്യൂരിറ്റി സിസ്റ്റം' പിടിപ്പിച്ചത്. വാതിൽ എപ്പോഴും പൂ

ട്ടിത്തന്നെ കിടക്കും. അകത്തുനിന്നേ വാതിൽ തുറക്കൂ. ആഡം അകത്ത് കയറുന്നതിനായി 'ബസ് ചെയ്തു.' അങ്ങനെ ഒരാളെ പ്രതീക്ഷിക്കുന്നില്ലാത്തതിനാൽ സ്കൂളിലേക്ക് അധികൃതർ കടത്തിവിട്ടില്ല. ആഡം വെടിവെച്ച് ഗ്ലാസ്സ് തകർത്ത് അകത്തു കയറി. അയാളുടെ അടുത്ത നീക്കം അഞ്ചും ആറും വയസ്സുള്ള കുട്ടികളുടെ ഒരു ക്ലാസ് റൂമിലേക്കായിരുന്നു. വെടിശബ്ദം കേട്ട് മറ്റ് ടീച്ചേർസ് കുട്ടികളെ അടക്കിയിരുത്തി, ചിലർ കുട്ടികളെ സാധനങ്ങൾ വെക്കുന്ന ക്ലോസറ്റിൽ ഒളിപ്പിച്ചു, ചിലർ വാതിൽ പൂട്ടിയിട്ടു. ഒരു ഒന്നാംക്ലാസ്സിലെ ടീച്ചർ വിക്ടോറിയ സോട്ടോ ആഡത്തിനു നേരെ ചെന്നു, വെടിയേറ്റുവാങ്ങി തന്റെ ക്ലാസ്സിലെ കുട്ടികളെ രക്ഷിച്ചു. വെടിയേറ്റ് മരണമടഞ്ഞവരുടെ കൂട്ടത്തിൽ പ്രിൻസിപ്പലും സ്കൂൾ സൈക്കോളജിസ്റ്റും ഉണ്ടായിരുന്നു. വേറൊരു വ്യക്തിയുടെ കാലിലാണ് വെടികൊണ്ടത്. അവരാണ് ആബുലൻസ് വിളിച്ചതും പോലീസിനെ അറിയിച്ചതും. ആദ്യത്തെ വെടി രാവിലെ 9.36ന്. 9.38 കൊണ്ട് തോക്കുകൾ നിശ്ശബ്ദമായി. അപ്പോഴേക്കും 18 പിഞ്ചുകുട്ടികളുടേയും ഏഴ് മുതിർന്നവരുടേയും സ്പന്ദനം നിലച്ച ശരീരങ്ങൾ. അവരുടെയിടയിൽ സ്വയം വെടിവെച്ച ആഡം ലാൻസയും അയാളുടെ മൂന്നു തോക്കുകളും ഉണ്ടായിരുന്നു. മൂന്നുപേരിൽ ജീവൻ തങ്ങി നിന്നിരുന്നു. ആശുപത്രിയിൽ എത്തിച്ച സമയം കൊണ്ട് രണ്ട് ജീവൻ വിടപറഞ്ഞു. ആഡം സ്കൂളിൽ വരുന്നതിന് മുമ്പ് സ്വന്തം അമ്മയുടെ നേർക്ക് നിറയൊഴിച്ചിരുന്നു. അന്ത്യത്തിൽ ആകെ മരിച്ചവർ ഇരുപത് കുട്ടികളും എട്ട് മുതിർന്നവരും.

600 കുട്ടികളുള്ള സ്കൂളിൽ ശേഷിച്ച കുട്ടികളെ ഉടൻതന്നെ ന്യൂടൗൺ 'ഫയർഹൗസിലേക്ക്' മാറ്റി. മാതാപിതാക്കൾ കുട്ടികളെ അവിടെ വന്ന് കൊണ്ടുപോയി. ഇപ്പോഴും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് റീത്തുകൾ ഫയർഹൗസിലേക്ക് വന്നുകൊണ്ടിരിക്കുന്നു. സംഭവം നടന്ന അന്നുവൈകീട്ട് സെയിന്റ് റോസ് പള്ളിയിൽ ടൗണിലെ ആൾക്കാർ ഒത്തുകൂടി.

**600 കുട്ടികളുള്ള സ്കൂളിൽ ശേഷിച്ച കുട്ടികളെ ഉടൻതന്നെ ന്യൂടൗൺ 'ഫയർഹൗസിലേക്ക്' മാറ്റി. മാതാപിതാക്കൾ കുട്ടികളെ അവിടെ വന്ന് കൊണ്ടുപോയി. ഇപ്പോഴും രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് റീത്തുകൾ ഫയർഹൗസിലേക്ക് വന്നുകൊണ്ടിരിക്കുന്നു. സംഭവം നടന്ന അന്നുവൈകീട്ട് സെയിന്റ് റോസ് പള്ളിയിൽ ടൗണിലെ ആൾക്കാർ ഒത്തുകൂടി.**

മെഴുകുതിരികളും പൂക്കളും ടെഡി ബെയേർസിനെയും അവിടെ ഒരു സ്ഥലത്ത് കൊണ്ടുവെച്ച് ദുഃഖം അറിയിച്ചു.

ഒരു ക്ലാസ്റൂമിലെ ക്ലോസറ്റിൽ പതിനാല് വിന്റർകോട്ടുകൾ തൂക്കിയിരുന്നു. ക്ലാസ്മുറിയിൽ പതിനാലു പിഞ്ചുകുട്ടികളുടെ നിശ്ചലശരീരങ്ങളും. സ്കൂൾ പ്രിൻസിപ്പൽ ഡോണിനെക്കുറിച്ച് സംസാരിക്കുമ്പോൾ അവരെ അറിയാവുന്നവർക്കെല്ലാം നൂറു നാവാണ്. ആദ്യത്തെ വെടിയുണ്ട കേട്ട സമയം അവർ സ്കൂൾ സൈക്കോളജിസ്റ്റും മറ്റുചിലരുമായി ഒരു മീറ്റിങ്ങിലായിരുന്നു. കൂടെയുണ്ടായിരുന്ന രണ്ടുപേരോട് ഒരു ക്ളോസറ്റിൽഒളിച്ചിരിക്കുവാൻ ആവശ്യപ്പെട്ടിട്ട് അവരും സൈക്കോളജിസ്റ്റും മൂന്നാമതൊരാളുംആഡത്തിനെ നേരിടുകയായിരുന്നു. അവർ പി.എച്ച്.ഡി പ്രോഗ്രാമിൽ ചേർന്നിട്ടേ ഉണ്ടായിരുന്നുള്ളൂ. ഒക്ടോബർ ഒന്നിന് അവരുടെ ആദ്യത്തെ പേപ്പർ സബ്മിറ്റ് ചെയ്തുവെന്ന് അവർ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു. ന്യൂസ് ചാനലുമായി നടത്തിയ അഭിമുഖത്തിൽ അവരുടെ ഭാർത്താവ് കരഞ്ഞു. പത്തുവർഷം മാത്രം നീണ്ടുനിന്ന അവരുടെ രണ്ടാം വിവാഹം. അദ്ദേഹം ന്യൂടൗൺസ്കൂളിലെ ഒരു ടീച്ചറാണ്. സ്പോർട്ടിനെ വളരെയധികം ഇഷ്ടപ്പെട്ട, സ്കൂളിലെ കുട്ടികളുടേയും സ്ത്രീകളുടേയും ആവശ്യങ്ങൾക്കുവേണ്ടി എന്തും ചെയ്യുന്ന, തന്റെ പ്രവർത്തികളിൽ എത്രദൂരവും പോവുന്ന അൻപത്തിരണ്ട് വയസ്സുള്ള ധീരയായ സ്ത്രീ.

ഒന്നാം ക്ലാസ്സ് ടീച്ചറായിരുന്ന വിക്ടോറിയ സോട്ടോക്ക് സ്വപ്നങ്ങൾ പലതായിരുന്നു. ടിവിയുമായുള്ള ഇന്റർവ്യൂവിൽ വിക്ടോറിയയുടെ ഇഷ്ടനിറമായ പച്ച ധരിച്ച് സംസാരിച്ചപ്പോൾ അനുജത്തി വിതുമ്പി. അവർ മൂന്നുവയസ്സുമുതൽ ഒരു സ്കൂൾടീച്ചർ ആവുകയെന്നതിനെക്കുറിച്ചു സംസാരിക്കുമായിരുന്നുവത്രെ. വിക്ടോറിയ തന്റെ ക്ലാസ്സ് റൂമിലെ കുട്ടികളെ ബാത്റൂമിലും ക്ലോസറ്റിലും ഒളിപ്പിച്ചു വെച്ച് ആഡത്തിനെ നേരിടുകയായിരുന്നു.

ആഡവും അമ്മയും താമസിച്ചിരുന്നത് സാൻഡിഹുക്കിൽ തന്നെ. പഠിത്തത്തിൽ മിടുക്കനായിരുന്ന ആഡത്തിനെ അമ്മ വീട്ടിലിരുത്തി പഠിപ്പിക്കുകയായിരുന്നു. (ഹോം സ്കൂൾഡ്) ആഡത്തിന്റെ അമ്മ നിയമപരമായി അഞ്ച് തോക്കുകൾ വാങ്ങിയിരുന്നു. ചിലർക്ക് തോക്കുകൾ ശേഖരിക്കുന്നതൊരു വിനോദമാണ്. അവയിൽ ചിലത് ഉപയോഗിച്ചാണ് ഒരു വീഡിയോ ഗെയിം കളിക്കുന്ന ലാഘവത്തോടെ പിഞ്ചുപൈതങ്ങൾക്ക് നേര നിറയൊഴിച്ചത്. വീഡിയോ ഗെയിമും വാസ്തവികതയും തമ്മിൽ തിരിച്ചറിയാനുള്ള കഴിവ് അയാൾക്ക് നഷ്ടപ്പെട്ടോ? അമ്മ നാൻസിയുടെ സിസ്റ്റർ-ഇൻ-ലായുമായി നടത്തിയ അഭിമുഖത്തിൽ അവർ ചില കാര്യങ്ങൾ പറഞ്ഞു. അമേരിക്കക്ക് ഒരു ദിവസം സാമ്പത്തിക തകർച്ചയുണ്ടാവുമെന്ന് അവർ ഭയപ്പെട്ടിരുന്നു. അപ്പോൾ അവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുവേണ്ടിയായിരുന്നുവത്രെ തോക്കുകൾ ശേഖരിച്ചത്. അവർ തന്റെ തോക്കുശേഖരത്തിൽ അഭിമാനം കൊണ്ടു. ആഡത്തിനെ ഇടക്കിടെ 'ടാർജെറ്റ് ഷൂട്ടി

ങ്ങിന് കൊണ്ടുപോയിരുന്നു. അമ്മയുടെ കാറിലായിരുന്നു ആഡം ന്യൂടൗൺസ്കൂളിലെത്തിയത്. ആഡത്തിന് ആസ്പെർഗേഴ്സ് ഡിസീസ് ഉണ്ടെന്നാണ് പറയുന്നത്. ഓട്ടിസം എന്ന മെന്റൽ ഡിസോർഡറിന്റെ ഒരു വകഭേദമാണ് ആസ്പെർഗേഴ്സ്. ആ കണ്ടീഷൻ ഉള്ളവർ ഇതുപോലെ വയലന്റ് ആവില്ല. അവർക്ക് സോഷ്യൽ സ്കിൽസ് ഇല്ലായിരിക്കും. എന്നുപറഞ്ഞാൽ മനുഷ്യരോട് ഇടപഴകാൻ ഉള്ള കഴിവ് കുറവായിരിക്കും.

ന്യൂടൗണിലെ ഒരു പള്ളിയിൽ സർവ്വീസിനു ശേഷം പതിവുപോലെയുള്ള സണ്ടേസ്കൂൾ ക്ലാസ്സിൽ മൂന്നു സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ജാക്കിന്റെയും ഷാർലെറ്റിന്റെയും ബെഞ്ചമിന്റെയും. ആ നിരപരാധികളുടെ പേരുകൾ ക്ലാസ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുമ്പോൾ ടീച്ചറിന് സംസാരിക്കാനായില്ല.

ന്യൂടൗണിലെ ഒരു പള്ളിയിൽ സർവ്വീസിനു ശേഷം പതിവുപോലെയുള്ള സണ്ടേസ്കൂൾ ക്ലാസ്സിൽ മൂന്നു സീറ്റുകൾ ഒഴിഞ്ഞുകിടന്നു. ജാക്കിന്റെയും ഷാർലെറ്റിന്റെയും ബെഞ്ചമിന്റെയും. ആ നിരപരാധികളുടെ പേരുകൾ ക്ലാസ് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുമ്പോൾ ടീച്ചറിന് സംസാരിക്കാനായില്ല.

പാടുവാൻ ഇഷ്ടപ്പെട്ടിരുന്ന ആനാ മാർക്കിസിന്റെ കുടുംബം അച്ഛന്റെ പുതിയ ജോലി നിമിത്തം ഈ സംഭവത്തിന് രണ്ടു മാസം മുമ്പാണ് കാനഡയിൽ നിന്ന് ന്യൂടൗണിലേക്ക് മാറിത്താമസിച്ചത്. മരിക്കാനായി താമസം മാറ്റിയതുപോലെ.ജാക്കിന്റെയും നോവയുടെയും ശവസംസ്ക്കാരം നടന്നപ്പോൾ വെടിയേറ്റവരിൽ നിന്നും കുഴിയിലേക്ക് വെക്കുന്ന ആദ്യത്തെ ശരീരങ്ങൾ അവരുടേതായിരുന്നു. ജാക്ക് പിന്റോയുടെ ഫേവറിറ്റ് ഗെയിം ഫുട്ബോളായിരുന്നു.ടൗണിലെ ഫുട്ബോൾടീമിൽ പലരും വീക്കെന്റ് ഗെയിമിൽ ധരിച്ച ഷൂസിലും ഗ്ളൗസിലും 'ജാക്ക് പിന്റോ, മൈ ഹീറോ' എന്ന് എഴുതി.നോവ, നീണ്ട കൺപീലികളുള്ള, എല്ലാവരുടേയും ഹൃദയംകവർന്ന സുന്ദരനായ ഒരു കുട്ടിയായിരുന്നു.ഫ്യൂണറലിൽ ചില ശവപ്പെട്ടികൾ തുറന്നിരുന്നു, മുഖത്തിനു പരിക്കേറ്റ് വികൃതമായതിനാൽ ചില ശവപ്പെട്ടികൾ അടച്ചും.ഞങ്ങളുടെ ചെറിയ ടൗണായ ബ്രൂക്ക്ഫീൽഡിലൂടെ ഡ്രൈവ് ചെയ്ത് പോയപ്പോൾ എലിമെന്ററി സ്കൂളിനു മുന്നിൽ പോലീസു കാവൽ നിൽക്കുന്നത് കണ്ട് മനസ്സ് വേദനിച്ചു. ഡിസംബർ 21നു, വെടിവെപ്പിനു ഒരാഴ്ചക്കുശേഷം ഒരു നിശ്ചിത സമയത്ത് കണക്ടിക്കട്ടിൽ എല്ലാവരും ഏതാനും നിമിഷത്തേക്ക് മൗനം ആചരിച്ചു.സമാധാനത്തിന്റെ പ്രതീകമായ പള്ളിമണികൾ 26 പ്രാവശ്യം മുഴങ്ങി.

ഗൺ കൺട്രോൾ നിയമങ്ങൾ വരുത്തിയേ തീരു. അതിനുവേണ്ടി ഒബാമക്ക് പ്രവർത്തിക്കാൻ പറ്റിയ സമയമാണ്. ഇപ്പോൾ ആർക്കും തോക്ക് വാങ്ങാം.ജീവനൊടുക്കാൻ മാത്രം കഴിയുന്ന തോക്കുകൾ ജീവിക്കാൻ ആഗ്രഹമുള്ള നമുക്ക് എന്തിനാണ്? വൈറ്റ്ഹൗസിന്റെ വെബ്സൈറ്റിൽ ഗൺകൺട്രോൾ കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പെറ്റീഷനിൽ ഇപ്പോൾ ആവശ്യത്തിൽ കൂടുതൽ ഒപ്പുകൾ ശേഖരിച്ചു. ഒപ്പുകൾ 25000ത്തിൽ കൂടിയാൽ ഗവൺമെന്റിന് പ്രതികരിക്കണം. മാസത്തിൽ ഒരിക്കലെങ്കിലും നടക്കുന്ന ഇത്തരം സംഭവങ്ങൾ കേട്ടുമതിയായിരിക്കുന്നു.

അടുത്തയിടെ ഒരു സുഹൃത്തിന്റെ പിറന്നാളിന് ന്യൂടൗൺ കൺട്രിക്ലബ്ബിൽ വെച്ച് ഇതേ സ്കൂളിൽ പഠിപ്പിക്കുന്ന ഒരു ടീച്ചറിനെയും പരിചയപ്പെട്ടിരുന്നു.ഞങ്ങളുടെ സുഹൃത്തിനോട് സംസാരിച്ചപ്പോൾ ആ ടീച്ചർ ആരുടേയും ഫോൺ കോൾ എടുക്കുന്നില്ലാത്തതിനാൽ അവരോട് സംസാരിക്കാൻ കഴിഞ്ഞില്ല എന്നാണ് കേട്ടത്. ന്യൂസ് കേട്ടപ്പോൾ സുഹൃത്തിന്റെ ഇരട്ടക്കുട്ടികളാണ് മനസ്സിലൂടെ പോയത്. അവരുമായി നേരിട്ടുസംസാരിക്കുവാനുള്ള ധൈര്യം ഇല്ലാതിരുന്നതിനാൽ മറ്റൊരു സ്റ്റേറ്റിൽ താമസിക്കുന്ന മുത്തശ്ശനെ വിളിക്കുകയായിരുന്നു.ആൺകുട്ടികൾ അഞ്ചാംക്ളാസിലായതിനാൽ വേറൊരു സ്കൂളിലായിരുന്നു.

പ്രസിഡന്റ് ഒബാമ ന്യൂടൗൺ സന്ദർശിച്ചു ദു:ഖാർത്തരായ കുടുംബങ്ങളുമായി സമയം ചിലവഴിച്ചു. ന്യൂടൗൺ ഹൈസ്കൂളിൽ നടന്ന പ്രാർത്ഥനക്കുശേഷം നിറഞ്ഞുകവിഞ്ഞ ജനങ്ങളോട് ബൈബിൾ ഉദ്ധരിച്ചു സംസാരിച്ചു. മരിച്ച എല്ലാ കുട്ടികളുടേയും പേര് അദ്ദേഹം പറഞ്ഞപ്പോൾ അവരുടെ ഫോട്ടോകൾ ചാനലുകൾ കാണിച്ചു. ഡാനിയേലിന്റെ ഊഴം വന്നപ്പോൾ മുൻനിരയിലെ മൂന്നുപല്ലുകൾ നഷ്ടപ്പെട്ട അവന്റെ ഫോട്ടോ ചിരിച്ചു.

അമേരിക്കയുടെ വടക്കുകിഴക്കൻ തീരങ്ങളിൽ സാൻഡി എന്ന കൊടുങ്കാറ്റ് വീശിയപ്പോഴും പ്രസിഡണ്ട് ഒബാമ ദുരിതം സംഭവിച്ചവരെ സന്ദർശിച്ച് സമാധാനിപ്പിച്ചു. അന്ന് സംഗതികൾ വ്യത്യസ്തമായിരുന്നു.അൽപ്പം പണം ചിലവഴിച്ചാൽ തകർന്ന വീടുകൾ പണിയാം.ധരിക്കുവാൻ വസ്ത്രങ്ങൾ വാങ്ങാം. പക്ഷേ അന്നും ഇന്നും മരിച്ചുപോയവർ തിരികെ വരുവാനാവാതെ സ്നേഹിക്കുന്നവരിൽ നിന്ന് മറഞ്ഞു.ഇനിയും വിക്ടോറിയ സോട്ടൊ എന്ന ടീച്ചർ ക്ലാസ്സ്റൂമിലേക്ക് തിരികെ വരുമോ. എമിലി പാർക്കർ എന്ന ആറുവയസ്സുകാരി സ്കൂളിന്റെ പ്ലേഗ്രൗണ്ടിൽ പറന്നു കളിക്കുമോ? കരോളിൻ പ്രിവേഡി എന്ന പിഞ്ചുകുട്ടി സ്കൂൾബസ്സിൽ നിന്നിറങ്ങുമ്പോൾ ക്രയോൺ ഉപയോഗിച്ച് സ്കൂളിൽ വരച്ച പടങ്ങൾ അമ്മക്ക് സമ്മാനിക്കുമോ? ഉണർത്തുവാനെത്തുന്ന അച്ഛനേയും അമ്മയേയും നോക്കി മുൻനിരയിലെ പല്ലുകൾ നഷ്ടപ്പെട്ട ഡാനിയേൽ ചിരിക്കുമോ? ●

# അന്വേഷിഷോർട്ട്സ്റ്റേഹോമിന്റെ ശിലാസ്ഥാപനം



**അന്വേഷി** പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോർട്ട്സ്റ്റേഹോമിന്റെ ശിലാസ്ഥാപനം ജൂൺ 22ന് കാലത്ത് 10 മണിക്ക് ജ്ഞാനപീഠം ജേതാവായ ശ്രീ.എം.ടി.വാസുദേവൻനായർ നിർവ്വഹിച്ചു. ശ്രീ.പ്രദീപ്കുമാർ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. അന്വേഷി പ്രസിഡണ്ട് കെ.അജിത സ്വാഗതവും സെക്രട്ടറി പി.ശ്രീജ നന്ദിയും പറഞ്ഞു. ജാനമ്മ കുഞ്ഞുണ്ണി (കോർപ്പറേഷൻ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ), ഷെർലറ്റ് മണി (വനിത സെൽ സി.ഐ), ഹമീദ് (കൗൺസിലർ), എം.എൻ.കാരശ്ശേരി, ഡോ.ഖദീജ മുതാംസ്, ഡോ.ഷേർളി വാസു, കെ.പി.സുധീര എന്നിവർ ആശംസകൾ അർപ്പിച്ചു.

ശ്രീ.എം.ടി.വാസുദേവൻ നായർ തന്റെ പ്രസംഗത്തിൽ സ്ത്രീകൾ ക്കെതിരെയുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി അന്വേഷി നടത്തുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. അന്വേഷിയുടെ പല പ്രവർത്തനങ്ങളിലും താൻ ഭാഗഭാക്കായിരുന്നുവെന്നും സ്ത്രീകൾക്കുമാത്രമല്ല കുട്ടികൾക്കും സംരക്ഷണത്തിന്റെ ആവശ്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു. അടുത്ത കാലത്ത് നമ്മുടെ തൊട്ടടുത്തസ്ഥലത്ത് നടന്ന സംഭവത്തിന്, അദിതി എന്ന പിഞ്ചുബാലികയുടെ ദാരുണമരണത്തിന് നാമടങ്ങുന്ന സമൂഹത്തിനും ഉത്തരവാദിത്തമില്ലേ എന്നദ്ദേഹം ചോദിച്ചു. ആ കുട്ടിയുടെ മരണത്തിന് ശേഷം മാത്രമാണ് നാം പ്രതികരിച്ചത്. അതിന് മുമ്പ് ആ കുട്ടി ബന്ധപ്പെട്ടിരുന്ന പൊതുസമൂഹം പ്രത്യേകിച്ച് അദ്ധ്യാപകർ ആ കുട്ടിയുടെ പ്രശ്നത്തെ തിരിച്ചറിഞ്ഞില്ല. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇന്ന് വർദ്ധിച്ചുവരികയാണ്. ഭാവിയിൽ അന്വേഷിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും അദ്ദേഹം പരിപൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു.

ആദ്യകാലത്ത് അന്വേഷി പ്രസിഡണ്ട് അജിതയോടൊപ്പം പീഡിപ്പിക്കപ്പെട്ട സ്ത്രീകൾക്കുവേണ്ടി പോരാട്ടങ്ങൾ നടത്തിയ കാര്യം ജാനമ്മ കുഞ്ഞുണ്ണി തന്റെ പ്രസംഗത്തിൽ അനുസ്മരിച്ചു. ഇന്നും തന്നാൽ കഴിയുന്ന വിധം അന്വേഷിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാറുണ്ടെന്നവർ പറഞ്ഞു. വനിതാസെല്ലിൽ വരുന്ന കേസുകളിൽ ഒരു ദിവസത്തേക്ക് ഷോർട്ട്സ്റ്റേഹോം അഡ്മിഷൻ കിട്ടണമെങ്കിൽ സി.ജെ.എമ്മിന്റെ അനുമതി വേണം. ഒരു ദിവസം കൊണ്ടൊന്നും അത് നടപ്പിലാക്കാൻ സാധിക്കാറില്ല. അത്തരം സന്ദർഭങ്ങളിൽ അവർക്ക് ആശ്വാസമാകുന്നത് അന്വേഷിയുടെ ഷോർട്ട്സ്റ്റേഹോമാണെന്ന് സി.ഐ ഷെർലറ്റ്മണി പറഞ്ഞു. അന്വേഷിയിൽ നിന്നുവരുന്ന കേസുകൾക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാറുണ്ടെന്നും അവർ പറഞ്ഞു.

വാർഡിന്റെ കൗൺസിലർ എന്ന നിലയിൽ തന്റെയും സ്ഥലവാസികളുടേയും എല്ലാ സഹായവും അന്വേഷിയുടെ പ്രവർത്തനങ്ങൾക്ക് ഉണ്ടാവുമെന്ന് വാർഡ് കൗൺസിലർ ഹമീദ് ആശംസ പ്രസംഗത്തിൽ പറഞ്ഞു.

ഈ ചടങ്ങ് നിർവ്വഹിക്കാൻ എം.ടിയെപോലെ അനുയോജ്യനായ വ്യക്തി വേറെയില്ല. കാരണം ശക്തമായ സ്ത്രീകഥാപാത്രങ്ങളെ സമൂഹത്തിന്റെ മുന്നിലേക്ക് കൊണ്ടുവന്ന ആളുതന്നെയാണ് സ്ത്രീകൾക്കു വേണ്ടിയുള്ള ഒരിടത്തിന് ശിലാസ്ഥാപനം നിർവ്വഹിക്കേണ്ടത് -എം.എൻ.കാരശ്ശേരി

പ്രസംഗിക്കുന്നതിലല്ല കാര്യം കൂടെ നിന്ന് പ്രവർത്തിക്കുന്നതിനാണ്. അന്വേഷിയുടെ പ്രവർത്തനങ്ങൾ വളരെ ആത്മാർത്ഥതയോടെയാണെന്ന് ബോധ്യമുള്ളതുകൊണ്ടാണ് അന്വേഷിയുടെ കൂടെ നിൽക്കുന്നതെന്ന് ഡോ ഖദീജ മുംതാസ് പറഞ്ഞു. നിത്യേന നാം ഇടപെടുന്നവരുടെ കുടുംബങ്ങളിൽ അവർ എങ്ങനെ പെരുമാറുന്നുവോ അതാണ് അവരുടെ യഥാർത്ഥമുഖം. അവരുടെ പ്രശ്നങ്ങൾ തുറന്നുപറയുവാനും താമസിക്കുവാനും ഒരിടം ഉണ്ടാകുന്നത് വളരെ നല്ല കാര്യമാണ്. എല്ലാ പ്രവർത്തനങ്ങൾക്കും തന്റെ പരിപൂർണ്ണപിന്തുണ അവർ വാഗ്ദാനം ചെയ്തു.

ഫോറൻസിക് ഡോക്ടറായതുകൊണ്ട് ജീവനില്ലാത്ത ശരീരങ്ങളിൽ പ്രവർത്തിക്കുന്ന ആളാണ് ഞാൻ. ജീവിച്ചിരിക്കുന്നവരുടെ കാര്യങ്ങളിലാണ് അന്വേഷിയും മറ്റു സമൂഹവും ഇടപെടുന്നത്. അതുകൊണ്ട് തന്നെ വളരെ വിലപ്പെട്ട ഒരു കർമ്മമാണ് അവർ ചെയ്യുന്നത്. ഈ പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകുമെന്ന് അവർ അറിയിച്ചു.

# അഡോളസെന്റ് സെമിനാർ



അന്വേഷിയുടെ ആഭിമുഖ്യത്തിൽ ചെറുവണ്ണൂർ ഐ.സി.ഡി.എസ്സിലെ അംഗനവാടി ടീച്ചർമാർക്ക് 'കൗമാരക്കാരുടെ പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയത്തിൽ 10.6.2013ന് സെമിനാർ നടത്തി.

അന്വേഷി സെക്രട്ടറി ശ്രീജ.പി അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ തങ്കം ഉദ്ഘാടനം ചെയ്തു. രജനി (ICDS സൂപ്പർവൈസർ) ആശംസയർപ്പിച്ചു. അദ്ധ്യാപകനും കവിയും സാമൂഹ്യപ്രവർത്തകനുമായ രമേശ് കാവിൽ ക്ലാസ്സ് നയിച്ചു. 135 അംഗനവാടി ടീച്ചർമാർ സെമിനാറിൽ പങ്കെടുത്തു.

# പ്രതിഷേധ യോഗം



കോഴിക്കോട്ടെ ശിശുരോഗ വിദഗ്ദൻ 8 വയസ്സായ പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ചതിൽ പ്രതിഷേധിച്ച് ഡോക്ടറുടെ ക്ലിനിക്കിലേക്ക് മാർച്ച് നടത്തി. പെൺകുട്ടിയുടെ മാതാവ് പരാതി നൽകിയിട്ടും നടക്കാവ് പോലീസ് വേണ്ട രീതിയിൽ കേസ് എടുത്തിരുന്നില്ല. അന്വേഷി പ്രസിഡണ്ട് കെ.അജിത പ്രതിഷേധ യോഗം ഉദ്ഘാടനം ചെയ്തു. പെൺകൂട്ടിലെ ബിജി, പുനർജ്ജനിയിലെ അഡ്വ.സീനത്ത്, ശ്രീജ തുടങ്ങിയവർ സംസാരിച്ചു.

# ആരോഗ്യശില്പശാല

അന്വേഷി ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി മെഡിക്കൽകോളേജിലെ സ്റ്റാഫ് നഴ്സുമാർക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കുമായി 2013 ജൂൺ 14ന് മെഡിക്കൽകോളേജ് പി.ടി.എ സെമിനാർഹാളിൽ വെച്ച് 'ഹെൽത്ത് സെക്ടർ റസ്പോൺസ് ടുവേർഡ്സ് വയലന്റ്സ് എഗൈൻസ്റ്റ് വിമെൻ' എന്ന വിഷയത്തിൽ ശില്പശാല നടത്തി. പ്രസ്തുത പരിപാടിയിൽ അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതം പറഞ്ഞു. കെ.അജിത അദ്ധ്യക്ഷത വഹിച്ചു. മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം മേധാവി ഡോ.ഷെർളി വാസു ശില്പശാല ഉദ്ഘാടനം ചെയ്തു. നഴ്സിംഗ് സൂപ്രണ്ട് (മെഡി.കോളേജ്) പി.എക്സ് മേരി പരിപാടിക്ക് ആശംസകൾ അറിയിച്ചു.




അഡ്വ.പ്രീത (ഹൈക്കോടതി), അഷ്റഫ് കാവിൽ (കോഴിക്കോട് ജില്ല പ്രൊബേഷൻ ഓഫീസർ) എന്നിവർ വിഷയാവതരണം നടത്തി. എൺപതോളം ആളുകൾ പങ്കെടുത്ത ശില്പശാലക്ക് ശ്രീബ ഇ.പി (അന്വേഷി) നന്ദി പറഞ്ഞു.